# യേശു ക്രിസ്തുവിന്റെ വെളിപ്പാട്

വളരെ അധികം, നന്ദിയുണ്ട്, സഹോദരൻ നെവിൽ.

നിങ്ങൾക്ക് ഇരിക്കാം

2 ഒരിക്കൽ ഇപ്രകാരം പറഞ്ഞിട്ടുള്ളതായി ഞാൻ വിശ്വസിക്കുന്നു, അതായത്, "യഹോവയുടെ ആലയത്തിലേക്കു നമുക്കു പോകാം, 'എന്നു അവർ എന്നോടു പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു.'"

3 ഇപ്പോൾ, ഇവിടെ സന്നിഹിതരായിരിക്കുന്ന എല്ലാവർക്കും വേണ്ടി ഞങ്ങൾക്ക് വേണ്ടത്ര മുറിയോ, അല്ലെങ്കിൽ ഇരിപ്പിടമോ ഇല്ലാത്തതിൽ ഖേദിക്കുന്നു, ഒരുപക്ഷേ വരുന്ന ആഴ്ചയിൽ, യോഗങ്ങളെക്കുറിച്ച് കേട്ട്, ജനങ്ങൾ കടന്നുവരുന്നതു വർദ്ധിക്കാനിടയുണ്ട്.

4 എന്നാൽ ഈ പ്രത്യേക സമയത്തിനുള്ള കാരണം നമ്മൾ ചെയ്യുന്നത്...എൻറെ ഹൃദയത്തിൽ പരിശുദ്ധാത്മാവ് ഈ ബോധ്യത്തിൻറെ മുന്നറിയിപ്പ് നൽകിയിരുന്നു, അതായതു, "ഈ ദിവസത്തെ സഭയ്ക്ക് ഈ സന്ദേശം ഉണ്ടായിരിക്കണം." കാരണം, തിരുവെഴുത്തിലെ ഏറ്റവും വിശിഷ്ടമായ സന്ദേശമാണ് ഇതെന്ന് ഞാൻ വിശ്വസിക്കുന്നു, എന്തുകൊണ്ടാണെന്നാൽ അത് ഈ സമയത്ത് ക്രിസ്തുവിനെ അവൻറെ സഭയിൽ വെളിപ്പെടുത്തുന്നു.

5 അപ്പോൾ, ആർക്കും വിശ്വസിക്കാനോ അവർ എന്താണ് ചെയ്യുന്നതെന്നോ, അല്ലെങ്കിൽ എവിടേക്കാണ് പോകുന്നതെന്നോ അറിയാൻ കഴിയില്ല, അവർക്ക് അവരുടെ ചിന്തകളെയും വിശ്വാസത്തെയും അടിസ്ഥാനമാക്കുന്നതിന് വേണ്ടി, എന്തെങ്കിലും ഉണ്ടായിരിക്കാതെ അതിനു കഴിയില്ല. ആ കാരണത്താൽ, ഈ അവസാന നാളുകളിലും സമയത്തിന്റെ ഈ അവസ്ഥയിലും, തിരുവെഴുത്ത് ക്രിസ്തുവിനെ നമുക്ക് വെളിപ്പെടുത്തിയിട്ടുണ്ടെങ്കിൽ, അത് നമുക്ക് അത്—അതിനെ തിരയാനും നാം എവിടെയാണെന്ന് കണ്ടെത്താനും നമുക്ക് ഗുണം ചെയ്യും.

6 ഇപ്പോൾ, നമ്മുടെ—നമ്മുടെ സഭ അത്രയും വലുതല്ലാത്തതിൽ ഞങ്ങൾ ഖേദിക്കുന്നു, എന്നെങ്കിലും ഒരു ദിവസം അത് ആകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

7 ഈ കഴിഞ്ഞ നാല് ദിവസങ്ങളിൽ, പ്രത്യേകിച്ച്, ഈ—ഈ വെളിപാട് പുസ്തകത്തിന്റെ ചരിത്രപരമായ ഭാഗത്തെക്കുറിച്ച് പഠിക്കുമ്പോൾ, ഞാൻ എപ്പോഴെങ്കിലും സംഭവിച്ചിട്ടുള്ളതായി ഒരിക്കലും

വിചാരിച്ചിട്ടില്ലാത്ത കാര്യങ്ങളിൽ കൂടി കടന്നു പോകുന്നതിനിടയായി. അത് എനിക്ക് ഒരു—ഒരു തോന്നൽ തന്നെ കൊണ്ടുവന്നു അതായതു, ഈ *ഏഴു സഭാ യുഗങ്ങൾക്ക് ശേഷം*, ഞാൻ അതിൽ കൂടെ കടന്നുപോയിരുന്നു, അത്തരത്തിലുള്ള മറ്റൊരു പരമ്പര കൂടി "അത്—അതായത് യഥാർത്ഥ സഭയും വ്യാജ സഭയും," രണ്ടും കൂടി ഒരുമിച്ചു കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു, അത് ചരിത്രത്തിലൂടെയും തിരുവെഴുത്തിലൂടെയും മാത്രമായിട്ടാകുന്നു. അതിപ്രകാരം ഒരിക്കൽ, ഞാൻ ഒരു പ്രസംഗത്തിൽ, വേദപുസ്തകത്തിൽ കണ്ടെത്തിയ "യഥാർത്ഥ മുന്തിരിവള്ളിയും വ്യാജ മുന്തിരിവള്ളിയും," എടുക്കാൻ ശ്രമിച്ചതുപോലെയാകുന്നു. അങ്ങനെ ഞങ്ങൾ...

8 ജനങ്ങളെ ഇരുത്താൻ ശ്രമിക്കുന്നതിനെക്കുറിച്ച് ഞാൻ ചിന്തിക്കുമ്പോൾ, നമുക്ക് കുറച്ച് കസേരകൾ എടുക്കാൻ ശ്രമിക്കാം. കൂടാതെ നമുക്ക് വീണ്ടും കുറച്ച് കസേരകൾ ഇവിടെ പിന്നിലായും, പുറത്തായും, എടുക്കാൻ ശ്രമിച്ചുകൊണ്ട്, ഇവിടെയുള്ള മുറികൾ നിറയ്ക്കാൻ, ശ്രമിക്കുന്നതാണ്, കുറച്ചുകൂടി ഇവിടെ ചുറ്റുമായി, അതിനാൽ ശുശ്രൂഷയുടെ സമയത്ത് കുറച്ച് പേർക്ക് കൂടി ഇരിക്കാൻ കഴിയും.

9 ഇപ്പോൾ, ഈ കാര്യങ്ങളിൽ, യഥാർത്ഥത്തിൽ ഉത്കണ്ഠയുള്ള നിങ്ങളോരോരുത്തരോടും ഞാൻ ചോദിക്കുകയാണ്, അത്—അത് ഞങ്ങൾ എല്ലാസമയത്തും അതിനെക്കുറിച്ച് അത്—അത് വിശദീകരിക്കുന്നതാണ്. ഞാൻ അത് ഏറ്റെടുക്കില്ലായിരുന്നു, അല്ലെങ്കിൽ ഞാൻ സ്വയം കരുതുകയോ...[ടേപ്പിൽ ശൂന്യമായ സ്ഥലം—Ed.] ...അത് ഏറ്റെടുക്കുക...[ടേപ്പിൽ ശൂന്യമായ സ്ഥലം.]... വെളിപാടിന്റെ ഈ മഹത്തായ പുസ്തകം...[ടേപ്പിൽ ശൂന്യമായ സ്ഥലം.]...ഏഴ് സഭാ കാലഘട്ടങ്ങളുടെതാകുന്നു. എന്നാൽ ഞാൻ ദൈവത്തെ പൂർണ്ണമായും ആശ്രയിക്കുന്നു, കാരണം—കാരണം ഞാൻ അതിലേക്ക് വരുന്നതുപോലെ തന്നെ അത് എനിക്ക് വെളിപ്പെടുത്താൻ വേണ്ടിയാകുന്നു.

10 അതിന്റെ സ്വാഭാവികമായ ചരിത്രം, അത് എടുത്തിരിക്കുന്നത്... എനിക്കറിയാവുന്ന ഏറ്റവും മികച്ച ചരിത്രകാരന്മാരിൽ നിന്നാണ് എടുത്തിരിക്കുന്നത്. എന്റെ പഠനമുറിയിൽ, ഇപ്പോൾ തന്നെ, അത് കിടപ്പുണ്ട്, അത് ഏകദേശം അഞ്ചോ ആറോ വ്യാഖ്യാനങ്ങൾ ആകുന്നു, ഹിസ്ലോപ്പി'ന്റെ *രണ്ട് ബാബിലോണുകൾ, ഫോക്സി'ന്റെ രക്തസാക്ഷികളുടെ പുസ്തകം,* കൂടാതെ മറ്റ് മഹത്തായ പുസ്തകങ്ങളും ആകുന്നു; അതിപ്രകാരം മുൻ-നിഖ്യാ സമ്മേളനം പോലെ, അതിനെക്കുറിച്ചുള്ള നാല് പുസ്തകങ്ങളും, അവയിൽ ഓരോ പുസ്തകത്തിലും നാനൂറോളം പേജുകളാണുള്ളത്. അവിടെ നിഖ്യാ

സമ്മേളനവും, കൂടാതെ നമുക്ക് കഴിയുന്ന എല്ലാ ചരിത്രവും ആകുന്നു. കാരണം, ഇതിന് പിന്നിലായി, കാന്തശക്തിയുള്ള ടേപ്പിൽ നിന്ന്, നമ്മൾ ഏഴ് സഭാ കാലഘട്ടങ്ങളെക്കുറിച്ച് ഒരു വ്യാഖ്യാനം എഴുതാൻ പോകുകയാണ്, അത് നമുക്ക് കഴിയാവുന്നിടത്തോളം, ലോകമെമ്പാടും അയയ്ക്കാൻ ആകുന്നു, കാരണം നാം അന്ത്യനാളുകളിലായിരിക്കുന്നു. നാം അവസാന സമയത്താകുന്നു.

11 അത് ഇതുവരെയും എന്റെ ഹൃദയത്തിൽ ഇത്രയധികം ഉദിച്ചു വന്നിട്ടില്ലായിരുന്നു, അത്—അത് കഴിഞ്ഞ തിരഞ്ഞെടുപ്പ് വരുന്നത് വരെയും, അതിനുശേഷം പിന്നെ നമ്മൾ എവിടെയാണെന്ന് ഞാൻ കാണുകയുണ്ടായി. അതിനുശേഷം പരിശുദ്ധാത്മാവ് എനിക്ക് വെളിപ്പെടുത്താൻ തുടങ്ങുകയും, അതിനെ—അതിനെ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകാനും, ഇത് സ്ഥാപിക്കാനും തുടങ്ങി. കൂടാതെ എനിക്ക് അത് ഇതു പോലെ ഒരു—ഒരു സഭയിൽ വേണ്ടത്ര രീതിയിൽ ചെയ്യാൻ കഴിയില്ല. അല്ലെങ്കിൽ ഞാൻ ഇരുന്നു അതിനെ ഒരു പുസ്തക രൂപത്തിൽ എഴുതിയാൽ...എനിക്ക് പ്രസംഗപീഠത്തിൽ അത് ചെയ്യുന്നതിനായി എനിക്ക് അനുഭവപ്പെടുന്നു, കൂടാതെ ക്രിസ്ത്യാനികൾക്കിടയിലുള്ള പരിശുദ്ധാത്മാവിന്റെ പ്രചോദനം, എന്നെ സഹായിക്കാൻ എന്റെ മേൽ വരുകയുമാണെങ്കിൽ, അപ്പോൾ എനിക്ക് പുസ്തകം എഴുതാൻ അത് കൂടുതൽ മതിയാകും, ഞാൻ അത് ടേപ്പിൽ നിന്ന് എടുത്തതിനുശേഷം, കാരണം അവിടെ നമുക്ക് അതിന്റെ പ്രചോദനം ലഭിക്കും. പുസ്തകങ്ങൾ, തീർച്ചയായും, ഒരു രീതിയിൽ കുറച്ച് ഒക്കെ നേരെയാക്കും, കാരണം, ഇവിടെ, നമുക്ക് പുസ്തകത്തിൽ ഉൾപ്പെടുത്താൻ കഴിയാത്ത കാര്യങ്ങൾ നമുക്ക് ഇവിടെ ഇടാൻ കഴിയുന്നു. അതിനുശേഷം നാം...നാം സ്വയം ആവർത്തിക്കാൻ വളരെയധികം സമയമെടുക്കുന്നു, അല്ലെങ്കിൽ ഞാൻ ചെയ്യുന്നു. അതിനെ തുടർന്ന്, പുസ്തകത്തിൽ, അത് എല്ലാം നേരെയാക്കും. എന്നാൽ നമുക്ക് കഴിയാവുന്നിടത്തോളം, അത് എല്ലാം ടേപ്പുകളിൽ ലഭിക്കുന്നതിന്, നാം ശ്രമിക്കുന്നതാണ്.

12 ഇപ്പോൾ, ടേപ്പുകൾ, ഓരോ രാത്രിയും, പുസ്തകങ്ങളും അതുപോലുള്ള കാര്യങ്ങളും മറ്റും, അവർ കുട്ടികൾ അത് കെട്ടിടത്തിന് പുറത്തായി അവിടെ ഉണ്ടായിരിക്കുന്നതാണ്.

13 ഇപ്പോൾ, ഓരോ രാത്രിയും എനിക്ക് അതിനു കഴിഞ്ഞെന്നു വരികില്ല, ദൈവത്തിന്റെ മഹത്വത്തിനായി ശ്രമിക്കാൻ നമ്മൾ സ്വയം അത് നമ്മുടെ മേൽ ഏറ്റെടുത്തിരിക്കുകയും, ഈ—ഈ ഏഴ് സഭാകാല സന്ദേശങ്ങൾ, അല്ലെങ്കിൽ ഏഴ് സഭാ കാലഘട്ടങ്ങൾ, ഏഴ് രാത്രികളിലായി കൊണ്ടുവരുന്നതിനും ആകുന്നു;

ഓരോ കാലഘട്ടത്തെ ഓരോ രാത്രിയും, എടുക്കുന്നതായിരിക്കും. അതിപ്രകാരം, തിങ്കളാഴ്ച രാത്രി, എഫെസൊസ്; ചൊവ്വാഴ്ച രാത്രി, സ്മുർന്നാ; ബുധനാഴ്ച രാത്രി, പെർഗ്ഗമൊസ്; വ്യാഴാഴ്ച രാത്രി, തുയഥൈര; വെള്ളിയാഴ്ച രാത്രി, സർദ്ദീസ്; ശനിയാഴ്ച രാത്രി, ഫിലദെൽഫ്യ; ഞായറാഴ്ച രാവിലെയും ഞായറാഴ്ച രാത്രിയും, ലവൊദിക്ക്യാ, അത് നാം ജീവിക്കുന്ന സഭാ യുഗമാകുന്നു. യഥാർത്ഥ സഭയുടെ ചരിത്രം നൽകുന്നതും, അത് കൂടാതെ—കൂടാതെ എഴുത്തുകാരും ചരിത്രകാരന്മാരും, ആ കാലഘട്ടത്തിലെ ദൂതന്മാരും, കൂടാതെ—കൂടാതെ സന്ദേശങ്ങളും സഭയുടെ നടത്തിപ്പും, അത് ഈ സമയം വരെ വന്നതുപോലെയും ആകുന്നു.

14 ആ തിരുവെഴുത്തുകളുടെ ഓരോ മുൻകൂട്ടിയുള്ള പ്രവചനവും ചരിത്രവുമായി എങ്ങനെ ഉറച്ചുനിൽക്കുന്നുവെന്ന് കാണുന്നത് അതിശയകരമാണ്, കൃത്യമായും, അതിന്റെ ചിന്തയിലേക്ക് കടക്കുന്നതാകുന്നു. അതെന്നെ പോലും അത്യധികം, വിസ്മയിപ്പിച്ചിട്ട്, ഇന്നലെ, എന്റെ കണ്ണുകൾ വീർക്കുന്നതുപോലെ തോന്നുന്നതുവരെ ഞാൻ വായിക്കുകയുണ്ടായി. ഞാൻ പുറത്തിറങ്ങിയിട്ട് ഭാര്യയോട് പറഞ്ഞു, "അത് അങ്ങനെയായിരിക്കുമെന്നു ഒരിക്കലും സ്വപ്നത്തിലും ഞാൻ കണ്ടിട്ടില്ല." നോക്കു? അത് എത്ര മഹത്തായ ഒന്നായിരുന്നു!

15 അങ്ങനെ ഇപ്പോൾ, ചിലപ്പോൾ, ഒരു രാത്രികൊണ്ട്, സഭയെ, സഭയ്ക്കുള്ള സന്ദേശത്തെ, എല്ലാമായിട്ട് എനിക്ക് പൂർത്തിയാക്കാൻ കഴിഞ്ഞെന്നു വരികില്ല. എനിക്ക് അത് രാത്രിയിൽ, പൂർത്തിയാക്കാൻ കഴിയുന്നില്ലെങ്കിൽ, അടുത്ത ദിവസം രാവിലെ പത്ത് മണിക്ക് എടുക്കുന്നതായിരിക്കും. എല്ലാ രാത്രിയിലും അതിനെക്കുറിച്ച് അറിയിപ്പ് നൽകും, അതിന്റെ ബാക്കി ഭാഗം വന്ന് കേൾക്കാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ടി ആയിരിക്കും, 'കാരണം നാം അത്, ടേപ്പിൽ, കൊണ്ടുവരാൻ ശ്രമിക്കുന്നതാകുന്നു. എനിക്ക് രാവിലെ, പത്ത് മണി മുതൽ ഉച്ചവരെ, പകൽ സമയങ്ങളിൽ, സേവനങ്ങൾ ഉണ്ടായിരിക്കും, അത് സന്ദേശത്തിന്റെ ബാക്കി ഭാഗം പുറത്തുകൊണ്ടുവരാൻ ശ്രമിക്കുന്നതിനാകുന്നു, 'കാരണം അവർക്ക് അത് ടേപ്പിൽ പിടിക്കാൻ കഴിയും. അല്ല...

16 രോഗശാന്തിയുടെ സേവനങ്ങളൊന്നും ഉണ്ടായിരിക്കില്ലെന്ന് നമ്മൾ പ്രഖ്യാപിച്ചിട്ടുണ്ട്, കാരണം തിരുവെഴുത്തിലെ പ്രവചന വചനങ്ങൾക്കു കീഴിലായിരിക്കാൻ നാം ശ്രമിക്കുന്നതാകുന്നു. തുടർന്ന്, നമുക്ക് ഇവിടെ അടുത്തിടെ ഒരു രോഗശാന്തിയുടെ ശുശ്രൂഷ ഉണ്ടായിരുന്നു. ഈ ശുശ്രൂഷകൾ എല്ലാം അവസാനിച്ചതിന് ശേഷം,

പിന്നെ നമുക്ക് വീണ്ടും ഈ സ്ഥലത്ത് തന്നെ രോഗശാന്തിയുടെ ശുശ്രൂഷകൾ നടത്തുന്നതായിരിക്കും.

17 എന്നാൽ ഇപ്പോൾ ഞാൻ—ഞാൻ ഇത് യഥാർത്ഥത്തിൽ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു, അതിനാൽ എല്ലാവർക്കും ഓർക്കാൻ കഴിയും, അതായത് ഇപ്പോൾ, ഇവിടെ, അത് മുറിക്കുകയും വലിക്കുകയും, കൂടാതെ നമുക്കെല്ലാവർക്കും ഒരു വലിയ കുലുക്കമുണ്ടാക്കുകയും ചെയ്യാം. എന്നാൽ ഞാൻ ഉത്തരവാദിയാണ്, അതിനല്ല—മറ്റൊന്നിനുമല്ല എന്നാൽ വചനം പ്രസംഗിക്കുന്നതിനു മാത്രമാകുന്നു. അതായത്, അത്രമാത്രം. വെറും—വചനം മുറുകെ പിടിക്കുന്നതിനു മാത്രം. പലപ്പോഴും ഈ സഭാ യുഗങ്ങളിൽ, അത് ആരുടെയെങ്കിലും, സഭാവിഭാഗത്തെ പ്രതിഫലിപ്പിച്ചേക്കാം. അത് അങ്ങനെ ചെയ്താൽ, അത് പരുഷതയോടെ ആയിരിക്കണമെന്ന് അർത്ഥമാക്കുന്നില്ല. അത്—അത് തിരുവെഴുത്ത് എന്താണോ പറഞ്ഞിരിക്കുന്നത്, അതിനെപ്പറ്റി എനിക്കുള്ള വെളിപാടും പ്രസ്താവിക്കുക മാത്രമാണ്. എനിക്ക് അതിൽ തെറ്റുണ്ടെന്ന് നിങ്ങൾ കരുതുന്നുവെങ്കിൽ, അത് എനിക്കെതിരെ ഉയർത്തി പിടിക്കരുത്, ശരി എന്താണെന്ന് ദൈവം എനിക്ക് കാണിച്ചുതരാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കുക മാത്രം ചെയ്യുക, കാരണം ഞാൻ തീർച്ചയായും ശരിയായിരിക്കാൻ ആഗ്രഹിക്കുന്നു.

18 പിന്നെ വേറൊരു കാര്യം എന്നത്, ഇതുപോലുള്ള ഒരു—ഒരു യോഗത്തിൽ എനിക്കുള്ള ഉത്തരവാദിത്തം മനസ്സിലാക്കിക്കൊണ്ട്, അത് ജനങ്ങളെ പഠിപ്പിക്കുകയും, അതിനുവേണ്ടി ഈ പ്രസംഗപീഠത്തിൽ നിന്നുകൊണ്ട് ഞാൻ പറയുന്ന വാക്കുകൾക്ക് പരിശുദ്ധാത്മാവ് എന്നെ ഉത്തരവാദിയാക്കുകയും ചെയ്യും. അതിനാൽ നാം എത്ര ഗൗരവത്തോടെയാണ് ഇതിനെ സമീപിക്കുന്നതെന്ന് നിങ്ങൾ കാണുന്നു. ഇപ്പോൾ, നമ്മുടെ...

19 ഞാൻ ഇത് മറ്റെവിടെയെങ്കിലും പുറത്തെടുക്കുമായിരുന്നു. പക്ഷേ, ഇത് പഠിപ്പിക്കലാണ്, പിന്നെ നമ്മുടെ...പുറത്തുള്ള സുവിശേഷ സേവനങ്ങളിൽ, നമ്മിൽ ഓരോരുത്തർക്കും ഒരു ആശയമുണ്ട് അല്ലെങ്കിൽ—അല്ലെങ്കിൽ വിവേചനബുദ്ധി, അല്ലെങ്കിൽ അത് പോലെ കാലഘട്ടങ്ങളിൽ കൂടെ ഉണ്ടായിട്ടുണ്ട്, കൂടാതെ നമുക്ക് നമ്മുടെ സ്വന്തം സഭകളുണ്ട്, നമ്മുടെ സഭകൾ നമ്മെ പഠിപ്പിച്ചതും നാം വിശ്വസിക്കുന്നതുമായ കാര്യങ്ങളുണ്ട്. നാം...മറ്റൊരാളുടെ സഭയിലോ, അല്ലെങ്കിൽ അതുപോലുള്ള ആളുകളുടെ ഇടയിലോ പോകാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല, എന്നിട്ട് ആ ജനങ്ങളെ അവർ പഠിപ്പിച്ചതിന് വിരുദ്ധമായ എന്തെങ്കിലും പറയുക. കാരണം, എല്ലാത്തിനുമുപരി,

ഞാൻ എന്റെ പ്രസ്താവനകൾ വ്യക്തമാക്കാൻ ശ്രമിച്ചു അതായതു ഒരു...

20 ഒരു മനുഷ്യൻ ഒരു കത്തോലിക്കനാണെങ്കിൽ, അവൻ രക്ഷയ്ക്കായി കത്തോലിക്കാ സഭയെ ആശ്രയിച്ചിരിക്കുന്നെങ്കിൽ, അവൻ നഷ്ടപ്പെട്ടവനാകുന്നു. അവൻ ഒരു ബാപ്റ്റിസ്റ്റ് ആണെങ്കിൽ, ബാപ്റ്റിസ്റ്റ് സഭയെ ആശ്രയിച്ചിരിക്കുന്നെങ്കിൽ, അവൻ നഷ്ടപ്പെട്ടവനാകുന്നു. അല്ലെങ്കിൽ ഒരു പെന്തക്കോസ്തുകാരനാണെങ്കിൽ, അവൻ രക്ഷയെ പ്രാപിക്കാൻ പെന്തക്കോസ്ത് സഭയെ ആശ്രയിച്ചിരിക്കുന്നെങ്കിൽ, അവൻ നഷ്ടപ്പെട്ടവനാകുന്നു. പക്ഷേ...ഏതൊരു സഭയായാലും! എന്നാൽ ആ വ്യക്തി കാൽവരിയിലെ ക്രിസ്തുവിന്റെ പൂർത്തിയായ പ്രവൃത്തികളിൽ വിശ്വാസത്തിൽ ഉറച്ചുനിൽക്കുകയാണെങ്കിൽ, അവൻ രക്ഷിക്കപ്പെട്ടിരിക്കുന്നു, അവൻ ഏത് സഭയിൽ ഉൾപ്പെട്ടവനാണെന്ന് ഞാൻ കാര്യമാക്കുന്നില്ല. കാരണം, “വിശ്വാസത്താൽ നിങ്ങൾ രക്ഷിക്കപ്പെട്ടു, അത് കൃപയാലാണ്.”

21 ഇപ്പോൾ, ചിലപ്പോൾ, ഇത് ചെയ്യുമ്പോൾ, ഞാൻ ചിന്തിക്കും, ഇവിടെ ഞങ്ങൾ വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച എന്റെ സ്വന്തം ചെറിയ കെട്ടിടത്തിൽ, പഴയ ഒരു കൂട്ടം കോൺക്രീറ്റ് കട്ടകളും അതുപോലുള്ള വസ്തുക്കളും ഉപയോഗിച്ചിട്ട്, ഇത് ഞങ്ങൾക്ക് ഒരു രീതിയിൽ ഒരു വിശുദ്ധ സ്ഥലമാണ്. ഞങ്ങൾ ഇത് വെറുക്കുന്നു, ഒരു വിധത്തിൽ പറഞ്ഞാൽ ഇത് മാറുന്നത് കാണുന്നത് ഞങ്ങൾ വെറുക്കുന്നു, കാരണം ഇവിടെയാണ് ദൈവം നമ്മളെ ആദ്യമായി കണ്ടുമുട്ടാൻ തുടങ്ങിയത്, അപ്പോൾ നമുക്ക് അതിന് ഒരു തറ പോലും ഉണ്ടായിരുന്നില്ല. എന്നാൽ അത്—അത് വളരെ പഴകിയ ഒരു സ്ഥാനത്തുവരെ ഇപ്പോൾ എത്തിയിരിക്കുന്നു, അങ്ങനെ നാം ഒരു കെട്ടിടത്തിലായിട്ട്—ഇവിടെ നിർമ്മാണ പരിപാടിയിലാകുകയും, ഈ കട്ടകളെ ഇവിടെ ഈ സഭ ഉണ്ടാക്കുന്നതിനായി നിറയ്ക്കുകയുമാണ്.

22 ഇപ്പോൾ, അതുവരെ, ഞാൻ പ്രവർത്തന മേഖലയിൽ നിന്നു മടങ്ങുമ്പോൾ, അവിടെ ഞാൻ സഹോദരന്മാരെ ഉപദ്രവിക്കുകയോ, അല്ലെങ്കിൽ, സന്ദേശങ്ങളും ഇത്യാദി കാര്യങ്ങളും ആകുന്നു, അപ്പോൾ അതെനിക്ക് എന്റെ സ്വന്തം അഭിപ്രായം പ്രകടിപ്പിക്കാനുള്ള അവകാശം നൽകുകയും എന്റെ—എന്റെ... എന്റെ തന്നെ ഇവിടെയുള്ള ഈ പ്രസംഗപീഠത്തിൽ നിന്നും ആകും. അതുകൊണ്ട് നിങ്ങൾ പറയുകയാണ്, “എന്നെ അല്പം വ്യത്യസ്തമായി പഠിപ്പിച്ചിരിക്കുന്നു,” ഞാൻ താല്പര്യപ്പെടുന്നത്...അതിനെ തുടർന്ന്, ഇതിലേക്ക്, വരാൻ ആഗ്രഹിക്കുന്ന ആരെയും ഞങ്ങൾ

ക്ഷണിക്കുന്നു. നോക്കൂ? ആരും അതിനെ ചെലവു നിർവ്വഹണമോ, അല്ലെങ്കിൽ മറ്റെന്തെങ്കിലും ചെയ്യുന്നില്ല. അത് ഇവിടെയുള്ള ഈ കൂടാരമാകുന്നു. ആരെങ്കിലും വരാൻ ആഗ്രഹിക്കുന്നുവെങ്കിൽ, വരുന്നതിനായി ആർക്കും സ്വാഗതം. നേരെ കടന്നു വരിക മാത്രം ചെയ്യുക. അതുകൊണ്ട് നിങ്ങളുടെ വേദപുസ്തകങ്ങൾ കൊണ്ടുവരാനും, എല്ലാ യോഗങ്ങളിലും, ഒരു പെൻസിലും കടലാസ്സും കൊണ്ടുവരാനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.

23 ഇപ്പോൾ, എല്ലാ വ്യാഖ്യാനങ്ങളും മറ്റുമായി, എനിക്ക് എല്ലാ പുസ്തകങ്ങളും കൊണ്ടുവരാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഞാൻ ഓരോ തവണയും, ഇവിടെ കടലാസിൽ ചരിത്രത്തിൽ നിന്നും, വ്യാഖ്യാനങ്ങളിൽ നിന്നുമുള്ള ചെറിയ കുറിപ്പുകൾ, എഴുതുകയും, കുറിച്ചെടുക്കുകയും, അങ്ങനെയെല്ലാം ചെയ്യുന്നു, അതിനാൽ എനിക്ക് അത് ഇവിടെയുള്ള കുറിപ്പുകളിൽ നിന്നും—പുസ്തകം കൈവശം വയ്ക്കുകയും താളുകൾ ഓരോന്നായി മറിക്കുകയും ചെയ്യുന്നതിനുപകരം വായിക്കാൻ കഴിഞ്ഞേക്കും. എന്നിരുന്നാലും, തിരുവെഴുത്തുകളുടെ കാര്യം വരുമ്പോൾ, നമ്മൾ വേദപുസ്തകം ഉപയോഗിക്കും. അതിനുശേഷം വ്യാഖ്യാനത്തിൽ, ഞാൻ അത് വിശദീകരിക്കും; അല്ലെങ്കിൽ ചരിത്രം, അത് പറഞ്ഞ ചരിത്രകാരൻ ആരാണെന്നും, മറ്റുമുള്ള കാര്യങ്ങൾ ആയിരിക്കും. അപ്പോൾ അതിൽ...തീർച്ചയായും, പുസ്തകം വരാനിരിക്കുന്ന സാഹചര്യത്തിൽ, എന്തുകൊണ്ട്, അപ്പോൾ നമുക്ക് എല്ലാം ടൈപ്പ് ചെയ്യാൻ കഴിയുകയും, എല്ലാ കാര്യങ്ങളും ശരിയാക്കി എടുക്കാനും കഴിയും.

24 ഇപ്പോൾ, നമുക്ക് നേരത്തെ ആരംഭിക്കാനും കഴിയുന്നത്രയും നേരത്തെ പിരിച്ചു വിടാനും നമ്മളാൽ കഴിയുന്നതെല്ലാം നാം ചെയ്തിരിക്കും. ഇത് എട്ട് ദിവസമായിരിക്കും, യോഗങ്ങൾ, ഞായറാഴ്ച മുതൽ ഞായറാഴ്ച വരെ ആയിരിക്കും.

25 ഇന്ന് രാവിലെ ഞാൻ വെളിപാടിന്റെ ഒന്നാം അദ്ധ്യായം, വെളിപാടിന്റെ പുസ്തകത്തിൽ നിന്നും ആരംഭിക്കുകയാണ്. കൂടാതെ വെളിപാട് മൂന്ന് ഭാഗങ്ങളായി സജ്ജീകരിച്ചിരിക്കുന്നു. ആദ്യത്തെ മൂന്ന് അധ്യായങ്ങളാണ് ഈ എട്ട് ദിവസങ്ങളിൽ നമ്മൾ കൈകാര്യം ചെയ്യുന്നത്. അത്, ഒരു സഭാ കാലഘട്ടം തന്നെ നമുക്ക് ഒരു മാസം എടുക്കുമ്പോഴാകുന്നു. എന്നാൽ നമ്മൾ അതിനെക്കുറിച്ച് പറയുന്നതുപോലെ, അതിന്റെ അത്യുന്നത സ്ഥാനങ്ങളിൽ നമുക്ക് എത്തേണ്ടതാണ്. അതിനുശേഷം നിങ്ങൾക്ക് പുസ്തകം ലഭിക്കുമ്പോൾ, അത് കൂടുതൽ വിശദമായി, എഴുതപ്പെട്ടിരിക്കും.

26 ഇപ്പോൾ, വെളിപാട്, അതിന്റെ ആദ്യത്തെ മൂന്ന് അധ്യായങ്ങൾ, സഭയെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്, തുടർന്ന് സഭ അപ്രത്യക്ഷമാകുന്നു. അവസാന കാലം വരെ പിന്നെ നാം അതിനെ കാണുന്നില്ല. വെളിപാട് 1 മുതൽ 3 വരെ, സഭയാകുന്നു; വെളിപാട് 4 മുതൽ 19 വരെ, ഇസ്രായേൽ ആകുന്നു, ഒരു രാഷ്ട്രമാകുന്നു; കൂടാതെ 19 മുതൽ 22 വരെ, രണ്ടും, ഒരുമിച്ചാകുന്നു. കൂടാതെ ബാധകളും മുന്നറിയിപ്പുകളും, ഇത്യാദി എല്ലാമാകുന്നു, അത് അന്ത്യ കാലമാകുന്നു! മൂന്ന് ഭാഗങ്ങളായി സജ്ജമാക്കിയിരിക്കുന്നു. നോക്കൂ? നാം ആദ്യത്തെ മൂന്ന് അധ്യായങ്ങൾ എടുക്കുന്നു, അത് സഭയെയും, നാം ജീവിക്കുന്ന സഭാകാലഘട്ടത്തെയും സംബന്ധിച്ചാകുന്നു.

27 ഇപ്പോൾ, ആദ്യം, അത് ഒരു വിധം താത്പര്യമില്ലാത്തതായി തോന്നിയേക്കാം, കാരണം നമുക്ക് തിരികെ പോയി ഒരു അടിസ്ഥാനം ഉണ്ടാക്കണം. ഞാൻ പ്രാർത്ഥിക്കുകയും പഠിക്കുകയും ചെയ്തു, ശ്രമിക്കാൻ എനിക്ക് കഴിയുന്നതെല്ലാം ചെയ്തു, അത്—അത് പരിശുദ്ധാത്മാവിന്റെ അനുഭവം ലഭിക്കാനായിരുന്നു, ഇത് ഏത് രീതിയിൽ അതിനെ സ്ഥാപിക്കേണ്ടതാകുന്നു, അതിനാൽ ജനങ്ങൾക്ക് അത് കാണുന്നതിനു ഇടയാകും, അങ്ങനെ നിങ്ങൾ അത്, കണ്ടിട്ട് പ്രകാശമാനമാകുകയും, അത് നിങ്ങളെ ക്രിസ്തുവിലേക്ക് അടുപ്പിക്കുന്നതിന് കാരണമാക്കുകയും ചെയ്യും, കാരണം നാം അന്ത്യകാലത്താകുന്നു.

28 ഞാൻ ചരിത്രങ്ങൾ പഠിക്കുമ്പോൾ, ആ സഭ എങ്ങനെ ആരംഭിച്ചുവെന്ന് കണ്ടെത്തുന്നത്, വളരെ അത്ഭുതകരമായ കാര്യമായിരിക്കുകയും, അത് എങ്ങനെ നീങ്ങിപ്പോകുകയും, എന്താണ് സംഭവിച്ചതെന്നും, ദൈവത്തിന്റെ ആ ചെറിയ വിത്ത് ആ കാലഘട്ടങ്ങളിൽ ഓരോന്നിലും കൂടെ എങ്ങനെ നീങ്ങിക്കൊണ്ടിരുന്നു എന്നും കണ്ടിരുന്നു; ഏതാണ്ട്, ഒരിടത്ത്, പൂർണ്ണമായും നീങ്ങി പോകുകയും ചെയ്തിരുന്നു.

29 ഇപ്പോൾ, നാളെ രാത്രി, ഞങ്ങൾ തുടങ്ങും, കൂടാതെ ഒരു—ഒരു—ഒരു കടലാസ്സ് ബോർഡ് ഇവിടെ ഉണ്ടായിരിക്കും; ഒരു കടലാസ്സ് ബോർഡ് അല്ല, ഒരു പലക ബോർഡായിരിക്കും, അതായത് ഒരു കറുത്ത പലക ബോർഡിൽ എഴുതി അതിൽ നിന്ന് അത് പഠിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സൺഡേ സ്കൂൾ പഠിപ്പിക്കുന്നവർക്ക്, അവരിൽ ഒരാൾക്ക് ഒരു കറുത്ത പലകകൊണ്ടുള്ള ബോർഡ് ഉണ്ടായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ അത് പിന്നിലായി കാണുന്നു. ഞാൻ ഒരു ദ്വാരപാലകനെ കൊണ്ട് അതിവിടേക്ക് കൊണ്ടുവരാൻ പോകുകയാണ്, അത് ഇവിടെ മുൻവശത്ത് വയ്ക്കുക,

അതിനാൽ എനിക്ക് ആ കറുത്ത പലക ബോർഡിൽ നിന്ന് പഠിപ്പിക്കാനും അത് എഴുതാനും കഴിയും, അതിനാൽ നിങ്ങൾക്ക് ഉറപ്പുണ്ടാകും. നിങ്ങൾക്ക് അത് നിങ്ങളുടെ കടലാസ്സിൽ വരയ്ക്കുകയും മറ്റും ചെയ്യാനും, ഞങ്ങൾ അത് കൊണ്ടുവരുമ്പോൾ അതിനോട് കൂടുതൽ അടുക്കാനും കഴിയും.

30 എന്നാൽ തുടക്കത്തിനു മുമ്പ് ഞാൻ ഇത് പറയാൻ ആഗ്രഹിക്കുന്നു: സഭായുഗത്തിന്റെ ആരംഭം കാണുന്നതിനും, അപ്പോസ്തലന്മാരുടെ, ഉപദേശങ്ങൾ എങ്ങനെയെന്ന് കാണുന്നതിനും, കൂടാതെ അവർ പഠിപ്പിച്ച കാര്യങ്ങളും വേദപുസ്തകത്തിന്റെ തത്വങ്ങളും ആകുന്നു; അതിനെ തുടർന്ന് സഭ, അപ്പോസ്തലന്മാരുടെ രണ്ടാമത്തെ തവണയിൽ, ആ വാസ്തവികമായ, യഥാർത്ഥ പഠിപ്പിക്കൽ, എപ്രകാരം മാഞ്ഞുപോകാൻ തുടങ്ങിയിരുന്നു; മൂന്നാം തവണയിൽ, വളരെയധികം വഴിമാറി ദൂരത്താകുകയും ചെയ്തു; നാലാം തവണ ആയപ്പോഴേക്കും, അത് ശീതോഷ്ണമായ ഒരു—ഒരു അവസ്ഥയിലേക്ക് മാഞ്ഞു പോകുകയും ചെയ്തു. സഭ ഒരു ശീതോഷ്ണമായ സഭയെ കൊണ്ടുവന്നു.

31 അതിനുശേഷം ഒരു ആത്മാവ്-നിറഞ്ഞ സഭ! അതിനെക്കുറിച്ച് എല്ലാ മനുഷ്യരുടെയും മതത്തോടുള്ള ആദരവോടെ ഞാൻ ഇത് പറയുകയാണ്. തുടക്കം മുതൽ, ഈ സമയം വരെ, യഥാർത്ഥമായ, സത്യമായ സഭ അതൊരു പെന്തക്കോസ്ത് സഭയായിരുന്നു. ഇത് സത്യമാണ്. ദൈവം ഈ സഭയെ സംരക്ഷിച്ചിരിക്കുന്നു.

32 ഞാൻ പലപ്പോഴും അത്ഭുതപ്പെട്ടിരുന്നു, യേശു ഈ പരാമർശം നടത്തിയപ്പോൾ, പറഞ്ഞു, "ചെറിയ ആട്ടിൻ കൂട്ടമേ, ഭയപ്പെടരുതു; നിങ്ങളുടെ പിതാവു രാജ്യം നിങ്ങൾക്കു നല്കുവാൻ പ്രസാദിച്ചിരിക്കുന്നു." അതിന്റെ അർത്ഥമെന്താണെന്ന് ഞാൻ പലപ്പോഴും അത്ഭുതപ്പെട്ടിരുന്നു, എന്നാൽ ഇപ്പോൾ ഞാൻ അത് മനസ്സിലാക്കുന്നു.

33 കഴിഞ്ഞ ആഴ്ച ഞങ്ങൾക്ക് ലൂസിയാനയിലെ ഷ്രേവെപോർട്ടിൽ, ഒരു യോഗം ഉണ്ടായിരുന്നു, എന്റെ ജീവിതത്തിൽ ഇതുവരെ ഞാൻ പോയിട്ടുള്ളതിൽ വച്ചേറ്റവും വലിയ ആത്മീയ യോഗമായിരുന്നു. അത് ഷ്രേവ്പോർട്ടിൽ വച്ചായിരുന്നു!

34 എനിക്ക്...എനിക്ക് രണ്ട് ദിവസത്തെ അവധി ഉണ്ടായിരുന്നു, ഞാൻ ഇവിടെയുള്ള സഹോദരൻ വുഡിനൊപ്പം കെന്റക്കിയിൽ പോയിരുന്നു, അദ്ദേഹം സഭയിലെ മൂപ്പന്മാരിൽ ഒരാളാകുന്നു, അല്ലെങ്കിൽ ട്രസ്റ്റിമാരിൽ, എന്ന് പറയുന്നതാണ് ശരി, അത് വേട്ടയാടാൻ വേണ്ടിയായിരുന്നു. അങ്ങനെ ഞങ്ങൾ കാട്ടിലേക്ക് പോയി.

35 ഞാൻ ആദ്യത്തെ അണ്ണാനെ വെടിവച്ചു. എന്നിട്ട് ഞാൻ പറഞ്ഞു, "ഞാൻ സ്വൽപ്പം കാത്തിരിക്കാം," കാരണം ആരോ ചിലർ അതുവഴി നായ്ക്കളുമായി കടന്നു വന്നിരുന്നു. അപ്പോൾ ഞാൻ പറഞ്ഞു, "അണ്ണാൻ കുഴികളിൽ നിന്ന് തിരികെ പുറത്തുവരുന്നതുവരെ ഞാൻ കാത്തിരിക്കും. അവ മരങ്ങളിലും കുഴികളിലും ഇപ്പോൾ ഓടി മറഞ്ഞിരിക്കുന്നു." ഞാൻ പറഞ്ഞു, "അവ പുറത്തു വരുമ്പോൾ...ഞാൻ ഇവിടെ തന്നെ കാത്തിരിക്കാം." കാരണം, അപ്പോൾ ശരിക്കും തണുപ്പും കൂടാതെ തണുത്തുറഞ്ഞും, ചെവികൾ പുകഞ്ഞുമിരുന്നു. കൂടാതെ, നിങ്ങൾക്കറിയാമോ, ഈ—ഈ പൊള്ളകളിലൂടെ ശക്തമായ തണുത്ത കാറ്റ് വന്നിരുന്നു. ഞാൻ പറഞ്ഞു, "അണ്ണാൻ തിരികെ പുറത്തു വരുന്നത് വരെ ഞാൻ കാത്തിരിക്കും."

36 അങ്ങനെ പറഞ്ഞ് ഇരുന്നില്ല, അതിനു മുമ്പേ പരിശുദ്ധാത്മാവ് പറഞ്ഞു, "എഴുന്നേൽക്കുക, 'വേട്ടക്കാരുടെ മലയിടുക്ക്' എന്ന് നീ വിളിക്കുന്ന ആ സ്ഥലത്തേക്ക് കയറിച്ചെല്ലുക.' അവിടെ ഞാൻ നിന്നോട് സംസാരിക്കും."

37 അങ്ങനെ "വേട്ടക്കാരുടെ മലയിടുക്ക്" എന്ന് ഞാൻ പേരിട്ട ഈ സ്ഥലത്തേക്ക് ഞാൻ കയറി പോയി. കാരണം, ആ മലയിടുക്കുകൾക്ക് ഞാൻ പേരിട്ടതിന്റെ കാരണത്താൽ, ഞാൻ തന്നെ, ഞാൻ എവിടെയാണെന്ന് എനിക്കറിയാമായിരുന്നു. "വേട്ടക്കാരുടെ മലയിടുക്ക്," കാരണം അവർക്ക്...ഞാൻ അവിടെ ചെന്നപ്പോൾ, പതിനാറ് അണ്ണാനുകൾ ഒരു മരത്തിൽ തന്നെ ഇരിക്കുന്നത് ഞാൻ കണ്ടിരുന്നു; വേണ്ട പരിധിയിലുള്ളതിനെ വെടിവച്ചു, ബാക്കിയുള്ളതിനെ അവിടെ വിട്ടിട്ട്, ഞാൻ നടന്നു പോയി. അതാണ് കായിക കളി, ചെയ്യേണ്ടതായ കാര്യം. അതുകൊണ്ട് ഞാൻ അതിനെ വിളിക്കുന്നു, "വേട്ടക്കാരുടെ മലയിടുക്ക്."

38 അവൻ അത് എനിക്ക് സൂചിപ്പിച്ചുകൊണ്ട് പറഞ്ഞു, "നീ വിളിക്കുന്ന ആ സ്ഥലം 'വേട്ടക്കാരുടെ മലയിടുക്ക്.'" അവൻ വിളിച്ചിരുന്ന എന്നല്ല, എന്നാൽ ഞാൻ അതിനെ അങ്ങനെ വിളിച്ചിരുന്നു.

39 പിന്നെ ഞാൻ ആ ഇടുക്കിന്റെ ഉയരത്തിൽ കയറി ഒരു വെള്ള ഓക്ക് മരത്തിന്റെ ചുവട്ടിൽ ഇരുന്നു, ഏകദേശം അരമണിക്കൂറോളം കാത്തിരുന്നു, ഒന്നും സംഭവിച്ചിരുന്നില്ല. ഞാൻ സ്വയം നിലത്തു കിടന്നു, സാഷ്ടാംഗം എന്നെത്തന്നെ നിലത്തു കിടന്നുകൊണ്ട്, എന്റെ കൈകൾ നീട്ടി വച്ചു. അപ്പോൾ അവൻ എന്നോട് സംസാരിച്ചു.

40 അങ്ങനെ അവൻ ചെയ്തപ്പോൾ, അവൻ എനിക്ക് വെളിപ്പെടുത്തിയ വചനങ്ങൾ, ഇതേ തിരുവെഴുത്തുകളിൽ തന്നെ

നിന്നും ആയിട്ട് നാം ഇന്ന് രാവിലെ അതിലേക്കു വരുകയാണ്, ഞാൻ ഇതിനു മുമ്പ് ഒരിക്കലും, എന്റെ ജീവിതത്തിൽ അത് കണ്ടിട്ടില്ല.

41 പിന്നീട് ഞാൻ ലൂസിയാനയിലെ ഷ്രേവ്പോർട്ടിൽ എത്തിയപ്പോൾ, ഒരു സ്ത്രീ പ്രതിഭാധനയായ ഒരു സ്ത്രീ, അവരുടെ പേര് ശ്രീമതി. ഷ്രാഡർ എന്നാണ്...

42 വർഷങ്ങൾക്ക് മുമ്പ്, കർത്താവിന്റെ ദൂതൻ എന്നെ ഇവിടെ നദിക്കരയിൽ കണ്ടുമുട്ടിയപ്പോൾ, ആദ്യമായിട്ട്, ആ വെളിച്ചത്തിൽ പ്രത്യക്ഷപ്പെട്ടുകയും, ഈ വചനങ്ങളെ അവൻ അവിടെ സംസാരിക്കുകയും ചെയ്തിരുന്നു; പതിനൊന്ന് വർഷങ്ങൾക്ക് ശേഷം, ഞാൻ ഒരു യോഗത്തിലേക്ക് കടന്നു വന്നപ്പോൾ, ഈ മഹിള എഴുന്നേറ്റ് അന്യഭാഷകളിൽ സംസാരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തു. അത് വചനം വചനപ്രകാരം അതേ കാര്യങ്ങൾ ദൂതൻ പറഞ്ഞ പ്രകാരം തന്നെ ആയിരുന്നു.

43 അപ്പോൾ ഇതേ മഹിള തന്നെ, ഞാൻ കൂടാരത്തിലേക്ക് നടന്നു വന്നപ്പോൾ...അല്ലെങ്കിൽ ഷ്രേവ്പോർട്ടിൽ ഞങ്ങൾ ആയിരുന്ന സ്ഥലത്ത്, അത് ജീവ കൂടാരത്തിൽ ആയിരുന്നു, പരിശുദ്ധാത്മാവ് ആ മഹിളയുടെ മേൽ വ്യാപരിച്ചിട്ടു മലയുടെ മുകളിൽ വച്ചു അവൻ എന്നോട് പറഞ്ഞ കാര്യങ്ങൾ വചനം വചനപ്രകാരം ഈ മഹിള പറയുകയുണ്ടായി. അപ്പോൾ ആത്മാവ് വ്യാപരിക്കാനും വ്യാഖ്യാനം നൽകാനും തുടങ്ങുകയും, വെളിപാടിലൂടെയും, പ്രവചനത്തിലൂടെയും കാര്യങ്ങൾ മുൻകൂട്ടി പറയാൻ തുടങ്ങുകയും, ഈ കാര്യങ്ങൾ അതിനെ തുടർന്നുള്ള രാത്രിയിലെ യോഗങ്ങളിൽ സംഭവിക്കാനിരുന്ന കാര്യങ്ങളായിട്ടു, ഒരു തവണ പോലും അത് പരാജയപ്പെട്ടിട്ടില്ല.

44 അതിനു മുമ്പായി, ഒരു മഹിള യോഗത്തിൽ എഴുന്നേറ്റു നിൽക്കുകയും, ഒരു ബാപ്റ്റിസ്റ്റ് സഭക്കാരിയായ സ്ത്രീ തനിക്കെന്ത് ചെയ്യാൻ കഴിയുമെന്നു അറിയുകപോലും ചെയ്യാതെ അവിടേക്ക് കടന്നു വന്നു. അവൾ യോഗത്തിന്റെ മദ്ധ്യേ നിൽക്കുകയായിരുന്നു, പരിശുദ്ധാത്മാവ് അവളുടെമേൽ വീണിട്ട്, അവൾ അന്യഭാഷയിൽ സംസാരിക്കാൻ തുടങ്ങി, ഷ്രേവെപോർട്ടിലെ ഫസ്റ്റ് ബാപ്റ്റിസ്റ്റ് സഭയിൽ നിന്നുമുള്ള ഒരു ബാപ്റ്റിസ്റ്റ് മഹിളയായിരുന്നു. അതിന്ശേഷം അവൾ എന്താണ് ചെയ്തതെന്ന് അവൾ അറിഞ്ഞിരുന്നില്ല. അങ്ങനെ അതിനുശേഷം, അവൾക്ക് എന്തെങ്കിലും പറയാൻ കഴിയുന്നതിന് മുമ്പ്, പരിശുദ്ധാത്മാവ് വ്യാഖ്യാനം നൽകിയിട്ട് പറഞ്ഞു, “**കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു,** ‘അടുത്ത മൂന്നു മാസത്തിനകം, മോശയുടെയും, ഏലിയാവിന്റെയും,

പിന്നെ ക്രിസ്തുവിന്റെയും, ആത്മാവ് ഈ കൂടാരത്തിൽ ശുശ്രൂഷ ചെയ്യും.'" അവിടെ അത് സംഭവിച്ചു, സമ്പൂർണ്ണമായിരുന്നു.

45 മിസ്സിസ്സിപ്പിയിലെ, മെറിഡിയനിൽ നിന്നുള്ള ഒരു ബാപ്റ്റിസ്റ്റുകാരനായ മനുഷ്യൻ, തന്റെ റഫ്രിജറേറ്റർ തുറക്കാൻ അതിന്മേൽ കൈ വെക്കുകയും, റഫ്രിജറേറ്ററിൽ നിന്ന് എന്തെങ്കിലും എടുക്കാൻ വേണ്ടിയായിരുന്നു, അപ്പോൾ ദൈവത്തിന്റെ ആത്മാവ് അവന്റെ മേൽ കടന്നു വന്നു. താൻ ചെയ്യുന്നത് എന്താണ് എന്ന് അറിയാതെ അദ്ദേഹം അന്യഭാഷകളിൽ സംസാരിച്ചു. അദ്ദേഹത്തിനു ഇതിനു മുമ്പ്...താൻ എന്താണ് ചെയ്യുന്നതെന്ന് മനസ്സിലാക്കാൻ കഴിയുന്നതിനു മുമ്പ് തന്നെ, പരിശുദ്ധാത്മാവ് തിരികെ സംസാരിച്ചിട്ട്, പറഞ്ഞു, "ലൂസിയാനയിലെ, ഷ്രേവ്പോർട്ടിലേക്ക് പോകുക. എന്തുചെയ്യണമെന്ന് എന്റെ ദാസൻ നിങ്ങളോട് പറയും."

46 അദ്ദേഹം അവിടെ വന്നിട്ട്, പറഞ്ഞു, "എനിക്ക് ഇത് മനസ്സിലാകുന്നില്ല; മുമ്പൊരിക്കലും ഇങ്ങനെ സംഭവിച്ചിട്ടില്ല." ഓ, എന്റെ!

കർത്താവിന്റെ വരവിന് തൊട്ടുമുമ്പുള്ള അവസാന നാളുകളിലാണ് നാം ജീവിക്കുന്നത്.

47 ആ ചെറിയ സഭ എല്ലായ്പ്പോഴും ന്യൂനപക്ഷമായ, പെന്തക്കോസ്തിലായിരിക്കുന്നു. ഞാൻ ഉദ്ദേശിക്കുന്നത് പെന്തക്കോസ്തുകാരായ സഭാ വിഭാഗങ്ങളെയല്ല. ഞാൻ അത് അർത്ഥമാക്കുന്നില്ല. എന്നാൽ, പെന്തക്കോസ്ത് അനുഭവമുള്ള ജനങ്ങളെയാണ്! പെന്തക്കോസ്ത് ഒരു സംഘടനയല്ല. പെന്തക്കോസ്ത് ഒരു അനുഭവമാണ് അത് ആഗ്രഹിക്കുന്ന ഏവർക്കുമാകുന്നു. കത്തോലിക്കർ, യെഹൂദൻ, മതം മാറിയവർ, മെഥഡിസ്റ്റുകാർ, ബാപ്റ്റിസ്റ്റുകാർ, "ഇച്ഛിക്കുന്നവൻ ഏവനും, വരട്ടെ." അത് ഒരു വ്യക്തിപരമായ അനുഭവമാണ്...ദൈവം ഒരു സഭാ സംഘടനയുമായി ഇടപെടുന്നില്ല, അതുപോലെ തന്നെ അന്യജാതികളിലും അവൻ ഒരു— ഒരു വംശം അല്ലെങ്കിൽ ഒരു ജനതയോട് ഇടപെടുന്നില്ല. അവൻ വ്യക്തികളുമായി ഇടപെടുന്നു, "ഇച്ഛിക്കുന്നവൻ ഏവനും." അവൻ വെള്ളയും കറുപ്പും മഞ്ഞയും തവിട്ടുനിറവും ആയിരിക്കട്ടെ; മെഥഡിസ്റ്റ്, ബാപ്റ്റിസ്റ്റ്, പ്രൊട്ടസ്റ്റന്റ്, കത്തോലിക്കർ, അവൻ എന്തായാലും, "അവൻ വരട്ടെ," ആരായാലും. അവൻ അങ്ങനെ ചെയ്തതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഞാൻ...

48 ഒരിക്കൽ ഒരു വ്യക്തി പറഞ്ഞതുപോലെ, "എന്റെ പേര് വിളിച്ചു കേൾക്കുന്നതിനേക്കാൾ അവൻ അത് പറയുന്നത് കേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നു, 'വില്യം ബ്രൺഹാം വരട്ടെ,' 'കാരണം ഒന്നിലധികം

വില്യം ബ്രൺഹാം അവിടെ ഉണ്ടാകാൻ സാധ്യതയുണ്ട്. എന്നാൽ അവൻ, 'ഇച്ഛിക്കുന്നവൻ ആരും,' എന്ന് പറഞ്ഞപ്പോൾ, അത് എന്നെ *എടുത്തിരിക്കുന്നു* എന്ന് എനിക്കറിയാം."

അതുകൊണ്ട് അങ്ങനെയാണ് നമുക്കെല്ലാവർക്കും അനുഭവപ്പെടുന്നത്, "ഇച്ഛിക്കുന്നവൻ ഏവനും, വരട്ടെ."

49 ഇപ്പോൾ, നിരവധി ആളുകൾ ഇവിടെയുള്ള ഹോട്ടലുകളിലും മോട്ടലുകളിലും, ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും എത്തി കാത്തിരിക്കുന്നു എന്ന് ഞാൻ അറിയുന്നു. നോക്കൂ? ജനങ്ങൾ ഇവിടെ അയർലൻഡിൽ നിന്നും വിവിധ സ്ഥലങ്ങളിൽ നിന്നും, ഈ സന്ദർശനത്തിനുള്ള സമയത്തിനായി കാത്തിരിക്കുന്നു. എന്നാൽ എനിക്ക് ഇപ്പോൾ അതിനുള്ള അവസരമില്ല. ഞാൻ എന്റെ സമയം ഇതിന് നൽകാൻ ആഗ്രഹിക്കുന്നു, നിങ്ങൾ മനസ്സിലാക്കുന്നുണ്ടല്ലോ.

50 ഞാൻ ഈ യാത്രകളിൽ നിന്ന് മടങ്ങിവരുമ്പോൾ, എനിക്ക് സാധാരണയായി—ആയി ആർക്കെങ്കിലും ശുശ്രൂഷ നല്കാനായിട്ട് ഉണ്ടായിരിക്കും, കാരണം അവർ നിയമനങ്ങൾ എടുത്തു വച്ചിരിക്കും. എന്നാൽ ഇപ്പോൾ ഇതിന്റെ കാരണത്താൽ നമുക്കവരെ പറഞ്ഞു വിടേണ്ടതായിട്ടുണ്ട്.

51 ഇപ്പോൾ, ഈ പുസ്തകം ആരംഭിക്കുന്നതിന് മുമ്പ് ഒരു കാര്യം പറയാനുണ്ട്. ആരംഭത്തിൽ ഇതൊരു പെന്തക്കോസ്ത് സഭയായിരുന്നു. ആ പെന്തക്കോസ്ത് സഭ ആത്മാവിന്റെ ശക്തിയിൽ നീങ്ങുകയും പ്രവൃത്തികളുടെ ഒരു പുസ്തകം എഴുതുകയും ചെയ്തു. രണ്ടാമത്തെ തവണയിൽ, അത് ക്രമേണയായി കുറയാൻ തുടങ്ങുകയും, സഭ ഔപചാരികമായി തീരുകയും ചെയ്തു. രണ്ടാമത്തെ സഭാ കാലഘട്ടം, അത് യഥാർത്ഥമായും ഔപചാരികമായിരുന്നു, എന്നാൽ പെന്തക്കോസ്തിന്റെ ആ ചെറിയ വിത്ത്, ആത്മീയമായി വളർന്നു വന്നുകൊണ്ടിരുന്നു. അതിനുശേഷം അതൊരു ഇരുണ്ട കാലഘട്ടത്തിലേക്ക് പോകുകയും, അത് ഏകദേശം ആയിരത്തി നാനൂറ് വർഷത്തോളമോ മറ്റോ ആയിട്ട്, അതൊരു ഇരുണ്ട പീഡനമായിരുന്നു. ആ ചെറിയ പെന്തക്കോസ്ത് കാലഘട്ടം അതിൽ കൂടെ ജീവിച്ചു കൊണ്ടേയിരുന്നു. അത് എങ്ങനെ അതിനെ അതിജീവിച്ചു, അതിനെക്കുറിച്ച് എന്നോട് ചോദിക്കരുത്. അത് ദൈവത്തിന്റെ കരങ്ങളായിരുന്നു, അത് ചെയ്യാൻ കഴിയുമായിരുന്ന ഒരേയൊരു കാര്യം അതായിരുന്നു.

52 കാരണം, അവർ അവരെ കുറ്റി അടിച്ചു, ആണിയിൽ തറച്ചു. അവരുടെ മനുഷ്യരെ പിടിച്ചു അവരെ ഒരു—ഒരു തടി കഷണത്തിൽ തിരിച്ചു കിടത്തിയിട്ട്, തടികൊണ്ടുള്ള കുറ്റികൾ അവരുടെ കാലുകളിൽ

ഇട്ട് ഓടിച്ചിരുന്നു, എന്നിട്ട് മൃഗങ്ങളെയും, നായ്ക്കളെയും, അവരുടെ പിന്നിൽ നിന്ന് ഭക്ഷിക്കാൻ ഇടയാക്കുകയും, അവർ മരിക്കുന്നതിനു മുമ്പേ തന്നെ, അതിൽ കൂടെ അവരുടെ കുടൽ വലിച്ചെടുക്കാനും ഇടയാക്കിയിരുന്നു. സ്ത്രീകളെ എടുത്ത്, അവരുടെ സ്തനങ്ങൾ മുറിച്ചു കളയുകയും, അവരുടെ വലത് മുല അത് *ഇത്പോലെ,* പെട്ടെന്ന് വെട്ടി മുറിക്കുകയും, അവിടെത്തന്നെ നിന്നുകൊണ്ട് അവരുടെ ജീവൻ അവരിൽ നിന്നും പോകുന്നത് വരെയും ഇടയാക്കിയിരുന്നു. ഗർഭിണികളായ അമ്മമാരിൽ നിന്ന് കുഞ്ഞുങ്ങളെ എടുത്ത് അവർ നോക്കിക്കൊണ്ടിരിക്കെ തന്നെ നായ്ക്കൾക്കും പന്നികൾക്കും കൊടുക്കുകയും, കൊടുത്തിരുന്നു. ക്രിസ്തുമതം ആണെന്ന് കരുതപ്പെട്ടിരുന്നു; എന്നാൽ വേദപുസ്തകം പറയുന്നു, കൂടാതെ യേശു പറഞ്ഞു. "അവർ നിങ്ങളെ കൊല്ലുകയും, അത്രയുമല്ല നിങ്ങളെ കൊല്ലുന്നവൻ എല്ലാം ദൈവത്തിന്നു വഴിപാടു കഴിക്കുന്നു എന്നു വിചാരിക്കുന്ന നാഴിക വരുന്നു." നോക്കൂ?

53 ഇപ്പോൾ ആ കാര്യം മറ്റൊരു കാലഘട്ടം വരുന്നത് വരെ അതിലേക്കു ഇഴഞ്ഞു നീങ്ങി. അങ്ങനെ അവസാനം അത് പുറത്തുവന്നു. അതിനു ശേഷം സഭ നവീകരണത്തിലേക്ക് എത്തിച്ചേരുന്നത് നാം ശ്രദ്ധിക്കുന്നു, ആ സമയം മുതൽ അത് വലിച്ചു മാറ്റപ്പെടുകയും വലിച്ചു മാറ്റപ്പെടുകയും, ആത്മാവിൽ നിന്ന് അകന്നുപോകുകയും, ആത്മാവിൽ നിന്ന് അകന്നുപോകുകയും ചെയ്തിട്ടു, നേരെ ഈ അവസാന കാലഘട്ടം വരെ എത്തുകയും അത് സ്വയം ഏകീകരിക്കാനും മൃഗത്തിന് ഒരു പ്രതിമ ഉണ്ടാക്കാൻ തയ്യാറാകുകയും ചെയ്തിരിക്കുന്നു.

54 എന്നാൽ യേശു വരുന്നതുവരെ ആ ചെറിയ ആത്മാവ് ജനങ്ങളുടെ ഹൃദയങ്ങളിൽ വസിക്കും. അത് അങ്ങനെ ആകേണ്ടിയിരിക്കുന്നു. അത് മനസ്സിൽ കരുതി വച്ച് കൊള്ളുക.

55 നമ്മൾ അത് ഭൂപടത്തിൽ വരയ്ക്കുകയും ചരിത്രവും മറ്റെല്ലാ കാര്യങ്ങളും എടുത്ത്, അത് കൃത്യമായും ആ രീതിയിൽ തന്നെ ആയിരുന്നുവെന്നു കാണിക്കുകയും ചെയ്യും. നിങ്ങൾ തന്നെ ചരിത്രം എടുക്കുക, സ്വയം നിങ്ങൾ തന്നെ, എടുത്ത് വായിക്കുക. വേദപുസ്തകം എന്താണ് പറഞ്ഞിരിക്കുന്നതെന്നും, പിന്നെ ചരിത്രം എന്താണ് പറഞ്ഞിരിക്കുന്നതെന്നും നോക്കുക. അത് ഇപ്രകാരം കൃത്യമായും അതുപോലെ തന്നെ കണ്ടുമുട്ടുന്നുവെന്നുള്ളത് നോക്കുക. ഓ!

56 നമുക്കെല്ലാവർക്കും ഇത് വെറും ഒരു പ്രഭാഷണം മാത്രമായി എടുക്കാതെ, എന്നാൽ നമുക്ക് ഇതു വളരെ ഭയഭക്തിയോടെ എടുക്കാൻ ഇടയാകട്ടെ, പരിശുദ്ധാത്മാവിന്റെ മുന്നറിയിപ്പുകൾ

ഭയഭക്തിയോടെ സ്വീകരിച്ച്, രാവും പകലും പ്രാർത്ഥിക്കുന്നതിനും ഇടയാകട്ടെ. പ്രാർത്ഥിക്കുന്നതിൽ നിന്ന് നിങ്ങളെ തടയാൻ ഒന്നിനെയും അനുവദിക്കരുത്.

57 നാം ഇതിലേക്ക് കടക്കുമ്പോൾ, അത് പിൻ കാലത്തെ ആ മഹാന്മാരുടെ ജീവിതങ്ങളുടെ ആഴത്തിലേക്ക് ഇറങ്ങിയിട്ട്, എപ്രകാരം അവർ ത്യാഗം ചെയ്തിരുന്നു എന്ന് നിങ്ങൾ കാണും. നിങ്ങൾ ചെയ്തിരിക്കുന്നത് എത്രമാത്രം കുറച്ചാണെന്ന് നിങ്ങൾ കാണും. അതെന്നെ പലപ്പോഴും എന്നെക്കുറിച്ച് തന്നെ ലജ്ജിപ്പിക്കുന്നതിന് ഇടയാക്കുകയും, കൂടാതെ നമുക്ക് എപ്രകാരം എല്ലാ കാര്യങ്ങളും വളരെ എളുപ്പത്തിൽ ലഭിച്ചിരിക്കുകയും, അവർക്ക് എല്ലാ കാര്യങ്ങളും അത്രയും ബുദ്ധിമുട്ടായി കിട്ടിയിരുന്നു. "ഉഴന്നു വലഞ്ഞു," എബ്രായർ 11 ൽ പൗലോസ് പറയുന്നു, "ജടയാട്ടുകളുടെയും കോലാട്ടുകളുടേയും തോൽ ധരിച്ചു, ബുദ്ധിമുട്ടും ഉപദ്രവവും, കഷ്ടവും സഹിച്ചു." നമ്മുടെ സാക്ഷ്യം അവരുടെ സാക്ഷ്യങ്ങൾക്ക് പുറമെയായി എന്തായി നിൽക്കും? അതിനപ്പുറം അത് എങ്ങനെയായിരിക്കും? നമുക്ക് എല്ലാം വളരെ മനോഹരമായി ഉണ്ടായിരിക്കണം.

58 ഇപ്പോൾ, വളരെ ബഹുമാനത്തോട്ടു കൂടി, പുസ്തകം തുറക്കുന്നതിന് മുമ്പ്, നമുക്കെല്ലാവർക്കും, കഴിയാവുന്ന എല്ലാവരും, പ്രാർത്ഥനയ്ക്കായി ഒരു നിമിഷം എഴുന്നേറ്റു നിൽക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ നിങ്ങളുടെ ഹൃദയത്തിന്റെ ആത്മാർത്ഥതയോടെ, പ്രാർത്ഥനയുടെ ഒരു വാക്ക് ശ്വസിക്കുക...ദൈവത്തോട്.

59 ദൈവമായ കർത്താവേ, ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവേ, അവിടുന്ന് നിത്യജീവന്റെ രചയിതാവും, നല്ലതും തികഞ്ഞതുമായ എല്ലാ കൃപാവരങ്ങളുടെയും ദാതാവാകുന്നു. കർത്താവേ, ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു, ആദ്യമായിട്ട്, ഞങ്ങളുടെ എല്ലാ അലക്ഷ്യതകളും, ഞങ്ങളുടെ പാപങ്ങളും, അങ്ങയോട്ടുള്ള ഞങ്ങളുടെ അപരാധങ്ങളും ഞങ്ങളോട് ക്ഷമിക്കണമെന്ന് ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു, കൂടാതെ പരസ്പരം എതിരായും ഞങ്ങളുടെ സഹജീവികളോട്ടുമാകുന്നു.

60 ഞങ്ങൾക്ക് ഒരുമിച്ചു ചേരാൻ ലഭിച്ചിരിക്കുന്ന ഈ ചെറിയ സമയം നമ്മുടെ സ്വന്തം ആത്മാക്കളുടെ നവീകരണത്തിന് വേണ്ടി മാത്രമല്ല, എന്നാൽ അത് നമ്മെ അത്തരത്തിൽ പ്രബുദ്ധരാക്കാനും നമ്മെ പ്രചോദിപ്പിക്കാനും, ഞങ്ങൾ മറ്റുള്ളവരോട് പറയാൻ ഇടയാകുന്നതുവരെയും ആക്കിതീർക്കേണമേ. ഇത് പുനഃസമർപ്പണത്തിന്റെ സമയമായിരിക്കുന്നതിനും, ക്രിസ്തുവിന്റെ

പൂർണ്ണ ശരീരത്തോട് ഐക്യപ്പെട്ടുകയും ഉൽപ്രാപണത്തിനു തയ്യാറെടുക്കുകയും ചെയ്യുന്നതിന് ഇടയാക്കേണമേ.

61 പിതാവായ ദൈവമേ, എന്റെ സ്വന്തം വികാരങ്ങളാൽ അല്ല, അങ്ങയുടെ ദാസനും മറ്റെല്ലാ ദാസന്മാരും ഈ മഹത്തായ ദൗത്യത്തിന് അപര്യാപ്തരാണെന്ന് അറിയുന്നു. കഴിഞ്ഞുപോയ, മഹാൻമാരായ മനുഷ്യർ, ഇത് വെളിപ്പെടുത്താൻ എത്രമാത്രം ഇത് അവരുടെ ഹൃദയങ്ങളിലേക്ക് സ്വീകരിക്കാൻ ശ്രമിച്ചുവെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു, അല്ലെങ്കിൽ മഹത്തായ വെളിപ്പാടിനെക്കുറിച്ച് അഭിപ്രായം പറയാനും ആകുന്നു; അപ്പോൾ ഞങ്ങൾ അവരെക്കാൾ, കൂടുതൽ അപര്യാപ്തരാണെന്ന് ഞങ്ങൾ, മനസ്സിലാക്കുന്നു. എന്നാൽ, അവിടുന്ന് ഞങ്ങളുടെ പര്യാപ്തത ആകുന്നു.

62 സ്വർഗ്ഗസ്ഥനായ പിതാവേ, ഈ സമയത്ത്, അങ്ങ് പ്രത്യേകമായ എന്തെങ്കിലും ചെയ്യണമെന്ന് ഞാൻ പ്രാർത്ഥിക്കുകയും, എല്ലാ ഹൃദയങ്ങളിലും പരിശുദ്ധാത്മാവിനു പ്രഥമസ്ഥാനമുണ്ടാകാൻ ഇടയാക്കേണമേ. സംസാരിക്കുന്ന അധരങ്ങളെയും കേൾക്കുന്ന ചെവികളെയും പരിച്ഛേദന ചെയ്യേണമേ. അങ്ങനെ ഇതെല്ലാം കഴിഞ്ഞു, ഞങ്ങൾ നിനക്കു ഇത് സമർപ്പിച്ചിട്ട്, ഈ വീടിന്റെ ഉമ്മരപ്പടിയിൽ നിന്ന് ഞങ്ങൾക്ക് നടന്ന് പുറത്തേക്കിറങ്ങാൻ ഇടയാക്കുകയും, "ഞങ്ങൾ അവിടെ ആയിരുന്നത് നന്നായിരുന്നു എന്ന് പറയാൻ, ഇടയാക്കുകയും ചെയ്യേണമേ. ഞങ്ങൾ അവിടെ ഇരിക്കുമ്പോൾ പരിശുദ്ധാത്മാവ് ഞങ്ങളോട് സംസാരിച്ചു. ഇപ്പോൾ സന്ധ്യാസമയത്തെ വെളിച്ചം പ്രകാശിക്കുമ്പോൾ ഞങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യാൻ ഞങ്ങൾ തീരുമാനിച്ചു കഴിഞ്ഞിരിക്കുന്നു." കർത്താവേ, ഇത് അനുവദിച്ചു തരേണമേ.

63 ഈ, യോഗത്തിൽ വച്ചു തന്നെ, പുരുഷന്മാർക്കും സ്ത്രീകൾക്കും ഉറച്ച നിലപാട് എടുക്കാൻ കാരണമാക്കേണമേ. നീ അന്യഭാഷകൾ സംസാരിക്കുന്നവരെയും, ഭാഷകളുടെ വ്യാഖ്യാതാവിനെയും ഉയർത്തേണമേ. പ്രവചനത്തിന്റെ വരങ്ങൾ നീ ഉയർത്താൻ ഇടയാകട്ടെ. പ്രാസംഗികരെയും, പാസ്റ്റർമാരെയും, സുവിശേഷകരെയും, ഇത്യാദി കാര്യങ്ങളെയും ഉയർത്തിയിട്ട് സഭ നവീകരിക്കപ്പെടാൻ ഇടയാകട്ടെ. അങ്ങ് ദൂരെയുള്ള പ്രവർത്തന മേഖലകളിലേക്ക് പോകാൻ സുവിശേഷ പ്രവർത്തകരെ ഉയർത്തിയിട്ടു അവർ ചെന്ന് ഈ മഹത്തായ സുവിശേഷം കൊണ്ടുവരാൻ ഇടയാക്കേണമേ. വചനം പോകുന്നിടത്തെല്ലാം, അത് നല്ല നിലത്തു വീണിട്ട്, നൂറുമടങ്ങ് ഫലം കൊണ്ടുവരാൻ ഇടയാക്കേണമേ, കാരണം ഞങ്ങൾ ഈ കാലഘട്ടത്തിന്റെ

അവസാനത്തിൽ എത്തിയിരിക്കുന്നു എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. പൂർത്തീകരണം അടുത്തിരിക്കുന്നു.

64 പിതാവേ, ഈ കാര്യങ്ങളെ അനുവദിക്കേണമേ. എല്ലാറ്റിനുമുപരിയായി, കർത്താവേ, ഈ സമയത്ത്, ആവശ്യക്കാരനായ ഒരുവനായ എന്നെ, അവിടുന്ന് സഹായിക്കേണമേ. ഞാൻ ഇത് അപേക്ഷിക്കുന്നു, ഈ സേവനങ്ങൾക്കായി ഞാൻ എന്നെത്തന്നെ സമർപ്പിക്കുമ്പോൾ, യേശുക്രിസ്തുവിന്റെ നാമത്തിൽ തന്നെ. ആമേൻ.

[ഒരു സഹോദരി അന്യഭാഷയിൽ സംസാരിക്കുന്നു, ഒരു സഹോദരൻ വ്യാഖ്യാനിക്കുന്നു—Ed.]

65 യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച, ശക്തനായ ദൈവമേ, അങ്ങയുടെ ആത്മാവ് ഞങ്ങളുടെ ഇടയിൽ വസിക്കുന്നു എന്നറിയുന്നതിൽ ഞങ്ങൾ അതിയായ സന്തോഷിക്കുന്നു. അവൻ എല്ലായ്പ്പോഴും സത്യമാണ് ഒരിക്കലും അസത്യമായ ഒരു വാക്കും ഇല്ല. ഇപ്പോൾ, പിതാവേ, അങ്ങയുടെ വചനം ഞങ്ങൾ തുടർന്ന് വായിക്കുമ്പോൾ, നിന്റെ മഹത്വത്തിനായി അങ്ങയുടെ വചനത്തെ കൂടുതൽ ഉറപ്പിക്കേണമേ. നീ പറഞ്ഞതുപോലെ, എല്ലാ ഹൃദയങ്ങളെയും, "ഒരുക്കുകയും, തയ്യാറാക്കുകയും ചെയ്യുക, കാരണം എന്തെങ്കിലും ഒരുകാര്യം സംഭവിപ്പാൻ ഇടയാകും." അത് ഒരു പക്ഷെ ജനങ്ങൾ ഇപ്പോൾ അവർ ചെയ്യുന്ന കാര്യങ്ങളിൽ നിന്ന് ശരിയായ വഴിയിലേക്ക് തിരിയാനുള്ള, അവരുടെ അവസാന മുന്നറിയിപ്പ് സ്വീകരിക്കാൻ ആയിരിക്കാം. പരിശുദ്ധ ദൈവമേ, അങ്ങയുടെ പുത്രനായ, കർത്താവായ യേശുവിന്റെ നാമത്തിൽ, ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു. ആമേൻ.

66 ഇപ്പോൾ വെളിപാടിന്റെ പുസ്തകം, ഒന്നാം അധ്യായത്തിലേക്ക് തിരിക്കാം. ഇപ്പോൾ, ആദ്യത്തേത്, വെളിപാടിന്റെ ആദ്യത്തെ മൂന്ന് വാക്യങ്ങൾ വായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

> *യേശുക്രിസ്തുവിന്റെ വെളിപ്പാടു, ദൈവം അതു അവന്നു കൊടുത്തു, വേഗത്തിൽ സംഭവിപ്പാനുള്ളതു തന്റെ* ദാസന്മാരെ *കാണിക്കേണ്ടതിന്നു ദൈവം അതു അവന്നു കൊടുത്തു. അവൻ അതു തന്റെ ദൂതൻ മുഖാന്തരം അയച്ചു തന്റെ ദാസനായ യോഹന്നാന്നു പ്രദർശിപ്പിച്ചു:*
>
> *അവൻ ദൈവത്തിന്റെ വചനവും യേശുക്രിസ്തുവിന്റെ സാക്ഷ്യവുമായി,* താൻ *കണ്ടതു...ഒക്കെയും സാക്ഷീകരിച്ചു.*

*ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും ഭാഗ്യവാന്മാർ, അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ: സമയം അടുത്തിരിക്കുന്നു.*

67 ഞാൻ മുമ്പ് പറഞ്ഞതുപോലെ, ഇപ്പോൾ, ഈ പുസ്തകത്തിന്റെ ഒരു ചെറിയ വിവരണം ഇപ്പോൾ നൽകാൻ വേണ്ടി ശ്രമിക്കാൻ പോകുകയാണ്, അത് ചരിത്രങ്ങളും ഇത്യാദി കാര്യങ്ങളും മറ്റും അനുസരിച്ചാകുന്നു. ഓരോ തവണയും ഞാൻ ഇവിടെ എഴുതിയിട്ടുള്ള താളുകൾ പരാമർശിക്കുന്നത് നിങ്ങൾ കാണുമ്പോൾ, അത് വ്യാഖാനങ്ങളിൽ നിന്നും മറ്റും ഞാൻ എടുത്ത കാര്യങ്ങളാണ്.

68 ഇപ്പോൾ, ഈ പുസ്തകത്തിന്റെ രചയിതാവ് യോഹന്നാൻ ആകുന്നു, വിശുദ്ധ യോഹന്നാൻ എന്ന ദൈവികൻ, ഭാവി തലമുറയ്ക്ക് എഴുതിയതാകുന്നു (എ). (ബി) ക്രിസ്തീയ കാലഘട്ടത്തിന്റെ ഏഴ് വ്യതിരിക്തമായ കാലയളവിലെ ഏഴ് ദൂതന്മാർക്ക് വേണ്ടി നയിക്കപ്പെട്ടതാകുന്നു, അപ്പോസ്തലന്മാരുടെ കാലഘട്ടം മുതൽ കർത്താവിന്റെ വരവ് വരെയുള്ള ഒരു കാലഘട്ടം. അത് കൂടാതെ...ഇപ്പോൾ, തുടർച്ചയായി പ്രത്യക്ഷപ്പെടുന്ന കാലഘട്ടങ്ങൾ, ഓരോന്നും, നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം മുതൽ വീണ്ടും വരുന്നതുവരെയുള്ളതാകുന്നു. ഓരോ സഭാ കാലഘട്ടവും അതിന്റെ ആത്മീയ അവസ്ഥയെക്കുറിച്ച് വിവരിക്കുന്നു. (ഇ) ഓരോ സഭാ കാലഘട്ടത്തിനും അവരോട് അതിന്റെ തന്നെ തിരുവെഴുത്തുപരവും ആത്മീയവുമായ സംഭാഷണത്തിലൂടെ സ്വയം നോക്കി കാണാൻ കഴിയും. ആത്മാവ് പറയുന്നതുപോലെ, ഓരോ കാലഘട്ടത്തിനും സ്വയം അതിനെത്തന്നെ നോക്കി കാണാൻ കഴിയും. ഓരോ കാലഘട്ടവും ക്രിസ്തുവിന്റെ യഥാർത്ഥ മുന്തിരിവള്ളിയായ, ബുദ്ധിമതിയായ കന്യകയെ വഹിച്ചു. ഓരോ കാലഘട്ടവും ഒട്ടിച്ച മുന്തിരിവള്ളിയായ, ബുദ്ധിയില്ലാത്ത കന്യകയെ വഹിച്ചു.

69 ചരിത്രകാരന്മാർ സമ്മതിക്കുന്നു, ഇത് യോഹന്നാന്റെ ജീവിതമാണ്. യോഹന്നാൻ തന്റെ അവസാന നാളുകളിൽ എഫെസൊസ് നഗരത്തിൽ താമസിക്കുകയും അവിടെ വച്ചു മരിക്കുകയും ചെയ്തു. വെളിപ്പാട്, എന്ന പുസ്തകം എഴുതിയ സമയത്ത്, അവൻ പത്മോസ് ദ്വീപിലായിരുന്നു. ഇത് അവന്റെ ജീവിതകഥയല്ല, എന്നാൽ വരുവാനുള്ള കാലഘട്ടങ്ങളിലെ ക്രിസ്തുവിന്റെ കഥയാണ്. നോക്കൂ? ഇതൊരു പ്രവചനമായിരുന്നു. യോഹന്നാന്റെ ജീവിതമല്ല, ക്രിസ്തുവിന്റെ ജീവിതമല്ല, വരുവാനിരിക്കുന്ന ഒരു കാലഘട്ടത്തെക്കുറിച്ചുള്ള പ്രവചനമാണ്. ഇത് അവന്റെ

പ്രവചന വാക്കുകൾ ആയിരുന്നില്ല; എന്നാൽ, കർത്താവിന്റെ ഭക്തിപുരസ്സരമായ ഔന്നത്യങ്ങളാകുന്നു. ഇത് ദിവ്യനായ വിശുദ്ധ യോഹന്നാന്റെ വെളിപ്പാടായിരുന്നില്ല, എന്നാൽ കർത്താവായ ക്രിസ്തുവിന്റെ വെളിപ്പാടാകുന്നു.

70 ഇത് പുതിയ നിയമത്തിലെ അവസാന പുസ്തകമാണ്, എന്നിരിക്കിലും ഇത് സുവിശേഷ നിർവ്വഹണ കാലങ്ങളുടെ ആദിയും അവസാനവും എന്താണെന്ന് പറയുന്നു. വേദപുസ്തക പണ്ഡിതന്മാർ ഇതിനോട് യോചിക്കുന്നു.

71 ഏഴു സഭാ യുഗങ്ങൾക്കുള്ള കത്തുകൾ, പ്രവചനാത്മകമായി, ഭാവി യുഗങ്ങളിലേക്ക് എഴുതപ്പെട്ടു. പൗലോസ് തന്റെ നാളിലുണ്ടായിരുന്ന ഏഴു സഭകളുടെ ജീവിതത്തെയും മഹത്വത്തെയും കുറിച്ച് എഴുതി. യോഹന്നാൻ ഭാവിയിലെ ഏഴ് സഭകളുടെ ജീവിതത്തെയും മഹത്വത്തെയും കുറിച്ച് എഴുതി, അതായതു യോഹന്നാൻ ഈ ഏഴ് ഇടയന്മാരെ അല്ലെങ്കിൽ സന്ദേശവാഹകരിൽ കൂടെ ഈ ഏഴ് വ്യത്യസ്ത ദൂതൻമാരുടെ കീഴിലുള്ള എല്ലാ ക്രിസ്ത്യാനികളെയും നേരിട്ട് അഭിസംബോധന ചെയ്യുകയായിരുന്നു.

72 ഇപ്പോൾ, വെളിപാടിന്റെ പുസ്തകം, നാം ഇപ്പോൾ എടുക്കാൻ പോകുന്നത്, ഇന്ന് രാവിലെയും ഇന്ന് വൈകുന്നേരവും കൊണ്ട് വിവരിക്കുന്നതാണ്. ഞങ്ങൾ ഏകദേശം പതിനൊന്ന് മണിയോടെയോ പതിനൊ-ന്നരയോടെയോ, അതുപോലെ എന്തെങ്കിലും ആയിട്ട് നിങ്ങളെ വിടാൻ ശ്രമിക്കുന്നതാണ്, എന്നിട്ട് അതിനുശേഷം ഇന്ന് രാത്രി ഏഴ് മണിക്ക് വീണ്ടും തുടങ്ങും.

73 ഇപ്പോൾ ഈ ഒന്നാം അധ്യായത്തിന്റെ ഉള്ളടക്കം ആകുന്നു. ഒന്നാം വാക്യം, അത്—അത് ശരിക്കും സ്വയം സംസാരിക്കുന്നു, കാരണം അത് യേശുക്രിസ്തുവിന്റെ വെളിപാടാണ്. 2 ാം വാക്യം, വിശുദ്ധ യോഹന്നാൻ എന്ന ദിവ്യൻ ശാസ്ത്രിയും ദാസനുമാണ്. 3 ാം വാക്യം, അനുഗ്രഹങ്ങൾ പ്രഖ്യാപിക്കപ്പെടുന്നു. 4 മുതൽ 6 വരെയുള്ള വാക്യങ്ങൾ, സഭയ്ക്കുള്ള അഭിവാദനം ആകുന്നു. 7 ാം വാക്യം, അറിയിപ്പാകുന്നു. 8 ാം വാക്യം, യേശുക്രിസ്തുവിന്റെ പരമോന്ന ദിവ്യത്വമാകുന്നു. 9 മുതൽ 20 വരെയുള്ള വാക്യങ്ങൾ, പത്മോസ് ദർശനം ആകുന്നു.

74 അതു, കൂടാതെ, 14 ഉം 15 ഉം വാക്യങ്ങൾ അവന്റെ വ്യക്തിത്വത്തിന്റെ ഏഴിരട്ടിയായുള്ള മഹത്വത്തെ വിവരിക്കുന്നു. ഓ, ഇത് മനോഹരമാകുന്നു നാം ക്രിസ്തുവിനെ അവന്റെ ഏഴു മടങ്ങായ ശ്രേഷ്ഠ വ്യക്തിത്വത്തിൽ കാണുമ്പോൾ-...അവന്റെ ഏഴു

മടങ്ങായ ശ്രേഷ്ഠ വ്യക്തിത്വങ്ങൾ, അത് അവന്റെ മഹത്വമേറിയ പുനരുത്ഥാനത്തിൽ ആകുന്നു.

75 ഇപ്പോൾ, തലക്കെട്ട് കഥാപാത്രത്തെ വിവരിക്കുന്നു.

*യേശുക്രിസ്തുവിന്റെ വെളിപ്പാട്,...*

76 ദിവ്യനായ വിശുദ്ധ യോഹന്നാന്റെ വെളിപ്പാടല്ല, ദൈവപുത്രനായ, യേശുക്രിസ്തുവിന്റെ വെളിപ്പാടാണ്.

77 ഇപ്പോൾ, *വെളിപാടിന്റെ* യവന വാക്ക് *അപ്പോക്കലിപ്സ്* എന്നാകുന്നു, അതിന്റെ അർത്ഥം "മൂടുപടം മാറ്റുക എന്നാകുന്നു." ഞാൻ ആ വാക്ക് എടുത്ത് തിരയുകയായിരുന്നു. അതിന്റെ അർത്ഥം, അപ്പോക്കലിപ്സ് എന്നാൽ...ഒരു ശിൽപിയെപ്പോലെ, അവൻ ഒരു വലിയ പ്രതിമ ഉണ്ടാക്കിയിട്ട്, അതിനെ ഒരു മൂടുപടം കൊണ്ട് മൂടിയിരിക്കുന്നു. എന്നിട്ട് അവൻ പോയി ഈ മൂടുപടം വലിച്ചുകീറുകയും മൂടുപടത്തിന് പിന്നിൽ താൻ ചെയ്തത് എന്താണെന്ന് വെളിപ്പെടുത്തുകയും ചെയ്യുന്നു. അത് ഒരു അനാവരണം ആകുന്നു.

78 ഈ പുസ്തകം അനാവരണം ചെയ്യുന്നത്, അത്രയധികം, യേശുക്രിസ്തു എന്ന വ്യക്തിയെ മാത്രമല്ല എന്നിരുന്നാലും, അത് തീർച്ചയായും അവന്റെ ദിവ്യത്വത്തെക്കുറിച്ചും അവന്റെ ഏഴുമടങ്ങായ ശ്രേഷ്ഠവ്യക്തിത്വത്തെക്കുറിച്ചും പറയുന്നു, കൂടാതെ അവൻ പുരോഹിതനും, രാജാവും, എന്നിങ്ങനെയുള്ള കാര്യങ്ങളും ആകുന്നു. എന്നാൽ അവന്റെ ഏഴു സഭാ കാലഘട്ടങ്ങളിലെ വരാൻ പോകുന്ന അവന്റെ പ്രവർത്തികളുടെ ഭാവി വെളിപ്പെടുത്തലാണ്. ഇത്...

79 നമ്മുടെ കർത്താവ് ഭൂമിയിലായിരുന്നപ്പോൾ, ശിഷ്യന്മാർ അവനോട് ചോദിച്ചു, കൊണ്ട് പറഞ്ഞു, "കർത്താവേ, നീ യിസ്രായേലിന്നു ഈ കാലത്തിലോ രാജ്യം യഥാസ്ഥാനത്താക്കിക്കൊടുക്കുന്നതു എന്നു ചോദിച്ചു?"

80 യേശു പറഞ്ഞു, "ഈ മണിക്കൂറോ സമയമോ നിങ്ങൾക്ക് അറിയാനുള്ളതല്ല." ആരും അറിയുകയുമില്ല. പറഞ്ഞു, "പുത്രന് പോലും," ഇതുവരെയും, "അറിഞ്ഞു കൂടാ."

81 എന്നാൽ അവന്റെ മരണം, അടക്കം, പുനരുത്ഥാനം, മഹത്വത്തിലേക്കുള്ള ആരോഹണം എന്നിവയ്ക്ക് ശേഷം, അവൻ ദൈവത്തിൽ നിന്ന് സഭയുടെ ഭാവി കാര്യങ്ങൾ സ്വീകരിച്ചു. അതിനുശേഷം ഈ സന്ദേശം, സഭയിലേക്ക് കൊണ്ടുവരാൻ അവൻ മടങ്ങിവന്നു, കൂടാതെ അവന്റെ വരവിനെക്കുറിച്ചുള്ള ഈ സന്ദേശവും

സഭാകാലഘട്ടങ്ങളിൽ കൂടെയുള്ള അവന്റെ സഭകളുടെ അവസ്ഥയും ആകുന്നു.

82 അവന്റെ മരണം, അടക്കം, പുനരുത്ഥാനം, എന്നിവയ്ക്ക് മുമ്പ് അവന് അത് ചെയ്യാൻ കഴിഞ്ഞില്ല, കാരണം അവൻ അത് ഇതുവരെ അറിഞ്ഞിരുന്നില്ല. എന്നാൽ ഇവിടെ തിരുവെഴുത്ത് എങ്ങനെ വായിക്കപ്പെടുന്നു എന്ന് നിങ്ങൾ ശ്രദ്ധിച്ചോ?

> *യേശുക്രിസ്തുവിന്റെ വെളിപ്പാട്, ദൈവം അതു അവനു കൊടുത്തു* (ക്രിസ്തു),...

83 എപ്രകാരം പിതാവായ ദൈവം തന്റെ പുത്രനായ യേശുക്രിസ്തുവിന് വെളിപ്പാട് നൽകിയിരിക്കുന്നു. അവൻ അതു തന്റെ ദൂതൻ മുഖാന്തരം, തന്റെ ദാസനായ യോഹന്നാനു പ്രദർശിപ്പിച്ചു അത് ഇരിക്കുന്നവനും; ഇരിക്കുന്നവനും, ഇരുന്നവനും, വരുന്നവനുമായവങ്കൽ നിന്നും ആകുന്നു.എന്തായിരുന്നു, ഓ, അത് മനോഹരമായി സജ്ജീകരിച്ചിരിക്കുന്നു!

84 ഇപ്പോൾ, യോഹന്നാൻ കണ്ട ഈ മഹത്തായ യുഗത്തിൽ! ഇപ്പോൾ, ഈ കാര്യങ്ങൾ, ഈ വെളിപാട് അവനു നൽകപ്പെട്ടതു, കർശനമായും, ക്രിസ്തുവിന്റെ പ്രത്യേകമായ ഉദ്ദേശ്യം അനാവരണം ചെയ്യാൻ മാത്രമാകുന്നു, ഓരോ കാലഘട്ടത്തിലും അവൻ എന്തായിരിക്കും, എങ്ങനെയായിരിക്കും എന്നതാകുന്നു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ഇന്ന് രാവിലെ സമയം, നിങ്ങളുടെ മനസ്സ് യഥാർത്ഥ സഭയിലേക്ക് കേന്ദ്രീകരിക്കുക. യഥാർത്ഥ സഭ ആരംഭിച്ചത് പെന്തക്കോസ്ത് നാളിലാണ്.

85 ഏതെങ്കിലും ഒരു വേദശാസ്ത്ര പണ്ഡിതനോ, വേദപുസ്തക പണ്ഡിതനോ, അല്ലെങ്കിൽ ചരിത്രകാരനോ, ഇത് ആരംഭിച്ചതു മാർട്ടിൻ ലൂഥറിന്റെയോ, വെസ്ലിയുടെയോ, കത്തോലിക്കാ യുഗത്തിന്റെയോ, അല്ലെങ്കിൽ മറ്റേതെങ്കിലും യുഗത്തിന്റെയോ കാലങ്ങളിലായിരുന്നുവെന്ന് ഒരിക്കലും പറയാൻ കഴിയില്ല. ഇത് പെന്തക്കൊസ്തിലാണ് ആരംഭിച്ചത്. അതു സഭയുടെ ഉദ്ഘാടനം ആയിരുന്നു. അതായിരുന്നു തുടക്കം. അതിനാൽ, ആ കാരണത്താൽ, ആരെങ്കിലുമായുള്ള ഒരു ചർച്ചയിൽ, പെന്തക്കോസ്തിന്റെ വാതിലിൽ തന്നെ നിൽക്കുക, അവർക്ക് മറ്റെവിടെയും പോകാൻ കഴിയില്ല.

86 അതിപ്രകാരം ഒരു മുയലിനെ ഒരു പറമ്പിൽ ഇടുന്നതുപോലെയാണ്. എല്ലാ ദ്വാരങ്ങളും എവിടെയാണെന്ന് നിങ്ങൾക്കറിയാം, അതിനാൽ നിങ്ങൾ അത് നിർത്തലാക്കിക്കളയാം.

അവൻ കടന്നു വന്നിരുന്ന അതേ സ്ഥലത്തേക്ക് തന്നെ തിരിച്ചു വരേണ്ടത് ആവശ്യമാകുന്നു.

87 ശരി എങ്കിൽ, അതേപോലെ തന്നെയാണ്, ആരെങ്കിലും സഭയെക്കുറിച്ചും സഭാ കാലഘട്ടങ്ങളെക്കുറിച്ചും, പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും സംസാരിക്കുമ്പോൾ, നിങ്ങൾക്ക് അതിന്റെ തുടക്കത്തിലേക്ക്, ആരംഭത്തിലേക്ക് വരേണ്ടത് ആവശ്യമാണ്. അതിനു അവിടേക്ക് തന്നെ തിരികെ എത്തേണ്ടതുണ്ട് കാരണം ദൈവം അനന്തവും, അവൻ സർവ്വശക്തനുമാകുന്നു. ആ കാരണത്താൽ, അവൻ അനന്തമായിരിക്കെ, അവന് *ഇവിടെ* എന്തെങ്കിലും ചെയ്യാനും അതിന് വിരുദ്ധമായി എന്തെങ്കിലും, *അവിടെ* അപ്പുറത്തായി ചെയ്യാനും കഴിയില്ല. അവൻ ആദ്യ സ്ഥാനത്തു ചെയ്തതുപോലെ തന്നെ ഓരോ തവണയും ചെയ്യേണ്ടതായിട്ടുണ്ട്.

88 അതിപ്രകാരം പത്രോസ് പറഞ്ഞതുപോലെ, ആ ദിവസം... അന്യജാതിക്കാർക്ക് പരിശുദ്ധാത്മാവ് ലഭിച്ചപ്പോൾ, അവൻ ചോദിച്ചു, “നമ്മെപ്പോലെ പരിശുദ്ധാത്മാവു ലഭിച്ച ഇവരെ സ്നാനം കഴിപ്പിച്ചു കൂടാതവണ്ണം വെള്ളം വിലക്കുവാൻ ആർക്കു കഴിയും എന്നു പറഞ്ഞു?”

യേശു ഭൂമിയിലായിരുന്നപ്പോൾ സംസാരിച്ചുകൊണ്ട് പറഞ്ഞു, “ഇത്...”

89 ആരോ വന്നിട്ട് അവനോടു ചോദിച്ചു, “ഏതു കാരണം ചൊല്ലിയും ഭാര്യയെ ഉപേക്ഷിക്കുന്നതു, വിഹിതമോ എന്നു അവനെ പരീക്ഷിച്ചുചോദിച്ചു?”

90 യേശു പറഞ്ഞു, “സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും, പെണ്ണുമായി സൃഷ്ടിച്ചു. അതു നിമിത്തം മനുഷ്യൻ...”

അവൻ പറഞ്ഞു, “എന്നാൽ ഉപേക്ഷണപത്രം കൊടുത്തിട്ടു അവളെ ഉപേക്ഷിപ്പാൻ മോശെ കല്പിച്ചു.”

യേശു പറഞ്ഞു, “ആദിയിൽ അങ്ങനെയല്ലായിരുന്നു.”

91 ആദിയിലേക്ക് മടങ്ങാം. ആ കാരണത്താൽ, നാം സഭാ കാലഘട്ടത്തെക്കുറിച്ച് സംസാരിക്കാൻ പോകുകയാണെങ്കിൽ, നമുക്ക് ആദിയിലേക്ക് മടങ്ങണം, കാലഘട്ടങ്ങളിലൂടെ ഏതൊരു മനുഷ്യനും നടത്തിയ എല്ലാ പ്രസ്താവനകളെയും ഒരു വശത്തേക്ക് മാറ്റിവച്ചു കൊണ്ട് മടങ്ങണം.

92 വേദപുസ്തകത്തിലെ ഏറ്റവും ഔദ്യോഗിക ഗ്രന്ഥമാണിത്. ക്രിസ്തു തന്റെ മുദ്ര പതിപ്പിച്ച ഒരേയൊരു പുസ്തകമാണിത്. ഇത് ഒരു അനുഗ്രഹത്തിൽ തുടങ്ങി ശാപത്തോടെയാണ് അവസാനിക്കുന്നത്. “ഈ പ്രവചനത്തിന്റെ വാക്കുകളെ

വായിക്കുന്നവർ ഭാഗ്യവാന്മാർ.” അതോടൊപ്പം, “അതിൽ നിന്ന് ആരെങ്കിലും വല്ലതും നീക്കിക്കളഞ്ഞാൽ ശപിക്കപ്പെട്ടവൻ.”

93 മുഴുവൻ വേദപുസ്തകത്തിലും ക്രിസ്തു, സ്വയം എഴുതിയ, ഒരേയൊരു പുസ്തകമാണിത്. പത്തു കൽപ്പനകൾ, അവൻ തന്റെ വിരൽ കൊണ്ട് എഴുതി. അത് ശരിയാണ്. യെഹൂദന്മാർ അത് മുറുകെ പിടിച്ചിരിക്കുന്നു. കൂടാതെ, ഇന്ന്, ഇത് ഒരു—ഒരു വെളിപ്പാടാകുന്നു.

94 വേദപുസ്തകത്തിലെ ഏതെങ്കിലും പുസ്തകത്തെ സാത്താൻ വെറുക്കുന്നുവെങ്കിൽ, അത് വെളിപ്പാടാണ്. രണ്ടെണ്ണം ഉണ്ട്...അവൻ എല്ലാ തിരുവെഴുത്തുകളെയും വെറുക്കുന്നു, അത് തിരുവെഴുത്തുകളുടെ മുഴുവൻ വിധികളാകുന്നു. പക്ഷേ, എന്തെങ്കിലും, അവൻ കൂടുതലായും, വെറുക്കുന്നത് ഉണ്ടെങ്കിൽ, അത് വെളിപാടും ഉല്പത്തിയുമാണ്. കാരണം, ഉല്പത്തി തുടക്കം പറയുന്നു. വെളിപ്പാട് അവസാന നാളിൽ അവന് എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് വെളിപ്പെടുത്തുന്നു. ആയിരം ആണ്ടുകാലം ബന്ധിക്കപ്പെടാൻ പോകുന്നു; അതിനുശേഷം അവനെയും, കള്ളപ്രവാചകനെയും, മൃഗത്തെയും ജീവനോടെ അഗ്നിപ്പൊയ്കയിലേക്ക് വലിച്ചു എറിയപ്പെടാൻ പോകുന്നു.

95 അവൻ ഉല്പത്തി പുസ്തകത്തെ ആക്രമിക്കും അത്—അത് ആധികാരികമായാതിനാലാണ്. അവൻ പറയും, അതായത്, “അത് ആധികാരികമല്ല.” അങ്ങനെ പറഞ്ഞു അവൻ ജനങ്ങളുടെ മനസ്സിനെ ഇളക്കിവിടും. പിശാച് എവിടെയാണ് കിടക്കുന്നത് എന്നുള്ളത്, ആദ്യത്തേതും അവസാനത്തേതും ആയ ആ ഉല്പത്തി പുസ്തകം അല്ലെങ്കിൽ വെളിപാടിന്റെ പുസ്തകത്തിൽ ശ്രദ്ധിക്കുക.

96 വേദപുസ്തകത്തിലെ ബാക്കിയുള്ള മറ്റെല്ലാ പുസ്തകങ്ങളേക്കാളും കൂടുതൽ പ്രതീകങ്ങൾ വെളിപാടിന്റെ പുസ്തകത്തിലുണ്ട്. ഇതൊരു പ്രവചന പുസ്തകമായതിനാൽ ഇതിന് കൂടുതൽ പ്രതീകങ്ങളുണ്ട്. ഇതൊരു പ്രവാചക ഗ്രന്ഥമാണ്. അതുകൊണ്ട് ഇതൊരു പ്രവാചക ക്ലാസ്സിലൂടെ മനസ്സിലാക്കണം. ഈ പുസ്തകം എല്ലാവർക്കും വേണ്ടി അർത്ഥമാക്കിയിട്ടുള്ളതല്ല. ആർക്കും അത് കഷ്ടിച്ചേ മനസിലാക്കാൻ, കഴിയുകയുള്ളൂ. ഈ പുസ്തകം ഒരു പ്രത്യേക വിഭാഗം ജനങ്ങൾക്ക് വേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ്. ആവർത്തനപുസ്തകത്തിൽ, അത് പറയുന്നു, “മറഞ്ഞിരിക്കുന്ന കാര്യങ്ങൾ അത്—അത്—അത് യഹോവയുടേതാണ്.” അതു ശരിയാണ്. അവൻ തന്റെ മക്കളായ, നമുക്ക് മറഞ്ഞിരിക്കുന്ന കാര്യങ്ങൾ, വെളിപ്പെടുത്തുന്നു. അതിനാൽ അത് പോകുന്നില്ല...

97 ജഡിക മനസ്സിന് തിരുവെഴുത്തിലെ ആ മഹത്തായ കാര്യങ്ങളെ ഗ്രഹിക്കാൻ കഴിയില്ല, കാരണം അത് അവർക്ക് വിഡ്ഢിത്തമാണ്.

എന്നാൽ ദൈവവചനത്തെ സ്നേഹിക്കുന്നവർക്ക്, ഈ പുസ്തകം എഴുതിയിരിക്കുന്നത് അവർക്ക് വേണ്ടിയാണ്, അത് ആ സഭയ്ക്ക് വേണ്ടിയാണ്. യേശുക്രിസ്തുവിന്റെ വെളിപ്പാട്, "എഫെസൊസിലെ സഭക്ക്, സ്മർന്നയിലെ സഭക്ക്, സഭക്ക്, സഭകൾക്ക്," അങ്ങനെ താഴോട്ട് പോകുന്നു. യേശുക്രിസ്തുവിന്റെ വെളിപ്പാട് സഭയ്ക്ക്. ഞാൻ അത് ഇഷ്ടപ്പെടുന്നു.

98 കൂടാതെ ശ്രദ്ധിക്കുക, ഇത് തിരുവെഴുത്തുകളുടെയും കൂടിയുള്ള പൂർത്തീകരണമാണ്, പൂർണ്ണമായ പൂർത്തീകരണം. ഇത് ഭൂമിശാസ്ത്രപരമായി ശരിയായ സ്ഥലത്ത്, വേദപുസ്തകത്തിന്റെ അവസാന ഭാഗത്ത് സ്ഥാപിച്ചിരിക്കുന്നു. ഈ മുഴുവൻ കാര്യങ്ങളുടെയും വെളിപ്പാട് ഇത് വായിക്കുകയും ഇത് കേൾക്കുകയും ചെയ്യുന്നവർക്ക് ഒരു അനുഗ്രഹത്തോടെ ഇവിടെ തിരികെ സ്ഥാപിച്ചിരിക്കുന്നു, ഇതിൽ നിന്നും കൂട്ടുകയോ എടുത്തുകളയുകയോ ചെയ്യുന്നവർക്ക് ഒരു ശാപത്തോടെ അത് സ്ഥാപിച്ചിരിക്കുന്നു. ഇത് സമ്പൂർണ്ണമായ സഭാധർമ്മശാസ്ത്രമാണ്, ഓ, ഇത് പരിപൂർണ്ണമായതാണ്. ഇതിനോട് യാതൊന്നും ചേർക്കാൻ കഴിയില്ല. ഒരു മനുഷ്യൻ അതിൽ നിന്നും എന്തെങ്കിലും എടുത്തുകളയാനോ, അല്ലെങ്കിൽ അതിനോട് എന്തെങ്കിലും ചേർക്കാനോ ശ്രമിക്കുമ്പോൾ, ദൈവം പറയുന്നു അവൻ ജീവന്റെ പുസ്തകത്തിൽ നിന്ന് അതേ ഭാഗം എടുത്തു കളയപ്പെടും. നോക്കൂ? അഥവാ ഇതിൽ ചേർത്താൽ, ഈ പുസ്തകത്തിൽ നിന്നും അവന്റെ ഭാഗം എടുത്തു കളയപ്പെടും.

99 ആ കാരണത്താൽ, നമ്മുടെ കർത്താവിന്റെ ബഹുവിധമായ വെളിപ്പാട് കാണുമ്പോൾ, അവൻ ആരാണ്, അവൻ എന്താണ്, ഏതെങ്കിലും വ്യക്തി അതിൽ എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ അല്ലെങ്കിൽ അതിൽ നിന്ന് എന്തെങ്കിലും എടുത്തുകളയുകയോ ചെയ്താൽ, അത് ഒരു തെറ്റായ പ്രവചനമാണ്. വളരെപ്പേർ അതിനേക്കാൾ പിന്നീട് എന്തെങ്കിലും ഉണ്ടായി എന്ന് പറയാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ ഇത് കർത്താവായ യേശുവിന്റെ സമ്പൂർണ്ണ വെളിപ്പാട് അവന്റെ സഭാകാലഘട്ടത്തിലും അവന്റെ നാളുകളിലും ആയിട്ട്, നമ്മുടെ കർത്താവിന്റെ ഒരു വെളിപ്പാടാണ്.

100 ഇപ്പോൾ—ഇപ്പോൾ, *അനാവരണം*, അതിന്റെ യവന വാക്ക്, എന്തോ മറഞ്ഞിരിക്കുന്നതു എന്നാകുന്നു, വെളിപ്പെടുത്താത്ത ഒന്ന്-... "വെളിപ്പെടുത്തുന്നു" ക്രിസ്തുവിനെ.

ഇപ്പോൾ, അടുത്ത വാക്യം, 2 ാം'വാക്യത്തിൽ, നാം കണ്ടെത്തുന്നു.

101 ഒന്നാം വാക്യം ക്രിസ്തുവിനെ അനാവരണം ചെയ്യുന്നു, വെളിപ്പാടാകുന്നു, അല്ലെങ്കിൽ അനാവരണം ചെയ്യലാകുന്നു.

ഓ! എപ്രകാരം കർത്താവിന്റെ അവസാനത്തെ കാലഘട്ടവും, കർത്താവിന്റെ ആഗമനവും മറച്ചു-...അപ്പൊസ്തലന്മാരോട് മറച്ചു വെക്കപ്പെട്ടിരുന്നു! അവർ ചോദ്യങ്ങൾ ചോദിച്ചു, എന്നാൽ ഒരാൾ മാത്രമേ വെളിപ്പാട് പ്രാപിക്കാൻ ജീവിച്ചിരുന്നുള്ളൂ. എന്നിട്ടും, അദ്ദേഹത്തിന് അത് മനസ്സിലായില്ല, കാരണം ചരിത്രം ഇതുവരെയും നിർമ്മിച്ചിട്ടില്ലായിരുന്നു.

102 ഇപ്പോൾ, ഈ പുസ്തകത്തിന്റെ ചരിത്രം, അല്ലെങ്കിൽ ഈ—ഈ പുസ്തകത്തിന്റെ സന്ദർഭം, ആസ്യയിലെ ഏഴ് സഭകളിലേക്കാണ് നിർദ്ദേശിച്ചിരുന്നത്, അത് അപ്പോഴുണ്ടായിരുന്ന സഭകളായിരുന്നു. ഇത് ആ ഏഴ് സഭകളിലേക്കാണ് നിർദ്ദേശിച്ചിരുന്നത്. ആ ഏഴു സഭകളെക്കാൾ കൂടുതൽ സഭകൾ, ആ നാളുകളിൽ ഉണ്ടായിരുന്നു. എന്നാൽ ആ സഭകളിൽ ഓരോന്നും ആ സഭയുടെ സ്വഭാവസവിശേഷതകളിൽ പ്രാധാന്യമർഹിക്കുന്നവയായിരുന്നു, അത് ആ സഭയുടെ സവിശേഷതയെ, ആ കാലഘട്ടത്തിൽ കൂടി അതിനെ പിന്തുടർന്നിരുന്നു. അതിപ്രകാരം എഫെസോസ് പോലെ ആയിരുന്നു, അതിന് ഒരു സ്വഭാവസവിശേഷതയുണ്ടായിരുന്നു. സ്മുർന്ന, പെർഗ്ഗമൊസ്, അങ്ങനെ താഴോട്ട്, ഫിലദെൽഫ്യ, ആ സഭകളിൽ ഓരോന്നിനും ഓരോ പ്രത്യേകതകൾ അതിൽ തന്നെ ഉണ്ടായിരുന്നു, അത് വരുവാനിരിക്കുന്ന കാലഘട്ടങ്ങളിൽ വീണ്ടും പ്രത്യക്ഷപ്പെടും. ഓ! നിങ്ങൾക്ക് കഴിയുമെങ്കിൽ മാത്രം...

103 ഏതൊരു മനുഷ്യനും കാണാൻ കഴിയും ഈ—ഈ തിരുവെഴുത്തുകളുടെ ആത്മീയ പ്രയോഗവും എന്നിട്ട് അവ പ്രചോദിതമല്ലെന്ന് പറയാൻ കഴിയുമോ? നിങ്ങളുടെ പെരുമാറ്റം, പ്രേരണ തന്നെ, ജനങ്ങളുടെ അതേ ലക്ഷ്യങ്ങൾ തന്നെ, എന്തിന്, അത് തന്നെ തിരുവെഴുത്ത് പ്രേരിതമാണെന്നു തെളിയിക്കുന്നു, കൂടാതെ ദൈവം അവ എങ്ങനെ പ്രായോഗികമാക്കുന്നുവെന്ന് കാണുക. നിങ്ങൾ ചെയ്യുന്നത് എന്തോ ആണോ, *ഇവിടെ*, അത് എന്തോ ഒരു കാര്യത്തിന്റെ മാതൃകയാണ്.

104 അത് ഇപ്രകാരം അബ്രഹാം, തന്റെ ഏകപുത്രനായ യിസ്ഹാക്കിനെ അർപ്പിക്കുന്നതുപോലെ ആകുന്നു; അത് നൂറുകണക്കിന് വർഷങ്ങൾക്ക് ശേഷം ദൈവം തന്റെ പുത്രനെ നൽകുന്നതിന്റെ ഒരു മാതൃകയാകുന്നു. യോസേഫ് എപ്രകാരം വിൽക്കപ്പെടുകയും തടവിലാവുകയും, തന്റെ സഹോദരന്മാരാൽ വെറുക്കപ്പെടുകയും എന്നാൽ തന്റെ പിതാവിനാൽ സ്നേഹിക്കപ്പെടുകയും ചെയ്തത് പോലെയാകുന്നു; അത് യേശുവിന്റെ ഒരു മാതൃകയാകുന്നു. എപ്രകാരം ആത്മാവ് യോസേഫ്, എന്ന മനുഷ്യനിലൂടെ പ്രവർത്തിക്കുകയും,

ക്രിസ്തുവിന്റെ ജീവിതത്തെ എത്ര ലളിതമായി മാതൃകയാക്കി, സമ്പൂർണ്ണതയോടെ അത് ചെയ്തു. എപ്രകാരം, ദാവീദ്, ദാവീദു പുത്രൻ അതേ പർവ്വതത്തിൽ ഇരിക്കുകയുണ്ടായി. ദാവീദ് രാജാവായി തിരസ്കരിക്കപ്പെട്ടപ്പോൾ, അവൻ ഈ മലയുടെ മുകളിൽ, ഈ ഒലിവുമലയുടെ മുകളിൽ കയറിയിട്ട്, ഒരു തിരസ്ക്കരിക്കപ്പെട്ട രാജാവിനെപ്പോലെ, തിരിഞ്ഞു നോക്കി, വിലപിച്ചു കരഞ്ഞു; അതിന്റെ ഏതാനും നൂറു വർഷങ്ങൾക്ക് ശേഷം, ദാവീദു പുത്രൻ അതേ മലയിൽ കയറി, നിരസിക്കപ്പെട്ട രാജാവായി, യെരുശലേമിനെക്കുറിച്ച് കരഞ്ഞു. ആത്മാവ് മാതൃകയിലും രൂപത്തിലും ആകുന്നു. ഓ!

105 അപ്പോൾ ഈ അവസാന നാളിലെ വലിയ പെന്തക്കോസ്ത് സഭയെ കാണാൻ കഴിയുമോ? ദൈവം അത് എങ്ങനെ പെന്തക്കോസ്ത് നാളിൽ ഉദ്ഘാടനം ചെയ്തുവെന്ന് നിങ്ങൾക്ക് കാണാൻ കഴിയുമോ? ആ ആത്മാവ് എല്ലാ കാലഘട്ടങ്ങളിലും കൂടെ സഭയിൽ നിലനിൽക്കണം.

106 അവർ ഔപചാരികവും വ്യത്യസ്തവും ആയി പോയി. അവർക്ക് ഒരു സഭാസംഘടന ആവശ്യമായിരിക്കുന്നു. അവർക്ക് സഭയെയും ഭരണകൂടത്തെയും ഒന്നിച്ചു ചേർക്കേണ്ടിവന്നു, അങ്ങനെ അവസാനം അവർ അത് ചെയ്യുകയും നൂറുകണക്കിന് വർഷത്തെ പീഡനത്തിന് കാരണമാക്കുകയും ചെയ്തു. അതിനുശേഷം, നവോത്ഥാനം, അങ്ങനെ അവർ പുറത്തുവന്നു. ഓരോ വർഷവും, അവർ ആത്മാവിൽ നിന്ന് വിച്ഛേദിച്ച് കളയുകയും ജഡീകതയിലേക്ക് കൂട്ടിച്ചേർക്കുകയും ചെയ്യുന്നു, ആത്മാവിൽ നിന്നും മാറി സ്വാഭാവികതയിലേക്ക് ചേർക്കുന്നു, അങ്ങനെ അത് ഇതുവരെയായിട്ടു അവർ അത് വീണ്ടും ചെയ്യാൻ തയ്യാറാണ്. നാം ഈ അവസാന സമയത്തെ, സമാപന നാഴികയിൽ, സഭയുടെ പൂർത്തീകരണ സമയത്താണ് ജീവിക്കുന്നത്. നാം ഫിലദെൽഫ്യയിലാണ്...അല്ലെങ്കിൽ ലവൊദിക്ക്യ സഭാ കാലഘട്ടത്തിലാണ്.

107 ഇപ്പോൾ, ഒന്നാം അദ്ധ്യായം, ഒന്നാം വാക്യം, അത് പരിചയപ്പെടുത്തുകയാണ്—യാണ് യോഹന്നാനോട്. ഇപ്പോൾ, ആരാണ് എഴുത്തുകാരൻ? യോഹന്നാൻ ആകുന്നു. യോഹന്നാൻ. ഇത് യോഹന്നാന്റെ ഒരു വെളിപാട് ആയിരുന്നില്ല, അതല്ലായിരുന്നു എന്ന് നമുക്കറിയാം, കാരണം ഇത് കർത്താവായ യേശുക്രിസ്തുവിന്റെ വെളിപാടായിരുന്നു. ഇത് അവൻ ആയിരുന്നു, അവൻ ഒരു ശിഷ്യനായി തിരഞ്ഞെടുക്കപ്പെട്ടിരുന്നു. അതിനാൽ പുസ്തകം തന്നെ സ്വയം ഈ കാര്യത്തെ, യേശുക്രിസ്തു, ആരോടാണ് വെളിപ്പെടുത്തിയതെന്ന് വെളിപ്പെടുത്തുന്നു.

108 അങ്ങനെ അത് അവനു കൊടുത്തു..."തന്റെ ദൂതൻ മുഖാന്തരം അയച്ചു തന്റെ ദാസനായ യോഹന്നാനു പ്രദർശിപ്പിച്ചു." ആ ദൂതൻ ആരായിരുന്നുവെന്ന് നമുക്കറിയില്ല. ദൂതൻ ആരായിരുന്നുവെന്ന് വേദപുസ്തകം പറയുന്നില്ല. എന്നാൽ അത് ഒരു പ്രവാചകനായിരുന്നുവെന്ന് നമുക്കറിയാം, 'കാരണം വേദപുസ്തകം പിന്നീട് പറയുന്നു, അതായതു, "യേശു എന്ന ഞാൻ വേഗത്തിൽ സംഭവിപ്പാനുള്ളതു സാക്ഷീകരിപ്പാൻ എന്റെ ദൂതനെ അയച്ചു."

109 അപ്പോൾ യോഹന്നാൻ ദൂതനെ ആരാധിക്കാൻ തുടങ്ങിയതു നാം കണ്ടെത്തുന്നു, ദൂതൻ പറഞ്ഞു, "നോക്കു അതരുതു." വെളിപാട് 22, അതു തന്നെയെന്നു ഞാൻ വിശ്വസിക്കുന്നു. അവൻ പറഞ്ഞു, "കാരണം ഞാൻ നിന്റെയും നിന്റെ സഹോദരന്മാരായ പ്രവാചകന്മാരുടെയും സഹഭൃത്യനത്രേ." അത് ഏലിയാവ് ആകാമായിരുന്നു. അത് പ്രവാചകന്മാരിൽ ഒരുവൻ ആകാമായിരുന്നു. യോഹന്നാൻ ഒരു അപ്പോസ്തലനായിരുന്നു. എന്നാൽ ഈ പ്രവാചകൻ അയക്കപ്പെട്ടിരുന്നു.

110 യോഹന്നാൻ, ഒരു അപ്പോസ്തലൻ ആയിരുന്നതിനാൽ, അവന്റെ മറ്റുള്ള ലേഖനങ്ങളുടെ രീതി നോക്കു, അത് യോഹന്നാൻ അല്ല എഴുതിയിരുന്നത്, കാരണം അതിനു യോഹന്നാന്റെ ആ രീതി ഇല്ലായിരുന്നു എന്ന് തെളിയിക്കുന്നു. ഒന്ന് യോഹന്നാൻ എടുക്കുക, രണ്ട് യോഹന്നാൻ, എന്നിട്ട് വായിക്കുക. അതിന്റെ എഴുതിയിരിക്കുന്ന രീതി നോക്കു, എന്നിട്ട് ഇതു എഴുതിയിരിക്കുന്ന രീതി നോക്കു. യോഹന്നാൻ ഒരു എഴുത്തുകാരനായിരുന്നു, ഒരു അപ്പോസ്തലനായിരുന്നു, എന്നാൽ ഇത് ഒരു പ്രവാചകന്റെ ആത്മാവാണ്. ഇത് തികച്ചും, വ്യത്യസ്തമായ ഒരു വ്യക്തിയാണ്. നോക്കു? യോഹന്നാന്റെ എഴുത്തു ആയിരുന്നില്ല. യോഹന്നാന്റെ വെളിപ്പെടുത്തലായിരുന്നില്ല. ഇത് യേശുക്രിസ്തുവിനെക്കുറിച്ചുള്ള ദൈവത്തിൻറെ വെളിപ്പാട് സഭകൾക്ക് ആയിരുന്നു. അങ്ങനെ അതിനു...യോഹന്നാൻ ഒരു എഴുത്തുകാരൻ മാത്രമായിരുന്നു, ഒരു ശാസ്ത്രിയും, കൂടാതെ—കൂടാതെ ഈ ഗ്രന്ഥവും അതുതന്നെ പ്രഖ്യാപിക്കുന്നു.

111 ഇപ്പോൾ, ഇത് യോഹന്നാനെ അഭിസംബോധന ചെയ്തിട്ടില്ല. ഇത് സഭയെ അഭിസംബോധന ചെയ്തിരുന്നു. ശരി. യോഹന്നാൻ, അക്കാലത്ത്, എഫെസൊസിലെ സഭയുടെ ഇടയനായിരുന്നു. ഇപ്പോൾ പുസ്തകം യോഹന്നാനെ അഭിസംബോധന ചെയ്യുന്നു... അല്ലെങ്കിൽ യോഹന്നാനെ അല്ല, സഭയെ ആകുന്നു.

112 ഇപ്പോൾ 3 ാം വാക്യം, അവൻ അനുഗ്രഹങ്ങളെ പ്രഖ്യാപിക്കുന്നു. ഇത് ശ്രദ്ധിക്കുക.

*ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും, കേൾക്കുന്നവരും, അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ: സമയം അടുത്തിരിക്കുന്നു.*

113 എന്ത് സമയമാണ് അടുത്തിരിക്കുന്നത്? ഈ കാര്യങ്ങൾ നടക്കുന്ന സമയത്ത്, യേശുക്രിസ്തുവിന്റെ ഈ വെളിപാട് ഓരോ സഭാകാലഘട്ടത്തിലും പൂർത്തിയാകുമ്പോൾ ആകുന്നു.

114 ഇപ്പോൾ അവൻ ഇങ്ങനെ എഴുതിയതിന്റെ കാരണം. അവൻ ഇപ്രകാരം പറഞ്ഞിരുന്നെങ്കിൽ, "ശരി, ഇപ്പോൾ, അവൻ..." അവർ അവനെ അന്വേഷിക്കുകയായിരുന്നു; അത് വെളിപ്പെട്ടിരുന്നെങ്കിൽ, എങ്കിൽ അവൻ...അത് യോഹന്നാന് വെളിപ്പെടുമായിരുന്നു, അതായത് അവിടെയുള്ള സഭകൾ തീർന്നാലുടൻ തന്നെ അവൻ വരാൻ പോകുകയായിരുന്നു. യോഹന്നാൻ അങ്ങനെയാണ് ചിന്തിച്ചത്. എന്നാൽ അത് അങ്ങനെ ആയിരുന്നെങ്കിൽ, ആ സഭകൾ, അവ തീർന്നയുടനെ തന്നെ, അവർ വരുന്നു...അവൻ അറിഞ്ഞിരുന്നെങ്കിൽ, ഏഴ് നീണ്ട സഭായുഗങ്ങൾ ഉണ്ടാകാൻ പോകുന്നു എന്ന്, അവന് വെളിപ്പെട്ടിരുന്നെങ്കിൽ, ആയിരക്കണക്കിന് വർഷങ്ങൾ, അല്ലെങ്കിൽ നൂറുകണക്കിന് വർഷങ്ങൾ എടുക്കും, പിന്നെ അവിടെ കാത്തിരിക്കുന്നതിന് യാതൊരു അർത്ഥവുമില്ല. അവർ അവരുടെ സഭയുടെ കാലഘട്ടം ജീവിച്ചു തീർക്കുമായിരുന്നു.

115 ആ കാരണത്താൽ, ദൈവം അത് സംസാരിച്ചു, അത് അവർക്ക് വെളിപ്പെടുത്തിയിരുന്നില്ല. ജോൺ വെസ്ലിക്ക് തിരുവെഴുത്തിനെക്കുറിച്ച് അറിയാമായിരുന്ന കാര്യങ്ങൾ, അത് മാർട്ടിൻ ലൂഥറിന് വെളിപ്പെടുത്തിയിരുന്നില്ല. തിരുവെഴുത്തിനെക്കുറിച്ച് പെന്തക്കോസ്തുകാർക്ക് അറിയാമായിരുന്നത് എന്തായിരുന്നുവോ അത് ബാപ്റ്റിസ്റ്റുകാർക്ക് വെളിപ്പെടുത്തിയിരുന്നില്ല, കാരണം അത് മറ്റൊരു കാലഘട്ടമായിരുന്നു. ഇത് മറ്റൊരു സമയമാകുന്നു. ദൈവം തന്റെ കാര്യങ്ങൾ അതിന്റേതായ കാലത്ത് വെളിപ്പെടുത്തുന്നു. ഓ!

116 നിങ്ങൾക്ക് വസന്തകാലത്ത് ധാന്യം നടാനും അതേ സമയം കൊയ്യാനും കഴിയില്ല. നിങ്ങൾ ഒരു വിത്ത് നട്ടുവളർത്തുകയും അത് പാകമാകുകയും ചെയ്യുന്നു. ദൈവം തന്റെ വചനം നട്ടുപിടിപ്പിക്കുകയും പിന്നീട് അത് വളരുകയും ചെയ്യുന്നു. അപ്പോൾ നമ്മൾ തിരിഞ്ഞു നോക്കിയിട്ട് പറയും, "അവിടെ അത് ഉണ്ടായിരുന്നു." എന്തുകൊണ്ട്,

തീർച്ചയായും, അത് വെളിപ്പെടുത്തിയതിന് ശേഷം നമ്മൾ അത് കാണുന്നു.

117 ഇപ്പോൾ, "ഭാഗ്യവാന്മാർ," ഈ വചനം, അനുഗ്രഹങ്ങളെ പ്രഖ്യാപിക്കുന്നു, മൂന്നാം വാക്യത്തിലാകുന്നു, "ഈ പ്രവചനത്തിന്റെ രഹസ്യങ്ങളെ വായിച്ചു കേൾപ്പിക്കുന്നവനും അല്ലെങ്കിൽ കേൾക്കുന്നവരും ഭാഗ്യവാന്മാർ."

118 അത്...ജഡിക മനസ്സ് അതിനെ ഒഴിവാക്കുന്നു, കാരണം ജഡിക മനസ്സിന് അതിനെക്കുറിച്ച് ഒരു കാര്യം പോലും അറിയില്ല. ജഡിക മനസ്സ് അത് അറിയാത്തതിൽ അതിശയിക്കാൻ ഒന്നുമില്ല, കാരണം അത് ആ ജഡിക മനസ്സിലുള്ള സാത്താനാണ്. അങ്ങനെ സാത്താൻ തുറന്നുകാട്ടപ്പെടുന്നു, സാത്താൻ സ്വയം തുറന്നുകാട്ടപ്പെടുന്നതിന് ആഗ്രഹിക്കുന്നില്ല.

119 നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ താൻ തുറന്നുകാട്ടപ്പെടാൻ പോകുകയാണെന്ന് സാത്താൻ ചിന്തിക്കുമ്പോൾ അത് അവന് എത്ര ഭയങ്കരമായ കാര്യമായിരിക്കും? ഏതെങ്കിലും ഒരു ശുശ്രൂഷയിൽ അത് ശ്രദ്ധിക്കുക. ജനങ്ങളുടെ പെരുമാറ്റം നിരീക്ഷിക്കുക. നിങ്ങൾ യോഗങ്ങളിൽ അത് ശ്രദ്ധിക്കുക. സാത്താൻ തുറന്നു കാട്ടപ്പെടുന്നതിന് തൊട്ടുമുമ്പ്, അതൊരു പ്രത്യേക വ്യക്തിയുടെ മുഖത്ത്, നിങ്ങൾക്ക് അവരുടെ മുഖഭാവം മാറുന്നത് കാണാം. നിങ്ങൾ നോക്കു, അവർക്ക് എന്താണ് ചിന്തിക്കേണ്ടതെന്ന് അറിയില്ല. പെട്ടെന്ന് തന്നെ, പരിശുദ്ധാത്മാവ് ഇറങ്ങിവന്ന് ആ പിശാചിനെ തുറന്നുകാട്ടുന്നു. ഓ! അത്തരത്തിലുള്ള ഒരു യോഗം അവൻ വെറുക്കുന്നു. ആ കാരണത്താലാണ് നമുക്ക് അതുപോലുള്ള ഒരു പോരാട്ടം ഉണ്ടാകുന്നത്, കാരണം ദൈവത്തിന്റെ വചനം പിശാചിനെ തുറന്നുകാട്ടുന്നു. നോക്കു? അത് അവൻ എന്താണെന്ന് പറയുന്നു.

120 അതിപ്രകാരം നിങ്ങൾ പറയുന്നതുപോലെ, "ഈ സ്ത്രീ ഇവിടെ ഇരിക്കുന്നു," പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിന് കീഴിലാകുന്നു, പറയാം, "അവരുടെ പേര് ശ്രീമതി *ജോൺസ്* ആകുന്നു. അവൾ വരുന്നത് *ഇന്ന-ഇ-ഇന്ന* സ്ഥലത്ത് നിന്നാകുന്നു." അത് എന്താണ് ചെയ്യുന്നത്? അത് അവളുടെ ആത്മാവിനെ പിടിച്ചെടുക്കുകയും, ഒരു സ്ഥാനത്തേക്ക് കൊണ്ടുവരുകയും ചെയ്യുന്നു.

121 "നിങ്ങൾക്ക് എന്നെ എങ്ങനെ അറിയാം? ആ മനുഷ്യന് എന്നെ അറിയില്ല, അതിനാൽ അത് എന്തെങ്കിലും ആത്മാവായിരിക്കണം. അത് ഏതുതരത്തിലുള്ള ആത്മാവാണ്?"

"അത് ദൈവത്തിന്റെ ആത്മാവാണ്."

“എങ്ങനെ? എനിക്കു എന്താണ് സംഭവിച്ചത്?”

122 “നിങ്ങൾക്ക് ക്ഷയരോഗം, അർബുദം ആകുന്നു,” അത് എന്തായാലും “എന്നാൽ **യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു**...”

“ഓ!” ഓ, എപ്രകാരം സാത്താൻ അതിനെ വെറുക്കുന്നു, കാരണം അത് അവനെ തുറന്നുകാട്ടുന്നു.

123 ഇപ്പോൾ, ജഡിക മനസ്സ് അതിലേക്കു നോക്കിയിട്ട് പറയും, “മനസ്സ് വായിക്കലാണ്, മാനസികമായ പരഹൃദയ ജ്ഞാനമാണ്.” അവർക്കറിയില്ല. അത് അവർക്ക് വിഡ്ഢിത്തമാണ്.

124 എന്നാൽ അത് എന്താണെന്ന് അറിയുന്നവർക്ക്, ഓ, എന്തൊരു അനുഗ്രഹം ആകുന്നു! എന്താകുന്നു ഇത്? ഒരു വെളിപാട്. ആരുടെ വെളിപ്പെടുത്തൽ ആകുന്നു? പ്രസംഗപീഠത്തിൽ നിൽക്കുന്ന മനുഷ്യന്റെയാണോ? ഈ അവസാന സഭാ കാലഘട്ടത്തിൽ യേശുക്രിസ്തുവിനെ കുറിച്ചാകുന്നു, അവൻ ചെയ്യുമെന്ന് വാഗ്ദാനം ചെയ്തതുപോലെ സ്വയം വെളിപ്പെടുത്തുന്നു. കണ്ടോ?

125 ഇതൊരു വെളിപാടാണ്, നോക്കു, സാത്താൻ അത് വെറുക്കുന്നു. എന്റെ, അവൻ എങ്ങനെ അത് വെറുക്കുന്നു! അവൻ തുറന്നുകാട്ടപ്പെടുന്നു, അവന്റെ പദ്ധതിയെ തുറന്നുകാട്ടുന്നു. സാത്താൻ വെളിപാടിനെയും ഉല്പത്തിയെയും വെറുക്കുന്നു, ഞാൻ അത് ഇവിടെ എഴുതിക്കൊണ്ട് വന്നിട്ടുണ്ട്. അത് ശരിക്കും സത്യമാകുന്നു.

126 ഇപ്പോൾ, എന്തുകൊണ്ടാണ് അവൻ ഒരു വെളിപാടിനെ വെറുക്കുന്നത്? എന്തുകൊണ്ടാണ് അവൻ അത്രമാത്രം വെളിപാടിന് എതിരായിരിക്കുന്നത്? അത് എന്തുകൊണ്ടാണെന്നാൽ, ദൈവത്തിന്റെ വചനത്തിന്റെയും കൂടാതെ ദൈവത്തിന്റെ സഭയുടെയും മുഴുവൻ സിദ്ധാന്തവും ഭയഭക്തി പുരസരം വെളിപാടിനെ അടിസ്ഥാനമാക്കിയാണ് പണിതിരിക്കുന്നത്.

127 അത് ഒരിക്കലും ഒരു—ഒരു പാഠശാല വഴിയാകില്ല, അതിനുവേണ്ടി നമുക്ക് എത്ര നല്ല സെമിനാരികൾ ഉണ്ടായാലും അതൊരു കാര്യമല്ല. അവർ വളരെ പിന്നിലായ മങ്ങിയ കാലഘട്ടത്തിലേക്ക് പോകുകയാണ്. വേദപുസ്തകവും സഭയും പരിപൂർണമായും ഒരു വെളിപാടാണ്.

128 നമുക്ക് തിരിക്കാം, എനിക്ക് ഇവിടെ ചില തിരുവെഴുത്തുകൾ എഴുതിയിട്ടുണ്ട്, മത്തായി അതിന്റെ—അതിന്റെ 16-ാം അധ്യായം 18-ാം വാക്യമാകുന്നു. നമുക്ക് ചെറുതായി ഒരു—ചെറുതായി ഒരു വീക്ഷണം എടുക്കാം മത്തായി 16:18, നോക്കു, തിരുവെഴുത്തുകൾ

എവിടെയാണെന്നും അതിന്റെ വെളിപാട് എവിടെയാണെന്നും നോക്കാം. മലമുകളിൽ നിന്ന് ഇറങ്ങിവരുന്നതാണ്, 17-ാം വാക്യം.

*യേശു അവനോടു ബർയോനാ ശിമോനെ, നീ ഭാഗ്യവാൻ: ജഡരക്തങ്ങൾ അല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ, നിനക്കു ഇതു വെളിപ്പെടുത്തിയതു.*

*ഞാൻ നിന്നോടു...പറയുന്നു,...നീ പത്രൊസ് ആകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല.*

129 ഇപ്പോൾ, കത്തോലിക്കാ സഭ പറയുന്നത്, "അവൻ അത് പത്രോസിന്റെ മേൽ പണിതു എന്നാണ്." ശരി, അത്, അത് ശരിക്കും ജഡിക ചിന്തയാണ്. ഒരു ആത്മീയ മനസ്സ് അത്തരമൊരു കാര്യം മനസ്സിലാക്കുന്നത് നിങ്ങൾക്ക് സങ്കൽപ്പിക്കാൻ കഴിയില്ല; ദൈവം എന്ന നിലയിൽ, അവന്റെ സ്വന്തം പുത്രൻ അവിടെ നിൽക്കുന്നു, എന്നിരിക്കിലും അവന്റെ സഭയെ വെറും സാമാന്യനായ, ഒരു സാധാരണക്കാരനായ, പാപത്തിൽ-ജനിച്ച ഒരു മനുഷ്യന്റെ മേൽ പണിയുമെന്നോ. ആ മനുഷ്യൻ അത് തെളിയിച്ചു. അവൻ, തന്റെ മേൽ അതേ ആത്മാവോടെ, യേശുവിനെ ശപിക്കുകയും അവന്റെ മുഖത്തുതന്നെ അവനെ നിഷേധിക്കുകയും ചെയ്തു. അത് പത്രോസ് ആയിരുന്നില്ല.

130 അല്ലെങ്കിൽ, അതും ആയിരുന്നില്ല അത് അവിടെ കിടന്നിരുന്ന ഒരു—ഒരു പാറയായിരുന്നു, അങ്ങനെ ചില സഭകൾ അവകാശപ്പെടുന്നതുപോലെ ആകുന്നു. അത് ഒരു പാറയായിരുന്നില്ല. കാരണം, പത്രോസ്...

131 അവൻ അവിടെ സംസാരിച്ചിരുന്ന പാറ പത്രോസിനെക്കുറിച്ചായിരുന്നില്ല, അവൻ സ്വയമായും ആയിരുന്നില്ല.

132 ഇപ്പോൾ, പ്രൊട്ടസ്റ്റന്റുകാരിൽ പലരും പറയാൻ ശ്രമിക്കുന്നത്, "അത് യേശുവായിരുന്നു. അവന്റെ മേലാണ് അവൻ സഭ പണിതത്. അവൻ!" അല്ല, അത് അപ്പോഴും തെറ്റാണ്. നിങ്ങൾ ശ്രദ്ധിച്ചാൽ, അത് യേശു ആയിരുന്നില്ല, അത് പത്രോസും ആയിരുന്നില്ല. അത് വെളിപാടായിരുന്നു.

*...ജഡരക്തങ്ങൾ അല്ല ഇതു നിനക്കു വെളിപ്പെടുത്തി* തന്നിരിക്കുന്നത്, *എന്നാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ* ഈ വെളിപ്പാട് നിനക്ക് തന്നത്.

133 നോക്കൂ. ഞാൻ നിങ്ങളോട് ചോദിക്കാൻ ആഗ്രഹിക്കുന്നു. ഏദെൻ തോട്ടത്തിൽ, തിരുവെഴുത്തുകളൊന്നും എഴുതിയിരുന്നില്ല. എങ്കിൽ

പിന്നെ ആ രണ്ട് ആൺകുട്ടികളായ, കയീനും ആബേലും, അവർ രണ്ടുപേരും ഒരു യാഗം അർപ്പിക്കാനും ദൈവത്തിന്റെ പ്രീതി നേടാനും ആഗ്രഹിച്ചിരുന്നു. അങ്ങനെ അവർ ചെയ്തപ്പോൾ കയീൻ വന്നു ഒരു യാഗപീഠം പണിതു; ഹാബെലും ഒരു യാഗപീഠം പണിതു. ശരി, ദൈവം ആവശ്യപ്പെടുന്നത് എല്ലാമായിട്ട് അത് മാത്രമാണെങ്കിൽ, കയീനെ കുറ്റം വിധിക്കുന്നതിൽ ദൈവം അന്യായി ആയിരിക്കും. ശരി. അതിനുശേഷം കയീൻ ഒരു യാഗം കഴിച്ചു; ഹാബെലും അങ്ങനെ തന്നെ ചെയ്തു. അവർ രണ്ടുപേരും യാഗം അർപ്പിച്ചു. കയീൻ ആരാധിച്ചു, അതുപോലെ ഹാബെലും. ഹാബെൽ ചെയ്തതെല്ലാം കയീനും ചെയ്തു.

134 അതുകൊണ്ട് പള്ളിയിൽ പോകുകയും, പള്ളിയിൽ അംഗമാകുകയും, ബലികൾ അർപ്പിക്കുകയു, പ്രാർത്ഥിക്കുകയും, ദൈവത്തെ ആരാധിക്കുകയും, ഇത് എല്ലാമാണ് ദൈവം ആവശ്യപ്പെടുന്നത് എങ്കിൽ, ദൈവം കയീനെ കുറ്റംവിധിക്കുന്നത് അന്യായമായിരിക്കും കാരണം ദൈവം ചെയ്യാൻ പറഞ്ഞതുതന്നെയാണ് കൃത്യമായും അവൻ ചെയ്തത്.

135 പക്ഷേ, നിങ്ങൾ നോക്കുക, ഹാബെൽ, ഒരു വെളിപാടിലൂടെ, ഏദെൻ തോട്ടത്തിൽ നിന്ന് അവരെ എടുത്ത് പുറത്താക്കിയത് പഴങ്ങൾ അല്ലായിരുന്നുവെന്ന് അവനറിഞ്ഞിരുന്നു, അങ്ങനെ ഇന്ന് വളരെയധികം ജഡിക മനസ്സുകൾ അതിനെ അതുപോലെ കരുതുന്നു. ഹാബെൽ വന്ന് നിലത്തിന്റെ ഫലം അർപ്പിച്ചു, ദൈവം അത് നിരസിച്ചു കളഞ്ഞു, എന്നാൽ അത് വെളിപ്പെട്ടിരുന്നു... ഞാൻ അർത്ഥമാക്കുന്നത്, കയീൻ ചെയ്തു എന്നാകുന്നു, എന്നോട് ക്ഷമിക്കണം. കയീൻ ദേശത്തെ നിലത്തിന്റെ ഫലം അർപ്പിച്ചു, 'കാരണം അതാണ് അവരെ ഏദൻ തോട്ടത്തിൽ നിന്ന് പുറത്തു കൊണ്ടുവന്നതെന്ന് അവൻ കരുതി. ആ വെളിപ്പെടുത്തൽ ശ്രദ്ധിക്കുക. അതുമായിട്ടുള്ള വിയോജിപ്പ് ശ്രദ്ധിക്കുക. എപ്രകാരം അത് ഇന്ന് വേദനിപ്പിക്കുന്നുവെന്ന് ശ്രദ്ധിക്കുക. എന്നാൽ, അവരെ അവിടെനിന്നും പുറത്താക്കിക്കളഞ്ഞത് പഴങ്ങളായിരുന്നില്ല. ഹവ്വ ഒരിക്കലും ഒരു ആപ്പിളല്ല കഴിച്ചത്. തീർച്ചയായും. ആപ്പിൾ കഴിക്കുകയാണെങ്കിൽ, അവൾ നഗ്നയാണെന്ന് അവൾ എങ്ങനെ മനസ്സിലാക്കി? അത് ലൈംഗിക ജീവിതവുമായി ബന്ധപ്പെട്ടതാകുന്നു. അങ്ങനെ ആകേണ്ടതാകുന്നു!

136 ഇപ്പോൾ, നമ്മൾ അതൊരു പഠനമായി അതിനെ എടുക്കുകയും, അങ്ങനെ നാം, അതിലേക്ക് മടങ്ങുകയും ചെയ്തു. എന്നാൽ അവരുടെ പക്കൽ അവർക്ക് ഒരു തിരുവെഴുത്തും ലഭിച്ചിട്ടില്ല.

137 അവരിൽ ചിലർ പറയുന്നു, "ശരി, അവൾ പറഞ്ഞു, 'യഹോവയാൽ എനിക്കു ഒരു പുരുഷപ്രജ ലഭിച്ചു.'" അതെ ശ്രീമാൻ. ഒരു വേശ്യക്കും അങ്ങനെ തന്നെയാകുന്നു. എല്ലാ ജീവനും ഉണ്ടാക്കേണ്ടത് ദൈവമാകുന്നു.

138 എന്നാൽ ഇതൊരു വികൃതമാക്കപ്പെട്ട ജീവിതമാണ്. ആ കുട്ടിയുടെ സ്വഭാവം നോക്കു. അവൻ തന്റെ പിതാവായ, പിശാചിൽ നിന്നുള്ളവനായിരുന്നു; വെറുപ്പ്, നീചൻ, കൊലപാതകൻ. നോക്കു?

139 പിന്നെ എങ്ങനെ, ഹാബെൽ, അവർ...അവന്റെ മാതാപിതാക്കൾ ഒരുപക്ഷേ അവനോട് അത് പറഞ്ഞിരിക്കാം അതായതു—അതായതു ഇത് മരങ്ങളിൽ നിന്നുള്ള പഴങ്ങൾ ആയിരുന്നു, എന്നും മറ്റുമുള്ള ഇത്യാദി കാര്യങ്ങൾ ഉണ്ടായിരുന്നു. എന്നാൽ, ഹാബെലിനു അത് വെളിപ്പെട്ടിരുന്നു. ഹാബെൽ പോയി ഒരു ആട്ടിൻകുട്ടിയെ കൊണ്ടുവന്നു, രക്തത്തിനായി, ജീവനെടുത്തു. ഒരു ഫലവൃക്ഷമല്ല, ആപ്പിളും പഴവും പേരക്കായും കൊണ്ടുവരുന്നതല്ല. "എന്നാൽ ഹാബേൽ, ഒരു ആത്മീയ വെളിപാടിലൂടെ," എബ്രായർ 11, "ദൈവത്തിനു ഉത്തമമായ യാഗം കഴിച്ചു. ദൈവം അതിന് സാക്ഷ്യം വഹിക്കുന്നു, കാരണം അത് അവനു വിശ്വാസത്താൽ വെളിപ്പെട്ടു."

140 അവിടെയാണ് ദൈവം തന്റെ സഭ നിർമ്മിച്ചത്. "കാരണം ഇതൊരിക്കലും ജഡരക്തങ്ങൾ അല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ നിനക്കു ഇതു വെളിപ്പെടുത്തിയതു." ഒരിക്കലും ഒരു സെമിനാരിയിൽ നിന്നും പഠിച്ചിട്ടില്ല. ആരെങ്കിലും എവിടെയെങ്കിലും നിന്നെ ഒരിക്കലും ഇത് പഠിപ്പിച്ചിട്ടില്ല. "എന്നാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് നിനക്ക് ഇത് വെളിപ്പെടുത്തിയിരിക്കുന്നു." അവിടെ, മുഴുവൻ കാര്യങ്ങളും വെളിപ്പാടിലാണ്, മുഴുവൻ സഭയും, "യേശുക്രിസ്തുവിന്റെ വെളിപാടിന്റെ ഈ പാറമേൽ, ഞാൻ എന്റെ സഭയെ പണിയും."

141 പാസ്റ്റർ പറയുന്നത് എന്താണോ അത് നിങ്ങൾ എടുത്തേക്കാം. സെമിനാരി പഠിപ്പിക്കുന്നത് എന്താണോ അത് നിങ്ങൾക്ക് എടുക്കാം. സഭ പറയുന്നത് എന്താണോ അത് നിങ്ങൾക്ക് എടുക്കാം. എന്നിരിക്കിലും, അത് ശരിയല്ല. നിങ്ങൾക്ക് വളരെ വാചാലതയോടെ അത് വിശദീകരിക്കാൻ കഴിഞ്ഞേക്കാം. എന്നാൽ യേശുക്രിസ്തു തന്റെ പുത്രനാണെന്ന് ദൈവം നിങ്ങൾക്ക് വെളിപ്പെടുത്തുന്നതുവരെ, അങ്ങനെ അവന്റെ രക്തത്താൽ നിങ്ങൾ രക്ഷിക്കപ്പെടുന്നു; ആ വെളിപ്പെടുത്തലിൽ ആകുന്നു, അതായത്, "അവൻ എന്റെ രക്ഷകനാണ്."

142 "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല."

143 അങ്ങനെ അപ്പോൾ നിങ്ങൾക്ക് കാണാൻ കഴിയും എന്തുകൊണ്ടാണ് സാത്താൻ വെളിപാടിന്റെ പുസ്തകത്തിന് എതിരായിരിക്കുന്നതെന്ന്. വെളിപ്പെട്ടതെന്തും, ആത്മീയ വെളിപാട്, സാത്താൻ അതിന് എതിരാണ്. അതുകൊണ്ടാണ് അവൻ ഇന്ന് ഈ ശുശ്രൂഷയോട് അത്രമാത്രം എതിരായിരിക്കുന്നത്. കാരണം, അത് എന്താകുന്നു? അത് ക്രിസ്തുവിന്റെ വെളിപ്പെടുത്തൽ ആകുന്നു.

144 സഭ അതിന്റെ മഹത്തായ സഭകളോട്ടും സംഘടനകളോട്ടും ഒപ്പം പോകട്ടെ, അതിന്റെ ആലങ്കാരികമായ സന്ദേശങ്ങളും ഇത്യാദി കാര്യങ്ങളുമായി തുടരട്ടെ. അവർ അങ്ങനെ തുടരട്ടെ, സാത്താനെ അത് ബുദ്ധിമുട്ടിക്കില്ല. അവർക്കും യാതൊരു കുഴപ്പവുമില്ല. എല്ലാവരും അവരുടെ പുറത്തു തട്ടുന്നു.

145 അവിടെ എവിടെയെങ്കിലും, ദൈവം പരിശുദ്ധാത്മാവിലൂടെ, ക്രിസ്തുവിനെ തിരികെ സഭയിൽ വെളിപ്പെടുത്തുന്ന ഒരു സമയം വരുമ്പോൾ, ശക്തിയോടും രോഗികളെ സുഖപ്പെടുത്താനുള്ള പ്രകടനങ്ങളോടും കൂടി, വിശ്വാസികളെ അനുഗമിക്കുമെന്ന് അവൻ പറഞ്ഞ അടയാളങ്ങൾ, സംഭവിക്കുകയും ചെയ്താൽ, അപ്പോൾ സാത്താൻ തന്റെ കിടക്കയിൽ തിരിയും. അതിനെക്കുറിച്ച് അവൻ എന്തെങ്കിലും ചെയ്യുന്നു. ആ സമയം വരെ, നിങ്ങൾ എത്ര സഭയിൽ ചേരുന്നുവെന്നത് സാത്താൻ കാര്യമാക്കുന്നില്ല. എത്ര എണ്ണമുണ്ടെന്ന് അവൻ കാര്യമാക്കുന്നില്ല. എന്നാൽ താൻ ദൈവപുത്രനാണെന്ന് ക്രിസ്തു നിങ്ങൾക്ക് വെളിപ്പെടുത്തുമ്പോൾ, അവൻ ചെയ്ത പ്രവൃത്തികൾ നിങ്ങളും ചെയ്യും; എന്തെങ്കിലും മറ്റു ചില പ്രവൃത്തികളല്ല, എന്നാൽ അതേ പ്രവൃത്തികൾ തന്നെ.

146 "എന്നിൽ വിശ്വസിക്കുന്ന ഏവനും..." വിശുദ്ധ യോഹന്നാൻ 14:7. "ഞാൻ ചെയ്യുന്ന പ്രവൃത്തി, എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും. അതേ പ്രവൃത്തികൾ തന്നെ, അതിൽ വലിയതും അവൻ ചെയ്യും." കാരണം, ക്രിസ്തുവിന് പരിശുദ്ധാത്മാവിന്റെ സ്നാനം പ്രസംഗിക്കാൻ കഴിഞ്ഞില്ല, അത് വലുതായിരിക്കും. അത് അവരുടെ അടുക്കൽ കൊണ്ടുവരാൻ അവന് കഴിഞ്ഞിരുന്നില്ല, കാരണം പരിശുദ്ധാത്മാവ് അതുവരെയും നൽകപ്പെട്ടിട്ടില്ലായിരുന്നു. എന്നാൽ യേശു വന്ന് അവന്റെ ജീവൻ ബലിയർപ്പിച്ചപ്പോൾ, പരിശുദ്ധാത്മാവ് മടങ്ങിവരുകയും, അപ്പോൾ അവർക്ക് നിത്യജീവൻ ജനങ്ങൾക്ക് പങ്കുവക്കാൻ കഴിയും. അതാണ് "അതിലും വലിയ പ്രവർത്തികൾ."

147 എന്നാൽ അടയാളങ്ങളും അത്ഭുതങ്ങളും, യേശു വ്യക്തമായി പറഞ്ഞു, മർക്കോസ് 16, "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ." എവിടെ വരെ പോകാം? ഭൂലോകത്തിൽ ഒക്കെയും. എത്ര പേരോട്? സകല സൃഷ്ടിയോടും. സുവിശേഷം പ്രസംഗിക്കപ്പെടുന്ന കാലത്തോളം, ഈ അടയാളങ്ങൾ വിശ്വസിക്കുന്നവരെ പിന്തുടരും. അങ്ങനെ അതൊരു വെളിപാടായി മാറുമ്പോൾ, സഹോദരാ, അപ്പോൾ നിങ്ങൾ ദൈവ രാജ്യത്തിനടുത്താകുന്നു. "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല."

148 കാരണം, ഒരു പുരുഷനോ അല്ലെങ്കിൽ ഒരു സ്ത്രീയോ എപ്പോഴെങ്കിലും മരുഭൂമിക്കു പിന്നിൽ ഒറ്റക്കായിട്ട്, അതിപ്രകാരം മോശേയെപ്പോലെ, ദൈവത്തിന്റെ വെളിപാട് പരിശുദ്ധാത്മാവിനാൽ അവന് വെളിപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ, പിന്നെ അവനെ കുലുക്കുവാൻ യാതൊന്നിനും കഴിയില്ല. അവന് കഴിയുന്നത്രയും ശക്തവും ഉറച്ചതുമായിരിക്കും.

സാത്താൻ വെളിപാടിനെ വെറുക്കുന്നു. അവൻ അത് ഇഷ്ടപ്പെടുന്നില്ല, ഒട്ടുമില്ല; അത് അവന്റെ പദ്ധതികളെ തകിടം മറിക്കുന്നു.

149 പുസ്തകത്തിന്റെ സ്വഭാവം കാണിക്കുന്നത് അതായത് യോഹന്നാൻ ഇത് എഴുതിയിട്ടില്ല എന്നാകുന്നു. അത് ശരിയാണ്. കാരണം അവരെല്ലാം—അവരെല്ലാം മറ്റുള്ളവർക്കുവേണ്ടിയാണ്... അവയെല്ലാം അവന്റെ എഴുത്താണ്, എന്നാൽ അവന്റെ പ്രചോദനമല്ല. ഇത് ദൈവത്തിന്റെ പ്രചോദനമാണ് അതാണ് പുസ്തകം എഴുതുന്നത്. ശരി.

150 ഇപ്പോൾ ഇത് എന്താണ് പറയുന്നതെന്ന് നമുക്ക് നോക്കാം.

> *ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും, കേൾക്കുന്നവരും...ഈ പ്രവചനത്തിന്റെ, അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ; സമയം അടുത്തിരിക്കുന്നു.*

151 ഇപ്പോൾ, "സമയം അടുത്തിരിക്കുന്നു." എന്താകുന്നു? യേശുക്രിസ്തുവിന്റെ സമ്പൂർണ്ണ വെളിപാട് അവന്റെ സഭകളെ വെളിപ്പെടുത്തി കൊടുക്കുമ്പോഴാകുന്നു. അങ്ങനെ കാലഘട്ടങ്ങൾ കടന്നുപോകുമ്പോൾ, അത് അവർക്ക് വെളിപ്പെട്ട് വരുന്നു.

152 ഇപ്പോൾ നമ്മൾ നേരെ അവസാന സമയത്തു എത്തിക്കഴിഞ്ഞിരിക്കുകയാണ്, അതിനാൽ നാം ഇപ്പോൾ

ശരിക്കും ലോകാവസാനത്തിലാകുന്നു. നാം ലോകചരിത്രത്തിന്റെ അവസാനത്താകുന്നു. ഈ ആഴ്ച അവസാനിക്കുന്നതിനുമുമ്പ് തന്നെ, ദൈവം നമ്മോടൊപ്പമുണ്ടായിരിക്കെ, നമ്മെ സഹായിക്കുന്നു, നാം സഭാകാലഘട്ടത്തിന്റെ അവസാനത്താകുന്നുവെന്നു നാം തെളിയിക്കും. നാം ഫിലദെൽഫ്യ-...അല്ലെങ്കിൽ ലവൊദിക്ക്യ സഭാ കാലഘട്ടത്തിലാകുന്നു, എല്ലാ കാലഘട്ടത്തിന്റെയും അവസാനമാകുന്നു. നാം രാഷ്ട്രീയ ലോകത്തിന്റെ അവസാനത്താകുന്നു. നാം പ്രാകൃതിക ലോകത്തിന്റെ—അതിന്റെ അവസാനത്താകുന്നു. നാം എല്ലാ കാര്യങ്ങളുടെയും അവസാനത്താകുന്നു. നാം എല്ലാ സ്വാഭാവിക കാര്യങ്ങളുടെയും അവസാനത്താകുന്നു, അതിലേക്ക് പ്രവേശിക്കാൻ തയ്യാറാണ്.

153 കഴിഞ്ഞ ദിവസം വരുമ്പോൾ, ഞാൻ ഷ്രെവെപോർട്ടിലേക്ക് പോകുകയായിരുന്നുവെന്ന് ഞാൻ കരുതുന്നു, അല്ലെങ്കിൽ എവിടെയെങ്കിലും നിന്ന് വരുകയായിരുന്നു. ഞാൻ നോക്കി. ഞാൻ പറഞ്ഞു, “മരങ്ങൾ മരിച്ചുകൊണ്ടിരിക്കുന്നു. പുല്ലുകൾ മരിച്ചുകൊണ്ടിരിക്കുന്നു. പൂക്കൾ മരിച്ചുകൊണ്ടിരിക്കുന്നു. ഞാനും മരിച്ചുകൊണ്ടിരിക്കുന്നു. ലോകം മരിച്ചുകൊണ്ടിരിക്കുന്നു. എല്ലാം മരിച്ചുകൊണ്ടിരിക്കുന്നു. ഈ ലോകത്തിലുള്ളതെല്ലാം മരിച്ചുകൊണ്ടിരിക്കുന്നു.” ഇന്ന് രാവിലെ ഇവിടെ സന്നിഹിതരായിരിക്കുന്ന നമ്മളും, മരിച്ചുകൊണ്ടിരിക്കുന്നു.

154 തീർച്ചയായും എവിടെയോ ഒരു ലോകമുണ്ട്, അവിടെ എല്ലാ കാര്യങ്ങളും മരിക്കുന്നില്ല. എല്ലാം മരിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥലമുണ്ടെങ്കിൽ, എല്ലാം ജീവിക്കുന്ന ഒരു സ്ഥലവും ഉണ്ടായിരിക്കണം. ആ കാര്യത്തിന് വേണ്ടിയാണ് നാം കൊതിക്കുന്നത്, എവിടെയാണോ അത് അവിടെ എത്തിച്ചേരാൻ...അവിടെ മരങ്ങൾ അനശ്വരമായി നിലകൊള്ളുന്നു. ഓ, അവിടെ എല്ലാം അനശ്വരവും കൂടാതെ അത് നിലകൊള്ളുന്നതും അത്—അത് ദൈവത്തിന്റെ മഹത്വത്തിലാകുന്നു.

155 ഇപ്പോൾ, ഇപ്പോൾ, നമുക്ക് ഇപ്പോൾ ഇവിടെ ലഭിച്ചിട്ടുള്ള ആദ്യത്തെ മൂന്ന് വാക്യങ്ങൾ, ഇതിനു വേണ്ടി ഒരു പശ്ചാത്തലം സ്ഥാപിക്കുന്നു. ആദ്യത്തെത്, “യേശുക്രിസ്തുവിന്റെ വെളിപാട്.” രണ്ടാമത്തേത്, “ഒരു ദൂതൻ മുഖാന്തരം അത് യോഹന്നാന് പ്രദർശിപ്പിച്ചു.” മൂന്നാമത്തേത്, എന്താണെന്നാൽ, “ഭാഗ്യവാന്മാർ, അത് വായിക്കുന്നവർക്ക് അനുഗ്രഹവും, ഒപ്പം,” നിങ്ങൾക്ക് വായിക്കാൻ കഴിയുന്നില്ലെങ്കിൽ, “അത് കേൾക്കുന്നവൻ ഭാഗ്യവാൻ.” നിങ്ങൾക്ക് വായിക്കാൻ കഴിയുന്നില്ലേ? നിങ്ങൾ അത് കേട്ടാൽ മതി. അത്രമാത്രം. “ഈ പ്രവചനത്തിന്റെ വാക്കുകളെ

വായിച്ച കേൾപ്പിക്കുന്നവനും, ഒപ്പം," നിങ്ങൾക്ക് വായിക്കാൻ കഴിയുന്നില്ലെങ്കിൽ, "അത് വായിച്ചു കേൾക്കുന്നവരും ഭാഗ്യവാന്മാർ; സമയം അടുത്തിരിക്കുന്നു."

156 ഇപ്പോൾ, ഇതിന്റെ പ്രമാണം എന്താണ് അർത്ഥമാക്കുന്നതെന്നു ഒന്ന് സങ്കൽപ്പിച്ചു നോക്കുക, അതായത്, യോഹന്നാൻ, അവിടെയുള്ള ഈ എഴുത്തുകാരൻ, അത് എഴുതുകയായിരുന്നു, അത്... *ഇവിടെ* ഇത് യോഹന്നാൻ ആകുന്നു, അത് "അനുഗ്രഹങ്ങൾ" എന്നിങ്ങനെയുള്ള കാര്യങ്ങൾ പറയുന്നു. ഇപ്പോൾ, പഴയ നിയമത്തിൽ അത് എന്തായിരുന്നു എന്ന് ഞാൻ ചിന്തിക്കുന്നത്, ഒരു പുരോഹിതൻ ഒരു പ്രഭാതത്തിൽ എഴുന്നേറ്റു നിന്ന് തിരുവെഴുത്തുകൾ വായിച്ചു. സഭ ശ്രദ്ധിച്ചു കേട്ടിരുന്നു. പലർക്കും വായിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് അവൻ പറഞ്ഞു, "ഈ പുസ്തകത്തിലെ പ്രവചനങ്ങൾ വായിക്കുന്നവനും, അതോടൊപ്പം അത് കേൾക്കുന്നവനും ഭാഗ്യവാൻ." നോക്കൂ? വായിക്കുന്നവനും കേൾക്കുന്നവനും; വായിക്കുന്ന ഏതൊരുവനും, കൂടാതെ കേൾക്കുന്നവനും ഭാഗ്യവാൻ ആകുന്നു. അതിനാൽ നിങ്ങൾ അത് ഒരിടത്തിരുന്ന് ശ്രദ്ധയോടെ കേൾക്കുകയാണെങ്കിൽ, നിങ്ങൾ ഭാഗ്യവാനാണ്. "ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും, കേൾക്കുന്നവരും, ഭാഗ്യവാന്മാർ; സമയം അടുത്തിരിക്കുന്നു."

157 ഇപ്പോൾ, 4 മുതൽ 6 വരെ സഭയ്ക്ക് ഒരു അഭിവാദനം ആകുന്നു. ഇപ്പോൾ നാം ഈ 4 ഉം 6 ഉം വാക്യങ്ങളെ എടുക്കാൻ ആഗ്രഹിക്കുന്നു.

158 ഇപ്പോൾ, നാം അത് എടുക്കുന്നതിന് മുമ്പ്, എല്ലാവരും ഇപ്പോൾ കഠിനമായി ചിന്തിക്കാൻ ശ്രമിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അത് ഇപ്പോൾ എന്താണ്? ഇത് യേശുക്രിസ്തുവിന്റെ വെളിപാടാകുന്നു, അവിടെ ദൈവം കാലത്തിന്റെ മൂടുപടം എടുത്തു മാറ്റിയതാകുന്നു. *ഇവിടെ* ഇതു സമയമാകുന്നു, യേശു ഭൂമിയിലായിരുന്നപ്പോൾ, സഭാകാലഘട്ടങ്ങളിൽ, എന്താണ് സംഭവിക്കുന്നതെന്ന് കാണാൻ കഴിയാത്ത സമയമാണിത്. അതുകൊണ്ട്, ദൈവം മൂടുപടം എടുത്തു മാറ്റി, അത് പിന്നിലേക്ക് വലിച്ചു മാറ്റി, എന്നിട്ട് യോഹന്നാനെ ഓരോ സഭാ കാലഘട്ടവും എന്താണ് ചെയ്യാൻ പോകുന്നതെന്ന് നോക്കി കാണുന്നതിന് ഇടയാക്കി. എന്നിട്ട് അതൊരു പുസ്തകത്തിൽ എഴുതി ഏഴു സഭകൾക്കും അയച്ചുകൊടുത്തു.

159 എന്താകുന്നു ഇത്? ക്രിസ്തു തന്റെ—തന്റെ പ്രവർത്തികളുടെ നാളുകളിൽ വെളിപ്പെടുത്തുന്നതാകുന്നു. ഇത് അവന്റെ പ്രവർത്തനങ്ങളാൽ നിറഞ്ഞതാണ്, അത് ഈ പുസ്തകമാകുന്നു. കൂടാതെ ഇത് ക്രിസ്തു നൽകിയ ഒരു—ഒരു പ്രവചന ഗ്രന്ഥമാകുന്നു,

അത് ദൈവം തന്റെ ദൂതൻ മുഖാന്തരം നമുക്കു നൽകിയത്, യോഹന്നാൻ എഴുതിയതാകുന്നു. അങ്ങനെ ഇത് വായിക്കുകയോ അല്ലെങ്കിൽ ഇത് വായിക്കുന്നത് കേൾക്കുകയോ ചെയ്യുന്ന എല്ലാവർക്കും ഒരു അനുഗ്രഹം ആകുന്നു, കാരണം—കാരണം ഇതെല്ലാം നിവൃത്തിയാകുന്ന സമയം അടുത്തിരിക്കുന്നു.

160 ഇപ്പോൾ നല്ല ഒരു ക്രമീകരണം ലഭിച്ചിരിക്കുന്നു. കൂടാതെ ഓർക്കുക, നാം സഭയെ ഓർമ്മയിൽ വച്ചിരിക്കുന്നു. ഒരു വശത്ത്, സഭയുടെ ആരംഭമാകുന്നു; മറുവശത്ത്, സഭ അവസാനിക്കുന്നതുമാകുന്നു. അതിലും കൂടുതലായി, തിങ്കളാഴ്ച രാത്രി, നാം സഭായുഗങ്ങളിലേക്ക് കടക്കുന്നതാണല്ലോ.

> *യോഹന്നാൻ ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നതു: നിങ്ങൾക്കു കൃപയും, സമാധാനവും, ഉണ്ടാകട്ടെ, ഇരിക്കുന്നവനും,...ഇരുന്നവനും വരുന്നവനുമായവങ്കൽ നിന്നും, വരുന്നവനുമായവങ്കൽ നിന്നും; അവന്റെ സിംഹാസനത്തിന്മുമ്പിലുള്ള ഏഴു ആത്മാക്കളുടെ പക്കൽ* നിന്നും *നിങ്ങൾക്കു കൃപയും, സമാധാനവും, ഉണ്ടാകട്ടെ.*

161 ഇപ്പോൾ നാം പ്രതിരൂപങ്ങളുടെ നിഗൂഢവും ആഴമേറിയതുമായ ഭാഗങ്ങളിലേക്ക് കടക്കുകയാണ്. ഇത് അഭിസംബോധന ചെയ്യുന്നത് ആസ്യയിലെ ഏഴു സഭകളോടാകുന്നു. അവർക്ക്—അവർക്ക്...ഈ—കാലഘട്ടങ്ങൾ ഉണ്ടായിരുന്നു, ആ സമയത്ത്, അത് ഭാവിയിൽ വരാനിരിക്കുന്നതായിരുന്നു. അവൻ അവയെ ഉയർത്തുകയും—അവരുടെ പ്രവർത്തികളെയും അവർ ചെയ്തതിനെയും പ്രശംസിക്കുകയും ചെയ്തു. എന്നാൽ, ഇപ്പോൾ, ഇത് അവിടെയുള്ള സഭകളെയാണ് സംബോധന ചെയ്തിരിക്കുന്നത്, ആസ്യയിലെ ഏഴ് സഭകൾ ആകുന്നു.

162 ഇപ്പോൾ, ആസ്യ എന്നത് ആസ്യ മുഴുവൻ ആയിരുന്നില്ല, ആസ്യ ഭൂഖണ്ഡമായിരുന്നില്ല. അതൊരു ചെറിയ ഭാഗം മാത്രമായിരുന്നു. അവർ അവകാശപ്പെടുന്നത്, ഏകദേശം പെൻസിൽവാനിയ സംസ്ഥാനത്തിന്റെ വലിപ്പത്തിലുള്ള ഒരു സ്ഥലമാകുന്നു, നോക്കു, അല്ലെങ്കിൽ അത് പോലെ മറ്റെന്തെങ്കിലും, അല്ലെങ്കിൽ ഇന്ത്യാന; ഈ ഏഴ് സഭകൾ സ്ഥാപിക്കപ്പെട്ടിരുന്ന ഒരു ചെറിയ സ്ഥലമായിരുന്നു. ആ സമയത്ത് അവരേക്കാൾ കൂടുതൽ സഭകൾ അവിടെ ഉണ്ടായിരുന്നു. കൂടാതെ, എന്നാൽ, ഇത് അവരുടെ സ്വഭാവം വെളിപ്പെടുത്തിയിരുന്നു. ഇപ്പോൾ ഞാനിവിടെ വായിക്കുന്നത് അതിന്റെ ചരിത്രത്തിൽ നിന്ന് എന്റെ വായനയിൽ കിട്ടിയതാകുന്നു.

163 "കൂടാതെ അവനും...അത് കേൾക്കുകയും, അല്ലെങ്കിൽ, അത് കേൾക്കാതിരിക്കുകയും ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ."

164 കൂടാതെ—കൂടാതെ ഇപ്പോൾ, ഈ 4-ാം വാക്യത്തിന്റെ സമയത്തേക്ക് നാം അടുത്തുകൊണ്ടിരിക്കുമ്പോൾ ഇവിടെ ചില കാര്യങ്ങൾ നാം വിശദീകരിക്കാൻ ആഗ്രഹിക്കുന്നു. "ഇരിക്കുന്നവനും, ഇരുന്നവനും, വരുന്നവനുമായവങ്കൽ നിന്നും, അവന്റെ സിംഹാസനത്തിനുമുമ്പിലുള്ള ഏഴു ആത്മാക്കളുടെ പക്കൽനിന്നും; അവന്റെ സിംഹാസനത്തിനുമുമ്പിലുള്ള ഏഴു ആത്മാക്കളുടെ പക്കൽനിന്നും." ഇപ്പോൾ, "ആത്മാക്കൾ," നാം പിന്നീട് അതിനെ സമീപിക്കുന്നതാണ്.

165 ഇപ്പോൾ, ഇവിടെ ഇത് പ്രകടിപ്പിക്കുന്നു, നിങ്ങൾ ഇവിടെ ഇത്—ഇത് ശ്രദ്ധിച്ചാൽ ആകുന്നു. കൂടാതെ 7-ാം വാക്യത്തിൽ, അല്ലെങ്കിൽ 8-ാം വാക്യത്തിൽ, അവൻ വീണ്ടും വന്നിട്ട് പറഞ്ഞു, വീണ്ടും പ്രകടിപ്പിക്കുന്നു. ഇപ്പോൾ ശ്രദ്ധിക്കുക. ഏഴ് സഭകളെ അഭിസംബോധന ചെയ്യുന്നു. "ഇരിക്കുന്നവനും, ഇരുന്നവനും, വരുന്നവനുമായവങ്കൽ നിന്നും. ഇരുന്നവനും, ഒരു വട്ടം, ഇപ്പോൾ ആകുന്നു; വരുന്നവനുമാകുന്നു." ഇപ്പോൾ, അവൻ ഇവിടെ തന്റെ മൂന്ന് മടങ്ങായ, തന്റെ മൂന്ന് മടങ്ങായ പ്രവൃത്തിയെ വെളിപ്പെടുത്തുകയാണ്.

166 ഇപ്പോൾ നിങ്ങൾ എട്ടാം വാക്യം എടുക്കുകയാണെങ്കിൽ. നമുക്ക് അതിലേക്ക് വരാം, ഒരു മിനിറ്റിനുള്ളിൽ. നാം 8-ാം വാക്യം എടുക്കുകയാണ്.

> *ഞാൻ അല്ഫയും ഒമേഗയും ആകുന്നു, തുടക്കവും* അവസാനവും, *എന്ന് കർത്താവു അരുളിച്ചെയ്യുന്നു, എന്നു ഇരിക്കുന്നവനും,...ഇരുന്നവനും, വരുന്നവനുമായി, സർവ്വശക്തിയുള്ള ദൈവമായ കർത്താവു അരുളിച്ചെയ്യുന്നു.*

167 ഇപ്പോൾ നാം 4 ഉം 6 ഉം വാക്യങ്ങൾ വീക്ഷണത്തിൽ പിടിക്കുന്നു, അവ രണ്ടും ഒന്നുതന്നെയാണ്. ഒന്ന്, അവൻ പറയുന്നു, "ഇരിക്കുന്നവനും, ഇരുന്നവനും, വരുന്നവനുമായവങ്കൽ നിന്നും." അവൻ എന്താണ് സഭയുടെ മുന്നിൽ വയ്ക്കാൻ ശ്രമിക്കുന്നത്? അവന്റെ ദിവ്യത്വമാകുന്നു. ഇന്ന്, ജനങ്ങൾ അവനെ ഒരു—ഒരു പ്രവാചകൻ ആക്കാൻ ശ്രമിക്കുന്നു. അവൻ ഒരു പ്രവാചകനേക്കാളും വലുതാണ്. കൂടാതെ ചിലർ അവനെ മൂന്ന് ദൈവങ്ങളാക്കാൻ ശ്രമിക്കുന്നു. അവൻ മൂന്ന് ദൈവങ്ങളല്ല. അവൻ മൂന്ന് കാര്യാലയങ്ങളിലായി ജീവിച്ച ഏക ദൈവമാണ്, അതേ ദൈവത്തിന്റെ മൂന്ന് വെളിപ്പെടുത്തലാകുന്നു.

168 ഇപ്പോൾ ഓർക്കുക, ഇതാകുന്നു ആ വെളിപ്പാട്, “ആരെങ്കിലും ഈ പ്രവചന പുസ്തകത്തിലെ വചനത്തിൽ നിന്നും കേൾക്കുകയും അത് പ്രമാണിക്കുകയും ചെയ്യാതിരുന്നാൽ ജീവവൃക്ഷത്തിൽ നിന്നും അവനുള്ള അംശം നീക്കിക്കളയും.” യേശു സ്വയം മൂന്ന് ദൈവങ്ങളായി വെളിപ്പെടുത്തുന്നില്ല, മറിച്ച് ഒരു ദൈവമായും മൂന്ന് കാര്യാലയങ്ങളും ആകുന്നു. ഓ! കുറച്ച് സമയത്തിന് ശേഷം അത് കൂടുതൽ സമ്പന്നമാകാൻ പോകുകയാണ്, നാം സഭാകാലഘട്ടങ്ങളിലേക്ക് പ്രവേശിച്ചിട്ട് അവർക്ക് അത് എവിടെയാണ് നഷ്ടപ്പെട്ടതെന്ന് കാണുന്നതാണ്. ഇത് നിഖ്യാ സമ്മേളനത്തിൽ ഒരു വലിയ പിളർപ്പിന് കാരണമാക്കുകയുണ്ടായി. രണ്ടുകൂട്ടരും ആ വിഷയത്തിൽ നിന്നും വളരെ ആഴത്തിൽ മാറി പോയി.

169 ഈ അവസാന നാളുകളിലും അവർ അതേ കാര്യം തന്നെ ചെയ്തു, അതിപ്രകാരം മുൻ-നിഖ്യാ സമ്മേളനത്തിന് മുമ്പ് നടന്നതുപോലെ വീണ്ടും ആകുന്നു, 'കാരണം അവിടെ മറ്റൊരെണ്ണം ഉണ്ടാകും. അത് ഞാൻ ഇവിടെ നിൽക്കുന്നത് പോലെ ഉറപ്പാണ്, കത്തോലിക്കരും, പ്രൊട്ടസ്റ്റന്റ് സഭക്കാരും ചിലകാര്യങ്ങളിൽ തമ്മിൽ ഐക്യത്തിലാകും, അല്ലെങ്കിൽ തമ്മിൽ പരസ്പരം യോജിക്കും. ഇപ്പോൾ അവിടെയുള്ള കാന്റർബറിയിലെ ആർച്ച് ബിഷപ്പിനെ നോക്കൂ. അതെല്ലാം കൂടി ഒന്നിച്ച് കുമിഞ്ഞുകൂടുന്നു. വേദപുസ്തകത്തിൽ ഒരു ത്രിയേക ദൈവത്തിന്റെ പഠിപ്പിക്കൽ ഇല്ല. ഒരു ദൈവം മാത്രമേയുള്ളൂ.

170 അത് ഇവിടെ വെളിപാടിന്റെ പുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു, അതിനാൽ തിരുവെഴുത്തുകളുടെ മുഴുവൻ പ്രമാണവും ഇവിടെ തെളിയിക്കപ്പെടാൻ ഇടയാകുകയും, ക്രിസ്തു അതിന്മേൽ തന്റെ മുദ്ര പതിപ്പിക്കുകയും ചെയ്യുന്നു. ഇതാകുന്നു അത്. ആരെങ്കിലും ഇതിൽ നിന്നും എടുത്തുകളയുകയോ ഇതിനോട് കൂട്ടിച്ചേർക്കുകയോ ചെയ്താൽ, അവനുള്ള അംശം ജീവന്റെ പുസ്തകത്തിൽ നിന്ന് അത് എടുത്തുകളയും. അതുകൊണ്ട് സ്വാർത്ഥതയോടെയല്ല, തുറന്ന ഹൃദയത്തോടെയും തുറന്ന മനസ്സോടെയും ഇതിനെ സമീപിക്കുക.

171 ഇപ്പോൾ, നിഖ്യാ സമ്മേളനത്തിൽ, അവർ രണ്ട് വലിയ തീരുമാനങ്ങളിൽ എത്തുകയുണ്ടായി. അത്...ഓ, ആദ്യ കാല സഭാപിതാക്കന്മാരുടെ കാലത്ത് അവരിൽ പലർക്കും രണ്ട് തീവ്ര വീക്ഷണങ്ങൾ ഉണ്ടായിരുന്നു. അവരിൽ ഒന്ന് ഒരു ത്രിയേക ദൈവമായിരുന്നു, ത്രിത്വവാദി. അവരിൽ മറ്റൊന്ന് ഒരു—ഒരു ഏകദൈവമായിരുന്നു. അവ രണ്ടും നിലനിൽപ്പിലാകുകയും നേരെ രണ്ട് ശാഖകളായി, *അതിപ്രകാരം* പുറത്തേക്ക് പോകുകയും ചെയ്തു.

ത്രിമൂർത്തികൾ മൂന്ന്-ദൈവങ്ങളുടെ വ്യക്തിയായ ഒരു സ്ഥലമായി മാറി. ഏകത്വം ഒരു അദ്വൈതവാദിയായി മാറുകയും, മറ്റേത് തെറ്റായിരുന്നതിന്റെ അത്രയും തന്നെ ദൂരം ഇതും തെറ്റായിരുന്നു. അങ്ങനെ അവ രണ്ടും രണ്ട് ശാഖകളായി പോകുകയും, എന്നാൽ നേരെ *ഇവിടെ* അതിന്റെ സത്യം വെളിപ്പെടുന്നതുമാകുന്നു.

172 യേശുവിന് തന്റെ സ്വന്തം പിതാവാകാൻ കഴിയുകയില്ല. അതുമല്ല, പരിശുദ്ധാത്മാവിനു പുറത്തായി അവന് ഒരു പിതാവ് ഉണ്ടെങ്കിൽ, പിന്നെ അവൻ അവിഹിത സന്തതിയാണ്. അല്ലാതെ... പരിശുദ്ധാത്മാവ് അവനെ ഗർഭം ധരിച്ചു, ദൈവം തന്റെ പിതാവാണെന്ന് അവൻ പറഞ്ഞു. അതിനാൽ പരിശുദ്ധാത്മാവും ദൈവവും...അതാണ് മത്തായി 1:18. എങ്കിൽ...പരിശുദ്ധാത്മാവും ദൈവവും ഒരേ വ്യക്തിയായിരിക്കണം, അല്ലെങ്കിൽ അവന് രണ്ട് അപ്പന്മാർ ഉണ്ടായിരുന്നു. അവനെ *ഇമ്മാനുവേൽ*, എന്നു വിളിച്ചു അതാകുന്നു, "ദൈവം നമ്മോടുകൂടെ." അവൻ അവകാശപ്പെട്ടു, അവൻ ഇവിടെ ഈ ഭൂമിയിലായിരുന്നപ്പോൾ, അതായത് താനും പിതാവും ഒന്നാകുന്നു.

173 എന്റെ പക്കൽ എല്ലാ തിരുവെഴുത്തുകളും ഇവിടെ എഴുതിയിട്ടുണ്ട് അതിനാൽ നിങ്ങൾക്ക് ഇത് കണ്ടെത്താൻ കഴിയും, അത് നമുക്ക് ഈ—ഈ ചോദ്യം ഉണ്ടെങ്കിലാകുന്നു, അല്ലെങ്കിൽ മറ്റെന്തെങ്കിലും ആകാം.

174 ഇപ്പോൾ, അവൻ ഇവിടെ വെളിപ്പെട്ടപ്പോൾ, അവന്റെ മൂന്ന് മടങ്ങായ വ്യക്തിത്വത്തിന്റെ സ്ഥാനമായി, "ഇരിക്കുന്നവനും, ഇരുന്നവനും, വരുന്നവനുമായി, സർവ്വശക്തിയുള്ള ദൈവമായ കർത്താവ്," ഇപ്പോൾ, അവിടെ മൂന്ന് ദൈവങ്ങളില്ല; ഒരു ദൈവമേ ഉള്ളു.

175 അങ്ങനെ നിഖ്യാ സമ്മേളനത്തിൽ, ഇത് ചെയ്യുന്നതിന് വേണ്ടി, അങ്ങനെ ഇത് ചെയ്യുന്നതിനായി, അവർക്ക് ഒരു ത്രിത്വം എടുക്കേണ്ടി വന്നു, കാരണം റോമക്കാരുടെ ലോകത്ത് അവർക്ക് അനേകം ദൈവങ്ങൾ ഉണ്ടായിരുന്നു. അവർ മരിച്ചുപോയ തങ്ങളുടെ പൂർവ്വികരോട് പ്രാർത്ഥിച്ചിരുന്നു. നമുക്ക് അത് ഉദ്ധരിക്കാൻ കഴിയുന്ന ചരിത്രം എനിക്ക് ഇവിടെ തന്നെ ഉണ്ട്. നോക്കൂ? അവർ മരിച്ചുപോയ തങ്ങളുടെ പൂർവ്വികരോട് പ്രാർത്ഥിച്ചിരുന്നു. അതുകൊണ്ടാണ് അവർക്ക് വിശുദ്ധ സെസീലിയയും വിശുദ്ധ മാർക്കസും, കൂടാതെ ഈ വിശുദ്ധനും, വിശുദ്ധനും, വിശുദ്ധനും, വിശുദ്ധനും, വിശുദ്ധനും, വിശുദ്ധനും ഉള്ളത്.

176 അപ്പോൾ, അപ്പോസ്തലനായ പത്രോസ് പറഞ്ഞു, "ദൈവം ഒരുവനല്ലോ ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ, ആ മനുഷ്യനായ ക്രിസ്തുയേശു തന്നേ." ഒരുവൻ.

177 അവർക്ക് ഒരു ത്രിത്വവാദി ദൈവം ഉണ്ടായിരിക്കണം. അതിനാൽ, അവർക്ക്—അവർക്ക് വ്യാഴം, ചൊവ്വ, ശുക്രൻ എന്നിവ ഉണ്ടായിരുന്നു. "കൂടാതെ അത് ശരിയാകുകയില്ല, എല്ലാം കൂടി ഒരു ദൈവത്തിന്റെ മേൽ ഇടുക," അതിനാൽ അവർ അതിനെ വിഭജിച്ചു, എന്നിട്ട് ദൈവത്തിന്റെ മൂന്ന് മടങ്ങായ കാര്യാലയത്തെ മൂന്ന് വ്യത്യസ്ത ദൈവങ്ങളായി മാറ്റി തീർത്തു.

178 എന്നാൽ അവൻ ഇവിടെ വെളിപാടിൽ, അവൻ ആരാണെന്ന്, വ്യക്തമായി പറയുന്നു. "ഞാൻ ഇരിക്കുന്നവനും, ഇരുന്നവനും, വരുന്നവനുമായി, സർവ്വശക്തിയുള്ള ദൈവമാകുന്നു." നമുക്ക് അത് കുറച്ച് കഴിഞ്ഞ് ഇവിടെ നാം അതിലേക്കു കടക്കുന്നതാണ്, അവൻ പറഞ്ഞു, "ഞാൻ ആൽഫയും ഒമേഗയുമാണ്," എ മുതൽ സെഡ് വരെ, മുഴുവൻ, ആ യവന ഭാഷയിലെ അക്ഷരമാലയാകുന്നു. "താഴ്വരയിലെ താമര, ശാരോനിലെ പനിനീർ പുഷ്പം; പിതാവും, പുത്രനും, പരിശുദ്ധാത്മാവും ആകുന്നു; ഇരിക്കുന്നവനും, ഇരുന്നവനും, വരുന്നവനുമായവൻ ആകുന്നു; ദാവീദിന്റെ വേരും വംശവും ആകുന്നു." അവൻ ദൈവമാകുന്നു, ദൈവം. "കൂടാതെ-..." ഒന്ന് തിമൊഥെയൊസ് 3:16, "ദൈവഭക്തിയുടെ മർമ്മം സമ്മതമാംവണ്ണം വലിയതാകുന്നു: അവൻ ജഡത്തിൽ വെളിപ്പെട്ടു, ദൂതന്മാർക്കു പ്രത്യക്ഷനായി; ലോകത്തിൽ വിശ്വസിക്കപ്പെട്ടു; തേജസ്സിൽ എടുക്കപ്പെട്ടു." ദൈവം! മൂന്നാമതൊരാളോ അല്ലെങ്കിൽ ഒരു പ്രവാചകനോ അല്ല, എന്നാൽ ദൈവം തന്നെ സ്വയം, മനുഷ്യരൂപത്തിൽ പ്രത്യക്ഷനായി. ഇപ്പോൾ, ഇതൊരു വെളിപാടാണ്, ഓർക്കുക.

179 ഇപ്പോൾ, ദൈവം, തുടക്കത്തിൽ, അഗ്നിസ്തംഭത്തിൽ വസിച്ചിരുന്ന മഹാനായ യഹോവയായിരുന്നു, യിസ്രായേലിന്റെ മേൽ തൂങ്ങിക്കിടന്ന്, അവരെ നയിച്ചു. അത് ദൈവം ആയിരുന്നു, ഉടമ്പടിയുടെ ദൂതൻ. മല മുകളിൽ ഇറങ്ങി വരുകയും; പർവ്വതം മുഴുവൻ അഗ്നിയിലാകുകയും ചെയ്തു. പർവ്വതത്തിൽ നിന്ന് അഗ്നി പറന്നു, പത്തു കൽപ്പനകൾ എഴുതി. അവനെ "ദൈവത്തിന്റെ പിതൃത്വം," എന്ന് തന്റെ മക്കളോട് വിളിച്ചിരുന്നു, അത് അവന്റെ തിരഞ്ഞെടുത്ത ജനവിഭാഗമായ, യഹൂദരായിരുന്നു.

180 അതിന് ശേഷം അതേ ദൈവം ഒരു കന്യകയിൽ-ജനിച്ച ശരീരത്തിൽ അതായത് അത് മറിയത്തിന്റെ ഗർഭപാത്രത്തിൽ സൃഷ്ടിക്കപ്പെട്ടതായിരുന്നു, അവൻ മനുഷ്യരുടെ ഇടയിലെന്നപോലെ,

അവന്റെ കൂടാരത്തിൽ വസിക്കുകയും താമസിക്കുകയും ജീവിക്കുകയും ചെയ്തു. അതേ ദൈവം തന്നെ ജഡമായി നമ്മുടെ ഇടയിൽ വസിച്ചു. വേദപുസ്തകം അപ്രകാരം പറയുന്നു. “ദൈവം ക്രിസ്തുവിൽ ആയിരുന്നു.” ശരീരം യേശുവായിരുന്നു. യേശു, “അവനിൽ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിച്ചിരുന്നു.” അവനെ മൂന്ന് വ്യക്തികളാക്കാൻ കഴിയില്ല, ഇപ്പോൾ. മൂന്ന് ദൈവങ്ങളിൽ സ്നാനം നൽകരുത്. ഒരു ദൈവമേയുള്ളൂ. നോക്കൂ? ഒരു ദൈവം. ഇപ്പോൾ, അതേ ദൈവം ജഡമായിത്തീർന്നു.

അവൻ പറഞ്ഞു, “ഞാൻ ദൈവത്തിൽ നിന്ന് വരുന്നു, ഞാൻ ദൈവത്തിലേക്ക് പോകുന്നു.”

181 തന്റെ മരണം, അടക്കം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, അതിൽകൂടെ അവൻ ഭൂമിയിൽ നിന്ന് അപ്രത്യക്ഷനാകുകയും അതിനുശേഷം, ഡമാസ്കസിലേക്കുള്ള വഴിയിൽവെച്ച് പൗലോസ് അവനെ കണ്ടു മുട്ടുകയും, അതുവരെയും അവൻ “ശൌൽ” എന്ന് വിളിക്കപ്പെട്ടിരുന്നു. അപ്പോൾ ഒരു ശബ്ദം അവന്റെ അടുക്കൽ എത്തിയിട്ട്, അവനോട് “ശൌലേ, ശൌലേ, നീ എന്നെ ഉപദ്രവിക്കുന്നതെന്ത് എന്ന് ചോദിച്ചു?”

അവൻ ചോദിച്ചു, “നീ ആരാകുന്നു?”

അവൻ പറഞ്ഞു, “ഞാൻ യേശുവാകുന്നു.”

182 അവൻ അഗ്നിസ്തംഭമായിരുന്നു, ആ അപ്പോസ്തലന്റെ കണ്ണു തുറന്ന ഒരു പ്രകാശമായിരുന്നു. അത് അവനെ തിരിച്ചു കഴിഞ്ഞിരുന്നു. അതേ യേശു വീണ്ടും പിതാവായ ദൈവത്തിങ്കലേക്കു തിരികെ പോകുകയും, പിതാവിങ്കലേക്ക്, വീണ്ടും. ആ കാരണത്താലാണ് അവൻ ഇവിടെ പറഞ്ഞത്, “ഞാൻ സർവ്വശക്തനാകുന്നു,” അവൻ ജഡമാകുന്നതിനു മുമ്പായിരുന്ന അതേ രൂപത്തിൽ ആയിരുന്നു; അവൻ ജീവിച്ചിരുന്ന അവന്റെ ശരീരത്തെ, യേശു എന്നു വിളിക്കുകയും, അത് നമുക്കറിയാവുന്ന ആ മനുഷ്യനായ, യേശുവാകുന്നു.

183 ഇപ്പോൾ, ഇത് ഇപ്രകാരമായിട്ട് നിങ്ങളിൽ വളരെയധികം പ്രിയപ്പെട്ട ഏകനാമക്കാരായ ആളുകൾ, സ്നാനപ്പെടുത്തുന്നത് “യേശു നാമത്തിൽ,” ആകുന്നു അതിൽ നിങ്ങൾക്ക് തെറ്റിയിരിക്കുന്നു. ഇന്ന് നൂറുകണക്കിന് യേശുമാർ ഈ ലോകത്തുണ്ട്, എന്നാൽ ഒരേയൊരു കർത്താവായ യേശുക്രിസ്തു മാത്രമേയുള്ളൂ. അവൻ ക്രിസ്തുവായി ജനിച്ചു. ഒരുപാട് യേശുമാർ ഉണ്ട്. ആ പേരിലുള്ള വളരെയധികം പേരെ ഞാൻ കണ്ടുമുട്ടിയിട്ടുണ്ട്. എന്നാൽ ഒരു കർത്താവായ യേശുക്രിസ്തു മാത്രമേയുള്ളൂ, അവൻ ദൈവമാണ്.

184 കൂടാതെ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവ *പേരുകളല്ല*. അവ ഒരു പേരിലേക്ക് പോകുന്ന തലപ്പേരുകളാണ്. അവർ സ്നാനം കഴിപ്പിക്കുന്നത്, "നാമത്തിലാകുന്നു 'പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന നാമത്തിലാണ്.'" *പിതാവ്* ഒരു പേരല്ല, *പുത്രൻ* ഒരു പേരല്ല, *പരിശുദ്ധാത്മാവ്* ഒരു പേരല്ല. ഇത് "മനുഷ്യൻ" എന്ന മാതിരി ഒരു തലപ്പേരാണ്. അതാകുന്നു അത്, പരിശുദ്ധാത്മാവ് ആകുന്നു. ഒരു മനുഷ്യൻ...അല്ലെങ്കിൽ, ഒരു ആത്മാവ്, പരിശുദ്ധാത്മാവ് ആകുന്നു. എന്നിട്ട് പറയും, "നാമത്തിൽ 'പിതാവിന്റെ നാമത്തിൽ.'" പിതാക്കന്മാരെയും, നിങ്ങളുടെ പുത്രന്മാരുടെ' പുത്രന്മാരെയും നോക്കൂ. ഇവിടെയുള്ള മനുഷ്യരെ നോക്കൂ. നോക്കൂ? "പിതാവ് പുത്രൻ പരിശുദ്ധാത്മാവ്" എന്നത് ഒരു പേരല്ല. ഇത് ഒരു തലപ്പേർ ആയിട്ട് പോകുന്നു "കർത്താവായ യേശുക്രിസ്തു."

185 അപ്രകാരമാണ് അപ്പോസ്തോലിക സഭ, തുടക്കത്തിൽ സ്നാനപ്പെടുത്തിയത്. ഞാൻ ഏതെങ്കിലും വ്യക്തിയോട് അപേക്ഷിക്കുകയാണ് തിരുവെഴുത്തിൽ നിന്നും ഒരു വാചകം അല്ലെങ്കിൽ ചരിത്രത്തിൽ ഒരു വട്ടം, ആരെങ്കിലും എപ്പോഴെങ്കിലും ക്രിസ്തീയ സഭയിൽ മറ്റേതെങ്കിലും വിധത്തിൽ സ്നാനപ്പെട്ടിട്ടുള്ളതായി... കത്തോലിക്കാ സഭ രൂപീകരിക്കുന്നതുവരെ "യേശുക്രിസ്തുവിന്റെ" നാമത്തിൽ അല്ലാതെ സ്നാനപ്പെട്ടിട്ടുള്ളതായി കാണിക്കുക. അവർ "പിതാവും പുത്രനും പരിശുദ്ധാത്മാവും" ഒരു മതവിശ്വാസ പ്രമാണത്തിന് വേണ്ടി അംഗീകരിച്ചു. ഇപ്പോൾ നിങ്ങളുടെ ചരിത്രം എടുത്തുകൊണ്ടു വരിക, കുറച്ചു, ചരിത്രകാരന്മാരെയും കൊണ്ടുവരിക. അതെ. അവിടെ അങ്ങനെ ഒരു കാര്യമേ ഇല്ല. അതായതു 304 **എ.ഡി.**, 304, അതിനുശേഷം, ഒരു ത്രിയേക സ്നാനം ഒരു ത്രിയേക ദൈവത്തിനു വേണ്ടി വന്നു, "പിതാവായ ദൈവം, പുത്രനായ ദൈവം, പരിശുദ്ധാത്മാവായ ദൈവം." ഇത് വിഗ്രഹാരാധനയാണ്.

186 ഈ ആഴ്ച പൂർത്തിയാകുന്നതിനുമുമ്പ്, ഞാൻ അത് ചരിത്ര പുസ്തകങ്ങളിൽ നിന്ന് വായിച്ച് വേദപുസ്തകത്തിലൂടെ നിങ്ങൾക്ക് കാണിച്ചുതരാം. ഇന്ന് രാവിലെ നമ്മൾ വെളിപാടിനെക്കുറിച്ചാണ് സംസാരിക്കുന്നത്, അത് എവിടെയാണ് വരുന്നതെന്നും അത് എങ്ങനെ നിലനിൽക്കാൻ തുടങ്ങി എന്നും തെളിയിക്കുകയാണ്. സത്യത്തിലേക്ക് മടങ്ങുക, സഹോദരാ! നാം അവസാന ദിവസത്തിലാകുന്നു.

187 നാം എഫെസൊസിലെ ആ സഭ വരെ എത്തിയിട്ട് അതിനെ ലവോദിക്യ സഭയുമായി താരതമ്യപ്പെടുത്തുന്നത് വരെ കാത്തിരിക്കുക, അപ്പോൾ അതിനിടയിൽ എന്താണ് സംഭവിച്ചതെന്ന് നോക്കുക.

അത് എങ്ങനെയാണ് അതിൽ ഇഴഞ്ഞു കയറിയതെന്ന് അപ്പോൾ നിങ്ങൾ കാണും. ലൂഥറിന്റെ കാലഘട്ടത്തിലേക്ക് വരുക, പറഞ്ഞു, “നിനക്കു ‘ജീവനുള്ളവൻ’ പേർ ഉണ്ടു, എങ്കിലും നീ മരിച്ചവനാകുന്നു.” *സർദിസ്* എന്ന വാക്കിന്റെ അർത്ഥം തന്നെ “മരിച്ചവൻ” എന്നാകുന്നു. ഇരുണ്ട കാലഘട്ടത്തിന്റെ ആയിരത്തി അഞ്ഞൂറ് വർഷങ്ങളിൽ അവർക്ക് അത് നഷ്ടപ്പെട്ടു പോയി. ആ സമയം വരെ ഓരോ സഭകളും അത് പാലിച്ചു പോന്നു. അതിനുശേഷം അവർക്ക് നിഖ്യാ സമ്മേളനം 606 ൽ ഉണ്ടായി, അപ്പോൾ അവർ ആ പേര് നശിപ്പിച്ചു കളഞ്ഞിട്ട് അതിൽ നിന്ന് മൂന്ന് ദൈവങ്ങളെ ഉണ്ടാക്കി.

188 അവൻ ഇവിടെ പറഞ്ഞു, “ഞാൻ ഇരിക്കുന്നവനും, ഇരുന്നവനും, വരുന്നവനുമായി, സർവ്വശക്തിയുള്ള ദൈവമായ കർത്താവാകുന്നു.” തീർച്ചയായും.

189 ഭൂമിയിൽ അവന് മൂന്ന് മടങ്ങായ വ്യക്തിത്വമുണ്ടായിരിക്കുന്നു. അവൻ ഈ ഭൂമിയിലായിരുന്നപ്പോൾ അവൻ ഒരു മൂന്ന് മടങ്ങായ വ്യക്തിത്വമായിരുന്നു. ഭൂമിയിൽ, അവൻ ഒരു പ്രവാചകനായിരുന്നു. അവനും സ്വർഗ്ഗത്തിലും ആകുന്നു, ഒരു പുരോഹിതൻ ആകുന്നു. അവൻ വീണ്ടും ഭൂമിയിലേക്ക് വരുമ്പോൾ അവൻ ഒരു രാജാവായിരിക്കും. പ്രവാചകൻ, പുരോഹിതൻ, രാജാവ്. ഇരിക്കുന്നവനും, ഇരുന്നവനും, വരുന്നവനുമാകുന്നു. “ഇരിക്കുന്നവൻ,” യേശു ആയിരുന്നു, ഒരു പ്രവാചകൻ. “ഇരിക്കുന്നവൻ ഇപ്പോൾ,” ഒരു പുരോഹിതനാണ്, ആത്മീയ ബലികൾ അർപ്പിക്കുന്നു, നമ്മുടെ ബലഹീനതകളിൽ നമുക്ക് തൊടാൻ കഴിയുന്ന ഒരു മഹാപുരോഹിതൻ, അവനെത്തന്നെ വെളിപ്പെടുത്തുകയും അവൻ നമ്മുടെ ഇടയിലുണ്ടെന്ന് തെളിയിക്കുകയും ചെയ്യുന്നു. പ്രവാചകൻ, പുരോഹിതൻ, രാജാവ്, എന്നാൽ ഒരു ദൈവം.

190 അവൻ ഭൂമിയിലായിരുന്നപ്പോൾ, അവൻ ഒരു പ്രവാചകനായിരുന്നു, വചനമായിരുന്നു. “വിശ്വസ്ത സാക്ഷി,” എന്ന് കുറച്ച് കഴിഞ്ഞ്, വേദപുസ്തകം അവനെ വിളിക്കുന്നു. ഒരു വിശ്വസ്ത സാക്ഷി, പ്രവാചകനാണ്. അവൻ പുരോഹിതനായിരുന്നു, അപ്പോൾ... അവൻ ഇപ്പോൾ പുരോഹിതനാണ്, അവൻ വരുമ്പോൾ അവൻ രാജാവായിരിക്കും.

191 നിങ്ങൾ മുമ്പോട്ട് കടന്നു, വെളിപാട് 15:3, വായിക്കുക നിങ്ങൾക്ക് അത് കാണാൻ കഴിയും വെളിപാട് 15:3. നമുക്ക് ഇവിടേക്ക് തിരിച്ചിട്ടു അവൻ എന്താണെന്ന് നോക്കാം...അവൻ രാജാവാകാൻ പോകുകയാണെങ്കിൽ, അവൻ വരുമ്പോൾ അവൻ രാജാവായിരിക്കും. ഇപ്പോൾ നാം വെളിപാടിലേക്ക് പോയിട്ട്, 15-ാം അധ്യായത്തിന്റെ ഈ—ഈ 3-ാം വാക്യം.

*അവർ ദൈവത്തിന്റെ ദാസനായ മോശെയുടെ പാട്ട് പാടി ചൊല്ലിയതു, കുഞ്ഞാടിന്റെ പാട്ടും പാടി, ചൊല്ലിയതു, സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ പ്രവൃത്തികൾ വല്യതും അത്ഭുതവുമായവ; സർവ്വജാതികളുടെയും രാജാവേ, നിന്റെ വഴികൾ നീതിയും സത്യവുമുള്ളവ:*

192 അവൻ ഭൂമിയിൽ എന്തായിരുന്നു? പ്രവാചകനായിരുന്നു. അവൻ പ്രവാചകനായിരുന്നുവെന്നു ജനങ്ങൾക്ക് എങ്ങനെ മനസ്സിലായി? അവൻ മിശിഹായുടെ അടയാളം ചെയ്തു, അതൊരു പ്രവാചകനായിരുന്നു. ഓ, കർത്താവിന്റെ നാമം വാഴ്ത്തപ്പെടട്ടെ! അവർ എങ്ങനെ അവനെ വിട്ടു കളഞ്ഞു? കാരണം അവർ മറ്റെന്തോ അന്വേഷിക്കുകയായിരുന്നു. അവൻ മിശിഹായുടെ അടയാളം ചെയ്തു, അവർ അത് കേട്ടില്ല. അവൻ ഒരു പ്രവാചകനായിരുന്നു.

193 മോശ പറഞ്ഞു, "നിങ്ങളുടെ ദൈവമായ കർത്താവ് എന്നെപ്പോലെ ഒരു പ്രവാചകനെ ഉയിർപ്പിക്കും. ഈ പ്രവാചകന് നിങ്ങൾ ചെവികൊടുത്തില്ലെങ്കിൽ, അവർ ജനങ്ങളുടെ ഇടയിൽ നിന്ന് ഛേദിക്കപ്പെടും."

194 അവൻ ഭൂമിയിൽ ഒരു പ്രവാചകനായിരുന്നു, ഇപ്പോൾ, കാരണം അവൻ എന്തായിരുന്നു? "ദൈവത്തിന്റെ വചനത്തിന്റെ വിശ്വസ്ത സാക്ഷി ആകുന്നു." ആമേൻ. അവൻ ദൈവത്തിന്റെ വചനം ജഡമായി വെളിപ്പെട്ടതാകുന്നു.

195 വിശുദ്ധ യോഹന്നാൻ, ഒന്നാം അധ്യായം.

*ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടു കൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു.*

*വചനം ജഡമായി തീർന്നു, നമ്മുടെ ഇടയിൽ പാർത്തു,...*

196 അവൻ ദൈവത്തിന്റെ നിത്യവചനത്തിന്റെ സത്യവും വിശ്വസ്തനുമായ സാക്ഷിയായിരുന്നു. അവൻ വചനമായിരുന്നു, ദൈവത്തിന്റെ വചനമായിരുന്നു. കൂടാതെ, വചനമായതിനാൽ, അവൻ ഒരു പ്രവാചകനായിരുന്നു. എന്തുകൊണ്ടെന്നാൽ, ദൈവവത്തിന്റെ വചനം അവനിൽ കൂടെ ഒഴുകിയിരുന്നു. അവന് പറയാനുള്ള ഒരേ ഒരു കാര്യം എന്നത്, "പിതാവു ചെയ്തു കാണുന്നതു അല്ലാതെ, പുത്രനു സ്വതേ ഒന്നും ചെയ്‌വാൻ കഴികയില്ല. ഞാനല്ല ഈ പ്രവർത്തികൾ ഒക്കെയും ചെയ്യുന്നത്. എന്നാൽ എന്നിൽ വസിക്കുന്ന പിതാവത്രെ, അവനാണ് ഈ പ്രവൃത്തികൾ ചെയ്യുന്നത്.

ഞാനും പിതാവും ഒന്നാകുന്നു. എന്റെ പിതാവ് എന്നിൽ വസിക്കുന്നു," ആ മനുഷ്യനായ, ആ കൂടാരമായ, യേശു പറഞ്ഞു.

197 ദൈവത്തിന് നിരവധി സ്ഥാനപ്പേരുകൾ ഉണ്ട്: യഹോവ, യഹോവ-യിരെ, -രാഫ, -മനശ്ശെ. ഓ, അനേകം ആകുന്നു! അവന് ഏഴ് സംയുക്തമായ, വീണ്ടെടുക്കലിന്റെ പേരുകൾ ഉണ്ട്. അവന് നിരവധി തലപ്പേരുകൾ ഉണ്ട്: ശാരോനിലെ പനിനീർ പുഷ്പം, താഴ്വരയിലെ താമര, പ്രഭാത നക്ഷത്രം; പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്. അങ്ങനെ അതെല്ലാമാകുന്നു. എന്നാൽ അവന് ഒരു മാനുഷ്യ നാമമേയുള്ളൂ. ദൈവത്തിന് ഒരു നാമമേ ഉണ്ടായിരുന്നുള്ളൂ, അത് "കർത്താവായ യേശുക്രിസ്തു ആകുന്നു."

198 അവൻ ജനിച്ചപ്പോൾ, ക്രിസ്തുവും, അതാവുമായിരുന്നു. എട്ടു ദിവസം കഴിഞ്ഞ് പരിശുദ്ധാത്മാവ് അവന്റെ പേര് വിളിച്ചു "യേശു." അവന്റെ അമ്മ അവനെ പരിച്ഛേദന ചെയ്തു, അവനെ വിളിച്ചു "യേശു." അവൻ ക്രിസ്തുവായി ജനിച്ചു.

199 അതിപ്രകാരം, ഞാൻ ജനിച്ചത് ഒരു ബ്രൺഹാം ആയിരുന്നു. ഞാൻ ജനിക്കുമ്പോൾ ഞാൻ ഒരു ബ്രൺഹാം ആയിരുന്നു, എനിക്ക് ഒരു പേര് നൽകപ്പെട്ടു "വില്യം."

200 ആമേൻ. അവൻ ക്രിസ്തുവായി ജനിച്ചു, അവൻ രക്ഷകനാകുന്നു. അവന് എട്ട് ദിവസം പ്രായമായപ്പോൾ, അവന് പേര് നൽകി "യേശു." അവൻ മഹത്വത്തിന്റെ കർത്താവായിരുന്നു, വെളിപ്പെട്ടു വന്നത്. അതിനാൽ, അവൻ നമ്മുടെ ഇടയിൽ വെളിപ്പെട്ട, മഹത്വത്തിന്റെ ദൈവമായ കർത്താവായ യേശുക്രിസ്തുവാണ്. ഓ, അവൻ അവിടെയാകുന്നു!

201 ഭൂമിയിൽ, അവൻ പ്രവാചകനായിരുന്നു. മഹത്വത്തിൽ, അവൻ പുരോഹിതനാകുന്നു. അവന്റെ വരവിൽ, അവൻ രാജാവാകുന്നു. ഓ! ഞാൻ അത് ഇഷ്ടപ്പെടുന്നു.

പ്രവാചകൻ, "വചനത്തിന്റെ വിശ്വസ്ത സാക്ഷിയാകുന്നു."

പുരോഹിതൻ, "തന്റെ സ്വന്ത രക്തം ദൈവമുമ്പാകെ ആകുന്നു."

രാജാവ്, "വിശുദ്ധരുടെ രാജാവ് ആകുന്നു." ഇപ്പോൾ, ലോകത്തിന്റെ രാജാവല്ല. അവൻ വിശുദ്ധരുടെ രാജാവാകുന്നു. നമുക്ക് അവർ ജനങ്ങളുടെ മേൽ ഭൂമിയിൽ രാജാക്കന്മാർ ഉണ്ട്. എന്നാൽ നമുക്കും ഒരു രാജാവുണ്ട്, ഒരു, കൂടാതെ ഒരു രാജത്വവുമുണ്ട്. ആ കാരണത്താലാണ് നാം വ്യത്യസ്തമായി പെരുമാറുന്നത്.

202 അതിപ്രകാരം അധിക സമയമായിട്ടില്ല ഞാൻ പറഞ്ഞിരുന്നു, എന്റെ ഭാര്യയെക്കുറിച്ച്, ഞങ്ങൾ ഇവിടെ കടയിലേക്ക്

പോകുകയായിരുന്നു അപ്പോൾ ഞങ്ങൾ ഒരു അത്ഭുതം കാണുകയുണ്ടായി, മിക്കവാറും. അതൊരു വേനൽക്കാലമായിരുന്നു, ഒരു സ്ത്രീ ഒരു വസ്ത്രം ധരിച്ചിരുന്നു. ഞാൻ പറഞ്ഞു, "അതൊരു വിചിത്രമായ കാര്യമാകുന്നു." ഞാൻ പറഞ്ഞു, "എന്റെ പക്കൽ എന്റെ ക്യാമറ ഉണ്ടായിരുന്നെങ്കിൽ, ഞാൻ സ്ത്രീയുടെ ചിത്രം എടുക്കുമായിരുന്നു." നോക്കൂ? കാരണം ഞങ്ങൾ...അത് പാവാട ധരിച്ച് ഞങ്ങൾ കണ്ട ആദ്യത്തെ സ്ത്രീ ആയിരുന്നു, നിങ്ങൾക്കറിയാമോ, അവർ ഒരു സ്ത്രീയെപ്പോലെ വസ്ത്രധാരണം ചെയ്യേണ്ടിയിരുന്നു, ബാക്കിയുള്ള എല്ലാ സ്ത്രീകളെയും പോലെ.

203 അവൾ ചോദിച്ചു, "ശരി, എന്തുകൊണ്ടാണ് ഇത്, ബിൽ, നമ്മുടെ ജനങ്ങൾ വസ്ത്രധാരണം ചെയ്യുന്നത്, അത് നമ്മൾ—നമ്മൾ അങ്ങനെ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നതാണോ?"

204 ഞാൻ പറഞ്ഞു, "അത് നമ്മുടെ ജനങ്ങളല്ല. അത് ദൈവത്തിന്റെ ജനമാണ്. ദൈവജനത്തിന് വിശുദ്ധി ആവശ്യമാണ്."

ചോദിച്ചു, "ശരി, അവർ പള്ളിയിൽ പോകുന്നില്ലേ?"

205 ഞാൻ പറഞ്ഞു, "ഒരു മഹിള അതാ *അവിടെ*, അവർ ഇവിടെയുള്ള ഒരു പള്ളിയിലെ ഗായകസംഘത്തിൽ പാടുന്നവരാണ്."

"ശരി, എങ്കിൽ, പിന്നെ അത് എന്തുകൊണ്ടാണ്?"

206 ഞാൻ പറഞ്ഞു, "കാരണം അവളെ വ്യത്യസ്തമായി പഠിപ്പിച്ചിട്ടില്ല." അത് കൃത്യമായും ശരിയാണ്.

207 അതാണ് ആ ജഡിക സഭ, നാം ഈ ആഴ്ച അതിൽ കടക്കുന്നതാണ്; ആത്മീയ സഭ, ജഡിക സഭ. അവരെല്ലാം അവരുടെ തള്ളയുടെ സഭയിലേക്ക് നേരെ ചാഞ്ഞു പോകുകയാണ്, അതിപ്രകാരം വേദപുസ്തകം, വെളിപാട് 17-ൽ, അവർ ചെയ്യുമെന്ന് പറഞ്ഞിരിക്കുന്നത് പോലെ തന്നെയാകുന്നു. അവർ ഇപ്പോൾ നേരെ തിരികെ വരുകയാകുന്നു, അവർ എല്ലാവരും, അതുപോലെ പ്രവർത്തിച്ചുകൊണ്ട്, സംഘടിക്കുന്നു. "ശരി, ഞങ്ങൾ ഒരു *വിശേഷ*... ഞങ്ങൾ സംഘടിപ്പിക്കുന്നു. ഞങ്ങൾ *ഇത്* ആകുന്നു കൂടാതെ ഞങ്ങൾ *അത്* ആകുന്നു." ആദിയിൽ അങ്ങനെയല്ലായിരുന്നു. സഭയിൽ നിന്ന് എല്ലാ അധികാരവും എടുത്ത് ഒരു ബിഷപ്പിന്റെയോ അല്ലെങ്കിൽ ഒരു മാർപാപ്പയുടെയോ മേൽ വയ്ക്കുന്നു. ദൈവം തന്റെ സഭയിൽ, തന്റെ ജനത്തിന്റെ ഇടയിൽ ആകുന്നു, സാധാരണക്കാരിലൂടെയും എല്ലായിടത്തും സ്വയം വെളിപ്പെടുത്തുന്നു, ഇപ്പോൾ. എന്നാൽ ഈ ദിവസത്തിൽ...

അവൾ ചേദിച്ചു, "ശരി, നമ്മൾ അമേരിക്കക്കാരല്ലേ?"

208 ഞാൻ പറഞ്ഞു, "അല്ല. നമ്മൾ ഇവിടെ ജീവിക്കുന്നു, എന്നാൽ നമ്മൾ അമേരിക്കക്കാരല്ല. നമ്മൾ ക്രിസ്ത്യാനികളാണ്. നമ്മുടെ രാജത്വം മേലെയാകുന്നു."

209 അങ്ങനെ നമ്മുടെ ജീവിതങ്ങൾ അവിടെ മേലെ നിന്നാണ് വരുന്നതെങ്കിൽ, പിന്നെ നമ്മൾ അതുപോലെയാണ് പെരുമാറുന്നത്. കാരണം, നാം വരുന്നത്...നമ്മുടെ ജീവൻ ഒരു വിശുദ്ധ സ്ഥലത്ത് നിന്നാണ് വരുന്നത്. ഇത് വ്യത്യസ്തമായി കാണപ്പെടുന്നു. ഇത് വ്യത്യസ്തമായ വസ്ത്രധാരണമാണ്. അവിടെ മേലെയുള്ള സ്ത്രീകൾക്ക് നീണ്ട മുടിയുണ്ട്. അത് മാത്രമല്ല അവർ മുഖത്ത് ചായം പൂശുന്നില്ല. കൂടാതെ—കൂടാതെ അവർ ഇറക്കം കുറഞ്ഞ നിക്കറുകൾ ധരിക്കുന്നില്ല. അവർ—അവർ കീഴ്വരെയുള്ള വസ്ത്രങ്ങൾ ധരിക്കുന്നു, നീണ്ട കുപ്പായങ്ങളും വസ്ത്രങ്ങളും മറ്റുമാകുന്നു. അവർക്ക് നീളമുള്ള മുടിയും, അതുപോലെയുള്ള കാര്യങ്ങളും ഉണ്ട്. അങ്ങനെ അതിന്റെ—അതിന്റെ സ്വഭാവം, അവിടെ മേലെ നിന്നാകുന്നു, അത് തിരികെ നമ്മുടെ മേൽ പ്രതിഫലിപ്പിക്കുന്നു.

210 അവരുടെ പുരുഷന്മാർ പുകവലിക്കുകയോ, ചവയ്ക്കുകയോ, കള്ളം പറയുകയോ, മോഷ്ടിക്കുകയോ ചെയ്യുന്നില്ല. അവർ വരുന്നത്, അവരുടെ ആത്മാക്കൾ, ഒരു വിശുദ്ധ സ്ഥലത്ത് നിന്ന് വരുന്നു, അത് അവരെ വിശുദ്ധമായി പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നു. പരസ്പരം സഹോദരങ്ങളായി തിരിച്ചറിയുന്നു. ഊ-ഹ. അത്രയേയുള്ളൂ.

211 ഞങ്ങൾ ഒരു രാജത്വത്തിൽ നിന്നാകുന്നു, കൂടാതെ നമുക്ക് ഒരു രാജാവുണ്ട്. അവൻ വിശുദ്ധന്മാരുടെ രാജാവാണ്. കൂടാതെ *വിശുദ്ധൻ* എന്ന വാക്ക് വന്നിരിക്കുന്നത് ഈ വാക്കിൽ നിന്നാണ് "വിശുദ്ധീകരിക്കപ്പെട്ടവർ." ഒരു വ്യക്തി വിശുദ്ധീകരിക്കപ്പെടുമ്പോൾ, ക്രിസ്തു, പരിശുദ്ധാത്മാവ് ആ ഹൃദയത്തിലേക്ക് കടന്നു വരുകയും അവരുടെ മേൽ രാജാവാകുകയും ചെയ്യുന്നു. ഓ, എന്റെ! അത് വീട്ടിൽ എത്തേണ്ടത് ആവശ്യമാകുന്നു. ഓ! ദൈവത്തിന്റെ വിശുദ്ധീകരിക്കപ്പെട്ട പാത്രമാകുമ്പോൾ...ക്രിസ്തുവും, രാജാവുമായ, ആ പരിശുദ്ധാത്മാവ്, അകത്തേക്ക് കടന്നു വരുന്നു. അങ്ങനെ അവൻ... ഒരു രാജാവിന് അവന്റെ ആധിപത്യമുണ്ട്. ആമേൻ. നിങ്ങളുടെ മുഴുവൻ വ്യക്തിത്വവും ഭരിക്കുന്നത് വിശുദ്ധന്മാരുടെ രാജാവാണ്. ഒരു രാജത്വം! ഭൂമിയിലെ എല്ലാ രാജത്വങ്ങളും കുലുക്കപ്പെടുകയും, അണുശക്തിയാൽ തകർക്കപ്പെടുകയും ചെയ്യും. എന്നാൽ വേദപുസ്തകം പറയുന്നു, "ആകയാൽ ഇളകാത്ത രാജ്യം നാം പ്രാപിച്ചിരിക്കുന്നു." ആമേൻ. അവിടെ അവൻ, വിശുദ്ധന്മാരുടെ രാജാവാകുന്നു.

212 നിങ്ങൾ ക്രിസ്തുവിന്റെ ചിഹ്നങ്ങൾ, വേദപുസ്തകത്തിലെയും, അതോടൊപ്പം, ഇവിടെ ഭൂമിയിലെയും ശ്രദ്ധിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഭൂമിയിൽ അവൻ ഒരു പ്രവാചകനായിരുന്നു. നിങ്ങൾ അത് വിശ്വസിക്കുന്നുണ്ടോ? ഒരു പ്രവാചകൻ വചനമാകുന്നു. അത് നമുക്കറിയാം. ഈ വാക്കായ *പ്രവാചകൻ* അർത്ഥമാക്കുന്നത് "വചനത്തിന്റെ ഒരു ദിവ്യ വ്യാഖ്യാതാവ് എന്നാകുന്നു." ദൈവിക വചനം എഴുതപ്പെട്ടിരിക്കുന്നു, പ്രവാചകന്റെ പക്കൽ ദൈവത്തിന്റെ ദിവ്യാത്മാവ് അവന്റെ ഉള്ളിൽ ഉണ്ടായിരിക്കുന്നു. കൂടാതെ, നിങ്ങൾക്ക് അറിയാമോ, പഴയ നിയമത്തിലെ പ്രവാചകനെ "ദേവൻ" എന്ന് വിളിച്ചിരുന്നു. അത് എത്ര പേർക്ക് അറിയാമായിരുന്നു?

213 യേശു പറഞ്ഞു, "ദൈവത്തിന്റെ അരുളപ്പാടു ഉണ്ടായിട്ടുള്ളവരെ ദേവന്മാർ എന്നു പറഞ്ഞു എങ്കിൽ...നിങ്ങളുടെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നില്ലയോ, അവർ...നിങ്ങൾ ദേവന്മാർ ആകുന്നു'? അവർ അവരെ 'ദേവന്മാർ,' എന്ന് വിളിച്ചെങ്കിൽ ദൈവത്തിന്റെ വചനം ആരുടെ പക്കലാണ് എത്തുന്നത്, പ്രവാചകന്റെ അടുക്കലാകുന്നു, പിന്നെ ഞാൻ ദൈവപുത്രനാണെന്ന് പറയുമ്പോൾ നിങ്ങൾ എന്നെ എങ്ങനെ കുറ്റം വിധിക്കും?"

214 കാരണം, അവൻ വിളിക്കപ്പെട്ടു "ദേവൻ," കാരണം അവൻ ദൈവവചനം അവന്റെ ഉള്ളിലാക്കി വഹിച്ചിരുന്നു, **ഇത് യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു.** ആ കാരണത്താൽ, ഈ വാക്കായ *പ്രവാചകൻ* അർത്ഥമാക്കുന്നത് ഒരു, "അവന്റെ—അവന്റെ വ്യാഖ്യാനം കൂടിച്ചേരാനുള്ളതല്ല." നോക്കൂ? ദൈവം പറയുന്നെങ്കിൽ...അവൻ പറയുന്നു, "നിങ്ങളുടെ ഇടയിൽ ഒരു ആത്മീയനോ, അല്ലെങ്കിൽ ഒരു പ്രവാചകനോ ഉണ്ടെങ്കിൽ, യഹോവയായ ഞാൻ അവനോട് സംസാരിക്കും. അവൻ പറഞ്ഞ അടയാളമോ അത്ഭുതമോ സംഭവിക്കയും ചെയ്താൽ, പിന്നെ അവനെ കേൾക്കുക, കാരണം ഞാൻ അവനോടു കൂടെയുണ്ട്. എന്നാൽ അത് സംഭവിക്കുന്നില്ലെങ്കിൽ, അവനെ കേൾക്കരുത്; ഞാൻ അവനെ അയച്ചിട്ടില്ല." അപ്രകാരമാണ് നിങ്ങൾ അത് അറിയുന്നത്. അതിനുശേഷം, നിങ്ങൾ നോക്കു, വചനത്തിന്റെ ദിവ്യ വ്യാഖ്യാനം സഭയ്ക്കുള്ള ഈ അവസാനത്തെ വെളിപ്പെടുത്തലുമായി പൊരുത്തപ്പെടണം.

215 അവൻ ദൈവമാകുന്നു, സർവ്വശക്തനാകുന്നു. ഈ ഭൂമിയിൽ, അവൻ ഒരു പ്രവാചകൻ ആയിരുന്നു, അതൊരു കഴുകൻ ആകുന്നു. ഒരു പ്രവാചകനെ കഴുകനായി കണക്കാക്കപ്പെട്ടിരിക്കുന്നു എന്ന് എത്ര പേർക്കറിയാം?

216 ഒരു കഴുകൻ പക്ഷികളിൽ നമുക്കുള്ളതിൽ വച്ചേറ്റവും ശക്തിയുള്ള പക്ഷിയാണ്, ഏറ്റവും ശക്തിയുള്ളതാകുന്നു. അവയിൽ ചിലതിന്റെ ചിറകുകൾ തന്നെ, അറ്റം മുതൽ അറ്റം വരെ പതിനാലടി നീളത്തിൽ വിരിക്കാനാവുതാണ്. അവനു അത്രയധികം ഉയരത്തിൽ ഒരു പറക്കൽ എടുക്കാൻ കഴിഞ്ഞിട്ട് മറ്റേതെങ്കിലും പക്ഷി അവനെ പിന്തുടരാൻ ശ്രമിച്ചാൽ, അവൻ പൊട്ടി തകർന്നുപോകും, അവനിൽ നിന്ന് തൂവലുകൾ പൊഴിഞ്ഞു വീഴുകയും അവൻ ശിഥിലമായി പോകുകയും ചെയ്യും. കാരണം എന്തു കൊണ്ടാണ്? അവൻ വിശേഷമായി നിർമ്മിക്കപ്പെട്ടതാണ്. അവൻ അത്രയും ഉയരത്തിൽ അവിടെ ആയിരിക്കുമ്പോൾ അവൻ എന്താണ് ചെയ്യുന്നതെന്ന് കാണാൻ കഴിയുന്നില്ലെങ്കിൽ അത് അതിനു എന്ത് പ്രയോജനമാണ് ചെയ്യുന്നത്? ഒരു പരുന്തിന്റെ കണ്ണിനെക്കുറിച്ചാണോ പറയുന്നത്? നിങ്ങൾ ഒരു കഴുകന്റെ കണ്ണ് കാണേണ്ടതാകുന്നു.

217 ഒരു പരുന്തിന്, ഒരു കോഴിയെ കാണാൻ ഇടയുണ്ടായേക്കാം. അത് ശരിയാണ്. ഇന്നത്തെ ചില പരുന്തുകളിൽ ചിലതിന്റെ കാര്യവും അതാണ്. ഊ-ഹ. എന്നാൽ, ഞാൻ നിങ്ങളോട് പറയട്ടെ, ഒരു കഴുകൻ അത്രയും ഉയരത്തിൽ പോയിട്ട്, ഒരു പരുന്ത് അവനെ പിന്തുടരാൻ ശ്രമിച്ചാൽ, അത് മരിച്ചുപോകും. അതിന് ശ്വാസം മുട്ടിപോകും. കഴുകൻ പറന്നു ചെല്ലുന്ന ആ മണ്ഡലങ്ങളിൽ അവനു കടന്നു ചെല്ലാൻ കഴിയില്ല.

218 അതുകൂടാതെ അവനു അതുപോലുള്ള ഒരു കണ്ണ് ഉണ്ടായിട്ടു, അവൻ ഏറ്റവും മുകളിൽ അവിടെ എത്തുമ്പോൾ അവനു അത്രയും ദൂരം വരെ കാണാൻ കഴിയും. അതുകൊണ്ട് ആ കാരണത്താലാണ് ദൈവം തന്റെ *പ്രവാചകന്മാരെ*, വിളിച്ചത് "കഴുകന്മാർ." അവന് അവിടെ വരെ ചെന്നെത്താൻ കഴിയും, അവൻ ഒരു കഴുകനാണ്. അവന് വളരെ ദൂരം വരെ, കാണാൻ കഴിയും.

219 അങ്ങനെ ഈ ഭൂമിയിൽ, ക്രിസ്തു, ഒരു കഴുകനായിരുന്നു. അവൻ മരിച്ചപ്പോൾ, അവൻ ഒരു പുരോഹിതനായിരുന്നു, അങ്ങനെ അത് അവനെ ഒരു കുഞ്ഞാടാക്കി. അതു ശരിയല്ലേ? അവൻ വീണ്ടും വരുമ്പോൾ, അവൻ രാജാവാണ്, അതിനാൽ അവൻ ഒരു സിംഹമായിരിക്കും, ആമേൻ, യഹൂദ ഗോത്രത്തിന്റെ സിംഹം. ആമേൻ. അവൻ ഒരു കഴുകൻ, ഒരു കുഞ്ഞാട്, കൂടാതെ ഒരു സിംഹം ആകുന്നു; ആമേൻ; പിതാവും, പുത്രനും, പരിശുദ്ധാത്മാവും ആകുന്നു; പ്രവാചകൻ, പുരോഹിതൻ, പിന്നെ രാജാവും ആകുന്നു; അവൻ ഇരിക്കുന്നവനും, ഇരുന്നവനും, വരുവാനിരിക്കുന്നവനും ആകുന്നു; സർവ്വശക്തൻ;

ആൽഫയും ഒമേഗയും, തുടക്കം മുതൽ അവസാനം വരെ, നിത്യനായ ദൈവം ആകുന്നു.

220 നിങ്ങളോട് ചോദിക്കാൻ ആഗ്രഹിക്കുന്നു, അത് നിങ്ങളിൽ ചില വിലയേറിയ കത്തോലിക്കരായ ജനങ്ങളോടാകുന്നു, ഇപ്രകാരം വിളിക്കുന്നവരോടാകുന്നു അതായത്, "ദൈവത്തിന്റെ നിത്യ പുത്രത്വം; ദൈവത്തിന്റെ, ദൈവവുമായുള്ള യേശുക്രിസ്തുവിന്റെ നിത്യ പുത്രത്വം." നിങ്ങൾക്ക് എങ്ങനെ അത്തരമൊരു വാക്ക് പറയാൻ കഴിയും? ഞാൻ ഒരു പാവയാണ്, വെറും ഒരു ഏഴാം ക്ലാസ് വിദ്യാഭ്യാസമുള്ളവൻ, പക്ഷേ എനിക്ക് അതിനേക്കാൾ നന്നായി അറിയാം. പുത്രൻ എന്ന വാക്കിന് ഒരു ആരംഭം ഉണ്ടായിരിക്കണം. അതുകൊണ്ട് അവന് എങ്ങനെ നിത്യനായിരിക്കെ ഒരു പുത്രനുമാകാൻ കഴിയും? നിത്യതയ്ക്ക് തുടക്കമോ അല്ലെങ്കിൽ അവസാനമോ ഇല്ല. അതുകൊണ്ട്, അവന് ഒരു പുത്രനാകാൻ കഴിയില്ല, ഒരു നിത്യ പുത്രൻ, എന്നിട്ട് ഒരു തുടക്കവും, കാരണം നിത്യപുത്രൻ എന്ന ഒരു കാര്യമേ ഇല്ല. ഒരു പുത്രന് ഒരു തുടക്കമുണ്ടായിരിക്കുന്നു, അതിനാൽ അവന് നിത്യനാകാൻ കഴിയില്ല.

221 നിങ്ങൾ കാണുന്നുണ്ടോ, അവൻ നിത്യനായ ദൈവമാണ്, നിത്യനായ പുത്രനല്ല. ദൈവത്തിനു സ്തുതിയായിരിക്കട്ടെ! സർവ്വശക്തൻ, യഹോവ-യിരേ, യഹോവ-റാഫ, ജഡത്തിൽ വെളിപ്പെട്ടു, "അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നതു."

222 പെന്തക്കോസ്ത് നാളിൽ, ആ അഗ്നിസ്തംഭം ജനങ്ങളുടെ മേൽ ഇറങ്ങിവന്നപ്പോൾ, നിങ്ങൾ ശ്രദ്ധിച്ചോ, അത് സ്വയം വേർപിരിഞ്ഞു? ഓരോരുത്തരുടേയും മേൽ അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ പതിഞ്ഞു. അഗ്നി, പിളർന്നിരിക്കുന്ന നാവുകൾ പോലെ, ഓരോരുത്തരുടേയും മേൽ പതിഞ്ഞു. ദൈവം എന്തു ചെയ്യുകയായിരുന്നു? സ്വയം തന്നെത്തന്നെ സഭയിലേക്ക് വേർപെടുത്തി, ഓരോരുത്തർക്കും ഇടയിൽ, സ്ത്രീകൾക്കും, പുരുഷന്മാർക്കും, അങ്ങനെ എല്ലാവരെയും നൽകിക്കൊണ്ട് ആയിരുന്നു; അത് അവന്റെ ആത്മാവിന്റെ ഭാഗമായിരുന്നു, അവന്റെ സഭയ്ക്കിടയിൽ സ്വയം തന്നെത്തന്നെ വിഭജിച്ചു.

223 ഒരു മനുഷ്യന് എങ്ങനെ വന്ന് പറയാൻ കഴിയും, "വിശുദ്ധ മനുഷ്യൻ മാർപ്പാപ്പയാകുന്നു. വിശുദ്ധ മനുഷ്യൻ ബിഷപ്പാകുന്നു"? വിശുദ്ധ മനുഷ്യൻ ക്രിസ്തുവാകുന്നു, നമ്മിലുള്ള പരിശുദ്ധാത്മാവാകുന്നു. സാധാരണക്കാർക്ക് പറയാൻ യാതൊരു വാക്കുമില്ലെന്ന് നിങ്ങൾക്ക് എങ്ങനെ പറയാൻ കഴിയും? നിങ്ങൾക്ക് ഓരോരുത്തർക്കും പറയുന്നതിനായി എന്തെങ്കിലുമുണ്ട്. നിങ്ങൾക്ക്

ഓരോരുത്തർക്കും പ്രവർത്തിക്കുന്നതിനായി എന്തെങ്കിലുമുണ്ട്. നിങ്ങൾക്ക് ഓരോരുത്തർക്കും എടുത്തു കൊണ്ട് പോകുന്നതിനായിട്ട് ഒരു സന്ദേശമുണ്ട്. ദൈവത്തിനു സ്തോത്രം!

224 പെന്തക്കോസ്ത് നാളിൽ പരിശുദ്ധാത്മാവ് സ്വയം വേർപിരിച്ച് അവരുടെ മേൽ പതിഞ്ഞു. ദൈവം, സ്വയം തന്നെത്തന്നെ വേർപെടുത്തുന്നു. "അന്നാളിൽ നിങ്ങൾ അറിയും ഞാൻ എന്റെ പിതാവിലും, പിതാവ് എന്നിലും; ഞാൻ നിങ്ങളിലും, നിങ്ങൾ എന്നിലും ആകുന്നു."

225 "ആ നാളിൽ," പരിശുദ്ധാത്മാവ്, "എല്ലാവർക്കും മേലെ, എല്ലാവരിലും, എല്ലാവരിൽ കൂടെയും ആകും." ആമേൻ. ഇത് അവിടെ ആകുന്നു. പരിശുദ്ധാത്മാവിന് താൻ ആഗ്രഹിക്കുന്ന എവിടേയ്ക്കും, താൻ ആഗ്രഹിക്കുന്ന ആരുടെ മേലും സഞ്ചരിക്കാൻ അവകാശമുണ്ട്. നിങ്ങൾക്ക് അതിനു വേണ്ടി ഏതെങ്കിലും ബിഷപ്പോ അല്ലെങ്കിൽ ഏതെങ്കിലും വൈദികനോ പറയുന്നത് എടുക്കേണ്ടതിന്റെ ആവശ്യമില്ല. അവൻ നമ്മുടെ ഏക പുരോഹിതനാണ്, ശരിയാണ്, ഒരു മഹാപുരോഹിതൻ ആകുന്നു. ഇപ്പോൾ: പ്രവാചകൻ, പുരോഹിതൻ, കൂടാതെ രാജാവ് ആകുന്നു.

226 ഇപ്പോൾ:

> *കൂടാതെ...യേശുക്രിസ്തുവിങ്കൽ നിന്നും, വിശ്വസ്തസാക്ഷിയും,... മരിച്ചവരിൽ ആദ്യജാതനും,...* (നാം അതിൽ കടക്കുന്നതാണ്.) *...ഭൂരാജാക്കന്മാർക്കു അധിപതിയും. നമ്മെ സ്നേഹിക്കുന്നവനും, നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു,*

227 അവിടെ *കഴുകി* എന്ന വാക്ക്, യഥാർത്ഥത്തിൽ, യവന ഭാഷയിൽ, അർത്ഥമാക്കുന്നത് "സ്വതന്ത്രമാക്കൽ എന്നാകുന്നു." അവൻ നമ്മെ നമ്മുടെ പാപങ്ങളിൽ നിന്ന് ഒഴിവാക്കി...നമ്മുടെ പാപത്താൽ, നാം ഭൂമിയുമായി ബന്ധിക്കപ്പെട്ടിരുന്നു. നമുക്ക് കാണാൻ കഴിഞ്ഞില്ല, കേൾക്കാൻ കഴിഞ്ഞില്ല, സ്വർഗ്ഗത്തെക്കുറിച്ചുള്ള സങ്കൽപ്പമോ അല്ലെങ്കിൽ യാതൊന്നുമോ ഉണ്ടായിരുന്നില്ല. എന്നാൽ രക്തം താഴേക്ക് ഇറങ്ങി വന്നപ്പോൾ, അത് ചരട് മുറിച്ചു കളയുകയും നാം അഴിച്ചു വിടപ്പെടുകയും ചെയ്തു. ഓ!

228 ഒരിക്കൽ ഞാൻ ഒരു കഥ വായിച്ചു, അത്...നന്നായി ഇവിടെ ചേർന്നേക്കാൻ ഇടയുണ്ട്. ഒരു കർഷകൻ ഒരു കാക്കയെ പിടിച്ചു കെട്ടിയിട്ടു. അവൻ പറഞ്ഞു, "ഞാൻ മറ്റുള്ള കാക്കകളെ ഒരു പാഠം പഠിപ്പിക്കും." അങ്ങനെ അവൻ കാക്കയെ, ഒരു കാലിൽ, ഒരു നീണ്ട

ചരടുകൊണ്ട് കെട്ടിയിട്ടിരുന്നു, അങ്ങനെ ആ പാവം ജീവി മരിക്കാറായി കിടന്നിരുന്നു. അവൻ വളരെ ദുർബലനായിരുന്നു, അതിന് കഷ്ടിച്ചേ അവിടെ ചുറ്റുപാടുമായി നടക്കാൻ തന്നെ കഴിഞ്ഞിരുന്നുള്ളൂ.

229 അതാണ് കാര്യം, ചില സഭാസംഘടനകളും സഭകളും കൂടി, ജനങ്ങളെ കെട്ടിയിട്ടിരിക്കുകയാണ്. "ഒട്ടും കഴിയില്ല! ശരി, *ഇത്* ആകുന്നു നിങ്ങൾക്ക് പോകാൻ കഴിയുന്ന ദൂരം. അത്ഭുതങ്ങളുടെ നാളുകൾ പൊയ്ക്കഴിഞ്ഞിരിക്കുന്നു." അതെ. നിങ്ങൾ ബന്ധിക്കപ്പെട്ടിരിക്കുന്നു. അത്രമാത്രം. "പരിശുദ്ധാത്മാവ് എന്നൊരു കാര്യമേ ഇല്ല. അവൻ പഴയതുപോലെ അന്യഭാഷകളിൽ സംസാരിക്കുന്നില്ല."

230 അവൻ ദൈവമാകുന്നു. "അവൻ ഇന്നലെയും ഇന്നും എന്നേക്കും അനന്യനാകുന്നു," എബ്രായർ 13:8, അവൻ എല്ലാ സഭകളിലും ജീവിക്കുന്നു. ഇന്ന് രാവിലത്തെ ക്രമീകരണത്തിന് ശേഷം ഞങ്ങൾ അതിലേക്ക് കടക്കുന്നതാണ്. നോക്കൂ? അവൻ എല്ലാ സഭാകാലഘട്ടങ്ങളിലും, ജീവിക്കുന്ന ദൈവമാകുന്നു. അവൻ എല്ലാ സഭാകാലഘട്ടങ്ങളിലും ജീവിക്കുന്നു, അവന്റെ ജനങ്ങളിൽ അവൻ ജീവിക്കുന്നു...നിത്യതയ്ക്കായി. കാരണം, നമുക്കിപ്പോൾ, നമ്മുടെ ഉള്ളിൽ, നിത്യജീവൻ ഉണ്ടായിരിക്കുന്നു.

231 അതിനാൽ, ഈ മതവിഭാഗം അവനെ കെട്ടിയിട്ടു, നോക്കൂ, "ശരി, അത്ഭുതങ്ങളുടെ നാളുകൾ കഴിഞ്ഞിരിക്കുന്നു. ദൈവിക രോഗശാന്തി എന്ന ഒരു കാര്യം തന്നെ ഇല്ല." ആ പാവം പിടിച്ച ജീവി വേച്ചു വേച്ചു നടക്കുകയും അത് അത്രയുമായിട്ട് അതിന് നടക്കാൻ പോലും കഴിയാത്തവിധം അത്രയും കഷ്ടം പിടിച്ച നിലയിലായിരുന്നു.

232 അങ്ങനെ ഒരു ദിവസം ഒരു നല്ല മനുഷ്യൻ അത് വഴി കടന്നു പോകുകയും, അവൻ പറഞ്ഞു, "നിങ്ങൾക്കറിയാമോ, ആ പാവം പിടിച്ച കാക്കയെ കണ്ടിട്ട്, എനിക്ക് അതിനോട് അത്രമാത്രം സഹതാപം തോന്നുന്നു. എന്നിരിക്കിലും, അതിന് അതിന്റെ ധാന്യം ലഭിച്ചിരുന്നിട്ടുണ്ടാകാം, എന്നാൽ ആ ഒരേ ഒരു രീതിയിൽ കൂടി മാത്രമായിരുന്നു അതിന് ജീവിക്കാനുള്ള മാർഗ്ഗമുണ്ടായിരുന്നത്. അവന് എന്തെങ്കിലും കഴിക്കുന്നതിന് ആവശ്യമുണ്ടായിരുന്നു. അതിനാൽ അവന് യാതൊരു വ്യത്യാസവും അറിയില്ലായിരുന്നു, അവന് അവിടെ പുറത്തായി അവന്റെ ധാന്യം ലഭിച്ചിരുന്നു. അതുകൊണ്ട്..." അതിനുശേഷം അവൻ തന്റെ...അവന്റെ കത്തി പുറത്ത് എടുത്ത് ആ പാവം കാക്കയെ കെട്ടഴിച്ചു വിട്ടു.

233 നിങ്ങൾക്കറിയാമോ, ഇതാ മറ്റുള്ള കാക്കകൾ എല്ലാം അവിടേക്ക് ഓടി വന്നു, അവിടേക്ക് ഓടി വന്നു, എന്നിട്ട് പറഞ്ഞു, "വരൂ, ജോണി കാക്കേ. നമുക്ക് തെക്കോട്ട് പോകാം. തണുത്ത കാലാവസ്ഥ വരുന്നു."

234 എന്താണെന്ന് നിങ്ങൾക്കറിയാമോ? ആ കാക്ക അവിടെ പുറത്തേക്ക് പോകാവുന്നിടത്തോളം അവൻ പോകും. അവൻ പറഞ്ഞു, "എനിക്ക് അത് ചെയ്യാൻ കഴിയില്ല. അതല്ല, അത് ഈ നാളിൽ നമുക്ക് വേണ്ടിയുള്ളതല്ല. ഞങ്ങൾ—ഞങ്ങൾക്ക് അത് ഒട്ടും ചെയ്യാൻ കഴിയില്ല." നോക്കൂ? അവൻ അത്രയും കാലം കെട്ടിയിടപ്പെട്ടിരുന്നിട്ട്, അവൻ അപ്പോഴും കെട്ടിയിട്ടിരിക്കുക തന്നെയാണെന്ന് കരുതിയിരുന്നു. നോക്കൂ?

235 അതേ രീതിയിൽ തന്നെയാണ് വളരെ അധികം ആളുകളും ഇന്ന് ആയിരിക്കുന്നത്, നിങ്ങൾ മതവിശ്വാസങ്ങളാലും സഭാസംഘടനകളാലും, അവിടെ പിന്നിലായുള്ള ആ പഴയ വേശ്യയുടെ മാതാവിൽ നിന്ന് ബന്ധിക്കപ്പെട്ടിരിക്കുകയും, അത് നിങ്ങളോട് പറയുന്നു, അതായത്, "യേശുക്രിസ്തു എന്നേക്കും അനന്യനല്ല. കൂടാതെ രോഗശാന്തി എന്നൊരു കാര്യം തന്നെ ഇല്ല. പരിശുദ്ധാത്മാവിന്റെ സ്നാനം ഇല്ല. അത്തരത്തിലുള്ള യാതൊരു കാര്യങ്ങൾ തന്നെയും ഇല്ല." അവരോട് നീ ഇത് പറയാൻ ശ്രമിക്കുന്നു. നിങ്ങൾ വളരെക്കാലമായി ബന്ധിക്കപ്പെട്ടിരിക്കുന്നതിനാൽ, നിങ്ങൾ ഇപ്പോഴും നിങ്ങൾ ബന്ധിക്കപ്പെട്ടിരിക്കുന്നു എന്ന് തന്നെ കരുതുന്നു.

236 ആ നല്ല മനുഷ്യനായ, ക്രിസ്തു, നമ്മുടെ പാപത്തിൽ നിന്ന് നമ്മെ കഴുകാനും നമ്മെ കെട്ടഴിച്ചു വിടാനും വേണ്ടി തന്റെ രക്തം നമുക്കായി നൽകി. പാപം എന്താകുന്നു? ആരെങ്കിലും എന്നോട് അത് പറയാൻ ഞാൻ ആവശ്യപ്പെടുന്നു. പാപം എന്താകുന്നു? *പാപം* "അവിശ്വാസമാകുന്നു." അത് ശരിയാണ്. "വിശ്വസിക്കാത്തവനു വിശ്വസിക്കായ്കയാൽ ന്യായവിധി വന്നുകഴിഞ്ഞു."

237 നിങ്ങളുടെ പാപം മാത്രമാണ് നിങ്ങളെ സ്വതന്ത്രരാക്കുന്നതിൽ നിന്ന് നിങ്ങളെ തടയുന്നത്. കാരണം നിങ്ങളുടെ അവിശ്വാസത്തിൽ നിന്ന് ദൈവം നിങ്ങളുടെ കെട്ടഴിച്ചു മാറ്റി, പക്ഷേ നിങ്ങളുടെ മതവിശ്വാസങ്ങളുമായി നിങ്ങൾ ഇപ്പോഴും അത്രമാത്രം ബന്ധിക്കപ്പെട്ടിട്ട് നിങ്ങൾ ബന്ധിക്കപ്പെട്ടിരിക്കുന്നു എന്ന് ഇപ്പോഴും കരുതുന്നു. വെറുതെ പട്ടിണി കിടന്ന് മരിക്കുന്നു, നോക്കൂ, വേച്ചു വേച്ചു ചുറ്റി തിരിയുന്നു, "ഞാൻ പ്രെസ്ബിറ്റേറിയൻ ആകുന്നു. ഞാൻ മെഥഡിസ്റ്റാകുന്നു. ഞാൻ ബാപ്റ്റിസ്റ്റാകുന്നു. അവർ എന്നോട് പറയും (ഞാൻ ക്രിസ്തു സഭയാകുന്നു), 'അത്ഭുതങ്ങളുടെ നാളുകൾ കഴിഞ്ഞു. അങ്ങനെ ഒരു കാര്യവും ഇല്ല.'"

238 നീ ആ പാവം പട്ടിണികിടക്കുന്ന കാക്ക ആകുന്നു! എന്തുകൊണ്ടാണ് നിങ്ങൾ ഇന്ന് രാവിലെ കടന്നു വരാത്തത്? എന്തുകൊണ്ടാണ് നിങ്ങൾ പറന്നു പോകാത്തത്? ഹല്ലേലൂയാ! "ഒരു പ്രഭാതത്തിന്റെ ചിറകുകളോടെ എഴുന്നേറ്റിട്ട്, നീതി സൂര്യനിലേക്ക്, അവന്റെ ചിറകുകളിൽ രോഗശാന്തിയോടെ പറന്നുയരുക." ആമേൻ. അതാകുന്നു ഇത്. അതാകുന്നു ഇത്, സഹോദരാ, സഹോദരി. ഓ! "പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും." അതെ, ശ്രീമാൻ!

239 "ശരി, എന്റെ ഇടയൻ..." അതിനെക്കുറിച്ച് ഒന്നുമില്ല. വേദപുസ്തകം പറയുന്നു, "നിങ്ങൾ സ്വതന്ത്രനാണ്." അത് ശരിയാണ്. നിങ്ങൾ ഇപ്പോൾ സ്വതന്ത്രരാകുന്നു.

"എന്റെ സഭ..."

240 ശരി, കെട്ട് അഴിച്ചു മാറ്റി കളയുക. "നമ്മുടെ പാപം പോക്കി നമ്മെ കഴുകി തന്റെ രക്തത്താൽ, നമ്മുടെ സഭാസംഘടനകളിൽ നിന്നും വിട്ടുവിക്കുകയും," നമുക്ക് സ്വയം ചിന്തിക്കാനും സ്വയം പ്രവർത്തിക്കാനും, സ്വയം സംസാരിക്കാനും, നമുക്കുവേണ്ടി പ്രവർത്തിക്കാനും, കഴിയുന്ന തരത്തിൽ നമ്മെ സ്വതന്ത്രരാക്കിയിരിക്കുന്നു.

241 "ശരി, ഞാൻ തിരികെ പോയി പാസ്റ്ററോട് വീണ്ടും സ്നാനമേൽക്കണമെന്ന് പറയുകയാണെങ്കിൽ, അവൻ അത്..."

242 അതിനെക്കുറിച്ച് എന്ത് പറയുന്നു, "നിങ്ങൾ ഇപ്പോൾ സ്വതന്ത്രമാണ്"? ഇത് ഒരു വെളിപാടാണ്, നിങ്ങൾക്കറിയാമോ. ശരി. നിങ്ങൾ സ്വതന്ത്രനാണ്.

243 നിങ്ങൾ ഒരു സ്വൽപ്പം ഉപ്പ് കലക്കിയ വെള്ളം ഉപയോഗിച്ച് തളിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് *ഇപ്രകാരം*, ഒരു നാമത്തിൽ "പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും," എങ്കിൽ ഇവിടെ ഒരു കുളം സജ്ജീകരിച്ചിട്ടിട്ടുണ്ട്, ഇന്ന് രാവിലെ തയ്യാറാണ്, അതിൽ വെള്ളമുണ്ട്. നോക്കൂ? അതെ, ശ്രീമാൻ. അത് ശരിയല്ല.

244 അതിനാൽ, നിങ്ങൾ ഇനി ബന്ധിക്കപ്പെട്ടിട്ടില്ല. നിങ്ങൾ സ്വതന്ത്രനാണ്, പക്ഷേ നിങ്ങൾക്കത് അറിയില്ലായിരിക്കാം. എന്നാൽ ഇന്ന് രാവിലെ ഞാൻ നിങ്ങളോട് ഇത് പറയട്ടെ, വേദപുസ്തകം പറയുന്നു, "യേശുക്രിസ്തുവിന്റെ വെളിപാട് ലഭിക്കേണ്ടതിന് അവൻ നമ്മുടെ പാപങ്ങളിൽ നിന്നും നമ്മുടെ അവിശ്വാസത്തിൽ നിന്നും നമ്മെ മോചിപ്പിച്ചു." പൊയ്ക്കൊള്ളുക സ്വതന്ത്രരാണ് നിങ്ങൾ!... അതിനെക്കുറിച്ച് ഏതെങ്കിലും സഭ പറയുന്നത് സ്വീകരിക്കേണ്ടതില്ല.

അതിനെക്കുറിച്ച് ദൈവം പറഞ്ഞത് എടുക്കുക. അവൻ ആരാണെന്ന് വെളിപ്പെടുത്തുന്ന അവന്റെ വെളിപാട് ഇതാ ഇവിടെയാകുന്നു.

245 "ഞാൻ എപ്പോഴും വിശ്വസിച്ചിരുന്നത് പിതാവായ ദൈവത്തിന് നീളമുള്ള, വെളുത്ത താടിയും, വെളുത്ത മുടിയുമുണ്ടെന്നും ആയിരുന്നു; കൂടാതെ പുത്രൻ മദ്ധ്യ-വയസ്സനായ മനുഷ്യനും; പരിശുദ്ധാത്മാവ് ഒരു ഭാഗ്യദാതാവായ മനുഷ്യൻ ആയിരുന്നു എന്നുമായിരുന്നു." സഹോദരാ, അത് വിഗ്രഹാരാധനയാണ്. നിങ്ങൾ മൂന്ന് ദൈവങ്ങളിൽ വിശ്വസിക്കുന്നുവെങ്കിൽ അത് വിഗ്രഹാരാധനയാണ്.

246 ആദ്യത്തെ കൽപ്പന തന്നെ, ആദ്യത്തെ കൽപ്പന എന്താണ്? "കേൾക്കുക, ഓ യിസ്രായേലേ: യഹോവയായ ഞാൻ നിന്റെ ദൈവം ആകുന്നു, ഏക ദൈവം." അത് മാത്രം.

247 അവൻ ഒരു ദൈവമാണ്, മൂന്ന് ദൈവങ്ങളല്ല. അദ്ദേഹം മൂന്ന് കാര്യാലയങ്ങളിൽ താമസിച്ചു, മൂന്ന് സ്ഥലങ്ങളിലായി സേവനമനുഷ്ഠിച്ചു. അവൻ പ്രവാചകനും പുരോഹിതനും രാജാവുമാകുന്നു. അവൻ കഴുകനും, കുഞ്ഞാടും, കൂടാതെ—കൂടാതെ സിംഹവും ആകുന്നു. അവൻ താഴ്വരയിലെ താമര ആകുന്നു, ശാരോനിലെ പനിനീർപുഷ്പവും താഴ്വരയിലെ താമരയും, പ്രഭാത നക്ഷത്രവും ആകുന്നു, ദാവീദിന്റെ വേരും വംശവും ആകുന്നു. അവൻ എ മുതൽ ഇസഡ് വരെയാകുന്നു. അവൻ പിതാവും, പുത്രനും, പരിശുദ്ധാത്മാവുമാകുന്നു. അവൻ അതെല്ലാം ആകുന്നു, എന്നാൽ അവൻ ഒരുവനാകുന്നു. അവൻ ഏകദൈവമാകുന്നു. അതാണ് അവന്റെ സ്ഥാനപ്പേരുകൾ അവനുവേണ്ടി പോകുന്നത്, എന്നാൽ ഒരു ദൈവമേയുള്ളൂ.

248 കത്തോലിക്കാ സഭ വരുന്നതുവരെ, ആരും ഒരിക്കലും, വേദപുസ്തകത്തിന്റെ ഏതെങ്കിലും ഒരു താളിലോ ഇതിഹാസത്തിലോ ഒരിടത്തും, ഒരിക്കലും ആരും എപ്പോഴെങ്കിലും "പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും." നാമത്തിൽ മുങ്ങി സ്നാനമേറ്റിട്ടില്ല.

249 നിങ്ങൾ എനിക്ക് അങ്ങനെ ഒരു താളോ അല്ലെങ്കിൽ മറ്റെന്തെങ്കിലുമോ കാണിക്കുകയാണെങ്കിൽ, നിങ്ങൾ അത് എഴുതുക, എന്നിട്ട് ഇന്ന് രാത്രി തന്നെ അത് എനിക്ക് വേണ്ടി, ഇവിടെ കൊണ്ട് വന്നു വയ്ക്കുക, ഞാൻ ഈ സഭയിൽ നിന്ന് പുറത്തുപോയ്ക്കൊള്ളാം, ഇപ്രകാരം പറഞ്ഞു കൊണ്ട്, "ഞാൻ ഒരു കപടവിശ്വാസിയാണ്; ഞാൻ ജനങ്ങളെ തെറ്റായി പഠിപ്പിച്ചിരിക്കുന്നു." നിങ്ങൾക്ക് തിരുവെഴുത്തുകളിൽ നിന്നും ഒരു വാചകം കാണിച്ചുതരാൻ കഴിയുമെങ്കിൽ, അല്ലെങ്കിൽ ചരിത്രത്തിൽ നിന്നും ഒന്ന്,

ആധികാരിക ചരിത്രത്തിൽ നിന്നും ഒന്ന് കൊണ്ട് വരുക, എന്നിട്ട് എവിടെയാണ് എപ്പോഴെങ്കിലും അതായത് ജനങ്ങൾ ഈ നാമത്തിൽ സ്നാനമേറ്റതെന്ന്, വേദപുസ്തകത്തിൽ, അതെന്നെ കാണിക്കുക "പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ." അല്ലെങ്കിൽ, എനിക്ക് ഒരു തിരുവെഴുത്ത് കൊണ്ടുവരിക-... അല്ലെങ്കിൽ, ഒരു ചരിത്ര പുസ്തകം, ഒരു താള്, ചരിത്രത്തിലെ ഒരു ഉദ്ധരണി, അവിടെ ആരെങ്കിലും എപ്പോഴെങ്കിലും "പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെട്ടതായി കാണിക്കുക," കത്തോലിക്കാ സഭയുടെ നിഖ്യാ സമ്മേളനം വരെ. വരൂ, എന്റെ അടുക്കൽ കൊണ്ടുവരിക; ഞാൻ എന്റെ പുറകിൽ ഒരു അടയാളം കെട്ടിയിട്ടുകൊണ്ട് ജെഫേഴ്സൺവില്ലെയിലൂടെ നടക്കാം, അതോടൊപ്പം നിങ്ങളും എന്റെ പിന്നിലായി ഒരു കാഹളം, ഊതി കൊള്ളുക. ഞാൻ അതിൽ എഴുതി ഇടാം, "ജനങ്ങളെ വഴി തെറ്റിക്കുന്ന ഒരു കള്ള പ്രവാചകൻ."

250 കൂടാതെ, പാസ്റ്റർ, നിങ്ങൾ ഇന്ന് രാവിലെ ഇവിടെയുണ്ടെങ്കിൽ, നിങ്ങൾ അത് ചെയ്യും, നിങ്ങളോട് അത് ചെയ്യാൻ നിങ്ങൾ എന്നെ അനുവദിക്കണം. നോക്കൂ? വരൂ, എന്നെ കാണിക്കൂ. എന്നാൽ നിങ്ങൾ ഭയപ്പെടുന്നു.

251 ഇപ്പോൾ, ഇതെന്താണ്? *ഇത്* വെളിപാട് ആകുന്നു. *ഇത്* ആകുന്നു വെളിപാട്. ഇതാകുന്നു പരിശുദ്ധാത്മാവ്, ക്രിസ്തു, സഭകളിലേക്ക് തന്റെ സന്ദേശം അയയ്ക്കുന്നതാണ്. ഇത് കേൾക്കുക. ഇത് കേൾക്കുക. അതാണ് വേദപുസ്തകം പഠിപ്പിക്കുന്നത്.

252 അത് എവിടെ നിന്നാണ് അതിലേക്ക് വന്നത്? നിങ്ങൾക്ക് എന്നോട് ദേഷ്യം വരുന്നില്ലെങ്കിൽ, നമുക്ക് മുമ്പോട്ട് നീങ്ങാം, ഈ ആഴ്ച മുഴുവൻ നിങ്ങൾ—നിങ്ങൾ നിഖ്യാ സമ്മേളനത്തിൽ എത്തുന്നത് വരെ പോകാം. ഹിസ്ലോപ്പിന്റെ *രണ്ട് ബാബിലോണുകൾ* എടുക്കുക. നേടുക...

253 ഇപ്പോൾ, ജോസഫസിന്റെ ചരിത്രം കൊള്ളാം, പക്ഷേ അദ്ദേഹം ക്രിസ്തുവിന്റെ ഒരു ഖണ്ഡിക മാത്രമേ എഴുതിയിട്ടുള്ളൂ, പറഞ്ഞു, "അവിടെ യേശു എന്നു പേരുള്ള ഒരു മനുഷ്യൻ ഓടി നടന്ന് ജനങ്ങളെ സുഖപ്പെടുത്തിയിരുന്നു. കൂടാതെ—കൂടാതെ അവൻ മരിച്ചു, അതുമല്ല, അല്ല, പീലാത്തോസ് അവനെ കൊന്നുകളഞ്ഞു, കൂടാതെ—കൂടാതെ, അല്ലെങ്കിൽ ഹെരോദാവ്, അല്ലെങ്കിൽ അവനെ കൊന്നുകളഞ്ഞു. അതിനുശേഷം ശിഷ്യന്മാർ ചെന്നു അവന്റെ ശരീരം മോഷ്ടിച്ചു കൊണ്ടുപോകുകയും, അത് പുറത്തു എവിടെയോ മറച്ചു വച്ചു. എന്നിട്ട് ഓരോ രാത്രിയും അവർ പോയി അതിൽ നിന്ന് ഒരു കഷണം മുറിച്ച്

തിന്നും.” പറഞ്ഞു, “അവർ നരഭോജികളായിരുന്നു.” അങ്ങനെ, അവർ തിരുവത്താഴം എടുക്കുകയായിരുന്നു, നിങ്ങൾ കാണുന്നുണ്ടോ. ജഡിക മനസ്സ്! ജോസഫസ് കേൾക്കാൻ പറ്റിയവരിൽ ഒരു ആളല്ല.

254 എന്നാൽ *ഫോക്സസ്സിന്റെ രക്തസാക്ഷികളുടെ പുസ്തകം* എടുക്കുക. നല്ല ആധികാരികതയുള്ളതാണ്. *ഫോക്സസ്സിന്റെ രക്തസാക്ഷികളുടെ പുസ്തകം*, എത്രപേർ അത് എപ്പോഴെങ്കിലും വായിച്ചിട്ടുണ്ട്? തീർച്ചയായും. പെമ്പറിന്റെ *ആദ്യകാലങ്ങൾ*, അല്ലെങ്കിൽ—അല്ലെങ്കിൽ ഹിസ്ലോപ്പിന്റെ *രണ്ട് ബാബിലോണുകൾ*, അല്ലെങ്കിൽ—അല്ലെങ്കിൽ ചില വലിയ ആധികാരികതയുള്ളത് ആകാം. അഥവാ, ഇതിൽ—ഇതിൽ നമുക്കുള്ളതിൽ ഏറ്റവും മഹത്തായത് നിഖ്യാ സമ്മേളനം ആകുന്നു, ആദ്യ-നിഖ്യാ സമ്മേളനവും കൂടാതെ നിഖ്യാ സമ്മേളനവും ആകുന്നു. നിങ്ങൾക്ക് അവിടെ കണ്ടെത്താൻ കഴിയും, അത് ഒരിക്കലും പരാമർശിച്ചിട്ടില്ല, ഒരു വ്യക്തികളുമില്ല.

255 വിശുദ്ധ തിരുവെഴുത്തുകൾ എടുത്ത് വേദപുസ്തകത്തിൽ എപ്പോഴെങ്കിലും സ്നാനമേറ്റ ആരെങ്കിലും ഉണ്ടായിരുന്നോ എന്ന് നോക്കുക, ആ ശീർഷകങ്ങൾ ഉപയോഗിച്ച്, ഈ നാമത്തിൽ “പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ കാണിക്കുക.” ഇത് മൂന്ന് ദൈവങ്ങളെ സൂചിപ്പിക്കുന്നു. അത് ഒരു വിഗ്രഹാരാധനയുടെ ചടങ്ങിനുള്ളതാണ്. കത്തോലിക്കാ മതം ഇന്ന് ലോകത്ത് മറ്റൊന്നുമല്ല, എന്നാൽ ക്രിസ്തുമതത്തിന്റെ ഒരു—ഒരു പുറജാതീയ രൂപമാകുന്നു. കത്തോലിക്കാ സഭയിൽ നിന്ന് മാർട്ടിൻ ലൂഥർ, ജോൺ വെസ്ലി, ബാപ്റ്റിസ്റ്റ്, പ്രെസ്ബിറ്റേറിയൻകാർ, തുടങ്ങിയവർ വരുന്നു.

256 എന്നാൽ അവസാന നാളുകളിൽ അവരുടെ ഇടയിൽ ഒരു വാതിൽ സ്ഥാപിക്കപ്പെട്ടിരുന്നു, അത് വീണ്ടും സത്യം തുറന്നു കൊണ്ട് വരും, അതായത്, “തിരുവെഴുത്ത് ഇപ്രകാരം പറയുന്നു,” അതോടൊപ്പം അവസാന നാളുകളിൽ ഭൂമിയിൽ വരാനിരുന്ന ആ മഹാനായ പ്രവാചകനുമാകുന്നു. അവൻ വരുമെന്ന് നമ്മൾ വിശ്വസിക്കുന്നു. ശ്രദ്ധിക്കുക. കൂടാതെ അവന് ഒരു സഭ ഉണ്ടായിരിക്കും. ഇപ്പോൾ, നമുക്ക് ഇത് കാണാം.

257 ഇപ്പോൾ—ഇപ്പോൾ ഓർക്കുക, ഇതാകുന്നു വെളിപാട്. നിങ്ങൾക്ക് അതിൽ നിന്ന് എടുക്കാൻ കഴിയില്ല. ഇപ്പോൾ, എന്തൊരു വെല്ലുവിളിയാകുന്നു! തിരുവെഴുത്തിൽ നിന്നും ഒരാളെ കണ്ടെത്തുക, ഒരു സ്ഥാനത്ത് അവർ ആരെയെങ്കിലും എപ്പോഴെങ്കിലും ഈ നാമത്തിൽ സ്നാനപ്പെടുത്തിയത് “പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് കാണിക്കുക,”

അല്ലെങ്കിൽ ആരെയെങ്കിലും തളിച്ചിട്ടുള്ളതായി, തിരുവെഴുത്തിൽ അത് കണ്ടെത്തുക, അവരുടെ പാപങ്ങളുടെ മോചനത്തിനായി. അവർക്ക് ഒരിക്കലും കഴിയില്ല. കൂടാതെ ഓരോ വ്യക്തിയും, അവർ എങ്ങനെ സ്നാനമേറ്റാലും, അവർക്ക് തിരികെ വന്ന്, വീണ്ടും ഒന്നുകൂടി, "യേശുക്രിസ്തുവിന്റെ," നാമത്തിൽ പരിശുദ്ധാത്മാവിനെ പ്രാപിക്കാൻ സ്നാനം ഏൽക്കേണ്ടിയത് ആവശ്യമാണ്.

258 പ്രവൃത്തികൾ 19, "പൌലോസ് ഉൾപ്രദേശങ്ങളിൽ കൂടി സഞ്ചരിച്ച എഫെസോസിൽ എത്തി ചില ശിഷ്യന്മാരെ കണ്ടു." അവൻ പറഞ്ഞു...ശിഷ്യന്മാർ, അവർക്ക് ഒരു വലിയ യോഗം അവിടെ ഉണ്ടായിരുന്നു. അവർ അപ്പൊല്ലോസ് എന്നു പേരുള്ള ഒരു മനുഷ്യനെ പിന്തുടരുകയായിരുന്നു, അദ്ദേഹം പരിവർത്തനം ചെയ്യപ്പെട്ട ഒരു അഭിഭാഷകനായിരുന്നു; അവൻ യോഹന്നാൻ സ്നാപകനിൽ വിശ്വസിച്ചിരുന്ന ഒരു ബാപ്റ്റിസ്റ്റുകാരൻ ആയിരുന്നു, അവൻ യേശുവാണ് ക്രിസ്തു എന്ന് തിരുവെഴുത്തുകളാൽ തെളിയിച്ചിരുന്നു.

259 പൌലോസ് കടന്നുപോകുമ്പോൾ അക്വിലാസിനെയും പ്രിസ്കില്ലയെയും കണ്ടിരുന്നു, ഇത് പ്രവൃത്തികളുടെ 18-ാം അധ്യായത്തിൽ ആകുന്നു. എന്നിട്ട് അവൻ അക്വിലാസിനോടും പ്രിസ്കില്ലയോടും കൂടെ അത്താഴത്തിനോ, അല്ലെങ്കിൽ മറ്റെന്തിനോ പോയിരുന്നു. അവർ ഈ മഹാനായ മനുഷ്യനെക്കുറിച്ച് അവനോട് പറഞ്ഞു. അവർ അവനെ കേൾക്കാൻ പോയി. അന്ന് രാത്രിയിൽ അവൻ അവനെ കേൾക്കുകയുണ്ടായി. അവൻ പറഞ്ഞു, "അവൻ വളരെ മിടുക്കനാകുന്നു. അത് വളരെ നല്ലതാണ്. അത് കൊള്ളാം. പക്ഷേ," ചോദിച്ചു, "നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?"

260 അവിടെയുള്ള പാവം ബാപ്റ്റിസ്റ്റുകാരായ നിങ്ങളുടെ കാര്യമെന്തായിരിക്കും, നിങ്ങൾ *വിശ്വസിക്കുമ്പോൾ* പരിശുദ്ധാത്മാവ് ലഭിക്കുമെന്ന് വിശ്വസിക്കുന്നുണ്ടോ?

അവൻ ചോദിച്ചു, "നിങ്ങൾ *വിശ്വസിച്ചിട്ട്* പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?"

ആരോ പറഞ്ഞു, "അതൊന്നും അതിൽ എഴുതിയിരുന്നില്ല."

261 ഞാൻ അതിനെ എതിർക്കുന്നു. എനിക്ക് ഇവിടെ ആധികാരികമായ യവന ഭാഷയിലുള്ള എഴുത്തും, എബ്രായ ഭാഷയും, ഉണ്ട്. വേദപുസ്തകം യവന ഭാഷയിലും, കൂടാതെ രണ്ടും, എബ്രായ ഭാഷയും, കൂടാതെ അരാമ്യ ഭാഷയിലും പറയുന്നു. അവയിൽ മൂന്നിലും, അവ മൂന്നും ഇവിടെത്തന്നെ എന്റെ പക്കലുണ്ട്, അത്

പറയുന്നു, "നിങ്ങൾ *വിശ്വസിച്ചിട്ടു* പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?" അത് ശരിയാണ്. "നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?"

262 ഇപ്പോൾ അദ്ദേഹം പറഞ്ഞു, "പരിശുദ്ധാത്മാവു ഉണ്ടെന്നുപോലും ഞങ്ങൾ കേട്ടിട്ടില്ല."

അപ്പോൾ അവൻ ചോദിച്ചു, "എന്നാൽ ഏതായിരുന്നു നിങ്ങളുടെ സ്നാനം?"

263 അവർ പറഞ്ഞു, "കർത്താവായ യേശുക്രിസ്തുവിനെ സ്നാനം ചെയ്ത മനുഷ്യനാൽ ഞങ്ങൾ ഇതിനകം സ്നാനമേറ്റു കഴിഞ്ഞിരിക്കുന്നു. ഞങ്ങൾ യോഹന്നാന്റെ സ്നാനത്താൽ സ്നാനം ഏറ്റിരിക്കുന്നു," അതേ വെള്ളക്കുഴിയിൽ, ഒരുപക്ഷേ, "അതേ മനുഷ്യനാൽ ആയിരിക്കാം."

264 പൗലോസ് പറഞ്ഞു, "അത് പ്രവർത്തിക്കില്ല. അവൻ മനസാന്തരത്തിനായുള്ള സ്നാനമത്രേ കഴിപ്പിച്ചത്, പാപങ്ങളുടെ മോചനത്തിനല്ലായിരുന്നു."

265 ഇപ്പോൾ, നിങ്ങളിൽ ചില ഏക മാത്രക്കാരായ സഭക്കാർ ചുറ്റും കൂടി വന്നിട്ട് ആ—ആ സ്നാനം ഏൽക്കും, അത് തെറ്റാണ്. നിങ്ങൾ അത്, രക്ഷയ്ക്കുവേണ്ടി സ്നാനം കഴിപ്പിക്കുന്നു. വെള്ളം ഒരു മനുഷ്യനെ രക്ഷിക്കുന്നില്ല; അത് രക്തമാണ്, മാനസാന്തരം ആകുന്നു. സ്നാനത്തിൽ കൂടി പുനർജന്മത്തിലേക്കല്ല. അല്ല, ശ്രീമാൻ. പുനർജ്ജന്മം ആത്മാവിനാൽ വരുന്നു. സ്നാനം എന്നത് ഒരു—ഒരു ആന്തരികമായ പുനർജനനം നടന്നതിന്റെ ബാഹ്യരികമായ പ്രകടനമാകുന്നു. നോക്കൂ? ശരി. ശ്രദ്ധിക്കുക.

266 അവൻ ചോദിച്ചു, "നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?" അവർ പറഞ്ഞു...

അവർ പറഞ്ഞു, "പരിശുദ്ധാത്മാവു ഉണ്ടെന്നുപോലും ഞങ്ങൾ കേട്ടിട്ടില്ല."

അവൻ ചോദിച്ചു, "എന്നാൽ ഏതായിരുന്നു നിങ്ങളുടെ സ്നാനം?"

പറഞ്ഞു, "ഞങ്ങൾ യോഹന്നാന്റെ സ്നാനം ഏറ്റിരിക്കുന്നു."

267 അവൻ പറഞ്ഞു, "യോഹന്നാൻ മനസാന്തരസ്നാനമത്രേ, മനസാന്തരത്തിനായുള്ള സ്നാനമത്രേ കഴിപ്പിച്ചത്, എന്നിട്ട് അതായത് 'എന്റെ പിന്നാലെ വരുന്നവനിൽ വിശ്വസിക്കേണം,' ആ കുഞ്ഞാട്, വരുവാനിരിക്കുന്ന യാഗം, അത് കർത്താവായ യേശുക്രിസ്തുവിൽ ആകുന്നു." അങ്ങനെ അവർ ഇതു കേട്ടാറെ, അവർ യേശുക്രിസ്തുവിന്റെ നാമത്തിൽ വീണ്ടും സ്നാനം ഏറ്റു. പൌലൊസ് അവരുടെ മേൽ

കൈവെക്കുകയും, അവർ പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും, അന്യഭാഷകളിൽ സംസാരിക്കയും പ്രവചിക്കയും ചെയ്തു.

268 അത് തിരുവെഴുത്തല്ലെന്ന് എന്നോട് പറയൂ, എവിടെയെങ്കിലും എന്നെ കാണിക്കു, പുതിയ നിയമത്തിൽ ആരെങ്കിലും എപ്പോഴെങ്കിലും കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലല്ലാതെ സ്നാനം ഏറ്റിട്ടുണ്ടോ. എന്നെ കാണിക്കുക.

269 വിശുദ്ധ അഗബസും വളരെപേരും, മറ്റു പലരും ഉണ്ടായിരുന്നു, നിഖ്യാ സമ്മേളനത്തിന്റെ കാലം—കാലം വരെ—അവരെല്ലാം സ്നാനമേറ്റു വന്നിരുന്നു, അവരോരോരുത്തരും യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏറ്റിരുന്നു. യേശുക്രിസ്തുവിന്റെ നാമത്തിൽ മിഷനറി പ്രവർത്തകർ വയലുകൾ കിളച്ചു.

270 എന്നാൽ നിഖ്യാ സമ്മേളനം വരുമ്പോൾ അവർക്ക് മൂന്ന് ദൈവങ്ങൾ ഉണ്ടാകേണ്ടിയിരുന്നു. അവർ പൌലോസിനെ താഴെയിറക്കി...അല്ലെങ്കിൽ ജൂപ്പിറ്ററിനെ താഴെ ഇറക്കി, എന്നിട്ട് പൗലോസിനെ കയറ്റി ഇരുത്തി. അവർ ശുക്രനെ താഴെയിറക്കി, മറിയത്തെ കയറ്റി ഇരുത്തി. അവർക്ക് എല്ലാത്തരം ദൈവങ്ങളും, എല്ലാത്തരം വിശുദ്ധന്മാരും മറ്റെല്ലാം ഉണ്ടായിരുന്നു, അങ്ങനെ ഒരു ത്രിയേക സ്നാനം നടത്തിയിട്ട് അത് പ്രൊട്ടസ്റ്റന്റുകാർക്ക് തീറ്റയായി നൽകി. അങ്ങനെ അവർ ഇപ്പോഴും അത് വിഴുങ്ങുന്നു.

271 എന്നാൽ സന്ധ്യാസമയത്തെ വെളിച്ചം ഇപ്പോൾ വന്നിരിക്കുന്നു. പ്രവാചകൻ പറഞ്ഞു, "സന്ധ്യാസമയത്തോ വെളിച്ചമാകും."

> അത് ആകും—സന്ധ്യാസമയത്തോ വെളിച്ചമാകും,
> മഹത്വത്തിൻ പാത നീ തീർച്ചയായും കാണും;
> ജലത്താലുള്ള വഴി, അതാണ് ഇന്നത്തെ വെളിച്ചം,
> യേശുവിൻ വിലയേറിയ നാമത്തിൽ അടക്കപ്പെട്ടിരിക്കുന്നു.
> യൌവ്വനക്കാരും വൃദ്ധരുമായോരെ, നിങ്ങളുടെ എല്ലാ പാപങ്ങളിലും പശ്ചാത്തപിക്കുക,
> പരിശുദ്ധാത്മാവ് തീർച്ചയായും കടന്നു വരും;
> സന്ധ്യാസമയത്തെ വെളിച്ചം വന്നിരിക്കുന്നു,
> ദൈവവും ക്രിസ്തുവും ഒന്നാണെന്നുള്ളത് ഒരു സത്യമാകുന്നു.

272 നിങ്ങൾ ഇത് വിശ്വസിക്കുന്നുണ്ടോ? പത്രോസ് പറഞ്ഞു, പെന്തക്കോസ്ത് നാളിൽ, "ഇതു നിങ്ങൾ അറിഞ്ഞിരിക്കട്ടെ, യിസ്രായേൽഗൃഹമേ, ശ്രദ്ധിച്ചുകൊൾവിൻ, ആകയാൽ നിങ്ങൾ

ക്രൂശിച്ച, ഈ യേശുവിനെ തന്നേ, ദൈവം കർത്താവും ക്രിസ്തുവുമാക്കിവെച്ചു," 2 -ാം അധ്യായത്തിലെ 16-ാം വാക്യം ആകുന്നു. അതെ. "നിങ്ങൾ ക്രൂശിച്ച, ഈ യേശുവിനെ തന്നെ, ദൈവം കർത്താവും ക്രിസ്തുവുമായി വെച്ചിരിക്കുന്നു. യിസ്രായേൽ ഗൃഹം ഒക്കെയും അറിഞ്ഞുകൊള്ളട്ടെ, നിശ്ചയമായും."

273 അധികം നാളായിട്ടില്ല ഒരു യഹൂദനോട് സംസാരിക്കുകയായിരുന്നു, ഇവിടെയുള്ള ദാവീദിന്റെ ഭവനത്തിൽവെച്ച്, അദ്ദേഹം പറഞ്ഞു, "അന്യജാതികളായ നിങ്ങൾക്ക് ദൈവത്തെ മൂന്നായി മുറിച്ച് ഒരു യഹൂദന് കൊടുക്കാൻ കഴിയില്ല. അതിനേക്കാൾ നന്നായി ഞങ്ങൾക്കറിയാം."

274 ഞാൻ പറഞ്ഞു, "അത് വെറുതെയുള്ള ഒരു കാര്യമാണ്, റബ്ബീ. ഞങ്ങൾ ദൈവത്തെ മൂന്ന് ഭാഗങ്ങളായി മുറിക്കുന്നില്ല." ഞാൻ ചോദിച്ചു, "നിങ്ങൾ പ്രവാചകന്മാരെ വിശ്വസിക്കുന്നുണ്ടോ?"

അദ്ദേഹം പറഞ്ഞു, "തീർച്ചയായും."

ഞാൻ ചോദിച്ചു, "നിങ്ങൾ യെശയ്യാവ് 9:6 വിശ്വസിക്കുന്നുണ്ടോ?"

അദ്ദേഹം പറഞ്ഞു, "അതെ."

ഞാൻ ചോദിച്ചു, "പ്രവാചകൻ ആരെക്കുറിച്ചാണ് സംസാരിക്കുന്നത്?"

"മിശിഹാ."

ഞാൻ ചോദിച്ചു, "മിശിഹായ്ക്ക് ദൈവവുമായി എന്ത് ബന്ധമായിരിക്കും?"

അദ്ദേഹം പറഞ്ഞു, "അവൻ ദൈവമായിരിക്കും."

ഞാൻ പറഞ്ഞു, "അത് ശരിയാണ്." ആമേൻ.

നോക്കു, അവിടെയാണ് നിങ്ങൾ. നോക്കു, നിങ്ങൾക്ക് അവനെ മൂന്ന് ഭാഗങ്ങളായി മുറിക്കാൻ കഴിയില്ല.

275 നിങ്ങൾ സുവിശേഷ പ്രവർത്തനക്കാർ ഇവിടെയുണ്ടെങ്കിൽ... അവരിൽ ഒരാൾ ഇവിടെ യഹൂദന്മാരുടെ അടുത്തേക്ക് പോകുന്നുണ്ട്, എന്ന് ഞാൻ കരുതുന്നു, ഈ വ്യക്തി അദ്ദേഹം *ഇവിടെ* ഇരിക്കുന്നു. നിങ്ങൾ ഒരിക്കലും യഹൂദന് ഒരു "പിതാവും, പുത്രനും, പരിശുദ്ധാത്മാവും കൊടുക്കാൻ ശ്രമിക്കരുത്." അവൻ നിങ്ങളോട് ഉടനെ പറയും, അത് എവിടെ നിന്നാണ് വന്നതെന്ന് അവനറിയാം, "നിഖ്യാ സമിതി." അവൻ അത് കേൾക്കുകയില്ല. എന്നാൽ ആ ദൈവം എവിടെയാണ് ജഡമായി തീർന്നതെന്ന് നിങ്ങൾ അവനെ ഒന്ന് കാണാൻ അനുവദിച്ചു കൊടുക്കുക, അവിടെ ഏകമാത്രമായി ഒരേയൊരു

ദൈവം അവനാകുന്നു. ദൈവം, മനുഷ്യരൂപത്തിൽ ജഡമായി നമ്മുടെ ഇടയിൽ ജീവിച്ചു, അത് നമ്മെ വിശുദ്ധീകരിക്കാൻ വേണ്ടി ആയിരുന്നു; എടുത്തുകൊണ്ട് പോകുന്നതിനു വേണ്ടിയായിരുന്നു, അതിനാൽ അവൻ തന്നെ സ്വയം പരിശുദ്ധാത്മാവിന്റെ രൂപത്തിൽ വരുന്നതിന് ഇടയാകുന്നു. ദൈവവും, പിതാവും, പരിശുദ്ധാത്മാവും, ഒരേ വ്യക്തിയാകുന്നു.

276 വേദപുസ്തകം ഇതിൽ—ഇതിൽ പറയുന്ന യേശുക്രിസ്തുവിന്റെ വംശാവലിയിൽ, മത്തായിയുടെ ഒന്നാം അധ്യായത്തിൽ ആകുന്നു, അത് പറയുന്നു, "അബ്രഹാം ഇസ്സഹാക്കിനെ ജനിപ്പിച്ചു. ഇസ്സഹാക്ക് യാക്കോബിനെ ജനിപ്പിച്ചു." അങ്ങനെ താഴേക്ക് തുടർന്നിട്ടു, പറയുന്നു, പിന്നെ അതിൽ...ഞാൻ അത് വായിക്കട്ടെ, അപ്പോൾ ഞാൻ എന്താണ് സംസാരിക്കുന്നതെന്ന് നിങ്ങൾക്ക് ഇപ്പോൾ മനസ്സിലാകും. മത്തായി, ഒന്നാം അധ്യായം. കൂടാതെ നാം...ഇപ്പോൾ നമുക്ക് 18-ാം വാക്യത്തിൽ നിന്ന് തുടങ്ങാം.

> *എന്നാൽ യേശു ക്രിസ്തുവിന്റെ ജനനം ഈ വണ്ണം ആയിരുന്നു: അപ്പോൾ...അവന്റെ അമ്മയായ മറിയ യോസേഫിന്നു വിവാഹം നിശ്ചയിക്കപ്പെട്ടശേഷം, അവർ കൂടിവരുമ്മുമ്പെ, പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നു കണ്ടു...*

277 "'പിതാവായ ദൈവത്താൽ'"? അത് അങ്ങനെയാണോ വായിക്കുന്നത്? [സഭ പറയുന്നു, "അല്ല."—Ed.] ആരുടെ കുട്ടിയുമായി കണ്ടെത്തി? ["'പരിശുദ്ധാത്മാവിന്റെ.'"] അത്...[ടേപ്പിൽ ശൂന്യമായ സ്ഥലം.] പിതാവായ ദൈവം അവന്റെ പിതാവാണെന്ന് ഞാൻ കരുതി? അപ്പോൾ, ദൈവം, പിതാവും പരിശുദ്ധാത്മാവും, ഒരേ ആത്മാവാകുന്നു, അല്ലെങ്കിൽ അവന് രണ്ട് പിതാക്കന്മാർ ഉണ്ടായിരുന്നു.

> *അവളുടെ ഭർത്താവായ യോസേഫ്, നീതിമാനാകകൊണ്ടും,...മനസ്സ്* ഇല്ലായ്കകൊണ്ട് *അവൾക്കു ലോകാപവാദം വരുത്തുവാൻ അവന്നു മനസ്സില്ലായ്കകൊണ്ടും, അവളെ ഗൂഢമായി...ഉപേക്ഷിപ്പാൻ ഭാവിച്ചു.*

> *അവൻ ഇങ്ങനെ നിനെച്ചിരിക്കുമ്പോൾ, ഇതാ, കർത്താവിന്റെ ദൂതൻ അവന്നു സ്വപ്നത്തിൽ പ്രത്യക്ഷനായി, പറഞ്ഞു, ദാവീദിന്റെ, മകനായ യോസേഫേ, നിന്റെ ഭാര്യയായ മറിയയെ...ചേർത്തുകൊൾവാൻ ശങ്കിക്കേണ്ടാ; അവളിൽ ഉല്പാദിതമായതു...*

278 "'പിതാവായ ദൈവത്താലാകുന്നു'"? അല്ലേ? [സഭ പറയുന്നു, "അല്ല. 'പരിശുദ്ധാത്മാവിനാലാകുന്നു.'"—Ed.] "പരിശുദ്ധാത്മാവ്." അപ്പോൾ പിന്നെ യേശുക്രിസ്തുവിന്റെ പിതാവ് ആരായിരുന്നു? ["പരിശുദ്ധാത്മാവ്."] പരിശുദ്ധാത്മാവ് ആയിരുന്നു. അത് എന്താണ് നിങ്ങളിൽ ഉള്ളത്? ["പരിശുദ്ധാത്മാവ്."] ശരി, അതു ദൈവമാകുന്നു, പിതാവും, ആകുന്നു. അത് അങ്ങനെ അല്ലേ? തീർച്ചയായും.

> *അവൾ ഒരു മകനെ പ്രസവിക്കും, നീ അവനു പേർ ഇടേണം **യേശു**:...*

279 *ഇവിടെ* ഇതാ പിതാവായ ദൈവം, *ഇവിടെ* ഇതാ പരിശുദ്ധാത്മാവായ ദൈവം, *ഇവിടെ* ഇതാ പുത്രനായ ദൈവം, നോക്കു, അതാണ് മൂന്ന് ദൈവങ്ങൾ. വേദപുസ്തകം അത് പറയുന്നില്ല. ഇത് രണ്ടും ഒന്നായിരിക്കണം, അല്ലെങ്കിൽ അവന് രണ്ട് പിതാക്കന്മാർ ഉണ്ടായിരുന്നു. നോക്കു? അവന് രണ്ട് പിതാക്കന്മാരുണ്ടാകാൻ കഴിയില്ല. അത് നിങ്ങൾക്കറിയാം.

> ഇപ്പോൾ, *അവൾ ഒരു മകനെ പ്രസവിക്കും,* കൂടാതെ അവർ അവനു *പേർ ഇടേണം **യേശു**: അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കും.*

> *ഇപ്പോൾ* ഇതൊക്കെയും *സംഭവിച്ചത്, കർത്താവു പ്രവാചകൻ മുഖാന്തരം അരുളി ചെയ്തതു നിവൃത്തിയാകുവാൻ ആയിരുന്നു, പറഞ്ഞു,*

> *...കന്യക ഗർഭിണിയായി, ഒരു മകനെ പ്രസവിക്കും, അവനു ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും, അതിനു* വ്യാഖ്യാനം എന്നത്, *ദൈവം നമ്മോടുകൂടെ എന്നാകുന്നു.*

280 അതാണ് മത്തായിയുടെ ഒന്നാം അദ്ധ്യായം.

281 മത്തായി 28:19, അവിടെ യേശു പറഞ്ഞു, "ആകയാൽ, നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കുക." പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമം എന്താണ്? യേശുക്രിസ്തു, തീർച്ചയായും.

282 നിങ്ങൾ ഒരു പ്രണയകഥ വായിച്ചിട്ട്, പറഞ്ഞു, "മേരിയും യോഹന്നാനും പിന്നെ സന്തോഷത്തോടെ ജീവിച്ചു." ആരാണ് മേരിയും യോഹന്നാനും? കഥയുടെ തുടക്കത്തിലേക്ക് മടങ്ങിയിട്ട്, അത് കണ്ടെത്തുക.

283 അങ്ങനെ ഒരു കാര്യം അവിടെ ഇല്ലെങ്കിൽ, ഒരു പേരില്ലെങ്കിൽ, "പിതാവ്, പുത്രൻ, അല്ലെങ്കിൽ പരിശുദ്ധാത്മാവ്," അപ്പോൾ ആരാണ്, ആരുടെ പേര് ആകുന്നു ഇത്? തിരികെ പോകുക, കഥയുടെ തുടക്കത്തിലേക്ക്, എന്നിട്ട് ആരെക്കുറിച്ചാണ് അവൻ സംസാരിക്കുന്നതെന്ന് കാണുക.

284 പത്രോസ്, പെന്തക്കോസ്ത് നാളിൽ, പറഞ്ഞു, "നിങ്ങൾ മാനസാന്തരപ്പെട്ടു, നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായി, ഓരോരുത്തൻ 'യേശു ക്രിസ്തുവിന്റെ' നാമത്തിൽ സ്നാനം ഏല്പിൻ." അവന്റെ പക്കൽ വെളിപ്പാട് ഉണ്ടായിരുന്നു.

യോഹന്നാന്റെ പക്കൽ വെളിപ്പാട് ഉണ്ടായിരുന്നു.

285 യേശു *ആ* വെളിപാടായിരുന്നു, അവൻ സ്വയം തന്നെത്തന്നെ ഇവിടെ തിരുവെഴുത്തിൽ അത് അവതരിപ്പിച്ചു, "ഞാൻ ആകുന്നു ഇരിക്കുന്നവനും, ഇരുന്നവനും, വരുന്നവനുമായ, സർവ്വശക്തൻ." വൂ! ശരി.

286 ഇപ്പോൾ, നമുക്ക് ഏഴാമത്തെ വാക്യം എടുക്കാം, ഇപ്പോൾ വേഗത്തിൽ തന്നെ, 'നാം പുറത്തുകടക്കുന്നതിന് മുമ്പ് തന്നെ, നമുക്ക് കഴിയുന്നത്ര വേഗത്തിൽ എടുക്കാം. സർവ്വ ശക്തനായ ദൈവം.

*...ആധിപത്യം-...മഹത്വവും ആധിപത്യവും എന്നെന്നേക്കും. ആമേൻ.*

*കൂടാതെ...തന്റെ പിതാവായ ദൈവത്തിന്നു...നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തു;* അവന് *എന്നെന്നേക്കും മഹത്വവും ബലവും. ആമേൻ.*

287 അവിടെ ആ വെളിപാട് കാണുക, അത് എപ്രകാരം വെളിപ്പെട്ടിരിക്കുന്നു? എപ്രകാരം ദൈവം...മനുഷ്യർ അവരുടെ തല ചൊറിഞ്ഞ് അവരുടെ മുടി പിടിച്ചു വലിക്കുകയും, അതുപോലെയുള്ള കാര്യങ്ങളും, എന്താണ് "പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്" എന്ന് കണ്ടെത്താൻ ശ്രമിക്കുകയും, അതിനെ ഒന്നിൽ, മൂന്നായി, ഉണ്ടാക്കുകയും ചെയ്യുന്നു.

നിങ്ങളുടെ തലമുടി പിടിച്ചു വലിക്കുകയും തല ചൊറിയുകയും ചെയ്യരുത്. മേലേക്ക് നോക്കുക മാത്രം ചെയ്യുക. വെളിപാട് മേലെ നിന്ന് വരുന്നു. അത് ശരിയുമാണ്. അവൻ വെളിപ്പെടുത്തി തരും, ഇത് യാതൊരു "പിതാവും, പുത്രനും, പരിശുദ്ധാത്മാവും ആകുന്നില്ല." ഇത് ആ ഒരു ദൈവം വസിച്ചിരുന്ന മൂന്ന് കാര്യാലയങ്ങളാണ്.

288 അവൻ ഈ കാര്യാലയത്തിൽ, "ആത്മാവ്," ആയിരിക്കുന്നു, സ്വയം അവനെത്തന്നെ, കാരണം മനുഷ്യൻ അധഃപതിക്കുന്നു, പിന്നെ

അവൻ സ്വയം ഒരു ശരീരം ഉണ്ടാക്കി, അതിൽ ജീവിച്ചു, തന്റെ സ്വന്തം രക്തം ഉത്പാദിപ്പിക്കാൻ ആയിരുന്നു; ലൈംഗികതയിലൂടെയല്ല, അതിപ്രകാരം ഏദൻ തോട്ടത്തിൽ ആയിരുന്നതുപോലെ, എന്നാൽ ഒരു സൃഷ്ടിപരമായ ശരീരത്തെ ഉണ്ടാക്കുന്നതിനായിരുന്നു. അത് ആ കന്യകയിൽ-ജനിച്ച ആ ശരീരത്തിലൂടെ ആയിരുന്നു, അവൻ ഒരു രക്തം നൽകുകയും അത് നമ്മെ വിശുദ്ധീകരിക്കുകയും നമ്മുടെ അവിശ്വാസത്തിൽ നിന്ന് നമ്മെ വിടുവിക്കുകയും, അവനിൽ വിശ്വസിക്കുകയും ചെയ്യുന്നതിനാകുന്നു. അപ്പോൾ, നാം അത് ചെയ്യുകയും, നാം അവനെ നമ്മുടെ ഹൃദയത്തിൽ സ്വീകരിക്കുകയും ചെയ്യുന്നു, അത് ദൈവം നമ്മിലാകുന്നു; ദൈവം: പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്. നോക്കൂ? അതിപ്രകാരം പ്രവാചകൻ, പുരോഹിതൻ, രാജാവ്, എന്നതുപോലെ, അത് ഒരേ കാര്യം തന്നെയാകുന്നു. ശരി.

289 ഇപ്പോൾ, ഇത് ഏഴാമത്തെ വരി ആകുന്നു, ഇതൊരു പ്രഖ്യാപനം ആകുന്നു. ആ പ്രഖ്യാപനം ഇതാകുന്നു:

> *ഇതാ, അവൻ മേഘാരൂഢനായി വരുന്നു; ഏതു കണ്ണും അവനെ കാണും,...അവനെ കുത്തിത്തുളെച്ചവരും അവനെ കാണും: ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെച്ചൊല്ലി വിലപിക്കും.*

290 ഓ! നമുക്ക് എത്ര സമയം കൂടി ഉണ്ട്? അത് അവിടെ മനോഹരമായിരിക്കുന്നു. നിങ്ങൾക്ക് ഇനിയും ഒരു മുപ്പ-...ഇരുപത് മിനിറ്റ് കൂടി ചിലവാക്കാമോ? [സഭ പറയുന്നു, "ശരി."—Ed.] നിങ്ങൾക്ക് കഴിയുമോ? ["ആമേൻ."] ശരി. ഇപ്പോൾ, അതിനുശേഷം, നാളെ... ഇന്ന് രാത്രിയിൽ, നാം *പത്മോസ് ദർശനത്തിന്റെ*, ബാക്കിയുള്ള ഭാഗങ്ങൾ കാണാൻ ശ്രമിക്കുന്നതാണ്, ഇന്ന് രാത്രിയിൽ. ഇന്ന്, നാം ഈ പ്രഖ്യാപനം അവസാനിപ്പിക്കാൻ പോകുന്നതാണ്.

291 ഓ! നിങ്ങൾക്ക് നന്നായി അനുഭവപ്പെടുന്നുണ്ടോ? [സഭ പറയുന്നു, "ആമേൻ."—Ed.] നിങ്ങൾ ഈ പഴയ വേദപുസ്തകം ഇഷ്ടപ്പെടുന്നുണ്ടോ? ["ആമേൻ."] ഇത് വെളിപ്പാടാണ്. എന്താണ്, എന്താകുന്നു ഇത്? ദൈവം ഈ പുസ്തകത്തിൽ, ഇറങ്ങി വന്നിട്ട്, അതിന്റെ മൂടുപടം നീക്കിയിട്ട്, പറയുന്നു, "അവിടെ അതാ അവൻ ആകുന്നു: പ്രവാചകനും, പുരോഹിതനും, രാജാവുമാകുന്നു; പിതാവും, പുത്രനും, പരിശുദ്ധാത്മാവുമാകുന്നു; ഇരിക്കുന്നവനും, ഇരുന്നവനും വരുവാനിരിക്കുന്നവനുമാകുന്നു. ഈ കാര്യങ്ങളെല്ലാം, ഇത് ദൈവമാകുന്നു."

292 ഇപ്പോൾ, നമുക്ക് ഈ മൂടുപടം എടുത്തു മാറ്റാം, ഇപ്പോൾ കുറച്ച് നിമിഷനേരത്തേക്ക്, കർത്താവ് നമ്മെ സഹായിക്കുകയും, നമ്മുടെ

കണ്ണുകളിൽ നിന്ന് മൂടുപടം എടുത്തു മാറ്റുന്നതിനും ഇടയാകട്ടെ. അതോടൊപ്പം തന്നെ...

*ഇതാ, അവൻ മേഘാരൂഢനായി വരുന്നു;...*

293 ഇപ്പോൾ, അവൻ എങ്ങനെയാണ് വരുന്നത്? "മേഘാരൂഢനായി." ഏതുതരത്തിലുള്ള മേഘമാണ്? മഹത്വത്തിന്റെ മേഘങ്ങളാകുന്നു. അത് ഈ ഇടിമുഴക്കങ്ങളിൽ ഒന്നോ, മഴയുടെ മേഘങ്ങളോ അല്ല, എന്നാൽ മഹത്വത്തിന്റെ മേഘങ്ങളാകുന്നു.

294 ഏതുതരത്തിലുള്ള മേഘത്താലാണ് അവൻ മുഴുവനായി മറക്കപ്പെട്ടിരുന്നതെന്ന് നിങ്ങൾ ശ്രദ്ധിക്കുക പത്രോസും ബാക്കിയുള്ളവരും രൂപാന്തരണ മലയിൽ വച്ച് അവന്റെ ദർശനം കണ്ടപ്പോൾ, ഒരു മേഘം അവന്റെ മേൽ നിഴലിട്ടു. അവന്റെ വസ്ത്രം ശോഭിച്ചു. അവൻ ഒരു മേഘത്താൽ ആവരണം ചെയ്യപ്പെട്ടു, അത് ദൈവത്തിന്റെ ശക്തി ആകുന്നു.

295 ഓ, ഈ സഭാ യുഗങ്ങളിൽ, നമ്മൾ അതിലേക്ക് എത്തുന്നു. ഞാൻ നിങ്ങളോട് പറയുകയാണ്, അത് അത്രമാത്രം—അത്രമാത്രം എന്റെ ഉള്ളിന്റെ ഉള്ളിലുള്ള വ്യക്തിത്വത്തെ, അതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ രോമാഞ്ചം കൊള്ളിക്കുന്നു. എന്താണ് അവന്റെ വരവ്...നാം ജീവിക്കുന്ന ഈ ദിവസ്സങ്ങളിൽ, അവന്റെ വരവല്ലാതെ മറ്റ് യാതൊരു പ്രതീക്ഷകളും, അവശേഷിച്ചിട്ടില്ലെന്ന് ഞാൻ കാണുന്നു.

296 ഇപ്പോൾ നമുക്ക് ഇത് വേഗത്തിൽ എടുക്കാം. ഇപ്പോൾ ഓർക്കുക.

*...ഏതു കണ്ണും, അവനെ കാണും,...*

297 ഇപ്പോൾ, അത് അപ്പോഴത്തെ ഉൽപ്രാപണം ആയിരുന്നില്ല, അത് ആയിരുന്നില്ലേ? [സഭ പറയുന്നു, "ഇല്ല."—Ed.] നോക്കൂ? അത് ഉൽപ്രാപണം ആയിരുന്നില്ല. അത് ഉൽപ്രാപണം ആയിരുന്നില്ല. അവൻ എന്തിനെക്കുറിച്ചാണ് സംസാരിച്ചത്? അത് രണ്ടാമത്തെ വരവ് ആകുന്നു.

*...അവനെ കുത്തിത്തുളെച്ചവരും അവനെ കാണും: ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെച്ചൊല്ലി വിലപിക്കും.*

298 ഇപ്പോൾ നമുക്ക് തിരികെ പോയി കുറച്ച് ചരിത്രം കണ്ടെത്താം. നമുക്ക് സെഖർയ്യാവിലേക്ക് മടങ്ങാം, സെഖർയ്യാവിന്റെ അധ്യായം 12 എടുക്കാം. സെഖർയ്യാവ്. ശരി.

299 "കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു." യേശുക്രിസ്തുവിന്റെ ഈ നല്ല വെളിപാടിനായി നാം എത്ര നന്ദിയുള്ളവരാണ്! നിങ്ങൾ അവന് വേണ്ടി

സന്തോഷമുള്ളവരല്ലേ? ഇപ്പോൾ, നമുക്ക് കഴിയുന്നത്രയും വേഗത്തിൽ, ഇത് പുസ്തകരൂപത്തിൽ ജനങ്ങളിലേക്ക് എത്തിക്കുന്നതായിരിക്കും, അതിനുശേഷം പിന്നെ നിങ്ങൾക്കത് സ്വന്തമാക്കാം, നിങ്ങളുടെ മുറിയിലും മറ്റു കാര്യങ്ങളുടെയും നിശ്ശബ്ദതയിൽ ഇത് വായിക്കാനും, അത് പഠിക്കാനും കഴിയും, നിങ്ങൾക്ക് തന്നെ സ്വയം. ശരി.

300 സെഖർയ്യാവ്, സെഖർയ്യാവിന്റെ, ഇപ്പോൾ സെഖർയ്യാവിന്റെ 12-ാം അദ്ധ്യായം ആകുന്നു. ഇപ്പോൾ ഇത് വാസ്തവികമായ പ്രാർത്ഥനയോടെ, എടുക്കുവാൻ നാം ആഗ്രഹിക്കുന്നു. ദൈവത്തിന്റെ മഹത്വത്തിനായി ഇത് എടുക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ, സെഖർയ്യാവിന്റെ 12, നമുക്ക് അതിന്റെ 9 വാക്യം തൊട്ടു തുടങ്ങാം. ഇപ്പോൾ ശ്രദ്ധിച്ചു കേൾക്കുക. അവൻ തന്റെ വരവിനെക്കുറിച്ചാണ് സംസാരിക്കുന്നത്. സെഖർയ്യാവ് 12, അതിന്റെ 9, തുടങ്ങി 9-ാം വാക്യമാകുന്നു.

*അന്നാളിൽ ഞാൻ...*

സെഖർയ്യാവ്, പ്രവചിക്കുകയാണ്, ക്രിസ്തുവിന്റെ ആഗമനത്തിന് നാനൂറ്റി എൺപത്തി-യേഴ് വർഷങ്ങൾ മുമ്പ് ആകുന്നു.

> *അന്നാളിൽ ഞാൻ, യെരൂശലേമിന്റെ നേരെ വരുന്ന സകല...ജാതികളെയും നശിപ്പിപ്പാൻ നോക്കും.* (അതൊന്നു ചിന്തിക്കുക.)
>
> *ഞാൻ ദാവീദ് ഗൃഹത്തിൻ മേലും യെരൂശലേം നിവാസികളുടെ മേലും, ആത്മാവിനെ പകരും, കൃപയുടെയും യാചനകളുടെയും ആത്മാവിനെ പകരും: തങ്ങൾ കുത്തീട്ടുള്ളവങ്കലേക്കു അവർ നോക്കും,...*

301 ഇപ്പോൾ, എപ്പോഴാണ് സുവിശേഷം യഹൂദരിലേക്ക് മടങ്ങുന്നത്? ജാതികളുടെ ദിവസം പൂർത്തിയാകുമ്പോൾ, യഹൂദരുടെ അടുത്തേക്ക് പോകുന്നതിന്, സുവിശേഷം തയ്യാറാണ്. ഓ, എനിക്ക് കഴിഞ്ഞാൽ, ഇവിടെത്തന്നെ സംഭവിക്കാൻ പോകുന്ന ഒരു ചെറിയ കാര്യം എനിക്ക് നിങ്ങളോട് മുൻകൂട്ടി പറയാൻ കഴിയുമെങ്കിൽ, നോക്കു, അത് ഈ ദിവസം തന്നെ ആകുന്നു. നിങ്ങൾ കാണുന്നുണ്ടോ? ഇത് സംഭവിക്കാൻ പോകുകയാണ്. സഭാ യുഗത്തിൽ നാം അതിൽ കടക്കുന്നതാണ്. ഈ മഹത്തായ കാര്യം സംഭവിക്കാൻ പോകുകയാണ്, അത് വെളിപാട് 11 ലേക്ക് മാറ്റിവക്കുകയും ആ രണ്ട് പ്രവാചകന്മാരെ എടുക്കുകയും ചെയ്യും, ഏലിയാവും മോശയും യഹൂദന്മാർക്ക് വേണ്ടി വീണ്ടും തിരികെ വരുന്നതാണ്. നമ്മൾ അതിന് തയ്യാറാണ്. എല്ലാ കാര്യങ്ങളും ക്രമത്തിൽ സജ്ജീകരിച്ചിരിക്കുന്നു,

തയ്യാറാണ് അതുമാത്രം. അന്യജാതികളുടെ ഈ സന്ദേശം, യഹൂദന്മാർ അത് അന്യജാതികളിലേക്ക് കൊണ്ടുവന്നതുപോലെ, അന്യജാതികൾ അത് വീണ്ടും യഹൂദന്മാരിലേക്ക് തിരികെ കൊണ്ടുപോകും. അങ്ങനെ ഉൽപ്രാപണം വരും.

302 ഇപ്പോൾ ഓർക്കുക, ഇത് ഇവിടെ വരുന്നത്, മഹാകഷ്ടത്തിനു ശേഷമാകുന്നു...സഭ മഹാകഷ്ടത്തിലൂടെ കടന്നുപോകുന്നില്ല. അത് നമുക്കറിയാം. വേദപുസ്തകം അപ്രകാരം അത് പറയുന്നു. നോക്കൂ? ശരി.

303 ഇപ്പോൾ, ഇസ്രായേൽ ഗൃഹത്തിന്മേൽ അവൻ തന്റെ ആത്മാവിനെ പകരും, (എന്ത്?) അതേ പരിശുദ്ധാത്മാവ്, നോക്കൂ, അന്യ ജാതികളുടെ സഭ പൊയ്ക്കഴിഞ്ഞതിനു ശേഷമാകുന്നു.

> *...അവർ നോക്കും തങ്ങൾ കുത്തീട്ടുള്ളവങ്കലേക്കു അവർ നോക്കും, ഏകജാതനെക്കുറിച്ചു വിലപിക്കുന്നതു* പോലെ, *അവർ അവനെക്കുറിച്ചു വിലപിക്കും, ആദ്യജാതനെക്കുറിച്ച് വ്യസനിക്കുന്നതു പോലെ, അവർ അവനെക്കുറിച്ച് വ്യസനിക്കും.*
>
> കൂടാതെ *അന്നാളിൽ...യെരുശലേമിൽ ഒരു മഹാവിലാപം ഉണ്ടാകും,...കൂടാതെ വിലാപം...മെഗിദ്ദോതാഴ്വരയിലെ പോലെ—പോലെ വിലാപം.*
>
> *അങ്ങനെ—അങ്ങനെ ദേശം കുലംകുലമായി, വെവ്വേറെ വിലപിക്കും; ദാവീദു ഗൃഹത്തിന്റെ കുലം പ്രത്യേകവും, കൂടാതെ...നാഥാൻ ഗൃഹത്തിന്റെ കുലം പ്രത്യേകവും, കൂടാതെ* ശേഷിച്ചിരിക്കുന്ന കുലങ്ങളൊക്കെയും *വിലപിക്കും;* (അവർ കാണുമ്പോൾ, എന്ത് സംഭവിക്കും, അവന്റെ രണ്ടാം പ്രത്യക്ഷത്തിൽ, അവൻ മഹത്വത്തിന്റെ മേഘങ്ങളിൽ വരുമ്പോൾ, എന്ത് സംഭവിക്കും.)

304 ആ യഹൂദന്മാർ അവർ അവനെ കുത്തിയിരുന്നു... നിങ്ങൾക്കറിയാമോ, മറ്റൊരു തിരുവെഴുത്ത് പറയുന്നു അവർ അവനോട് ചോദിക്കും, നിനക്ക് ഈ മുറിവുകൾ എവിടെ നിന്ന് കിട്ടിയതാണ്.

അവൻ പറഞ്ഞു, "എന്നെ സ്നേഹിക്കുന്നവരുടെ വീട്ടിൽവെച്ചു ഞാൻ അടികൊണ്ടതാകുന്നു."

305 യഹൂദന്മാർക്ക് മിശിഹായെന്ന നിലയിൽ അവനെ തള്ളിക്കളഞ്ഞതിന് ഇത് ഒരു ദുഃഖസമയമായിരിക്കും, എന്ന് മാത്രമല്ല, എന്നാൽ ഇവിടെ പിന്നിലായി വിട്ടു പോയ അന്യജാതികളായ അവർക്കും ഇത് ഒരു ദുഃഖസമയമായിരിക്കും, അവനെ സ്വീകരിച്ച...

അത് അവനെ അവരുടെ ഈ കാലത്തെ മശിഹായായി തിരസ്കരിച്ചവർ ആകുന്നു. അവർ കരയുകയും നിലവിളിക്കുകയും ചെയ്യും. ഉറങ്ങിപ്പോയ കന്യകമാർ നിലവിളിച്ചു കരയും. അത് ആ സഭയാണ് അതിന്റെ വിളക്കിൽ എണ്ണ നിറക്കുന്നതിന് വിസമ്മതിച്ചത്. അവിടെ പത്തു കന്യകമാർ പുറപ്പെട്ടു പോയി, എല്ലാവരും നല്ലവരായ ജനങ്ങളായിരുന്നു, എന്നാൽ അവരിൽ അഞ്ചുപേരുടെ വിളക്കുകളിൽ എണ്ണ ഉണ്ടായിരുന്നു. മറ്റുള്ള അഞ്ചു പേരും നല്ലവരായ ജനങ്ങളായിരുന്നു, നല്ലവരായ ജനങ്ങളായിരുന്നു, എന്നാൽ അവരുടെ വിളക്കുകളിൽ എണ്ണ നിറക്കുന്നതിൽ പരാജയപ്പെട്ടു പോയി. "അവരേയോ ഏറ്റവും പുറത്തുള്ള ഇരുളിലേക്കു തള്ളിക്കളയും അവിടെ കരച്ചലും, നിലവിളിയും, പല്ലുകടിയും ഉണ്ടാകും."

306 ഇവിടെ ഇതാ, "അവർ നിലവിളിക്കുന്നു." വേദപുസ്തകം ഇവിടെ പറയുന്നു, "അവർ വിലപിക്കുകയും, അത്രമാത്രം ഹൃദയം-തകർന്നവരും, ആയിട്ട് അതുവരെയും..."

307 ഇവിടെ, ഞാൻ നിങ്ങൾക്ക് മറ്റൊന്ന് തരാം, ഉല്പത്തി 45, നിങ്ങൾ അത് എടുക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ആകുന്നു. നമുക്ക് ഒരു നിമിഷം അതിലേക്ക് കടന്നിട്ട് അതും കൂടി ഉല്പത്തിയിൽ നിന്നും വായിക്കാം, അത്...ഞാൻ വിശ്വസിക്കുന്നു, ഉല്പത്തി 45-ാം അധ്യായത്തിൽ ആകുന്നു. ഇത് ഇവിടെ എടുക്കാൻ ഞാൻ ആഗ്രഹിക്കുന്നു, യോസേഫ് സ്വയം അവന്റെ—അവന്റെ ജനത്തോട് അവനെ വെളിപ്പെടുത്തുന്നതാണ്. നമുക്ക് ഇത് എടുക്കാം, അത് ആ—ആ ദിവസം എന്ത് സംഭവിക്കും എന്നതിന്റെ തമ്മിലുള്ള മാതൃകയെ കാണിക്കാൻ വേണ്ടി മാത്രമാകുന്നു, തുടർന്ന് നാം അത് ഒരുമിച്ച് ബന്ധിപ്പിക്കുന്നതായിരിക്കും.

> *അപ്പോൾ ചുറ്റും നില്ക്കുന്നവരുടെ മുമ്പിൽ...തന്നെത്താൻ അടക്കുവാൻ വഹിയാതെ; എല്ലാവരെയും എന്റെ അടുക്കൽ നിന്നു പുറത്താക്കുവിൻ...എന്നു യോസേഫ് വിളിച്ചുപറഞ്ഞു.*

308 ഇപ്പോൾ ഓർക്കുക, യോസേഫ്, സ്വയം വെളിപ്പെടുത്തുമ്പോൾ, അവൻ നിലവിളിച്ചുകൊണ്ട് പറഞ്ഞു, "എല്ലാ മനുഷ്യരും എന്റെ മുമ്പിൽ നിന്ന് പോകുക."

> *ഇങ്ങനെ യോസേഫ് തന്റെ സഹോദരന്മാർക്കു തന്നെ വെളിപ്പെടുത്തിയപ്പോൾ ആരും അടുക്കൽ ഉണ്ടായിരുന്നില്ല.*
>
> *അവൻ ഉച്ചത്തിൽ കരഞ്ഞു: മിസ്രയീമ്യരും ഫറവോന്റെ ഗൃഹവും അതു* കേട്ടു. (അവൻ ഉച്ചത്തിൽ നിലവിളിച്ചിരിക്കണം.)

*യോസേഫ് സഹോദരന്മാരോട്ടു, ഞാൻ യോസേഫ് ആകുന്നു; എന്റെ അപ്പൻ ജീവനോടിരിക്കുന്നുവോ എന്നു ചോദിച്ചു. അവന്റെ സഹോദരന്മാർ അവന്റെ സന്നിധിയിൽ ഭ്രമിച്ചുപോയതുകൊണ്ടു അവനോടു ഉത്തരം പറവാൻ അവർക്കു കഴിഞ്ഞില്ല.*

*യോസേഫ് സഹോദരന്മാരോട്ടു, ഇങ്ങോട്ടു അടുത്തു... വരുവിൻ...എന്നു പറഞ്ഞു; അവർ അടുത്തു വന്നു. അവൻ പറഞ്ഞതു, ഞാൻ നിങ്ങളുടെ സഹോദരൻ യോസേഫ് ആകുന്നു, എന്നെ...*നിങ്ങൾ—എന്നെ നിങ്ങൾ *മിസ്രയീമിലേക്കു വിറ്റുകളഞ്ഞു.*

*ഇപ്പോൾ ആ കാരണത്താൽ* എന്നെ *ഇവിടെ* വിറ്റതു *കൊണ്ടു നിങ്ങൾ വ്യസനിക്കേണ്ടാ,* വിഷാദിക്കയും *വേണ്ടാ: ജീവരക്ഷക്കായി ദൈവം എന്നെ നിങ്ങൾക്കു മുമ്പെ അയച്ചതാകുന്നു.* (ഓ, എത്ര മനോഹരമായിരിക്കുന്നു!)

*ദേശത്തു ക്ഷാമം* ഉണ്ടായിട്ടു...*രണ്ടു സംവത്സരമായി:* *കൂടാതെ*...അതിൽ തന്നെ, *ഉഴവും കൊയ്ത്തും* ഇല്ലാത്ത *അഞ്ചു* സംവത്സരം *ഇനിയും ഉണ്ടു.*

*ഭൂമിയിൽ നിങ്ങൾക്കു സന്തതി ശേഷിക്കേണ്ടതിന്നും വലിയോരു രക്ഷയാൽ നിങ്ങളുടെ ജീവനെ രക്ഷിക്കേണ്ടതിന്നും ദൈവം എന്നെ നിങ്ങൾക്കു മുമ്പെ അയച്ചിരിക്കുന്നു.*

309 ഞാൻ ഇപ്പോൾ തന്നെ ഇത് എടുത്ത് സെഖർയ്യാവുമായിട്ട് താരതമ്യപ്പെടുത്തി നോക്കാം, അതിന്റെ 12, ഒരു നിമിഷത്തേക്ക് ചെയ്യാം. ഇപ്പോൾ, നമുക്കറിയാം, അതൊരു മാതൃകയാകുന്നു. നിങ്ങൾ മാതൃകകൾ പഠിപ്പിക്കുകയാണെങ്കിൽ, നിങ്ങൾക്ക് എല്ലായ്പ്പോഴും അത് ശരിയായി കിട്ടും, ഞാൻ കരുതുന്നത്, അത്—അത് മാതൃകയിൽ ആകുന്നു.

310 ഇപ്പോൾ, യോസേഫ്, ജനിച്ചപ്പോൾ തന്നെ, അവന്റെ സഹോദരന്മാരാൽ അവൻ വെറുക്കപ്പെട്ടിരുന്നു. അതു ശരിയല്ലേ? ഇപ്പോൾ ഞാൻ നിങ്ങളെ കാണിക്കാൻ ആഗ്രഹിക്കുന്നു, യോസേഫ് ആത്മാവിൽ-നിറഞ്ഞ സഭയെ പ്രതിനിധീകരിക്കുന്നു. യോസേഫ്, അവന്റെ സഹോദരന്മാരാൽ വെറുക്കപ്പെട്ടിരുന്നു. എന്തുകൊണ്ട്? കാരണം അവൻ ആത്മീയനായിരുന്നു. യോസേഫിന് അതിൽ യാതൊന്നും ചെയ്യാൻ കഴിഞ്ഞിരുന്നില്ല കാരണം അവന് ദർശനം കാണാൻ കഴിഞ്ഞിരുന്നു. അവന് അതിൽ യാതൊന്നും ചെയ്യാൻ

കഴിഞ്ഞിരുന്നില്ല കാരണം അവൻ സ്വപ്നങ്ങൾ കണ്ടിരുന്നു, നോക്കൂ, അവന് സ്വപ്നങ്ങളെ വ്യാഖ്യാനിക്കാനും കഴിഞ്ഞിരുന്നു. അവൻ, അതായിരുന്നു അവനിൽ ഉണ്ടായിരുന്നത്. അവനിൽ എന്താണ് ഉണ്ടായിരുന്നത് എന്നല്ലാതെ മറ്റൊന്നും പ്രകടിപ്പിക്കാൻ അവന് കഴിഞ്ഞില്ല. അപ്പോൾ, തുടങ്ങി, അവന്റെ സഹോദരന്മാർ, ഒരു കാരണവുമില്ലാതെ അവനെ വെറുത്തു. എന്നാൽ അവന്റെ പിതാവ് അവനെ സ്നേഹിച്ചു, കാരണം അവന്റെ പിതാവ് ഒരു പ്രവാചകനായിരുന്നു.

311 യേശുവിന്റെ കാര്യത്തിൽ അത് എപ്രകാരമായിരുന്നു എന്ന് നോക്കൂ? ദൈവം തന്റെ പുത്രനെ സ്നേഹിച്ചു. എന്നാൽ സഹോദരന്മാരായ, പരീശന്മാരും സദൂക്യരും, അവനെ വെറുത്തു, കാരണം, അവന് രോഗികളെ സുഖപ്പെടുത്താനും, കാര്യങ്ങൾ മുൻകൂട്ടി പറയാനും, കൂടാതെ ദർശനങ്ങൾ കാണാനും, വ്യാഖ്യാനിക്കാനും കഴിഞ്ഞിരുന്നു. ഞാൻ എന്താണ് ഉദ്ദേശിക്കുന്നതെന്ന് കാണുന്നുണ്ടോ? "ഒരു കാരണവുമില്ലാതെ, അവർ അവനെ വെറുത്തു."

312 അവർ യോസേഫിനോട് എന്താണ് ചെയ്തത്? അവൻ മരിച്ചതായി അവർ നടിച്ചിട്ട്, അവർ അവനെ ഒരു കുഴിയിൽ എറിഞ്ഞു കളഞ്ഞു. ഒരു രക്തം പുരണ്ട മേലങ്കി എടുത്തു, അതിനു ഏഴു നിറങ്ങളുള്ളതായിരുന്നു, അത് അവന്റെ പിതാവ്...

313 മഴവില്ലിൽ ഏഴ് നിറങ്ങൾ മാത്രമേയുള്ളൂ. കൂടാതെ ഈ മഴവില്ല്, നമുക്ക് അത് എന്താണെന്ന് അറിയാം, അതിലേക്ക് കുറച്ച് കഴിഞ്ഞ് നാം എത്തുമെന്ന്, ഞാൻ കരുതുന്നു, ഇന്ന് രാത്രിയിൽ തന്നെ. ഇവിടെ അവന്റെ മേൽ ആയിരുന്ന മഴവില്ല്, യേശു ആകുന്നു, അവിടെ, "അവൻ കാഴ്ചെക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശനും, കൂടാതെ ഒരു മഴവില്ലും." ഒരു മഴവില്ല് ഒരു ഉടമ്പടിയാണ്.

314 അതുകൊണ്ട് അത് യോസേഫിന്റെ മേലുള്ള ദൈവത്തിന്റെ ഉടമ്പടി ആയിരുന്നു. അതിനുശേഷം അവർ അവന്റെ മേലങ്കിയിൽ രക്തം പുരട്ടി, അത് പിതാവിന്റെ അടുത്തേക്ക് തിരികെ കൊണ്ടുപോയി. അങ്ങനെ അവൻ മരിച്ചവനായി കരുതപ്പെടേണ്ടിയിരുന്നു. കൂടാതെ...

315 എന്നാൽ അവനെ കുഴിയിൽ നിന്ന് ഉയർത്തി ഒരു—ഒരു സ്ഥാനത്തായി...അവനെ ഫറവോന് വിൽക്കുകയുണ്ടായി, മിസ്രയീമിലെ ആരോ ഒരുവൻ, കൂടാതെ ഒരു—ഒരു സ്ഥാനാധിപതി അവനെ സൂക്ഷിച്ചു. അങ്ങനെ അവർ ചെയ്തപ്പോൾ, അവൻ, ഒരു അനർത്ഥം അവന്റെ നേരെ വന്നു, അതു അവനെ തടവിലേക്ക് വലിച്ചെറിഞ്ഞു. അവിടെ അവൻ പ്രവചിക്കുകയും,

എന്നിട്ട് രണ്ടുപേരോട്ടു പറയുകയും, അവരിൽ ഒരുവൻ എവിടേക്കു പോകുമെന്നും മറ്റൊരുവാൻ എവിടേക്കു പോകുമെന്നും പറഞ്ഞു; അത് പാനപാത്രവാഹകനും കൂടാതെ ഒരു—ഒരു അപ്പക്കാരനും, അവരുടെ സ്വപ്നത്തിന്റെ പേരിലുള്ള കണക്കായിരുന്നു.

316 അതിനുശേഷം അവൻ അവിടെനിന്നും ഉയർത്തപ്പെട്ടുകയും, ഫറവോന്റെ വലത്തുഭാഗത്താകുകയും ചെയ്തു. യോസേഫിലൂടെ മാത്രം അല്ലാതെ, ആർക്കും ഫറവോനെ തൊടാൻ കഴിഞ്ഞില്ല. [ടേപ്പിൽ ശൂന്യമായ സ്ഥലം—Ed.]

317 എന്താകുന്നു ഇത്. ഇപ്പോൾ, ഇത്...യോസേഫിനെ അവർ മിസ്രയീമ്യർക്ക് വിട്ടുകളഞ്ഞു. കൂടാതെ, ശ്രദ്ധിക്കുക, അവൻ ചെയ്തതെല്ലാം ക്രിസ്തുവിനെ മാതൃകയാക്കി ചെയ്തിരുന്നു. അവിടെയുള്ള ഈ പാനപാത്രവാഹകനെയും അപ്പക്കാരനെയും നോക്കു, അവർക്ക് രണ്ടുപേർക്കും സ്വപ്നങ്ങൾ ഉണ്ടായിരുന്നു. കൂടാതെ യേശു, അവൻ തന്റെ തടവറയിൽ ആയിരുന്നപ്പോൾ. ഓർക്കുക, യോസേഫും തടവറയിൽ ആയിരുന്നു. യേശു തന്റെ തടവറയിൽ ആയിരിക്കുമ്പോൾ, (എങ്ങനെ?) അവനെ ഒരു കുരിശിൽ ആണിയിൽ തൂക്കിയപ്പോൾ, അവിടെ ഒരാൾ രക്ഷിക്കപ്പെട്ടുകയും മറ്റൊരാൾ നഷ്ടപ്പെട്ടുകയും ചെയ്തു. യോസേഫ് തടവിലായിരുന്നപ്പോൾ അവിടെയും ഒരാൾ രക്ഷിക്കപ്പെട്ടുകയും മറ്റൊരാൾ നഷ്ടപ്പെട്ടുകയും ചെയ്തു.

318 കൂടാതെ ശ്രദ്ധിക്കുക. അതിനുശേഷം യേശുവിനെ കുരിശിൽ നിന്ന് ഇറക്കിയ ശേഷം, അവൻ സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെട്ടു, മഹത്തായ ആത്മാവായ, യഹോവയുടെ വലതുഭാഗത്ത് ഇരിക്കുന്നു. "എന്നിലൂടെയല്ലാതെ ഒരു മനുഷ്യനും ദൈവത്തിങ്കലേക്കു വരാൻ കഴിയില്ല." ഇല്ല ഒരു *വിശുദ്ധ മറിയത്തിലൂടെയും,* ഇല്ല ഒരു വാഴ്ത്തപ്പെട്ട ഇതിലൂടെയും അല്ലെങ്കിൽ വാഴ്ത്തപ്പെട്ട *അതിലൂടെയുമല്ല*. എന്നാൽ, യേശുക്രിസ്തുവിലൂടെ മാത്രം, "ദൈവത്തിനും മനുഷ്യർക്കും ഇടയിൽ ഒരേയൊരു മദ്ധ്യസ്ഥൻ മാത്രമേയുള്ളൂ," ദൈവം കൂടാരമാക്കിയ ആ വിലയേറിയ ശരീരം, നമ്മുടെ ഇടയിലായിട്ടു, അത് ദൈവത്തിന്റെ നാമം വഹിച്ചു. അങ്ങനെ ദൈവം മനുഷ്യന്റെ പേര് തന്റെമേൽ വഹിച്ചു. ദൈവം വഹിച്ചു...

319 ഇവിടെ നോക്കുക. ആദിയിൽ, ആദാം...എനിക്ക് ഇതിൽ നിന്ന് ഒഴിഞ്ഞുമാറാൻ കഴിയില്ല. എവിടെയോ ആർക്കോ ഇത് മനസ്സിലാകുന്നില്ലെന്നു എനിക്ക് തോന്നുന്നു. നോക്കു. ആദിയിൽ... ഞാൻ നിങ്ങൾക്ക് ചില കാര്യങ്ങൾ വീണ്ടും കാണിച്ചുതരാം. ഇത് ചെയ്യാൻ പരിശുദ്ധാത്മാവ് എനിക്ക് മുന്നറിയിപ്പ് നൽകുന്നു.

ഞാൻ എന്റെ വിഷയം ഒരു നിമിഷത്തേക്ക് വിട്ടുകയാണ്. മഹത്വത്തിൽ ആദ്യം ഈ വാർത്ത വന്നപ്പോൾ അതായത്, ആദം, തന്റെ മകൻ നഷ്ടപ്പെട്ടു പോയിരിക്കുന്നു, അപ്പോൾ ദൈവം ഒരു ദൂതനെയാണോ അയച്ചത്? അവൻ ഒരു പുത്രനെയാണോ അയച്ചത്? അവൻ മറ്റാരെയെങ്കിലും അയച്ചിട്ടുണ്ടോ? അവൻ ഇറങ്ങി വന്നു, സ്വയം, തന്റെ നഷ്ടപ്പെട്ട മകനെ വീണ്ടെടുക്കാൻ. ഹല്ലേലൂയാ! അതിനുവേണ്ടി ദൈവം സ്വയം തന്നിൽ മാത്രമല്ലാതെ മറ്റാരെയും വിശ്വസിച്ചില്ല. ദൈവം ജഡമായി നമ്മുടെ ഇടയിൽ വസിക്കുകയും മനുഷ്യനെ വീണ്ടെടുക്കുകയും ചെയ്തു, സ്വയം. അത്... "നാം രക്ഷിക്കപ്പെട്ടു," വേദപുസ്തകം പറയുന്നു, "ദൈവത്തിന്റെ രക്തത്താൽ." മർത്യനായി, ദൈവം...അക്ഷയനായ ദൈവം മർത്യനായി, പാപത്തെ നീക്കിക്കളയുന്നതിനുവേണ്ടി, ഒരു കുഞ്ഞാടായി തീർന്നു, സ്വയം തന്നെ; മഹത്വത്തിലേക്ക് പ്രവേശിക്കുന്നതിന്, തിരശീലക്കുള്ളിൽ, തന്റെ സ്വന്തം രക്തം അവന്റെ മുമ്പാകെ എടുത്തുകൊണ്ടു, തിരശീലക്കുള്ളിൽ പ്രവേശിച്ചു.

320 ഇപ്പോൾ, യോസേഫ്, അവൻ മിസ്രയീമിലേക്ക് പോകുന്നു. അവിടെ അവൻ തന്റെ തടവറയിൽ നിന്ന് ഉയർത്തപ്പെട്ടുകയും, ഫറവോന്റെ വലത്ത് ഭാഗത്തായി ഇരിക്കയും, മേൽനോട്ടക്കാരൻ ആകുകയും ചെയ്തു. യോസേഫിന്റെ കാലത്ത് എല്ലാ കാര്യങ്ങളും അഭിവൃദ്ധിപ്പെട്ടുകയുണ്ടായി.

321 ഇപ്പോൾ, യേശു മടങ്ങിവരുമ്പോൾ, മരുഭൂമി പോലും പനിനീർ പുഷ്പം പോലെ തളിർക്കും. അവൻ സമൃദ്ധിയുടെ പുത്രനാണ്, യോസേഫിന്റെ മാതൃകയാകുന്നു.

322 അവർ യോസേഫിനെ അകത്താക്കി...സേനാധിപതി അവനെ അവന്റെ വീട്ടിൽ വെക്കുകയുണ്ടായി; അവിടെ അവൻ ചെയ്തതിതെല്ലാം, അവൻ അഭിവൃദ്ധി പ്രാപിച്ചു. അവർ അവനെ കാരാഗൃഹത്തിൽ അടച്ചു, കാരാഗൃഹം മുഴുവൻ അഭിവൃദ്ധി പ്രാപിച്ചു. അവർ ചെയ്തതിതെല്ലാം, അവൻ അഭിവൃദ്ധി പ്രാപിച്ചു. അങ്ങനെ അവൻ ഉയർത്തപ്പെട്ടപ്പോൾ, ഏറ്റവും ഉയർന്ന, ഫറവോന്റെ, ഫറവോന്റെ അടുത്ത സ്ഥാനത്താകുകയും, മിസ്രയീമിൽ എല്ലാ കാര്യങ്ങളും ലോകത്തിൽ മറ്റുള്ള എല്ലാറ്റിനേക്കാളും അധികമായി അഭിവൃദ്ധി പ്രാപിച്ചു.

323 അവൻ മടങ്ങിവരുമ്പോൾ, അത് ഒരു സമൃദ്ധിയുടെ ദേശമായിരിക്കും. പഴയ മരുഭൂമികൾ പൂത്തു തളിർക്കും, അവിടെ എല്ലായിടത്തും ആഹാരമുണ്ടായിരിക്കും. നമുക്കെല്ലാവർക്കും, നമ്മുടെ സ്വന്തം അത്തിമരത്തിന്റെ ചുവട്ടിൽ, ഇരിക്കാൻ കഴിയും, അവൻ

രാജാവായി മടങ്ങിവരുമ്പോൾ, നമുക്ക് ചിരിക്കാനും ആനന്ദിക്കാനും, എന്നന്നേക്കും അവന്റെ സാന്നിധ്യത്തിൽ ജീവിക്കാനും കഴിയും.

324 അവൻ മനുഷ്യപുത്രനായിരുന്നു, അത് പ്രവാചകൻ ആകുന്നു. ആമേൻ. അവൻ മനുഷ്യപുത്രനായിരുന്നു, ബലിയും, പുരോഹിതനുമാകുന്നു. അവൻ മനുഷ്യപുത്രനാകുന്നു, രാജാവെന്ന നിലയിൽ, ദാവീദിന്റെ പുത്രനായി തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുന്നു. മനുഷ്യപുത്രൻ, അവൻ മനുഷ്യ-... ദൈവം മനുഷ്യപുത്രനായി വെളിപ്പെട്ടതാകുന്നു. അവൻ താഴേക്ക് ഇറങ്ങിവന്ന് മനുഷ്യനായി തീർന്നു, അത് ലോകത്തിൽ നിന്ന് പാപത്തെ നീക്കിക്കളയുന്നതിനാകുന്നു. ഒരു പ്രവാചകനെപ്പോലെ, അവൻ ഒരു മനുഷ്യനായി തീർന്നു. ഒരു പുരോഹിതനെപ്പോലെ, അവൻ ഒരു മനുഷ്യനായി തീർന്നു. ഒരു രാജാവിനെപ്പോലെ, അവൻ ഒരു മനുഷ്യനായി തീർന്നു; സ്വർഗ്ഗീയ രാജാവ്, വിശുദ്ധരുടെ രാജാവ്, നിത്യനായ രാജാവ്; എപ്പോഴും രാജാവായിരുന്നു, എപ്പോഴും രാജാവായിരിക്കും, നിത്യനായ രാജാവ്.

325 ഇപ്പോൾ ശ്രദ്ധിക്കുക, അതിനുശേഷം, യോസേഫ്. യോസേഫ് പുറപ്പെടുന്നതിന് മുമ്പ്, അവർക്ക് ആദ്യം കാഹളം, ഊതേണ്ടിയിരുന്നു. അപ്പോൾ ജനങ്ങൾ നിലവിളിച്ച് കൊണ്ട് പറഞ്ഞിരുന്നു, "യോസേഫിനു മുമ്പിൽ മുട്ടു കുത്തുവിൻ." ഒരു മനുഷ്യൻ എന്ത് ചെയ്യുകയായിരുന്നാലും കാര്യമല്ല, അവൻ തെരുവിൽ ഒരു ഉൽപ്പന്നം വിൽക്കുകയായിരിക്കാം, എന്നാൽ ആ കാഹളം മുഴക്കപ്പെടുമ്പോൾ, അവൻ മുട്ടുകുത്തിയിരുന്നു. ഒരു മനുഷ്യൻ കൈ നീട്ടി തന്റെ പണം വാങ്ങാൻ തുടങ്ങുകയായിരുന്നു, എന്നാൽ അവൻ മുട്ടുകുത്തി, യോസേഫ് വരുകയായിരുന്നു. ഓ! ആ ഗോ-...ആ—ആ—ഗോഷ്ഠിക്കാരൻ തന്റെ പ്രകടനം ചെയ്യാൻ തുടങ്ങുകയായിരുന്നു, അവൻ എന്താണ് ചെയ്തത്? അയാൾക്ക് നിർത്തേണ്ടി വന്നു. "യോസേഫ് വരുന്നു." കാഹളം മുഴങ്ങിയിരിക്കുന്നു.

326 ഈ ദിവസങ്ങളിൽ ഒന്ന്, എല്ലാ കാര്യങ്ങളും, സമയം പോലും, നിശ്ചലമാകും. "ദൈവത്തിന്റെ കാഹളം മുഴങ്ങുമ്പോൾ, ക്രിസ്തുവിൽ മരിച്ചവർ ഉയിർത്തെഴുന്നേൽക്കുമ്പോൾ, പ്രഭാതം നിത്യതയിലേക്ക് പൊട്ടി വിടരുകയും, അത് ശോഭയുള്ളതും മനോഹരവുമായിരിക്കും." എല്ലാ കാര്യങ്ങളും മുട്ടുമടക്കും. "എല്ലാ മുട്ടും മടങ്ങും, എല്ലാ നാവും അതിനെ ഏറ്റുപറയും."

ഇപ്പോൾ ആരംഭിക്കുക. "ചില മനുഷ്യരുടെ പാപങ്ങൾ മുമ്പേ പോകുന്നു, ചിലത് പിന്തുടരുന്നു."

327 എന്നാൽ ഇപ്പോൾ എന്താണ് സംഭവിച്ചതെന്ന് ശ്രദ്ധിക്കുക. എത്ര മഹത്വമേറിയതാകുന്നു! അതിനുശേഷം യൊസേഫ്...അവൻ ഒരു അന്യജാതിക്കാരിയെ വിവാഹം കഴിച്ചശേഷം ഒരു കുടുംബം സ്വീകരിച്ചു, എഫ്രയീമും മനശ്ശെയെയും, അവന്റെ പുത്രന്മാർ ആയിരുന്നു. നിങ്ങൾ അതിന്റെ അവസാനം ശ്രദ്ധിച്ചോ? യൊസെഫ്...യാക്കോബ് എഫ്രയീമിനെയും മനശ്ശെയെയും അനുഗ്രഹിക്കാൻ തുടങ്ങി. അവൻ തന്റെ കൈകൾ വയ്ക്കാൻ തുടങ്ങിയപ്പോൾ, അവൻ എഫ്രയീമിനെ തന്റെ വലത്തും, മനശ്ശെയെ ഇടത്തും നിർത്തി, അത് മൂത്തവനെ അനുഗ്രഹിക്കുന്ന വലതുകൈ ലഭിക്കാനായിരുന്നു. എന്നാൽ അവൻ പ്രാർത്ഥിക്കാൻ തുടങ്ങിയപ്പോൾ, അവന്റെ കൈകൾ പിണെച്ചുവെച്ചു, അവൻ ഇളയവനു വലതുഭാഗത്തുള്ള അനുഗ്രഹം വലതു ഭാഗത്തുള്ളതിന് പകരം നൽകി അനുഗ്രഹിച്ചു.

328 അപ്പോൾ ജോസഫ് പറഞ്ഞു, "അങ്ങനെയല്ല, എന്റെ അപ്പാ." പറഞ്ഞു, "നീ എഫ്രയീമിനു പകരം മനശ്ശെയെ അനുഗ്രഹിച്ചിരിക്കുന്നു."

അവൻ പറഞ്ഞു, "ദൈവം എന്റെ കൈകൾ പിണെച്ചുവെച്ചു."

329 എന്ത്? ഏറ്റവും മൂത്തതും, ദൈവം ആദ്യം-തിരഞ്ഞെടുത്തതും, ആയ യഹൂദരിൽ നിന്ന്, കുരിശിലൂടെ അനുഗ്രഹങ്ങൾ തിരികെ അന്യജാതികളിൽ എത്തുകയും, അതൊരു മണവാട്ടിയെ പ്രാപിക്കാനുമായിരുന്നു. കുരിശിലൂടെ അനുഗ്രഹം വരുന്നു, യഹൂദരിൽ നിന്നും അന്യ ജാതികളിലേക്ക് ആയിരുന്നു. തള്ളിക്കളഞ്ഞു, അവർ കുരിശിനെ തള്ളിക്കളഞ്ഞു, ആ കാരണത്താൽ അവന് അന്യജാതിയായ മണവാട്ടിയെ ലഭിച്ചു.

330 ഇപ്പോൾ യോസേഫ്, ഇതിനുമുമ്പ്, അവൻ ആയിരുന്നപ്പോൾ... അവന്റെ സഹോദരന്മാരെക്കുറിച്ച് കേട്ടപ്പോൾ, അവർ...അവർ വർഷങ്ങളോളമായി കൂട്ടായ്മയ്ക്ക് പുറത്തായിരുന്നു, ഈ യെഹൂദന്മാർ.

331 ഇപ്പോൾ ശ്രദ്ധിക്കുക. നാം ഇപ്പോൾ സെഖര്യാവിന്റെ പുസ്തകത്തിലേക്ക് തിരികെ കടക്കുകയാണ്, അവിടെ അവർ വിലപിക്കുകയും, കരയുകയും വിലപിക്കുകയും ചെയ്യുന്നു. അവർ കുലം കുലമായിട്ടു അവരെത്തന്നെ കുടുംബങ്ങൾ പോലും സ്വയം വേർപെടുത്തും, അവർ പുറത്തു പോയിട്ട്, പറയും, "നമ്മൾ ഇത് എങ്ങനെ ചെയ്തു? നമുക്കിത് എങ്ങനെ ചെയ്യാൻ കഴിയും?" അവർ അത് ചോദിക്കുമ്പോൾ, "നിന്റെ കയ്യിൽ കാണുന്ന ഈ മുറിവുകൾ എന്തു?" അവനെ കുത്തിത്തുളെച്ചവരും അവനെ കാണും. "അവൻ മേഘാരൂഢനായി വരുന്നു. ഏതു കണ്ണും, അവനെ കുത്തിത്തുളെച്ചവരും അവനെ കാണും. ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും, അവനെച്ചൊല്ലി വിലപിക്കും." എന്തുചെയ്യണമെന്ന് അവർക്കറിയില്ല.

332 അങ്ങനെ അപ്പോൾ യോസേഫ്...നിങ്ങൾക്ക് ഈ കഥ അറിയാമല്ലോ. അവൻ തന്റെ സഹോദരന്മാരെ കണ്ടപ്പോൾ, അവന് എബ്രായ ഭാഷ സംസാരിക്കാൻ അറിയില്ലാത്തതുപോലെ അഭിനയിക്കുകയും, ഒരു വ്യാഖ്യാതാവിനെ വ്യാഖ്യാനിക്കാൻ കൊണ്ടുവരുകയും ചെയ്തു. അവന് എബ്രായ ഭാഷ സംസാരിക്കാൻ കഴിയില്ലാതെ, അവൻ അപ്രകാരം അഭിനയിച്ചു; എന്നാൽ അവൻ അത് കണ്ടെത്താൻ ആഗ്രഹിക്കുകയായിരുന്നു. അങ്ങനെ അവസാനം, ഒരു ദിവസം, അവർ അവരുടെ ഇളയ സഹോദരനെ കൊണ്ടുവന്നപ്പോൾ, നിങ്ങൾ ശ്രദ്ധിച്ചോ? ഇത് ബെന്യാമീൻ ആയിരുന്നു യോസേഫിന്റെ പ്രാണനെ ജ്വലിപ്പിച്ചത്?

333 എന്താകുന്നു ഇത്, ഇന്ന്, യേശുവായ, നമ്മുടെ യോസേഫിന്റെ പ്രാണനെ ജ്വലിപ്പിക്കാൻ പോകുന്നത്? അത് ദൈവത്തിന്റെ കൽപ്പനകൾ പാലിച്ചിരുന്ന, അങ്ങ് ദൂരെ ഇറാനിൽ ആയിരുന്ന ആ യുവ സഭ ആകുന്നു. ഇതൊരു പുതുതായി ജനിച്ച ജനമായിട്ട് പലസ്തീനിൽ ഒരുമിച്ചു കൂടുകയും, വീണ്ടും പുനഃസ്ഥാപിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഇത് ദാവീദിന്റെ ആറ് മുനയുള്ള നക്ഷത്രം ആകുന്നു, ലോകത്തിലെ ഏറ്റവും പഴക്കമുള്ള പതാകയാകുന്നു, കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഒരു രാഷ്ട്രം ജനമെടുത്തിരിക്കുന്നു. അങ്ങനെ ഇതാ ഇസ്രായേൽ അവിടെ ആയിരിക്കുന്നു.

> രാജ്യങ്ങൾ തകരുന്നു, യിസ്രായേൽ ഉണരുന്നു,
> തിരുവെഴുത്തിൽ മുൻചൊന്ന അടയാളങ്ങളാകുന്നു;
> ജാതികളുടെ ദിനങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു, അതിയായ തടസ്സങ്ങളാൽ വിഷമിപ്പിക്കുന്നു;
> "ചിതറിപ്പോയവരേ, നിങ്ങളുടെ സ്വന്തത്തിലേക്ക് മടങ്ങുക."
>
> വീണ്ടെടുപ്പിൻ നാൾ അടുത്തിരിക്കുന്നു,
> മനുഷ്യർ നിർജ്ജീവന്മാർ ആകുന്നു; (ഇത് നോക്കു, അവർക്കെല്ലാം ഞരമ്പ് രോഗം പിടിപ്പെട്ടിരിക്കുന്നു.)
> ആത്മാവിനാൽ നിറയുക, നിങ്ങളുടെ വിളക്ക് വെടിപ്പാക്കി തെളിയിക്കുക,
> നിവിർന്നു തല പൊക്കുവിൻ! നിങ്ങളുടെ വീണ്ടെടുക്കൽ അടുത്തിരിക്കുന്നു.
>
> കള്ള പ്രവാചകന്മാർ കള്ളം പറയുന്നു, ദൈവത്തിന്റെ സത്യത്തെ അവർ നിഷേധിക്കുന്നു,
> ക്രിസ്തുവായ യേശു നമ്മുടെ ദൈവമാകുന്നു;

(സ്തോത്രം!) എന്നാൽ വെളിപാട് വന്നിരിക്കുന്നു.
അതുകൊണ്ട് അപ്പോസ്തലന്മാരുടെ കാൽ ചുവടുകളിൽ
നാം നടക്കും. (അവരുടെ അതേ സ്ഥലത്ത് തന്നെ.)

എന്തെന്നാൽ വീണ്ടെടുപ്പിൻ നാൾ അടുത്തിരിക്കുന്നു,
മനുഷ്യർ നിർജ്ജീവന്മാർ ആകും;
ആത്മാവിനാൽ നിറയുക, നിങ്ങളുടെ വിളക്ക്
വെടിപ്പാക്കി തെളിയിക്കുക,
നിവിർന്നു തല പൊക്കുവിൻ! നിങ്ങളുടെ വീണ്ടെടുക്കൽ
അടുത്തിരിക്കുന്നു.

334 ഓ! ഓ, യോസേഫ്, തന്റെ സഹോദരനായ ബെന്യാമിൻ അവിടെ നിൽക്കുന്നത് കണ്ടപ്പോൾ! അത് അവന്റെ ഇളയ സഹോദരനാകുന്നു. നിങ്ങൾ ഇപ്പോൾ ബെന്യാമിനെ അവിടെ നിൽക്കുന്നത് കാണുന്നു...?...അങ്ങ് ദൂരെയായി, അവിടെ എല്ലാം ഒരുക്കമായിരിക്കുന്നില്ലേ? ഗോത്രങ്ങൾ—ഭൂമിയുടെ, യഹൂദരുടെ ആകുന്നു, തിരികെ അവിടെ എത്തിച്ചേരുകയും അവിടെ ഒരു ലക്ഷത്തി നാല്പത്തി-നാലായിരം പേർ അവരിൽ നിന്നും അവിടെ നിൽക്കും, ക്രിസ്തുവിനെ സ്വീകരിക്കാൻ അവൻ വരുന്നത് കാണുമ്പോൾ ആകുന്നു. അവർ പറയും, "ഇതാ, ഞങ്ങൾ കാത്തിരുന്ന നമ്മുടെ ദൈവം ഇതാകുന്നു." അപ്പോൾ അവർ അവനെ കുത്തിയത് കാണും..."ഇവ എവിടെ നിന്ന് നിനക്ക് കിട്ടി?"

അവൻ പറഞ്ഞു, "എന്റെ സുഹൃത്തിന്റെ വീട്ടിൽ വെച്ച്."

335 അവർ കരയുകയും വിലപിക്കുകയും ചെയ്യും. ഓരോ കുടുംബവും, ദാവീദ് ഗൃഹത്തിന്റെയും നെപ്താലി ഗൃഹത്തിന്റെയും ഗോത്രങ്ങളും എല്ലാവരും, ഓരോ കുടുംബവും, തങ്ങളെത്തന്നെ വേർതിരിക്കും, അവൻ അവിടെ നിൽക്കുന്നത് കാണുമ്പോൾ അവർ അവനെക്കുറിച്ചു വിലപിക്കും, തങ്ങൾ കുത്തീട്ടുള്ളവങ്കലേക്കു അവർ നോക്കും.

336 അവന്റെ സന്ദേശം എന്തായിരിക്കും? യോസേഫ് പറഞ്ഞത് ശ്രദ്ധിക്കുക. അവൻ പറഞ്ഞപ്പോൾ...

337 മറ്റൊരു കാര്യം ശ്രദ്ധിക്കുക. യോസേഫ് കുട്ടികളെ അവന്റെ മുമ്പിൽ കൊണ്ടുവന്നപ്പോൾ, അവൻ അവരെ നോക്കി, അവൻ തന്റെ അനുജനായ ബെന്യാമീനെ കണ്ടു. അവൻ എഫ്രയീമിനെ കണ്ടു, അവിടെയുള്ള മറ്റുള്ളവരെയും, ഗാദിനെയും എല്ലാവരെയും കണ്ടു. കൂടാതെ പന്ത്രണ്ടു ഗോത്രങ്ങളും, അപ്പോൾ പത്തു ഗോത്രങ്ങളായിരുന്നു, അവന്റെ മുമ്പാകെ നിന്നു. അവരെല്ലാം അവിടെ നിൽക്കുന്നത് അവൻ കണ്ടു. അവർ തന്റെ സഹോദരന്മാരാണെന്ന്

അവനറിയാമായിരുന്നു. അവൻ തന്റെ ഇളയവനായ ബെന്യാമിനെ, നേരെ നോക്കി, അവന്റെ തൊണ്ട ഇടറാൻ തുടങ്ങി. അവരെല്ലാം തന്റേതാണെന്ന് അവന് അറിയാമായിരുന്നു. അവൻ എന്താണ് പറഞ്ഞത്? "എല്ലാ മനുഷ്യനും എന്നെ വിട്ടുപോകട്ടെ." അവന്റെ ഭാര്യയും കുട്ടികൾക്കും എന്ത് സംഭവിച്ചു? അവർ കൊട്ടാരത്തിലേക്ക് പോയി.

338 ഉൽപ്രാപണ സമയത്ത് അന്യജാതി സഭ എവിടെ പോകും? കൊട്ടാരത്തിലേക്ക് പോകും. മണവാട്ടി, ഹല്ലേലൂയാ, മണവാട്ടി ഭൂമിയിൽ നിന്ന് ഉൽപ്രാപണ സമയത്ത്, എടുത്തുമാറ്റപ്പെടും. അതിനുശേഷം അവൻ മടങ്ങിവരുമ്പോൾ, അവന്റെ മണവാട്ടി അവിടെ ഉണ്ടാകുകയില്ല അത് അവൻ തന്റെ സഹോദരന്മാരോട് തന്നെത്തന്നെ വെളിപ്പെടുത്തുമ്പോൾ ആകുന്നു, അത് യെഹൂദന്മാരാകുന്നു. അവനെ കുത്തിയവർ, അവനെ തള്ളിക്കളഞ്ഞവർ.

339 എന്നാൽ അവന്റെ ഭാര്യയും അവന്റെ പ്രിയപ്പെട്ടവനും, അവിടെയുള്ള അവന്റെ അടുത്ത സുഹൃത്തുക്കളും, അവന്റെ—അവന്റെ സ്വന്തമായ ദൈവത്താൽ-അയക്കപ്പെട്ട കൂട്ടാളികൾ മന്ദിരത്തിൽ ഉണ്ടായിരുന്നു. അങ്ങനെ അവൻ നോക്കിയപ്പോൾ, അവൻ പറഞ്ഞു അവർ എല്ലാം...അവർക്ക് അറിയില്ലായിരുന്നു. അവർ പറഞ്ഞു, "ഓ, ഇത് മഹാനായ രാജകുമാരനാകുന്നു!" അവർ പറയാൻ തുടങ്ങി, അവർ പരസ്പരം, ഓ, തങ്ങൾ ചെയ്ത ഈ കാര്യങ്ങളെപ്പറ്റി അവർ പറയാൻ തുടങ്ങി.

340 അത് എഫ്രയീം ആയിരുന്നു എന്ന് ഞാൻ വിചാരിക്കുന്നു, അല്ലെങ്കിൽ എഫ്രയീം അല്ല, എന്നാൽ അത് ഇപ്പോൾ ഏതായിരുന്നു എന്ന് ഞാൻ മറക്കുന്നു അതായത്—അത് പറഞ്ഞു, "ശരി, നമ്മുടെ സഹോദരനായ യോസേഫിനെ, നമ്മൾ കൊല്ലാൻ പാടില്ലായിരുന്നു." പറഞ്ഞു, "നിങ്ങൾ നോക്കു, നമുക്ക് അതിന്റെ പ്രതിഫലമാണ് ഇപ്പോൾ കിട്ടുന്നത്." രൂബേൻ, രൂബേൻ പറഞ്ഞു. "നമ്മുടെ സഹോദരനെ നമ്മൾ കൊല്ലാൻ പാടില്ലായിരുന്നു." പറഞ്ഞു, "കാരണം, നിങ്ങൾ നോക്കു, നമ്മൾ ചെയ്തതിനുള്ള പ്രതിഫലമാണ് നമുക്ക് കിട്ടുന്നത്."

341 യോസേഫ് അവിടെ നിന്നിരുന്നു; അവന് എബ്രായ ഭാഷ മനസ്സിലാകുമെന്ന് അവർ കരുതിയില്ല. പക്ഷേ അവനത് അറിയാമായിരുന്നു.

342 ചിലർ വിചാരിക്കുന്നത്, സംസാരിക്കാൻ കഴിയില്ല... അന്യഭാഷകളിൽ സംസാരിക്കുന്നത് മനസ്സിലാകത്തില്ല, എന്നാൽ അവൻ അതിനെക്കുറിച്ച് എല്ലാം അറിയുന്നു. അതെ, അവനറിയാം.

ജാതികളുടെ രാജത്വം അന്യഭാഷയിലും അതിന്റെ വ്യാഖ്യാനങ്ങളിലും കൂടെ കടന്നു വന്നിരുന്നു, സ്വർണ്ണത്തിന്റെ തലയിൽ (ആദ്യത്തെ തലഭാഗം) അത് വീഴുന്നതിന് മുമ്പ് ആയിരുന്നു. എന്താണ് ആ ആദ്യത്തെ ജാതികളുടെ കാലം അവസാനിപ്പിച്ചത്? ഒരു ചുവരിൽ പതിഞ്ഞ അജ്ഞാത ഭാഷയുടെ ഒരു കൈയെഴുത്തും, അത് വ്യാഖ്യാനിക്കാനും അത് എന്തായിരുന്നുവെന്ന് പറയാനും കഴിവുള്ള ഒരു വ്യക്തിയിലും കൂടെയായിരുന്നു. അത് അതേ രീതിയിൽ പുറപ്പെട്ട് പോകുന്നു. ആമേൻ. അത് അകത്ത് പ്രവേശിച്ചതും പുറത്തേക്ക് പോകുന്നതും ഒരേ രീതിയിൽ തന്നെയാകുന്നു.

343 അവർ സംസാരിക്കുന്ന ഭാഷകൾ അവന് മനസ്സിലാക്കാൻ കഴിയില്ലെന്ന് അവർ കരുതിയിരുന്നു, എന്നാൽ അവന് അത് അറിയാമായിരുന്നു. അവർ പറഞ്ഞു, "നമുക്ക് എന്താണ് കിട്ടിയിരിക്കുന്നതെന്ന് നിങ്ങൾ നോക്കൂ?"

അതിനുശേഷം അവർ ചെയ്തതിൽ അവർ ഖേദിക്കുന്നത് യോസേഫ് കണ്ടിരുന്നു.

344 ഇപ്പോൾ അവൻ അവരുടെ സങ്കടവും അവർ അവനെ തള്ളിക്കളഞ്ഞതിന്റെ പശ്ചാത്താപവും കാണുകയും, അതിനാൽ ഇപ്പോൾ അവന്റെ തൊണ്ട ഇടറാൻ തുടങ്ങിയിരുന്നു. തന്റെ സഭയെ ഭൂമിയിൽ നിന്ന് പിരിച്ചുവിടാനും, അവളെ മഹത്വത്തിലേക്ക് കൊണ്ടുപോകാനും അവൻ തയ്യാറായിരുന്നു. അതിനുശേഷം മടങ്ങിവരുകയും, അപ്പോൾ ഭൂമിയിലെ എല്ലാ ഗോത്രങ്ങളും വിലപിക്കുകയും ചെയ്യുന്നതാകുന്നു.

345 അവർ എന്താണ് ചെയ്തത്? രൂബേനും, ബാക്കി എല്ലാവരും, കരയാൻ തുടങ്ങി, അവർ പറഞ്ഞു, "ഓ! ഓ!" അവർ ഭയന്നുപോയിട്ട് പറഞ്ഞു, "ഇത് അവനാകുന്നു. ഇപ്പോൾ അതിന് വേണ്ടി നമ്മൾ അകത്തായി കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ അവൻ നമ്മളെ കൊല്ലും. ഇപ്പോൾ അവൻ...നമ്മൾ ഇപ്പോൾ തന്നെ നശിപ്പിക്കപ്പെടാൻ പോകുകയാണെന്ന് നാം അറിയുന്നു, കാരണം ഇത് ഇത്രയും കാലം നമ്മിൽ നിന്ന് അകന്നുപോയിരുന്ന ആ യൊസേഫ് ആകുന്നു. അത് യൊസേഫ് ആകുന്നു, നമ്മുടെ സഹോദരൻ, ഇപ്പോൾ നമ്മൾ ശരിക്കും അതിനുവേണ്ടി അകത്തായിരിക്കുന്നു."

346 അവൻ പറഞ്ഞു, "നിങ്ങൾ അതിനായി വ്യസനിക്കരുത്. ജീവരക്ഷക്കായി ദൈവം എന്നെ നിങ്ങൾക്കു മുമ്പെ അയച്ചതാകുന്നു."

347 ദൈവം എന്താണ് ചെയ്തത്? എന്തുകൊണ്ടാണ് യഹൂദന്മാർ യേശുവിനെ തള്ളിപ്പറഞ്ഞത്? അതിനാൽ ജാതികളായ നാം,

അതുകൊണ്ട്, അതായത്, അവന്റെ നാമത്തിനുവേണ്ടി അവൻ വിളിച്ച വേർപിരിച്ച ജനങ്ങളെ, ദൈവം അതിനുവേണ്ടി അന്യജാതി സഭയുടെ ജീവൻ സംരക്ഷിക്കാൻ അത് ചെയ്തു, അത് മണവാട്ടിയാകുന്നു.

348 അവനെ തള്ളിക്കളഞ്ഞ എല്ലാ ഗോത്രങ്ങളും വിലപിക്കും. അവർ ഗുഹകളിലും, മലപ്പാറകളിലും, ഒളിച്ചുകൊണ്ടു മലകളോടും പാറകളോടും, പറയും, "ഞങ്ങളെ മറെപ്പിൻ, മലകളെ, ഞങ്ങളുടെ മേൽ വീഴുവിൻ." അവർ അത് നിരസിച്ചു, അവനെ. ഭൂമിയിലെ സകലവംശങ്ങളും അവനെച്ചൊല്ലി വിലപിക്കും. ഇസ്രായേലിലെ ഓരോ കുലവും തങ്ങളെത്തന്നെ വേർപെടുത്തും. അവർ കുലംകുലമായി, പരസ്പരം വേർപിരിഞ്ഞുകൊണ്ട്, പറയും, "എന്തിനാണ് നാം അത് ചെയ്തത്? എങ്ങനെയാണ് നാം അവനെ തള്ളിക്കളയാൻ ഇടയായത്? എങ്ങനെ? അവിടെ അവൻ നിൽക്കുന്നു. നാം കാത്തിരുന്ന ദൈവം അതാ അവിടെ നിൽക്കുന്നു. അവിടെ അവൻ ആകുന്നു, അവന്റെ കൈകളിൽ ആണി പാടുകൾ ഉണ്ട്, നാം അത് ചെയ്തിരിക്കുന്നു."

349 അതാണ് അവരുടെ സഹോദരന്മാർ അവിടെ വെച്ച് പറഞ്ഞത്, അവർ തിരിച്ചു വന്നപ്പോൾ പറഞ്ഞു, "നമ്മൾ വിറ്റുകളഞ്ഞ യോസേഫ് അതാ അവിടെ ആകുന്നു."

അവൻ പറഞ്ഞു, "നിങ്ങൾ മിസ്രയീമിലേക്കു വിറ്റുകളഞ്ഞ, നിങ്ങളുടെ സഹോദരൻ യോസേഫ് ആകുന്നു ഞാൻ."

350 "ഓ!" അവർ ഭ്രമിച്ചുപോയി. അവർ കരയുകയും വിലപിക്കുകയും ചെയ്തുകൊണ്ട്, പരസ്പരം ഓരോരുത്തരുടെ അടുക്കലേക്ക് ഓടിച്ചെന്നു, "നമുക്ക് എന്ത് ചെയ്യാൻ കഴിയും എന്ന് പറഞ്ഞു?"

351 അവൻ പറഞ്ഞു, "നിങ്ങൾ വ്യസനിക്കേണ്ടാ, 'കാരണം ദൈവമാണ് ഇതെല്ലാം ചെയ്തത്. ദൈവം എന്നെ നിങ്ങൾക്ക് മുമ്പായി അയച്ചു."

352 ദൈവം എല്ലാ മനുഷ്യരെയും സൃഷ്ടിച്ചു; വെളുത്ത മനുഷ്യർ, കറുത്ത മനുഷ്യർ, തവിട്ട് മനുഷ്യർ, മഞ്ഞ മനുഷ്യർ, എല്ലാ മനുഷ്യരും ആകുന്നു. ദൈവം എല്ലാ മനുഷ്യരെയും സൃഷ്ടിച്ചു. അവൻ ജാതികളെ സൃഷ്ടിച്ചു, യഹൂദനെ സൃഷ്ടിച്ചു. അവൻ എല്ലാം സൃഷ്ടിച്ചു. അതെല്ലാം അവന്റെ മഹത്വത്തിനു വേണ്ടിയാകുന്നു. ഒരു അന്യജാതി മണവാട്ടിയെ സ്വീകരിക്കാൻ യഹൂദന്മാർ നിരസിക്കപ്പെടേണ്ടിയിരുന്നു.

353 അതാണ് ഈ മാതൃകകളെല്ലാം ഉണ്ടാകാൻ കാരണം ആയിരിക്കുന്നത്. അങ്ങനെ അന്യജാതിയായ മണവാട്ടിയും അവളോടൊപ്പം അവളുടെ സന്തതികളും, ആ മഹത്വമേറിയ

പെന്തക്കോസ്ത് സഭ കുഞ്ഞാടിന്റെ രക്തത്തിൽ കഴുകപ്പെട്ടുകയും, പുനരുത്ഥാനത്തിന്റെ എല്ലാ ശക്തിയും അവരിൽ വസിക്കുകയും, ഏതെങ്കിലും ഒരു ദിവസ്സം ഉൽപ്രാപണത്തിലേക്ക് (പെട്ടെന്നു, കണ്ണിമെക്കുന്നിടയിൽ) യേശുവിന്റെ സന്നിധിയിൽ പോകാനായി ഉയർത്തെഴുന്നേൽക്കും, അവൻ മടങ്ങി വരുമ്പോൾ (അവൻ എല്ലാവരെയും പിരിച്ചു വിടുന്നു) തന്റെ സഹോദരന്മാർക്ക് തന്നെത്തന്നെ വെളിപ്പെടുത്താൻ വേണ്ടി ആകുന്നു.

354 ഇപ്പോൾ സമാപിച്ചുകൊണ്ടിരിക്കുമ്പോൾ, എന്താണ് തിരുവെഴുത്ത് ഇവിടെ പറയുന്നത് എന്ന് ശ്രദ്ധിക്കുക. ഓ!

> *ഇതാ, അവൻ മേഘാരൂഢനായി വരുന്നു; ഏതു കണ്ണും അവനെ കാണും,* (ഇപ്പോൾ അവൻ തന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചാണ് പറയുന്നത്, ഉൽപ്രാപണത്തെക്കുറിച്ചല്ല), *അവനെ കുത്തിത്തുളെച്ചവരും അവനെ കാണും:...*

355 അധ്യായം 7, വാക്യം ഒന്ന്...അല്ലെങ്കിൽ, ഒന്നാം അധ്യായത്തിന്റെ വാക്യം 7.

> *...ഏതു കണ്ണും, അവനെ കുത്തിത്തുളെച്ചവരും അവനെ കാണും: ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെച്ചൊല്ലി വിലപിക്കും. ഉവ്വ, ആമേൻ.*

356 അതിനുശേഷം അവൻ ആ മഹത്തായ ഉദ്ധരണി നൽകുന്നു. ഇത് ആരാകുന്നു? ആരെയാണ് അവർ അന്വേഷിക്കാൻ പോകുന്നത്?

> *ഞാൻ അല്ഫയും ഒമേഗയും ആകുന്നു,* ഞാൻ എ തൊട്ട് ഇസഡ് ആകുന്നു, (യവന ഭാഷയിൽ എ യും ഇസട്ടും, യവന ഭാഷയിലെ അക്ഷരമാലയാകുന്നു)...

357 പ്രവൃത്തികൾ 2:36, അപ്പോൾ...പത്രോസ് പറഞ്ഞു, "മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല." അല്ലെങ്കിൽ, ഇല്ല, ഞാൻ ക്ഷമിക്കണം; അത് തെറ്റായി ഉദ്ധരിക്കുകയായിരുന്നു. അവൻ പറഞ്ഞു, "യിസ്രായേൽ ഗൃഹം ഒക്കെയും നിശ്ചയമായി അറിഞ്ഞുകൊള്ളട്ടെ, ആകയാൽ നിങ്ങൾ ക്രൂശിച്ച, ഈ യേശുവിനെ തന്നേ, ദൈവം കർത്താവും ക്രിസ്തുവുമാക്കിവെച്ചു."

358 യോഹന്നാൻ 14:7 ഉം 12 ഉം, തോമാസ് അവനോടു പറഞ്ഞു, "കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരേണം; എന്നാൽ ഞങ്ങൾക്കു മതി എന്നു പറഞ്ഞു."

359 പറഞ്ഞു, "ഞാൻ ഇത്രകാലം നിങ്ങളോടുകൂടെ ഇരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ?" പറഞ്ഞു, "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു. പിന്നെ പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരേണം, 'എന്നു നീ പറയുന്നതു എങ്ങനെ'? ഞാനും എന്റെ പിതാവും ഒന്നാകുന്നു."

360 ഒരിക്കൽ ഞാൻ ഒരാളോട് ഇത് പറയുകയുണ്ടായി. ആ മഹിള പറഞ്ഞു, "ഒരു നിമിഷം, ശ്രീമാൻ. ബ്രൺഹാം." പറഞ്ഞു, "നിങ്ങളും നിങ്ങളുടെ ഭാര്യയും ഒന്നാണ്, ഇരുവരും."

ഞാൻ പറഞ്ഞു, "എന്നാൽ ഇത് അത്തരത്തിലുള്ളതല്ല."

അവൾ പറഞ്ഞു,"എന്നോട് ക്ഷമിക്കണം."

ഞാൻ ചോദിച്ചു, "നിങ്ങൾ എന്നെ കാണുന്നുണ്ടോ?"

അവൾ പറഞ്ഞു,"ഞാൻ കാണുന്നു."

ഞാൻ ചോദിച്ചു, "നിങ്ങൾ എന്റെ ഭാര്യയെ കാണുന്നുണ്ടോ?"

അവൾ പറഞ്ഞു, "ഇല്ല."

361 ഞാൻ പറഞ്ഞു, "എങ്കിൽപ്പിന്നെ, അവർ മറ്റൊരു തരത്തിലുള്ളവരാണ്. അവൻ പറഞ്ഞു, 'നിങ്ങൾ എന്നെ കാണുമ്പോൾ, പിതാവിനെ കണ്ടിരിക്കുന്നു.'" അതുകൊണ്ട് അത് മതിയായിരുന്നു.

362 അതിനാൽ വിശുദ്ധ യോഹന്നാൻ, അല്ലെങ്കിൽ ഒന്ന് യോഹന്നാൻ 5:7 മുതൽ 8 വരെ, അത് കുറിച്ചെടുക്കുന്ന നിങ്ങൾക്കെല്ലാവർക്കും വേണ്ടി ആകുന്നു. ഒന്ന് യോഹന്നാൻ 5:7 മുതൽ 8 വരെ, തിരുവെഴുത്ത് പറയുന്നു. ഇതിന്റെ വക്താവ്, യേശു തന്ന ഈ വെളിപാട് എഴുതിയ അതേ മനുഷ്യൻ, അവൻ പറഞ്ഞു, "സ്വർഗ്ഗത്തിൽ സാക്ഷ്യം വഹിക്കുന്ന മൂന്ന് പേരുണ്ട്: പിതാവ്, വചനം (വചനം പുത്രനാകുന്നു)...പിതാവും, വചനവും, പരിശുദ്ധാത്മാവും, ഇവ മൂന്നും ഒന്നാകുന്നു. ഭൂമിയിൽ സാക്ഷ്യം പറയുന്നവർ മൂവർ ഉണ്ടു: ആത്മാവു, ജലം, രക്തം, ഈ മൂന്നിന്റെയും സാക്ഷ്യം ഒന്നുതന്നേ; അവ ഒന്നല്ല, എന്നാൽ ഈ മൂന്നിന്റെയും സാക്ഷ്യം ഒന്നുതന്നേ."

363 നിങ്ങൾക്ക് പുത്രനില്ലാതെ പിതാവ് ഉണ്ടാകില്ല. നിങ്ങൾക്ക് പരിശുദ്ധാത്മാവില്ലാതെ പിതാവോ അല്ലെങ്കിൽ പുത്രനോ ഉണ്ടായിരിക്കാൻ കഴിയില്ല. ശരി. എന്നാൽ നിങ്ങൾ...വെള്ളം, രക്തം, ആത്മാവ്, അതാണ് അവന്റെ ശരീരത്തിൽ പ്രവേശിക്കാൻ ആവശ്യമായ ഘടകങ്ങൾ.

364 ഒരു സ്വാഭാവിക ജനനം നടക്കുമ്പോൾ, ഒരു സ്ത്രീ ഒരു കുഞ്ഞിന് ജന്മം നൽകുമ്പോൾ ആദ്യം സംഭവിക്കുന്നത് എന്താണ്? ഒന്നാമതായി, അത് വെള്ളമാകുന്നു. രണ്ടാമത്തെ കാര്യം, രക്തമാകുന്നു. അതു ശരിയാണ്? അടുത്ത കാര്യം, ആത്മാവാകുന്നു. ഈ കുഞ്ഞ് അതിന്റെ ശ്വാസം പിടിക്കുന്നു, ശ്വസിക്കാൻ തുടങ്ങുന്നു. ജലം, രക്തം, കൂടാതെ ആത്മാവ്, എന്നീ കാര്യങ്ങൾ സ്വാഭാവിക ജനനത്തിന് ഘടകമായി തീരുന്നു.

365 കൂടാതെ, ആത്മീയ ജനനം. യേശുക്രിസ്തുവിന്റെ നാമത്തിൽ ജലസ്നാനം; വിശ്വാസത്താൽ നീതീകരണം, കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നു. വെള്ളം! അടുത്തത് എന്താണ്? രക്തം; വിശുദ്ധീകരണം, വൃത്തിയാക്കൽ, അതിനെ പുറത്താക്കുന്നു.

366 അവിടെയാണ് നസ്സ്രായേനക്കാരായ നിങ്ങൾ ജനങ്ങൾ പരാജയപ്പെട്ടത്; നിങ്ങൾ അത്രയും ദൂരം പോയി, അവിടെനിന്നും മുമ്പോട്ട് പിന്നെ പോയില്ല. ബലിപീഠത്തിൽ വിശുദ്ധീകരിക്കപ്പെട്ട പാത്രം, സേവനത്തിന് തയ്യാറാണ്, എന്നാൽ സേവനത്തിൽ ആയിട്ടില്ല. "അവർ ഭാഗ്യവാന്മാർ," ആശംസകൾ, "നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ അവർക്ക് തൃപ്തിവരും." പാത്രം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. അത് സത്യമാണ്.

367 അത് കന്യകമാരെപ്പോലെയാണ്. *കന്യക* എന്ന വാക്കിന്റെ അർത്ഥം "ശുദ്ധമായ, വിശുദ്ധമായ, മായമില്ലാത്ത, വിശുദ്ധീകരിക്കപ്പെട്ടത് എന്നാകുന്നു." അഞ്ചുപേരുടെ പക്കൽ എണ്ണ ഉണ്ടായിരുന്നു, അഞ്ചുപേരുടെ പക്കൽ എണ്ണ ഇല്ലായിരുന്നു; അഞ്ച് പേർ നിറഞ്ഞവർ ആയിരുന്നു, മറ്റുള്ളവർ വിശുദ്ധീകരണത്തിൽ മാത്രമായി ശേഷിച്ചിരുന്നു. "നിങ്ങൾ *വിശ്വസിച്ചിട്ട്* പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ," നിങ്ങൾ ബാപ്റ്റിസ്റ്റുകാരും, പ്രെസ്ബിറ്റേറിയൻകാരും?

"പരിശുദ്ധാത്മാവ് ഉണ്ടെന്നുപോലും ഞങ്ങൾ കേട്ടിട്ടില്ല."

"എന്നാൽ ഏതായിരുന്നു നിങ്ങളുടെ സ്നാനം?" ഹ-അതെ.

368 അവൻ അവരുടെ മേൽ കൈ വെച്ച ശേഷം, അവർ അപ്പോൾ, രക്ഷിക്കപ്പെട്ടുകയും വിശുദ്ധീകരിക്കപ്പെട്ടുകയും ചെയ്തശേഷം അവർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ശരിയാണ്.

369 വെള്ളം, രക്തം, ആത്മാവ്! യേശു വന്ന് ഒരു സഭയെ കഴുകാനും വെടിപ്പാക്കാനും, ഒരു സഭയെ ശുദ്ധീകരിക്കാനും, അതിനാൽ അവനു കടന്നു വന്നു ജീവിക്കാനും ഇടയാകുന്നു. തന്റെ സ്വന്തം രക്തം കൊണ്ട്; നമ്മുടെ ലൈംഗിക ജനനത്തിൽ നിന്ന് നമ്മെ ശുദ്ധീകരിക്കാൻ,

അവൻ തന്റെ സ്വന്തം ദൈവത്താൽ-ജനിച്ച രക്തം നൽകി, എന്നിട്ട് അവൻ തന്നെ അതിലേക്കു കടന്നു വരേണ്ടതിന്, ഒരു വിശുദ്ധമായ ഒരു പാത്രമാകുന്നതിന് ഇടയാക്കി.

370 "കുറഞ്ഞൊന്നു കഴിഞ്ഞാൽ ഈ ലോകം എന്നെ കാണുകയില്ല; എങ്കിലും നിങ്ങൾ എന്നെ കാണും കാരണം ഞാൻ," വ്യക്തിപരമായ സർവ്വനാമം ആകുന്നു, "ലോകാവസാനം വരെയും നിങ്ങളോട് കൂടെയും, നിങ്ങളിലും ആയിരിക്കും." ആമേൻ. "അവസാനം വരെയും, ഞാൻ നിങ്ങളോടൊപ്പവും നിങ്ങളിലും ആയിരിക്കും. ഞാൻ ചെയ്യുന്ന പ്രവൃത്തികൾ നിങ്ങളും ചെയ്യും. വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും." ദൈവം സഭയിൽ ആകുന്നു! ഓ, എന്റെ! ദിവ്യത്വം! "സാക്ഷ്യം പറയുന്നവർ മൂവർ ഉണ്ടു: പിതാവ്, വചനം (പുത്രൻ), പരിശുദ്ധാത്മാവ്. ഈ മൂന്നിന്റെയും സാക്ഷ്യം ഒന്നുതന്നേ."

371 ഇപ്പോൾ, നിങ്ങൾ വിശുദ്ധീകരിക്കപ്പെടാതെ തന്നെ രക്ഷിക്കപ്പെടാൻ കഴിയും. നിങ്ങൾക്ക് വിശുദ്ധീകരിക്കപ്പെടാൻ കഴിയുകയും, പരിശുദ്ധാത്മാവ് ഇല്ലാതെയുമാകാം; ശരിയായ, വിശുദ്ധീകരിക്കപ്പെട്ട ആത്മാവ്, ആത്മാവിൽ നിറയാതെ തന്നെ ആകാം. നിങ്ങളുടെ ഹൃദയത്തെ വിശുദ്ധീകരിക്കുകയും, നിങ്ങളുടെ ഹൃദയത്തെ വെടിപ്പാക്കുകയും, അതിൽ എന്തെങ്കിലും ഒന്നിനാൽ നിറയ്ക്കാതെയും ആകാൻ കഴിയും. അതാണ് അവൻ പറഞ്ഞത്, "അശുദ്ധാത്മാവു ഒരു മനുഷ്യനെ വിട്ടു പുറപ്പെട്ടശേഷം, നീരില്ലാത്ത സ്ഥലങ്ങളിൽ കൂടി തണുപ്പ അന്വേഷിച്ചുകൊണ്ടു സഞ്ചരിക്കുന്നു. മടങ്ങിച്ചെല്ലുന്നു, അതു ഒഴിഞ്ഞതും അടിച്ചുവാരി അലങ്കരിച്ചതുമായി കാണുന്നു, അകത്തേക്ക് കടന്നു വരുന്നു. ആ മനുഷ്യന്റെ പിന്നത്തെ സ്ഥിതി, മുമ്പിലത്തേതിലും ഏഴു മടങ്ങ്, വല്ലാതെ ആകും."

372 അത് തന്നെയാണ് നിങ്ങൾ പിൽഗ്രിം ഹോളിനസ്സുകാർക്കും, നസ്രായൻകാർക്കും, അങ്ങനെയുള്ളവർക്ക് സംഭവിച്ചത്. നിങ്ങൾ അത് സ്വീകരിച്ചു. അതിനുശേഷം പരിശുദ്ധാത്മാവ് വന്നപ്പോൾ, അന്യഭാഷകളിൽ സംസാരിക്കാൻ തുടങ്ങുകയും, അടയാളങ്ങളും അത്ഭുതങ്ങളും നൽകുകയും, നിങ്ങൾ അതിനെ "ഇത് പിശാചാകുന്നു" എന്ന് വിളിക്കുകയും ദൈവത്തിന്റെ പ്രവൃത്തികളെ നിന്ദിക്കുകയും, അതിനെ "അശുദ്ധമായ ഒരു കാര്യമെന്ന് വിളിക്കുകയും ചെയ്തു." എന്നാൽ നിങ്ങളുടെ സഭ എവിടെ എത്തി എന്ന് നിങ്ങൾ കണ്ടോ? അവളെ വിട്ട് പുറത്തുവരു! നാഴിക ഇതാകുന്നു, യേശുക്രിസ്തുവിന്റെ വെളിപാട് പഠിപ്പിക്കപ്പെടുന്നു, ദൈവം തന്റെ പരിശുദ്ധാത്മാവിന്റെ പ്രകടനങ്ങളുടെ ശക്തിയിൽ അത് വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ആമേൻ. വീണ്ടെടുപ്പിന്റെ നാൾ അടുത്തിരിക്കുന്നു.

373 ഇപ്പോൾ, അവനിലുള്ള ദിവ്യത്വം, ഒന്ന് തിമൊഥെയൊസ് 3:16.

> *...ദൈവഭക്തിയുടെ മർമ്മം സമ്മതമാംവണ്ണം വലിയതാകുന്നു: കാരണം അവൻ ജഡത്തിൽ വെളിപ്പെട്ടു,...ദൂതന്മാർക്കു പ്രത്യക്ഷനായി,...ലോകത്തിൽ വിശ്വസിക്കപ്പെട്ടുകയും; തേജസ്സിൽ എടുക്കപ്പെട്ടുകയും ചെയ്തു.*

374 ഓ, അങ്ങനെ അത് തുടർന്ന് തുടർന്ന് പോകാൻ കഴിയും. എന്നാൽ നമ്മൾ ഇപ്പോൾ എവിടെ എത്തിയിരിക്കുന്നു? 8-ാം വാക്യത്തിന്റെ അവസാനത്താകുന്നു.

375 ഇന്ന് രാത്രിയിൽ നമ്മൾ തുടങ്ങാൻ പോകുന്നത്— ഒൻപതാം വാക്യമാകുന്നു, *പത്മോസ് ദർശനം*. ഓ, നമുക്കായി മഹത്തായ കാര്യങ്ങൾ സംഭരിച്ചു വെച്ചിരിക്കുന്നു. നിങ്ങൾ അവനെ സ്നേഹിക്കുന്നുണ്ടോ?

> ഞാൻ അവനെ സ്നേഹിക്കുന്നു, ഞാൻ അവനെ സ്നേഹിക്കുന്നു
> എന്തെന്നാൽ അവൻ എന്നെ മുൻസ്നേഹിച്ചു
> എൻ രക്ഷയെ വിലയ്ക്കു വാങ്ങി
> കാൽവരി മരത്തിന്മേൽ.

376 നിങ്ങൾ അത് ശരിക്കും ചെയ്യുന്നുണ്ടോ? ദൈവം തന്നെത്തന്നെ നിങ്ങൾക്ക് വെളിപ്പെടുത്തി, അവൻ ദൈവപുത്രനായ, യേശുക്രിസ്തുവാണെന്നും, ദൈവം ജഡത്തിൽ പ്രത്യക്ഷനായി, നമ്മുടെ പാപങ്ങളെ നീക്കി കളയാൻ വേണ്ടി ആണെന്നും വെളിപ്പെടുത്തിയിട്ടുണ്ടോ? ഈ അവസാന നാളുകളിൽ അവൻ തന്റെ സഭകളിൽ തന്നെത്തന്നെ വെളിപ്പെടുത്തുന്നു, സ്വയം വെളിപ്പെടുത്തുന്നു.

377 ഇപ്പോൾ, സഭയിൽ തുടരുന്ന ഈ കാര്യങ്ങൾ തന്നെ, ഈ സന്ദേശത്തിന്റെ അവസാനം വരെ, ശ്രദ്ധിച്ച് കാണുക, അതായതു തിരുവെഴുത്ത് ഈ കാര്യങ്ങൾ നടക്കുമെന്ന് പറയുന്നില്ലെങ്കിൽ, അത് കൃത്യമായും അതേപോലെ തന്നെ ആകുന്നു. അത് കൃത്യമായും, എഫെസൊസ് കാലഘട്ടത്തിലും, കൂടാതെ പെർഗ്ഗമൊസിലും, തുയഥൈരയിലും, അങ്ങനെ താഴോട്ട്, ഓരോ കാലഘട്ടത്തിലും അവർ ചെയ്തില്ലേ എന്ന് നോക്കുക.

378 ലൂഥർ എങ്ങനെ ചെയ്യുമെന്നും, വെസ്ലി എങ്ങനെ ചെയ്യുമെന്നും പറഞ്ഞിരുന്നു. കൂടാതെ ഈ പെന്തക്കോസ്ത് മതവിഭാഗം എപ്രകാരം ഒരു ലവൊദിക്ക്യയിലേക്ക്, ഒരു ശിതോഷ്ണമായ അവസ്ഥയിലേക്ക് പോകുമെന്നും, എന്നാൽ, അതിനിടയിൽ അവൻ അവൻ തന്റെ

ജനങ്ങളെ അതിൽ നിന്നും വലിച്ചെടുത്തിരിക്കും. അത് ശരിയാണ്. അത് കൃത്യമായും ശരിയാണ്. നാം അവസാനത്തിലായിരിക്കുന്നു. ഓ, ഞാൻ അത്രമാത്രം സന്തോഷവാനാകുന്നു. കൂടാതെ, ഓ, ഞാൻ സ്വയം പിരിഞ്ഞുപോകുന്നത് കണ്ട് കൊണ്ടിരിക്കുമ്പോൾ, എന്റെ സുഹൃത്തുക്കളെയും കാര്യങ്ങളെയും നോക്കുക, കൂടാതെ ലോകത്തെയും—അതിൽ കടന്നു കൂടിയിരിക്കുന്ന ഇരുട്ടിനെയും നോക്കുക, അതിനുശേഷം കർത്താവിന്റെ വരവും എത്രയധികം അടുത്ത് വരികയാണെന്നുള്ള കാര്യം ചിന്തിക്കുക. നാം ഈ കാലഘട്ടത്തിന്റെ അവസാനത്തായിരിക്കുന്നു.

379 മനുഷ്യർ നിർജ്ജീവന്മാർ ആകുന്നു. എല്ലായിടത്തും, എല്ലാവരും, എല്ലാ സമയത്തും, ഇത് റേഡിയോയിൽ, മുന്നറിയിപ്പ് നൽകിക്കൊണ്ടിരിക്കുന്നു, “ഒരു വ്യോമാക്രമണത്തിന് തയ്യാറായിക്കൊള്ളുക. അകത്ത് *ഇത്* എടുക്കുക, അകത്ത് *അത്* എടുക്കുക, എന്നിട്ട് അടിത്തറയിലേക്ക് ഇറങ്ങുക.” അതിൽ നിന്ന് നിങ്ങൾ എങ്ങനെ ഒളിക്കും? അതിൽ നിന്ന് ഒളിക്കാൻ കഴിയില്ല. ശരി, അത് നൂറ്റമ്പത് അടി നിലത്തിനടിയിലേക്ക് പോകും, നൂറ്റമ്പത് മൈൽ, ചതുരാകൃതിയിൽ, പോകും. എന്തിന്, അതിന്റെ ഞെട്ടൽ തന്നെ...അത് ഇവിടെ അടിക്കുകയാണെങ്കിൽ, അത് ഇൻഡ്യാനാപൊളിസിനെ നിലംപരിശായി ഇളക്കിക്കളയും. എന്തിന്, അത് ഇൻഡ്യാനാപൊളിസിനെ തുണ്ടം തുണ്ടമാക്കും, ഇവിടെ തന്നെ ലൂയിസ്‌വില്ലെയിൽ അടിക്കും, നോക്കു, അതിലൊന്നിന്റെ കാര്യമാകുന്നു. അതിനപ്പുറം അവർക്ക് എന്താണ് ഉള്ളതെന്ന് പറയാൻ പ്രയാസമാണ്.

380 കൂടാതെ, നോക്കു, നിങ്ങൾക്ക് അത് ചെയ്യേണ്ടതില്ല... നിങ്ങൾക്കറിയാമോ, റഷ്യക്ക് അത് ചെയ്യേണ്ടതില്ല. ക്യൂബയ്ക്ക് അത് ചെയ്യാൻ കഴിയും. ഏതെങ്കിലും ഒരു ചെറിയ സ്ഥലം, ഒരു—ഒരു അങ്ങ് ദൂരെയുള്ള ഒരു അൽകാട്രാസിന്റെ വലിപ്പമുള്ള തീരെ ചെറിയ സ്ഥലത്ത് നിന്ന്, അത് ചെയ്യാൻ കഴിയും, ലോകത്തെ മുഴുവൻ അതിന് മൂടാൻ കഴിയും. നിങ്ങൾ ചെയ്യേണ്ടതായിട്ടുള്ളത് അവരെയെല്ലാം ഒരേ നിരയിലാക്കി കൊണ്ട് വന്നിട്ട് ഒരു ചരട് വലിക്കുക എന്നത് മാത്രമാണ്. നിങ്ങൾക്ക് യാതൊരു സൈന്യത്തിന്റെയും ആവശ്യമില്ല. നിങ്ങൾക്ക് അത് ചെയ്യാൻ, പിശാചിന്റെ കൈകളിൽ ഒരു മതഭ്രാന്തൻ മതി. അത് കൃത്യമായും ശരിയാണ്. അവൻ അത് ചെയ്യും, അപ്പോൾ എല്ലാം കഴിഞ്ഞിരിക്കും. അതോടെ എല്ലാം കഴിഞ്ഞിരിക്കും.

381 എന്നാൽ, ഓ, ഈ അനുഗ്രഹീതമായ കാര്യം നിങ്ങൾക്ക് നൽകട്ടെ. അത് അത്രയും അടുത്ത് വരുന്നതായി നാം കാണുമ്പോൾ, പ്രഭാതം പൊട്ടി വിടരുന്നതിനു മുമ്പേ അത് സംഭവിക്കാൻ കഴിയുമെന്ന് കാണുമ്പോൾ ആകുന്നു. ഓർക്കുക, അത് സംഭവിക്കുന്നതിന് മുമ്പ് സഭ വീട്ടിലേക്ക് പോകുന്നു. ഉൽപ്രാപണം അതിനു മുമ്പായി നടക്കുന്നു.

382 ഇപ്പോൾ, നിങ്ങൾ ആ കാര്യത്തിൽ വളച്ചൊടിയാൻ ഇടയാകാതിരിക്കട്ടെ, ഓർക്കുക, യേശു പറഞ്ഞു, "നോഹയുടെ കാലത്ത് സംഭവിച്ചതുപോലെ തന്നെ, ലോത്തിന്റെ നാളുകളിൽ സംഭവിച്ചതുപോലെ തന്നെ." ഓർക്കുക, ഒരു മഴ പെയ്യുന്നതിനുമുമ്പ് തന്നെ, നോഹ പെട്ടകത്തിന് അകത്തായി കഴിഞ്ഞിരുന്നു. നോക്കൂ? നോഹ പെട്ടകത്തിന് അകത്തായിരുന്നു. അവൻ ആ വെള്ളത്തിന് മേലേക്കൂടെ വഹിക്കപ്പെട്ടു, അതിൽ കൂടെയായിരുന്നു കടന്നു പോയിരുന്നത്. അങ്ങനെ ഇപ്പോൾ, നോഹ ഒരു യഹൂദന്മാരുടെ മാതൃകയായിരുന്നു. എന്നാൽ ഹാനോക്ക് മരിക്കാതെ വീട്ടിലേക്ക് പോയി. ഹാനോക്ക് പോകുന്നത് നോഹ കണ്ടപ്പോൾ, ആ പെട്ടകത്തിൽ കയറാൻ, സമയമായി എന്ന് അവൻ അറിഞ്ഞിരുന്നു. അത് ശരിയാണ്. ഹാനോക്ക് വീട്ടിലേക്ക് പോയപ്പോൾ, അത് നോഹയുടെ അടയാളം ആയിരുന്നു. അന്യജാതികളുടെ സഭ എടുക്കപ്പെടുന്ന ഉടനെ തന്നെ, അവൻ സ്വയം അവനെത്തന്നെ ഇസ്രായേലിന് വെളിപ്പെടുത്തുന്നു. നോക്കൂ? അത് ശരിയാണ്.

383 ഓർക്കുക, ലോത്തിന്റെ കാലത്ത്, യേശു പറഞ്ഞതുപോലെ, തീയുടെ ഒരംശം പോലും ഭൂമിയിൽ പതിക്കുന്നതിനുമുമ്പ് തന്നെ, ആ ദൂതൻ പറഞ്ഞു, "ബദ്ധപ്പെടുക. ഓടിപ്പോക. നീ അവിടെ എത്തുവോളം, എനിക്കു ഒന്നും ചെയ്‌വാൻ കഴികയില്ല എന്നു പറഞ്ഞു." തീ കത്തുന്നതിന് മുമ്പ് തന്നെ, ലോത്തും കുടുംബവും അവിടെനിന്നും പുറത്തായിക്കഴിഞ്ഞിരുന്നു. അതിനാൽ, മഹാകഷ്ടം ആരംഭിക്കുന്നതിന് മുമ്പ് തന്നെ ഉൽപ്രാപണം കടന്നു വന്നിരിക്കും.

384 മഹാകഷ്ടസമയം, പലരും ആ വിഷയയത്തിൽ കുട്ടി കലക്കപ്പെട്ടിരിക്കുന്നു. കർത്താവ് അനുവദിക്കുന്ന പക്ഷം, ഈ ആഴ്ച, കർത്താവിന്റെ സഹായത്താൽ, നമുക്ക് അത് നേരെയാക്കാം. ഓർക്കുക, നിങ്ങൾ ഒരു മഹാക്ലേശ കാലം നോക്കിക്കൊണ്ടിരിക്കുന്നു, അത് ആയിരിക്കുന്നത്, നിങ്ങൾ അത് തിരുവെഴുത്തുമായി താരതമ്യപ്പെടുത്തി നോക്കിയാൽ, അത് യാക്കോബിന്റെ ക്ലേശകാലമായിരുന്നു, നിങ്ങൾ കാണുന്നുണ്ടോ, അത് അവൻ വിഷമിച്ച സമയമായിരുന്നു. അതിന് അന്യജാതികളുമായി യാതൊന്നും ചെയ്യാനില്ല. അന്യജാതികൾക്ക് അതുമായി യാതൊന്നും

ചെയ്യാനില്ല. അതിനെ താരതമ്യപ്പെടുത്താൻ തിരുവെഴുത്തിൽ യാതൊന്നുമില്ല. അന്യജാതികളുടെ സഭ ഉൽപ്രാപണത്തിൽ ആയിക്കഴിഞ്ഞിരിക്കുന്നു.

385 നിങ്ങൾ നോക്കി കാത്തിരിക്കുന്നത് "വെള്ളം രക്തമായി മാറും" അതുപോലുള്ള കാര്യങ്ങളാകുന്നു. അത് വീണ്ടും ഇസ്രായേലിലേക്ക് വരും, അത് പിന്നീട് തിരികെ മോശെയും ഏലിയാവും അവർ മടങ്ങിവരുമ്പോഴാകുന്നു. ഏലിയാവ്, നാലാം തവണ, ആത്മാവിൽ തിരികെ എത്തുന്നു. അവരിൽ ആരും മരിച്ചിട്ടില്ല, അല്ലെങ്കിൽ, മോശെ മരിച്ചു, അവനെ എവിടെ അടക്കം ചെയ്തുവെന്ന് അവർക്കറിയില്ല. അതിനുശേഷം മുതൽ എവിടെയെങ്കിലും അതിനിടക്കായി അവൻ ഉയർത്തപ്പെടേണ്ടതാകുന്നു, 'കാരണം, രൂപാന്തരണ പർവതത്തിൽ, അവൻ അവിടെ, യേശുവിനോട് സംസാരിക്കുകയായിരുന്നു, അവൻ അല്ലേ? നോക്കു?

386 അതുകൊണ്ട് അവർ തിരികെ വന്ന് കൊല്ലപ്പെട്ടും, "സോദോം" എന്ന് വിളിക്കപ്പെടുന്ന നഗരത്തിന്റെ വീഥിയിൽ അവരുടെ ശവം കിടക്കും, അവിടെ അവരുടെ കർത്താവു ക്രൂശിക്കപ്പെട്ടതുമായ, യെരുശലേം. അവർ യഹൂദന്മാരോട് പ്രസംഗിക്കുകയും, ഭൂമിയെ അടിക്കുകയും ആകാശം അടയ്ക്കുകയും ഇത്യാദി കാര്യങ്ങൾ അവർ ചെയ്യും. അന്യ ജാതികളുടെ ശുശ്രൂഷയുടെ അവസാനം അതുമായി ബന്ധപ്പെടുത്തുകയും തുടരുകയും ചെയ്യും, അന്യജാതികൾ വീട്ടിലേക്കു പോകും, ആ ശുശ്രൂഷ തുടരുകയും ചെയ്യും. അവിടെ എല്ലാറ്റിന്റെയും നാശം ഉണ്ടാകും. ഭൂമിയുടെ മൂന്നിൽ-രണ്ട് ഭാഗം വീണുപോകും, അതുപോലെ എല്ലാ കാര്യങ്ങളും ആകുന്നു. അവരുടെ മൃതദേഹങ്ങൾ തെരുവിൽ കിടക്കുമ്പോൾ, മൂന്ന് ദിവസം, അത് ഏതു തരത്തിലായിരുന്നുവെന്നു ശ്രദ്ധിക്കുക.

387 തെക്കേ അമേരിക്കയിൽ നിന്ന് എനിക്ക് ലഭിച്ച ഈ ചിത്രങ്ങൾ നോക്കു. അവർ അവിടെ ആ പെന്തക്കോസ്ത് മിഷനറിയെ കൊന്നപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ, അവിടെ തെരുവിൽ കിടക്കുകയും, കൂടാതെ അദ്ദേഹവും രണ്ട് ചെറിയ കുട്ടികളുമായിരുന്നു. കൊച്ചു പെൺകുട്ടിയും, അവളുടെ ചെറിയ വയറും ഇതു *പോലെ* വീർത്തു വന്നു. അവരെ കുഴിച്ചിടാൻ പോലും അവർ തയ്യാറായില്ല. അതിന്റെ അടുത്തുകൂടി അവർ നടന്നു, ഇതുപോലെ അവരുടെ മേൽ അവർ തുപ്പുകയും, അങ്ങനെ മൂന്നോ അല്ലെങ്കിൽ നാലോ ദിവസങ്ങൾ ആയിരുന്നു. സഹോദരൻ കോപ്പ് ചിത്രം പകർത്തി എടുത്തിരുന്നു. എന്റെ പക്കൽ അത് വീട്ടിൽ ഉണ്ട്, നോക്കു, അവർ ചെയ്യുന്ന രീതി അതാകുന്നു.

388 അതിനുശേഷം അവർ പരസ്പരം, സമ്മാനങ്ങൾ അയയ്ക്കുന്നു. അത് തിരുവെഴുത്തിൽ എങ്ങനെ താരതമ്യപ്പെട്ടിരിക്കുന്നു എന്ന് നോക്കുക, എന്ത് സഭയാണ് അത് ചെയ്യാൻ പോകുന്നതെന്ന് നിങ്ങൾ നോക്കി കാണുക. അത് ശരിയാണ്, അത് വളരെ അടുത്തായിരിക്കുന്നു, ഇപ്പോൾ ഒരു പാമ്പിനെപ്പോലെ അത് നേരെ മുമ്പോട്ട് നീങ്ങുന്നു, അതിന് കഴിയുന്നത്രയും തന്ത്രശാലിയായി, അതിന്റെ അടയാളങ്ങളും കാര്യങ്ങളും ഇപ്പോൾ തന്നെ വന്നു കഴിഞ്ഞിരിക്കുന്നു.

389 അത് എങ്ങനെ സംഭവിക്കുമെന്നുള്ളതിന്റെ കർത്താവ് എനിക്ക് '33 ൽ, നൽകിയ പ്രവചനം നോക്കുക, "അവർ സ്ത്രീകളെ വോട്ട് ചെയ്യാൻ അനുവദിക്കും. വോട്ടിംഗിൽ, അവർ തെറ്റായ വ്യക്തിയെ തിരഞ്ഞെടുക്കും." ഏഴ് കാര്യങ്ങൾ നൽകപ്പെടുകയുണ്ടായി, അവയിൽ അഞ്ചെണ്ണം ഇതിനകം സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. അടുത്ത കാര്യം എന്നത്, ഒരു മഹതിയായ സ്ത്രീ, ഒരു സഭ, ഒരു ശക്തി അല്ലെങ്കിൽ മറ്റെന്തെങ്കിലും, ഈ ഐക്യ നാടുകളെ, ഭരിക്കുന്നതിനായി ഏറ്റെടുക്കും. അതിനുശേഷം ഞാൻ അതിനെ ചാരം പോലെ, കിടക്കുന്നത് കാണുകയും, അവിടെ അത് അതിന്റെ അവസാനത്തു എത്തുകയും ചെയ്തു. അത് അന്ത്യ സമയമായിരുന്നു.

390 അത് പറയുകയുണ്ടായി, "അവർക്ക് ഓടിക്കാൻ കഴിയുന്ന ഒരു യന്ത്രം ഉണ്ടായിരിക്കും. അതിൽ അവർക്ക് ഒരു ഡ്രൈവർ ആവശ്യമുണ്ടായിരിക്കില്ല." അവർ അത് പരിപൂർണ്ണമാക്കിക്കഴിഞ്ഞിരിക്കുന്നു. അത് പറഞ്ഞു, പതിനൊന്ന് വർഷങ്ങൾ...

391 പരിശുദ്ധാത്മാവ് എന്നോട് പറഞ്ഞു. അവിടെ അത് വായന പത്രങ്ങളിൽ ആയിരിക്കുന്നു. നിങ്ങൾക്ക് കഴിയില്ല...അത് നിഷേധിക്കാൻ കഴിയില്ല. പരിശുദ്ധാത്മാവ് പറഞ്ഞതുപോലെ തന്നെ, അത് വായന പത്രങ്ങളിൽ ആയിരിക്കുന്നു.

392 മാജിനോട്ട് ലൈൻ നിർമ്മിക്കുന്നതിന് പതിനൊന്ന് വർഷം മുമ്പ്, ഞാൻ പറഞ്ഞു, "ജർമ്മൻകാർ...അമേരിക്ക വെറുതെ... പ്രസിഡന്റ് റൂസ്‌വെൽറ്റ് അവരുടെ എല്ലാവരുടെയും മേൽ തെമ്മാടി ആയിരിക്കും." അത് ശരിയുമാണ്. അവൻ ആയിരുന്നു.

393 നിങ്ങൾ ജനാധിപത്യക്കാരുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നില്ല, എന്നാൽ ഞാൻ—ഞാൻ നിങ്ങളോട് പറയുകയാകുന്നു. അത് ഇപ്പോൾ ഒരു ജനാധിപത്യമോ അല്ലെങ്കിൽ പ്രജാധിപത്യമോ അല്ല. ഇത് യേശു ക്രിസ്തുവാകുന്നു, ദൈവപുത്രൻ, നാം അവനെക്കുറിച്ചാണ് സംസാരിക്കുന്നത്. ഞാൻ ജനാധിപത്യക്കാരനോ അല്ലെങ്കിൽ പ്രജാധിപത്യക്കാരനോ യാതൊന്നുമല്ല. ഞാൻ ഒരു

ക്രിസ്ത്യാനിയാകുന്നു. അപ്പോൾ, അവർ, അത് എന്തായാലും, നിങ്ങൾ അവിടെ ശ്രദ്ധിക്കുക.

394 കൂടാതെ ഇവിടെ ശ്രദ്ധിക്കുക, കഴിഞ്ഞ ദിവസം, അത് ഏതു തരത്തിൽപ്പെട്ട വിശ്വാസഘാതകനാണെന്ന് നിങ്ങൾ കാണാൻ ആഗ്രഹിക്കുന്നെങ്കിൽ അതാകുന്നു. ആ യന്ത്രങ്ങൾ എടുത്ത് അവയെ ഉറപ്പിച്ചു വെക്കുക, അവിടെ, നിങ്ങൾ ശ്രീമാൻ നിക്സണിന് വോട്ട് ചെയ്യുമ്പോഴെല്ലാം, നിങ്ങൾക്ക് ഈ മറ്റേ ആൾക്കും വോട്ട് ചെയ്യണം, അതേ സമയം തന്നെ ചെയ്യണം. എഡ്-...ജെ. എഡ്ഗർ ഹൂവർ ഈ യന്ത്രങ്ങൾ വലിച്ചു പുറത്തെടുത്തു. എത്രപേർ അത് വായിച്ചിട്ടുണ്ട്? എന്തിന്, ഉറപ്പായും, ഇത് മുഴുവൻ പത്രങ്ങളിലും, വാർത്തകളിലും മറ്റെല്ലാത്തിലും ഉണ്ടായിരിക്കുന്നു. നാം എവിടെയാണെന്ന് നിങ്ങൾ കാണുന്നുണ്ടോ?

395 ക്രിസ്തുവല്ലാതെ സത്യസന്ധമായി ഒന്നുമില്ല. ആമേൻ. ഓ, ആ അനുഗ്രഹീതമായ പഴയ പുസ്തകം! അതാകുന്നു ഇത്. അതൊന്നു മാത്രമാണ് നിങ്ങൾ ആരാണെന്നും, എവിടെ നിന്നാണ് വന്നതെന്നും, എവിടേക്കാണ് പോകുന്നതെന്നും നിങ്ങളോട് പറയുന്നത് (അതെ, ശ്രീമാൻ.), അത് ഈ അനുഗ്രഹീതമായ പഴയ പുസ്തകമാകുന്നു, ഓ, അത് എന്നെ അവനെ സ്നേഹിക്കാൻ ഇടയാക്കുന്നു. അത് നിങ്ങളെ ഇടയാക്കുന്നില്ലേ?

> വിശ്വാസം പിതാവിലും, വിശ്വാസം പുത്രനിലും,
> വിശ്വാസം പരിശുദ്ധാത്മാവിലും, ഈ മൂന്നും ഒന്നാകുന്നു;
> ഭൂതങ്ങൾ വിറയ്ക്കും, പാപികൾ ഉണരും;
> വിശ്വാസം യഹോവയിൽ എന്തിനെയും കുലുക്കും.

396 ആമേൻ. എത്ര മഹത്തായ ദിവസമാണ് നമുക്ക് മുന്നിലായി കിടക്കുന്നത്, സുഹൃത്തുക്കളേ! "യേശുക്രിസ്തുവിന്റെ വെളിപ്പാടു അവൻ അതു തന്റെ ദൂതൻ മുഖാന്തരം അയച്ചു, തന്റെ ദാസനായ യോഹന്നാന്നു പ്രദർശിപ്പിച്ചു, അതിനാൽ സഭാ യുഗങ്ങളിലൂടെ അത് അറിയപ്പെടാൻ വേണ്ടി, ആ കാര്യങ്ങൾ നമുക്കായി കരുതിവച്ചിരുന്നു."

397 കർത്താവ് ഇപ്പോൾ നമ്മളെ അനുഗ്രഹിക്കട്ടെ, നമുക്ക് നമ്മുടെ കാലുകളിൽ എഴുന്നേറ്റു നിൽക്കാം. പിയാനോ വായിക്കുന്നവർ ആരായാലും, നിങ്ങൾ ആഗ്രഹിക്കുന്നപക്ഷം ഞങ്ങൾക്ക് ഒരു ചെറിയ രാഗം നൽകുക, *യേശുവിൻ നാമം നിങ്ങളോടൊപ്പം എടുത്തു കൊള്ളുക.*

398 ഇപ്പോൾ ശ്രദ്ധിക്കുക. ഇന്ന് രാവിലെ സമയം, ഇവിടെ ഈ കൂടാരത്തിൽ നമുക്കിടയിൽ അപരിചിതരുണ്ട് എന്നതിൽ യാതൊരു

സംശയവുമില്ല. നിങ്ങൾ അവരുടെ കൈകൾ പിടിച്ച് കുലുക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അവരെ ക്ഷണിക്കുക, നിങ്ങളോടൊപ്പം വീട്ടിലേക്ക് പോകുക, കൂടാതെ മറ്റെന്താണ്. ഒപ്പം എല്ലാവരേയും സ്വാഗതം ചെയ്യുക. എല്ലാവരും തീർച്ചയായും അത് ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

399 ഇന്ന് രാത്രി, ഏഴ് മണിക്ക് യോഗം ആരംഭിക്കുമെന്ന് ഓർക്കുക. ഏഴരയ്ക്ക്, ഞാൻ സംസാരിക്കുന്നതാണ് *പത്മോസിലുണ്ടായ ദർശനം.* നാളെ രാത്രി, കർത്താവ് ആഗ്രഹിക്കുന്നുവെങ്കിൽ, ഞാൻ ആദ്യത്തെ സഭാകാലഘട്ടത്തെക്കുറിച്ച് സംസാരിക്കുന്നതാണ്, എഫെസൊസ്, എന്ന സഭാകാലഘട്ടമാകുന്നു.

400 ഇപ്പോൾ നാം പാടാൻ പോകുന്നു, *യേശുവിന്റെ നാമം നിങ്ങളോടൊപ്പം എടുത്തുകൊൾവിൻ,* നമ്മുടെ ഈ ചെറിയ കൂടാരത്തിന്റെ പിരിച്ചുവിടുന്നതിനുള്ള പാട്ടാകുന്നു. അതുകൊണ്ട് എല്ലാവരും കൂടി ഇപ്പോൾ ഇത് പാടട്ടെ. ശരി.

യേശുവിൻ നാമത്തെ നിങ്ങളോടൊപ്പം എടുത്തുകൊൾക,
ദുഃഖത്തിന്റെയും കഷ്ടതയുടെയും കുഞ്ഞുങ്ങളെ;
അത് നിങ്ങൾക്ക് സന്തോഷവും ആശ്വാസവും നൽകും,
നിങ്ങൾ പോകുന്നിടത്തെല്ലാം ഇത് എടുക്കുക.

വിലയേറിയ നാമം, ഓ എത്ര മാധുര്യം!
ഭൂമിയിലെ പ്രത്യാശയും സ്വർഗ്ഗത്തിലെ സന്തോഷവും;
വിലയേറിയ നാമം, (അമൂല്യ നാമം,!) ഓ എത്ര മാധുര്യം!
ഭൂമിയുടെ പ്രത്യാശയും സ്വർഗ്ഗത്തിന്റെ സന്തോഷവും.

401 ഇപ്പോൾ അടുത്ത വരി പാടുന്നതിനുമുമ്പ്, ഞാൻ മെഥഡിസ്റ്റുകാരും, ബാപ്റ്റിസ്റ്റുകാരും, പെന്തക്കോസ്തുകാരും, കത്തോലിക്കകാരും, നാസറീൻകാരും, പിൽഗ്രിം ഹോളിനസ്സ്കാരും, എല്ലാവരും അവരുടെ അടുത്തുള്ളവരുടെ അടുക്കൽ എത്തിയിട്ട്, നിങ്ങളുടെ മുന്നിൽ നിൽക്കുന്ന ആരുടെയെങ്കിലും കൈ പിടിച്ച് കുലുക്കുക, നിങ്ങളുടെ വശത്തായും, നിങ്ങളുടെ പിന്നിലായും, പറയുക, "ക്രിസ്തീയ തീർത്ഥാടകനായ, സുഹൃത്തേ, ഇന്ന് രാവിലെ നിങ്ങൾ ഇവിടെ ഉണ്ടായിരിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ദൈവത്തിന്റെ കാര്യങ്ങളിൽ, നിങ്ങളുമായുള്ള കൂട്ടായ്മയിൽ സന്തോഷമുണ്ട്. നമുക്ക് ഇതൊരു മികച്ച സമയം ആയിരുന്നുവെന്ന് എനിക്കറിയാം. ഇന്ന് രാത്രി നിങ്ങളെ ഇവിടെ വീണ്ടും കാണുമെന്ന് പ്രതീക്ഷിക്കുന്നു." ഇപ്രകാരമുള്ള എന്തെങ്കിലും ഒരു കാര്യം, നിങ്ങൾ

ജനങ്ങളുമായി കൈ പിടിച്ച് കുലുക്കുമ്പോൾ, നിങ്ങളുടെ മുന്നിലും, നിങ്ങളുടെ പിന്നിലും, നിങ്ങൾക്ക് ചുറ്റുമായും ഉള്ളവരോട് പറയുക.

യേശുവിൻ നാമത്തിൽ കുമ്പിടുന്നു, (ഇന്ന് രാത്രിയിൽ കാണാം, സഹോദരൻ നെവിൽ. ഇന്ന് രാത്രിയിൽ കാണാം.)
...പാദത്തിൽ,
രാജാക്കന്മാരുടെ രാജാവേ, സ്വർഗ്ഗത്തിൽ, നാം അവനെ കിരീടമണിയിക്കും,
നമ്മുടെ യാത്ര പൂർത്തിയാകുമ്പോൾ.

ഓ, വിലയേറിയ നാമം, ഓ എത്ര മാധുര്യം!
ഭൂമിയിലെ പ്രത്യാശയും സ്വർഗ്ഗത്തിലെ സന്തോഷവും;
വിലയേറിയ നാമം, ഓ എത്ര മധുരം!
ഭൂമിയുടെ പ്രത്യാശയും സ്വർഗ്ഗത്തിന്റെ സന്തോഷവും.

നാം കണ്ടുമുട്ടും വരെ! നാം കണ്ടുമുട്ടും വരെ!
യേശുവിൻ പാദത്തിൽ നാം വീണ്ടും കണ്ടുമുട്ടും വരെ; (നാം വീണ്ടും കണ്ടുമുട്ടും വരെ!)
നാം കണ്ടുമുട്ടും വരെ! നാം കണ്ടുമുട്ടും വരെ!
നാം വീണ്ടും കണ്ടുമുട്ടും വരെ ദൈവം നിങ്ങളോടൊപ്പമുണ്ടാകും!

ഇപ്പോൾ നമ്മുടെ തലകളെ വണങ്ങിക്കൊണ്ട്:

നാം കണ്ടുമുട്ടും വരെ! നാം കണ്ടുമുട്ടും വരെ!

***യേശു ക്രിസ്തുവിന്റെ വെളിപ്പാട്*** MAL60-1204M

(The Revelation Of Jesus Christ)

ഈ സന്ദേശം ബ്രദർ വില്യം മാരിയൺ ബ്രൺഹാം, ആദ്യം ഇംഗ്ലീഷിൽ പ്രസംഗിച്ചത്, ഞായറാഴ്ച രാവിലെ, ഡിസംബർ 04, 1960, അമേരിക്കയിൽ, ഇൻഡിയാനയിലുള്ള, ജെഫെഴ്സൻവിലെയിലെ, ബ്രൺഹാം കൂടാരത്തിൽ വച്ച് പ്രസംഗിച്ചത്, കാന്ത ശക്തിയുള്ള ടേപ്പിൽ നിന്നും കൃത്യമായി പകർത്താനുള്ള സകല പ്രയത്നവും ചെയ്തിരിക്കുന്നു. ഈ മലയാളം പരിഭാഷ വോയിസ് ഓഫ് ഗോഡ് റിക്കോർഡിംഗ് സിൽ നിന്നും പ്രസിദ്ധീകരിച്ചു വിതരണം ചെയ്യുന്നു.

MALAYALAM

©2023 VGR, ALL RIGHTS RESERVED

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
044 28274560 • 044 28251791
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org

## Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.

For more information or for other available material, please contact:

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org